**മലങ്കര മാർത്തോമ്മാ**

**സുറിയാനി ക്രിസ്ത്യാനികളുടെ**

# ഹാശാ ആഴ്ചയിലെ

## നമസ്കാരക്രമം

മാർത്തോമ്മാ എപ്പിസ്കോപ്പൽ സിനഡിന്റെ
അനുമതിയോടുകൂടി
മാർത്തോമ്മാ പ്രസിദ്ധീകരണ സമിതി
പ്രസിദ്ധപ്പെടുത്തുന്നത്.

2018

## ഹാശാ ആഴ്ചയിലെ നമസ്കാരക്രമം

# ഒന്നാം പതിപ്പിന്റെ മുഖവുര

സുറിയാനി ഭാഷയിലുള്ള നമ്മുടെ പള്ളിക്രമങ്ങൾ ഓരോന്നും എല്ലാവർക്കും ഉപയോഗ്യമാംവണ്ണം, പരിഭാഷപ്പെടുത്തി അച്ചടിപ്പിച്ച് പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുകയാണല്ലോ. എന്നാൽ ഹാശാ ആഴ്ചയിലെ, അതായതു കഷ്ടാനുഭവ ആഴ്ചയിലെ, ആരാധനക്രമം ഇതേവരെ മലയാളത്തിൽ ഉണ്ടാക്കാനിടയായിട്ടില്ലാത്തതും അതിന്റെ അഭാവം നിമിത്തം ഒരു ക്രമീകരണവുമില്ലാതെ പല ഇടവകകളിലും പലവിധത്തിൽ ശുശ്രൂഷ നടന്നുവരുന്നതും ആണല്ലോ. അതിന് ഒരു ഏകീകരണം വരുത്തി ശുശ്രൂഷ കൂടുതൽ ആകർഷണീയമാക്കിത്തീർക്കുന്നതിലേക്ക് മലയാളത്തിൽ ഒരു പുസ്തകം ഉണ്ടാക്കണമെന്നു പലരും അഭിപ്രായപ്പെട്ടുകൊണ്ടിരുന്നതിനാൽ, തൽപരിഹാരാർത്ഥം ഈ കൊല്ലം ഉപയോഗപ്പെടുത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടെ ത്ധടുതിയിൽ ഈ പുസ്തക നിർമ്മാണത്തിന് ഉദ്യമിച്ചതാണ്. ഇതിലെ ഗീതങ്ങൾ, ഭാഷ ആദിയായവ വേണ്ടിടത്തോളം ഭംഗിയായിട്ടുണ്ടെന്ന് അഭിപ്രായമില്ല. എങ്കിലും ഇതു നമ്മുടെ സഭയിൽ പൊതുവെ അംഗീകരിച്ച് ഹാശാ ആഴ്ചയിലെ ശുശ്രൂഷകൾ പൂർവ്വാധികം ഭംഗിയായും, ക്രമമായും നടക്കുന്നതിനിടയാകുമെന്ന് വിശ്വസിക്കുന്നു.

മാങ്ങാനം,
22-3-105. ഉലശ്ശേരിൽ യൌസേഫ് കശ്ശീശാ

# ഹാശാ ആഴ്ചയിലെ നമസ്കാരക്രമം
## (പന്ത്രണ്ടാം പതിപ്പ്)
# പ്രസ്താവന

ഹാശാ ആഴ്ചയിലെ നമസ്കാരക്രമത്തിൽ ഭാഷാപരമായ പരിഷ്കാരങ്ങൾ വരുത്തേണ്ടുന്നകാലം അമാന്തിച്ചിരിക്കുന്നു എന്നു പലരും ചൂണ്ടിക്കാണിക്കുവാൻ തുടങ്ങിയിട്ടു നാളുകൾ കുറെയായി. ഈ ഉദ്ദേശസാദ്ധ്യത്തിനായി അഭിവന്ദ്യ മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് ദിവ്യശ്രീമാന്മാരായ സി. വി. ഏബ്രഹാം, ജെ. വറുഗീസ്, കെ. കെ. ജോർജ്ജ്, സി. ജി. അലക്സാണ്ടർ, എൻ. കെ. യോഹന്നാൻ, ജോസഫ് ചാക്കോ, എൻ. ഐ. മത്തായി, തോമസ് വറുഗീസ് എന്നീ പട്ടക്കാരെ ഒരു കമ്മിറ്റിയായി നിയമിക്കുകയും അവർ അനേക ദിവസങ്ങളിൽ സമ്മേളിച്ചു അവസാനമായി ആലോചിച്ചശേഷം ഏകകണ്ഠമായ ചില നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്തു. അവ മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് പരിശോധിച്ചു അംഗീകരണം നൽകിയപ്രകാരം പുതുക്കിയ രൂപത്തിൽ ഈ പതിപ്പ് പ്രസാധനം ചെയ്യുകയാണ്.

ഈ പതിപ്പിൽ വരുത്തിയിട്ടുള്ള പ്രധാന പരിഷ്കാരങ്ങൾ താഴെ പറയുന്നവയാണ്. (1) ഹാശാ ആഴ്ചയിലെ തിങ്കൾ, ചൊവ്വാ, ബുധൻ എന്നീ ദിവസങ്ങളിൽ രാവിലെയും ഉച്ചയ്ക്കും ഉപയോഗിക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ള പ്രാർത്ഥനകൾ നമ്മുടെ ഒരു പള്ളിയിലും ഉപയോഗിക്കുന്നതായി അറിവില്ലാത്തതിനാൽ അവ ഈ പതിപ്പിൽ ഉൾപ്പെടുത്തിയിട്ടില്ല. (2) ഹാശാ ആഴ്ചയിലെ സെദറാ, പ്രൊമിയോൻ എന്നിവയിലെ ആശയസത്ത് നഷ്ടപ്പെടുത്താതെ അവ സംക്ഷേപിക്കുകയും ഭാഷയിൽ ആവശ്യമായ തിരുത്തലുകൾ വരുത്തുകയും ചെയ്തു. (3) ഗീതങ്ങൾ ആലപിക്കുന്നത് സുഗമമാക്കുന്നതിനും ഭാഷാസംബന്ധമായ വൈകല്യങ്ങൾ അകറ്റുന്നതിനും ശ്രമിച്ചിട്ടുണ്ട്. ഒരേ ആശയം ആവർത്തിക്കുന്ന ചില ചരണങ്ങളും ഗീതങ്ങളും വിട്ടുകളഞ്ഞിട്ടുമുണ്ട്.

അത്യന്താപേക്ഷിതമെന്നു ബോദ്ധ്യപ്പെട്ട പരിഷ്ക്കാരങ്ങളോടുകൂടി പ്രസിദ്ധപ്പെടുത്തുന്ന ഈ പുതിയ പതിപ്പ് ഏവരും സ്വാഗതം ചെയ്യുമെന്നു വിശ്വസിക്കുന്നു.

റവ. ഡോ. കെ. കെ. ജോർജ്ജ്
കൺവീനർ
മാർത്തോമ്മാ പബ്ലിക്കേഷൻ ബോർഡ്

തിരുവല്ല,
24-02-1974.

# മുപ്പത്തി ഒന്നാം പതിപ്പിന് ആമുഖം

**ഹാ**ശാ ആഴ്ചയിൽ ഉപയോഗിക്കുന്ന നമസ്കാര ക്രമത്തിന്റെ മുപ്പത്തി ഒന്നാം പതിപ്പ് പ്രസിദ്ധീകരിക്കുകയാണ്. മുൻ പതിപ്പിൽ നിന്നും വ്യത്യാസമൊന്നും വരുത്തിയിട്ടില്ല. കിഴക്കൻ സഭകൾക്ക് അതിപ്രധാനമാണ് വലിയ നോമ്പിലെ ശുശ്രൂഷകൾ, വിശിഷ്യ ഹാശാ ആഴ്ചയിലെ ശുശ്രൂഷകൾ. ഭക്തിനിർഭരമായി ആരാധനയിൽ പങ്കുചേരുവാൻ കഴിയുന്നത് കർത്താവിന്റെ കഷ്ടതയിൽ നാം യഥാർത്ഥമായി പങ്കുചേരുമ്പോഴാണ്. ഈ നമസ്കാര ക്രമത്തിലുള്ള പ്രാർത്ഥനകൾ ചൊല്ലിത്തീർക്കുന്നതിലല്ല, പ്രത്യുത ഹൃദയത്തിന്റെ അന്തർഭാഗത്തുനിന്ന് ഉയരുന്നവയായിത്തീരണം. രണ്ടായിരം വർഷം മുമ്പു നടന്ന ഒരു സംഭവം ഓർക്കുക മാത്രമല്ല, ആ സംഭവം ഇന്നു നമ്മുടെ ജീവിതത്തിൽ യാഥാർത്ഥ്യമായിത്തീരുകയും വേണം. അത് ഒരു അനുഭവമാകണം. എങ്കിൽമാത്രമേ ആരാധനയിൽ ഭക്തിപൂർവ്വമായി പങ്കെടുക്കുവാൻ കഴിയൂ. ക്രിസ്തുവിന്റെ പീഡാനുഭവങ്ങളെ അനുഭവമാക്കുന്നതിനും ധ്യാനിക്കുന്നതിനും ഈ നമസ്ക്കാരക്രമം ഉപയോഗിക്കുന്നതിലൂടെ സാധ്യമാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

**റവ. കെ.ജി. ജോസഫ്**
സഭാ സെക്രട്ടറി,
മാർത്തോമ്മാ പ്രസിദ്ധീകരണ സമിതി.

തിരുവല്ലാ,
15-10-2018.

Thirty First Edition. Copies 25,000

# ഊശാനയുടെ ക്രമം

## കൌമാ

ப. പിതാവിനും പുത്രനും പരിശുദ്ധ റൂഹായ്ക്കും സ്തുതി.

ജ. ആദിമുതൽ എന്നെന്നേക്കും തന്നെ. ആമേൻ.

പ. ആകാശവും ഭൂമിയും തന്റെ മഹത്വംകൊണ്ടു നിറഞ്ഞിരിക്കുന്ന ബലവാനായ ദൈവം തമ്പുരാൻ പരിശുദ്ധൻ-പരിശുദ്ധൻ-പരിശുദ്ധൻ-ഉന്നതങ്ങളിൽ സ്തുതി.

ജ. കർത്താവിന്റെ തിരുനാമത്തിൽ വന്നവനും വരുവാനിരിക്കുന്നവനും വാഴ്ത്തപ്പെട്ടവനാകുന്നു-ഉന്നതങ്ങളിൽ സ്തുതി.

പ. *ദൈവമേ, നീ പരിശുദ്ധനാകുന്നു.

ജ. ബലവാനേ, നീ പരിശുദ്ധനാകുന്നു.

പ. മരണമില്ലാത്തവനേ, നീ പരിശുദ്ധനാകുന്നു.

ജ. ഞങ്ങൾക്കുവേണ്ടി ✠ ക്രൂശിക്കപ്പെട്ട-മ്ശിഹാതമ്പുരാനേ, ഞങ്ങളോടു കരുണ ചെയ്യണമേ.

---

* ഇപ്രകാരം മൂന്നു പ്രാവശ്യം ചൊല്ലണം

പ. ഞങ്ങളുടെ കർത്താവേ-ഞങ്ങളോടു കരുണ ചെയ്യണമേ.

ജ. ഞങ്ങളുടെ കർത്താവേ-കൃപതോന്നി ഞങ്ങളോടു കരുണ ചെയ്യണമേ.

പ. ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ നമസ്കാരവും ശുശ്രൂഷയും കൈക്കൊണ്ട് ഞങ്ങളോട് കരുണ ചെയ്യണമേ.

ജ. ദൈവമേ, നിനക്കു സ്തുതി.

പ. സ്രഷ്ടാവേ, നിനക്കു സ്തുതി.

ജ. പാപികളായ അടിയാരോടു കൃപ ചെയ്യുന്ന മ്ശിഹാ രാജാവേ നിനക്കു സ്തുതി-ബാറെക്മാർ.

## കർത്താവിന്റെ പ്രാർത്ഥന

പ. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ...

ജ. നിന്റെ നാമം പരിശുദ്ധമാക്കപ്പെടേണമേ-നിന്റെ രാജ്യം വരേണമേ-നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമേ-ഞങ്ങൾക്കു ആവശ്യമുള്ള ആഹാരം ഇന്നും ഞങ്ങൾക്കു തരേണമേ-ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ-ഞങ്ങളുടെ കടങ്ങളും ദോഷങ്ങളും ഞങ്ങളോടും ക്ഷമിക്കേണമേ-ഞങ്ങളെ പരീക്ഷയിലേക്കു പ്രവേശിപ്പിക്കാതെ-ഞങ്ങളെ ദുഷ്ടനിൽ നിന്നു രക്ഷിച്ചു കൊള്ളേണമേ-എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും-എന്നേക്കും നിനക്കുള്ളതാകുന്നു-ആമേൻ.

ഗീതം (അല്ലെങ്കിൽ)

പ. *ദൈവമേ നീ പരിശുദ്ധൻ, ഹാലേ-ലൂയ്യാ

ജ. ബലവാനേ നീ പരിശുദ്ധൻ, കുറിയേ-ലായിസ്സോൻ

പ. മൃതിരഹിതാ നീ പരിശുദ്ധൻ, ഹാലേ-ലൂയ്യാ

ജ. അടിയാർക്കായ് ✠ ക്രൂശേറ്റവനേ-അനുഗ്ര-ഹിച്ചിടണമേ

പ. കർത്താവേ, അനുഗ്രഹിക്ക ഹാലേ-ലൂയ്യാ

ജ. ദ-യവായ് നീ അനുഗ്രഹിക്ക കുറിയേ-ലായിസ്സോൻ
പ്രാർത്ഥന ശുശ്രൂഷകളേറ്റി-ട്ടനുഗ്രഹിച്ചീടണമേ

പ. ദൈവമേ സ്തുതി നിനക്കു, ഹാലേ-ലൂയ്യാ

ജ. സ്രഷ്ടാവേ, സ്തുതി നിനക്കു കുറിയേ ലായിസ്സോൻ-
പാപികളിൽ കനിയും മ്ശിഹാ-
രാജാ-സ്തുതി നിനക്കു ബാറെക്മാർ.

## കർത്താവിന്റെ പ്രാർത്ഥന

ഗീതം

("കാദീശാ ദശറിശ്ക്രീന്തെ" എന്ന ലയത്തിൽ)

പ. സ്വർല്ലോകത്തി-ലിരുന്നരുളും
ദേവാ ഞങ്ങ-ളുടെ താതാ-

ജ. നിന്തിരുനാമം പാവനമായ്-
പെരുമാറപ്പെട്ടീ-ടേണമേ

പ. താതാ നിന്നു-ടെ തിരുരാജ്യം
വന്നീടണമേ-ഈയുലകിൽ-

ജ. തിരുഹിതമെതുപോൽ സുരലോകേ
അതുപോലിവിടെയുമാ-കേണമേ

പ. വേണ്ടുന്നാഹാരമെ-ങ്ങൾക്കി-
ന്നേകണമേ നീ കർത്താവേ-

* ഇപ്രകാരം മൂന്നുപ്രാവശ്യം ചൊല്ലണം.

ജ. അന്യരോടെങ്ങൾ ക്ഷമിച്ചതുപോൽ-
അടിയാർ പാപം മോ-ചിക്ക

പ. പരീക്ഷയിലെങ്ങ-ളെയാക്കരുതേ
ദുഷ്ടനിൽ നിന്നൊഴിവാ-ക്കുക നീ

ജ. രാജ്യം ശക്തി മഹത്വങ്ങൾ-
എന്നും നിനക്കുള്ള-വയാമേൻ.

## പ്രാരംഭ പ്രാർത്ഥന

പ. ഉറക്കമില്ലാത്ത ഉണർവ്വുള്ളവനായ ഞങ്ങളുടെ കർത്താവേ, നിന്റെ ഉണർവ്വിനെ സ്തുതിപ്പാൻ പാപത്തിന്റെ ഗാഢനിദ്രയിൽനിന്നു ഞങ്ങളെ ഉണർത്തേണമേ. മരണമില്ലാത്ത ജീവനുള്ളവനേ, നിന്റെ കരുണയെ വന്ദിപ്പാൻ മരണവും നാശവുമാകുന്ന ഉറക്കത്തിൽനിന്നു ഞങ്ങളെ ജീവിപ്പിക്കണമേ. പിതാവും പുത്രനും പരിശുദ്ധറൂഹായുമായ ദൈവമേ, സ്വർഗ്ഗത്തിലും ഭൂമിയിലും സ്തുതിക്കപ്പെട്ടിരിക്കുന്നവനും വാഴ്ത്തപ്പെട്ടിരിക്കുന്നവനും നീ മാത്രമാകയാൽ, വിശുദ്ധിയോടെ സ്വർഗ്ഗത്തിൽ നിന്നെ സ്തുതിക്കുന്ന മഹത്വമുള്ള മാലാഖമാരുടെ കൂട്ടങ്ങളോടുകൂടെ നിന്നെ സ്തുതിച്ചു വാഴ്ത്തുവാൻ ഞങ്ങളെയും യോഗ്യതയുള്ളവരാക്കേണമേ.

ജ. ആമേൻ.

## 136-ാം സങ്കീർത്തനം

*(പട്ടക്കാരൻ ഓരോന്നും ചൊല്ലി നിർത്തുമ്പോൾ ജനം 'അവന്റെ ദയ എന്നേക്കുമുള്ളത് ' എന്ന് പ്രതിവാക്യമായി ചൊല്ലണം.)*

പ. കർത്താവിനു സ്തോത്രം ചെയ്വിൻ, എന്തെന്നാൽ അവൻ നല്ലവനാകുന്നു-

ദൈവാധിദൈവത്തിനു സ്തോത്രം ചെയ്‌വിൻ...

കർത്താധികർത്താവിനു സ്തോത്രം ചെയ്‌വിൻ...

ഏകനായി മഹാത്ഭുതങ്ങളെ പ്രവർത്തിക്കുന്നവനു സ്തോത്രം ചെയ്‌വിൻ...

ജ്ഞാനത്തോടെ ആകാശങ്ങളെ ഉണ്ടാക്കിയവനു സ്തോത്രം...

ഭൂമിയെ വെള്ളത്തിന്മേൽ വിരിച്ചവനു സ്തോത്രം...

വലിയ വെളിച്ചങ്ങളെ ഉണ്ടാക്കിയവനു സ്തോത്രം...

പകൽ വാഴുവാൻ സൂര്യനെയും രാത്രി വാഴുവാൻ ചന്ദ്രനെയും നക്ഷത്രങ്ങളെയും ഉണ്ടാക്കിയവന്നു സ്തോത്രം ചെയ്‌വിൻ...

നമ്മുടെ താഴ്ചയിൽ നമ്മെ ഓർത്തവനു സ്തോത്രം...

നമ്മുടെ വൈരികളുടെ കയ്യിൽ നിന്നു നമ്മെ വിടുവിച്ചവനു സ്തോത്രം...

സകല ജഡത്തിനും ആഹാരം കൊടുക്കുന്നവനു സ്തോത്രം...

സ്വർഗ്ഗസ്ഥനായ ദൈവത്തിനു സ്തോത്രം ചെയ്‌വിൻ

ജ. എന്തെന്നാൽ അവന്റെ ദയ എന്നേക്കുമുള്ളതാകുന്നു-- ദൈവമേ, സ്തുതി നിനക്കു യോഗ്യമാകുന്നു-ബാറെക്മാർ.

പ. പിതാവിനും പുത്രനും...

ജ. ആദിമുതൽ...

## പ്രാർത്ഥന

പ. രാജാധിരാജാവും കർത്താധികർത്താവുമായ മ്ശിഹാതമ്പുരാനേ, മരുക്കമില്ലാത്ത കഴുതക്കുട്ടിമേൽ നീ കരേറി, രാജപട്ടണമായ യെരുശലേമിലേക്കു പ്രവേശിക്കുകയും, പാപത്തിന് അടിമപ്പെട്ടിരുന്ന ഞങ്ങൾക്കു സ്വാതന്ത്ര്യം

നൽകുകയും ചെയ്തുവല്ലോ. കർത്താവേ, യെരുശലേമിലേക്കുള്ള നിന്റെ എഴുന്നള്ളത്തിന്റെ ഓർമ്മയെ കൊണ്ടാടുന്ന ഈ വിശുദ്ധ ദിവസത്തിൽ മഹത്വത്തിന്റെ അങ്കികൾ ധരിച്ചുകൊണ്ട്, പ്രകാശിതമായ ബോധത്തോടും വെടിപ്പും വിശുദ്ധിയുമുള്ള വിചാരങ്ങളോടും കൂടെ, നിന്നെ എതിരേല്പാൻ പുറപ്പെടേണ്ടതിന് ഞങ്ങൾ യോഗ്യതയുള്ളവരായി തീരേണമേ. സ്തുതിയാകുന്ന കുരുത്തോലകളെ ഞങ്ങൾ വഹിച്ചുകൊണ്ട്, കർത്താവിൻ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവൻ, അത്യുന്നതങ്ങളിൽ ഹോശാന എന്നു പൈതങ്ങളോടുകൂടെ സന്തോഷപൂർവ്വം നിനക്കു സ്തുതി പാടുവാൻ ഞങ്ങളുടെ ഹൃദയങ്ങളെ ഉത്തേജിപ്പിക്കുകയും, നിനക്കും പിതാവിനും പരിശുദ്ധ റൂഹായ്ക്കും നിരന്തരം സ്തോത്രം ചെയ്യുവാൻ അർഹരാക്കുകയും ചെയ്യണമേ.

ഹോശോ..........

ജ. ആമേൻ.

## അൻപത്തിയൊന്നാം സങ്കീർത്തനം

പ. ദൈവമേ നിന്റെ കൃപയിൻപ്രകാരം എന്നോടു കരുണ ചെയ്യേണമേ. നിന്റെ കരുണകളുടെ ബഹുത്വപ്രകാരം എന്റെ പാപങ്ങൾ മായിച്ചുകളയേണമേ.

ജ. എന്റെ അന്യായത്തിൽ നിന്ന് എന്നെ നന്നായി കഴുകി- എന്റെ പാപങ്ങളിൽനിന്നു എന്നെ വെടിപ്പാക്കേണമേ.

പ. എന്തെന്നാൽ എന്റെ അതിക്രമങ്ങൾ ഞാൻ അറിയുന്നു. എന്റെ പാപങ്ങളും എപ്പോഴും എന്റെ നേരേ ഇരിക്കുന്നു.

ജ. നിന്നോടു നിന്നോടു തന്നെ ഞാൻ പാപം ചെയ്തു; നിന്റെ തിരുമുമ്പാകെ തിന്മകൾ ഞാൻ ചെയ്തു.

പ. നിന്റെ സോപ്പാകൊണ്ട് എന്റെമേൽ തളിക്കണമേ; ഞാൻ നിർമ്മലനാകും.അതിനാൽ എന്നെ നീ വെളുപ്പിക്കേണമേ; ഉറച്ച മഞ്ഞിനെക്കാൾ ഞാൻ വെൺമയുള്ളവനാകും.

ജ. എന്റെ പാപങ്ങളിൽ നിന്ന് നിന്റെ മുഖം തിരിച്ച്-എന്റെ അതിക്രമങ്ങൾ ഒക്കെയും മായിച്ചു കളയേണമേ.

പ. ദൈവമേ, നിർമ്മലമായൊരു ഹൃദയം എന്നിൽ സൃഷ്ടിക്കേണമേ, സ്ഥിരമായുള്ളോരാത്മാവിനെ എന്റെ ഉള്ളിൽ പുതുക്കേണമേ.

ജ. നിന്റെ സന്നിധിയിൽനിന്നു എന്നെ തള്ളിക്കളയരുതേ-നിന്റെ വിശുദ്ധ റൂഹായെ എന്നിൽ നിന്നു എടുത്തുകളകയും അരുതേ.

പ. നിന്റെ രക്ഷയും ആനന്ദവും എനിക്കു തിരിച്ചുതരേണമേ -മഹത്വമുള്ള റൂഹാ-എന്നെ താങ്ങുമാറാകേണമേ.

ജ. കർത്താവേ, എന്റെ അധരങ്ങളെ തുറക്കണമേ-എന്റെ വായ് നിന്റെ സ്തുതികൾ പാടും.

ദൈവമേ സ്തുതി നിനക്കു യോഗ്യമാകുന്നു, ബാറെക്മാർ.

പ. പിതാവിനും പുത്രനും പരിശുദ്ധറൂഹായ്ക്കും സ്തുതി.

ജ. ആദിമുതൽ എന്നന്നേക്കും തന്നെ. ആമേൻ.

## അപേക്ഷ

പ. സൈത്തുകൊമ്പുകളും, കുരുത്തോലകളും പിടിച്ചു കൊണ്ട് പൈതങ്ങൾ ഹോശാനാ പാടി മഹത്വപ്പെടുത്തിയ ദൈവമേ,

ജ. ഞങ്ങളുടെ മേൽ അനുഗ്രഹം ചൊരിയേണമേ.

പ. ഒലിവുമലയിൽ നിന്നു കഴുതക്കുട്ടിമേൽ കയറി യെരുശലേമിലേക്കു എഴുന്നെള്ളുകയും ശിഷ്യന്മാരും പുരുഷാരവും തന്നെ സ്തുതിക്കയും ചെയ്ത ദൈവമേ,

ജ. ഞങ്ങളുടെ മേൽ അനുഗ്രഹം...

പ. ഞങ്ങളുടെ രക്ഷയ്ക്കായി താണിറങ്ങിവരികയും സെഹ്യോൻ തെരുവീഥിയിൽ ഉണ്ണികളാൽ പുകഴ്ത്തപ്പെടുകയും ചെയ്ത ദൈവമേ,

ജ. ഞങ്ങളുടെ മേൽ അനുഗ്രഹം...

പ. ക്രോബേന്മാരാൽ ഭയഭക്തിപൂർവം ആഘോഷിക്കപ്പെടുന്നവനായിരിക്കെ, യെരുശലേം തെരുവീഥിയിൽകൂടെ കഴുതക്കുട്ടിമേൽ കയറിപ്പോയ ദൈവമേ,

ജ. ഞങ്ങളുടെ മേൽ അനുഗ്രഹം...

പ. തന്റെ ഉന്നതമായ ശ്രേഷ്ഠാവസ്ഥയിലേക്ക് ഞങ്ങളെ ഉയർത്തുവാൻ, ഉന്നതത്തിൽനിന്നു ഇറങ്ങി വന്ന രാജാധിരാജാവും കർത്താധികർത്താവുമായ ദൈവമേ,

ജ. ഞങ്ങളുടെ മേൽ അനുഗ്രഹം...

പ. കർത്താവിന്റെ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു എന്നു പൈതങ്ങൾ സ്തുതിപാടിയ ദൈവമേ,

ജ. ഞങ്ങളുടെ മേൽ അനുഗ്രഹം...

## മാർ ബാലായുടെ അപേക്ഷ

പ. പാപികളോടു കരുണയുള്ളവനായ ദൈവമേ നിന്റെ ന്യായവിധിയിൽ ഞങ്ങളുടെമേൽ കരുണ ചൊരിയണമേ. നിന്റെ

ഭക്തവാത്സല്യത്തിന്റെ ആധിക്യം നിമിത്തം ഞങ്ങളുടെ കുറ്റങ്ങൾ ക്ഷമിക്കണമേ. കരുണയുള്ളവനേ, ഞെരുങ്ങിയിരിക്കുന്നവരായ ഞങ്ങൾ നിന്റെ വാതിലിൽ മുട്ടുന്നു. നിന്റെ അനുഗ്രഹത്താൽ ഞങ്ങളുടെ യാചനകൾ നൽകണമേ. കുറ്റം ചെയ്തുപോയവർ തിരിഞ്ഞു സങ്കടത്തോടെ പ്രാർത്ഥിച്ചാൽ അവർക്കു നീ അനുഗ്രഹങ്ങൾ നൽകുന്നവൻ ആകയാൽ കരുണാപൂർണ്ണനായ യേശുമ്ശിഹായേ ഞങ്ങൾക്കും അനുഗ്രഹങ്ങളുടെ വാതിൽ തുറന്നുതരണമേ. സ്വർഗ്ഗസ്ഥനായ പിതാവേ നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു. ഞങ്ങളുടെ ശുശ്രൂഷ കൈക്കൊണ്ട് ഞങ്ങളുടെമേൽ അനുഗ്രഹം ചൊരിയണമേ. വിളിപ്പിൻ ഞാൻ ഉത്തരം പറയുമെന്നും മുട്ടുവിൻ ഞാൻ തുറക്കുമെന്നും ചോദിപ്പിൻ ഞാൻ തരുമെന്നും അരുളിച്ചെയ്തവന്നു സ്തുതി.

ജ. മേലുള്ളവരുടെ ഉടയവനും താഴെയുള്ളവരുടെ ശരണവുമായ കർത്താവേ, ഞങ്ങളുടെ ശുശ്രൂഷ കൈക്കൊണ്ട് ഞങ്ങളുടെമേൽ അനുഗ്രഹം ചൊരിയണമേ-ആമേൻ.

പ. * ഹാലേലുയ്യാ-ഹാലേലുയ്യാ-ഹാലേലുയ്യാ

ജ. ദൈവമേ-നിനക്കു സ്തുതി.

## അപേക്ഷ

പ. കർത്താവിന് സ്തോത്രം ചെയ്യുന്നതും, അത്യുന്നതനായുള്ളോവേ, നിന്റെ നാമത്തിന്നു പാടുന്നതും, രാവിലെ നിന്റെ കൃപയും രാത്രിതോറും നിന്റെ വിശ്വസ്തതയും അറിയിക്കുന്നതും നല്ലതാകുന്നു. കർത്താവേ രാവിലെ ഞങ്ങളുടെ ശബ്ദം കേൾക്കണമേ. രാവിലെ ഞങ്ങൾ

* ഇപ്രകാരം മൂന്നു പ്രാവശ്യം ചൊല്ലണം

ഒരുങ്ങി നിനക്കു കാണപ്പെടും. കർത്താവേ, നിന്റെ ജന ത്തോടു കരുണ ചെയ്യണമേ. കർത്താവേ, ഞങ്ങളുടെ എല്ലാവരുടെയും പാപങ്ങളെ പരിഹരിച്ചു ക്ഷമിക്കണമേ. പരിശുദ്ധനായുള്ളോവേ, നിന്റെ വലങ്കൈ ഞങ്ങളുടെമേൽ ആവസിപ്പിക്കണമേ. തിരുനാമം നിമിത്തം ഞങ്ങളുടെ പാപരോഗങ്ങളിൽ നിന്നു ഞങ്ങളെ സൗഖ്യമാക്കുകയും ചെയ്യണമേ.

ജ. ആമേൻ.

## ഒന്നാംപാഠം: സെഖര്യാവ് 9: 9-17

## പ്രാർത്ഥന

പ. ഹോശാനകളാൽ തന്നെ പുകഴ്ത്തുവാനായി തന്റെ കല്പനകളാൽ ഉദരങ്ങളിൽ ശിശുക്കളെ ഉരുവാക്കുകയും തന്റെ വചനത്താൽ അവരുടെ നാവുകളെ ഉച്ചാരണശ ക്തിയുള്ളതാക്കി തീർക്കുകയും ചെയ്ത ഞങ്ങളുടെ മ്ശിഹാതമ്പുരാനെ, നിന്റെ വരവ് ഞങ്ങളുടെ കണ്ണു കൾക്കു മുൻപിലും, നിന്നെക്കുറിച്ചുള്ള സ്തുതി ഞങ്ങ ളുടെ ബോധങ്ങൾക്കുള്ളിലും രൂപപ്പെടുത്തണമേ. നിന്റെ ശ്രേഷ്ഠതയുടെ പുകഴ്ചയ്ക്കും സ്തുതിക്കുമായി ഞങ്ങ ളുടെ നാവുകളെ ശുദ്ധീകരിച്ചു വെടിപ്പാക്കുകയും ചെയ്യ ണമേ-ഹോശോ...

ജ. ആമേൻ.

## കന്യകമറിയാമിന്റെ പാട്ട്

പ. എന്റെ ദേഹി കർത്താവിനെ പുകഴ്ത്തുന്നു. എന്റെ ആത്മാവ് എന്റെ രക്ഷിതാവായ ദൈവത്തിൽ സന്തോഷിച്ചു.

ജ. എന്തെന്നാൽ അവൻ തന്റെ ദാസിയുടെ താഴ്ചയെ കടാക്ഷിച്ചിരിക്കുന്നുവല്ലോ. കണ്ടാലും ഇതു മുതൽ സകല തലമുറകളും എന്നെ ഭാഗ്യവതി എന്നു വാഴ്ത്തും.

പ. എന്തെന്നാൽ ശക്തനായവൻ വലിയകാര്യങ്ങൾ എങ്കൽ പ്രവർത്തിച്ചു, അവന്റെ നാമം പരിശുദ്ധവുമാകുന്നു

ജ. അവനെ ഭയപ്പെടുന്നവർക്ക് അവന്റെ കരുണ തലമുറകൾക്കും ഗോത്രങ്ങൾക്കും ഉണ്ടാകുന്നു.

പ. അവൻ തന്റെ ഭുജം കൊണ്ടു ജയം ഉണ്ടാക്കി, ഹൃദയ വിചാരത്തിൽ അഹങ്കാരികളായവരെ ചിതറിച്ചു.

ജ. അവൻ ബലവാന്മാരെ സിംഹാസനങ്ങളിൽ നിന്നു മറിച്ചിട്ടു, താണവരെ ഉയർത്തി.

പ. അവൻ വിശപ്പുള്ളവരെ നന്മകൾകൊണ്ടു സമ്പൂർണ്ണരാക്കി, ധനവാന്മാരെ വെറുതെ അയച്ചു.

ജ. അവൻ തന്റെ ദാസനായ യിസ്രായേലിനെ സഹായിക്കുകയും-താൻ അബ്രഹാമിനോടും അവന്റെ സന്തതിയോടുമായി-നമ്മുടെ പിതാക്കന്മാരോടു അരുളിച്ചെയ്ത പ്രകാരം-എന്നേക്കും തന്റെ കരുണ ഓർക്കയും ചെയ്തു-ബാറെക്മാർ.

പ. പിതാവിനും പുത്രനും പരിശുദ്ധറൂഹായ്ക്കും സ്തുതി.

ജ. ആദിമുതൽ എന്നെന്നേക്കും തന്നെ. ആമേൻ.

## എക്ബാ

പ. സാരാംശത്തിൽ ഏകമായിരിക്കുന്ന ശക്തിയും, പിതാവും പുത്രനും പരിശുദ്ധറൂഹായും എന്ന മൂന്നു ആളത്വങ്ങൾ

ഉള്ളവനുമായി, സത്യൈകദൈവമായുള്ളോവേ, നിന്നെ ഞങ്ങൾ സ്തുതിക്കുന്നു.

ജ. ആമേൻ.

## എട്ടാം സങ്കീർത്തനം

പ. ഞങ്ങളുടെ കർത്താവായ കർത്താവേ നിന്റെ നാമം ഭൂമിയിലൊക്കെയും എത്ര ശ്രേഷ്ഠമായിരിക്കുന്നു. നീ നിന്റെ മഹത്വത്തെ ആകാശത്തിനു മീതെ ആക്കിയിരിക്കുന്നു.

ജ. നിന്റെ വൈരികൾ നിമിത്തം ശത്രുവിനെയും പകയനെയും മിണ്ടാതാക്കേണ്ടതിനു-നീ ചെറുപൈതങ്ങളുടെയും ശിശുക്കളുടെയും വായിൽനിന്നു ബലം നിയമിച്ചിരിക്കുന്നു.

പ. ഞാൻ നിന്റെ കൈവിരലുകളുടെ പണിയായ ആകാശത്തെയും -നീ ഉണ്ടാക്കിയ ചന്ദ്രനെയും നക്ഷത്രങ്ങളെയും നോക്കുമ്പോൾ-

ജ. മനുഷ്യനെ നീ ഓർപ്പാൻ അവൻ എന്തു?- മനുഷ്യപുത്രനെ സന്ദർശിപ്പാൻ അവൻ എന്തു മാത്രം ?

പ. എന്തെന്നാൽ നീ അവനെ ദൈവദൂതന്മാരെക്കാൾ അല്പം ചെറിയവനാക്കി-മഹത്വവും ബഹുമാനവും അവനെ ധരിപ്പിച്ചിരിക്കുന്നു.

ജ. നിന്റെ കൈകളുടെ പ്രവൃത്തികളിന്മേൽ നീ അവനെ അധിപതിയാക്കി-സകലത്തെയും അവന്റെ പാദങ്ങൾക്കു കീഴിലാക്കി.

പ. സകല ആടുകളെയും കാളകളെയും-കാട്ടു മൃഗങ്ങളെയും-ആകാശത്തിലെ പക്ഷികളെയും സമുദ്രത്തിലെ മത്സ്യങ്ങളെയും-കടലിൽ സഞ്ചരിക്കുന്ന സകലത്തെയും തന്നെ.

ജ. ഞങ്ങളുടെ കർത്താവായ കർത്താവേ നിന്റെ നാമം ഭൂമിയിലൊക്കെയും എത്ര ശ്രേഷ്ഠമായിരിക്കുന്നു-ദൈവമേ, സ്തുതി നിനക്കു യോഗ്യമായിരിക്കുന്നു-ബാറെക്മാർ.

പ. പിതാവിനും പുത്രനും...

ജ. ആദിമുതൽ...

പ. ത്രിത്വത്തിനു സ്തുതി, ത്രിത്വത്തിനു സ്തുതി, സ്തുതിക്കപ്പെട്ടതും സ്വയംഭൂവായതും ആദിയും അന്തവും ഇല്ലാത്തതുമായ ത്രിത്വത്തെ ഞങ്ങളും സ്തുതിക്കുന്നു.

ജ. ദൈവമേ, എല്ലാനേരവും സ്തുതി നിനക്കു യോഗ്യമാകുന്നു-ആമേൻ.

## മാലാഖമാരുടെ സ്തുതി

പ. അത്യുന്നതങ്ങളിൽ സ്വർഗ്ഗീയ മാലാഖമാർ സ്തുതിക്കുന്നതുപോലെ ബലഹീനരും പാപികളുമായ ഞങ്ങളും സ്തുതിക്കുന്നു.

ജ. എല്ലാക്കാലവും എല്ലാസമയവും ഉന്നതങ്ങളിൽ ദൈവത്തിനു സ്തുതിയും ഭൂമിയിൽ സമാധാനവും നിരപ്പും മനുഷ്യർക്ക് നല്ല പ്രത്യാശയും ഉണ്ടായിരിക്കട്ടെ. സർവ്വശക്തിയുള്ള പിതാവായി സ്വർഗ്ഗീയ രാജാവായി സ്രഷ്ടാവായ കർത്താവേ, നിന്നെ ഞങ്ങൾ സ്തുതിക്കയും വാഴ്ത്തുകയും വന്ദിക്കയും, സ്തുതിയുടെ ശബ്ദം നിനക്കു

ഞങ്ങൾ അർപ്പിക്കുകയും, നിന്റെ മഹത്വത്തിൻ ശ്രേഷ്ഠത നിമിത്തം നിനക്കു ഞങ്ങൾ സ്തോത്രം ചെയ്യുകയും ചെയ്യുന്നു. വിശുദ്ധ റൂഹായോടുകൂടെ യേശു മ്ശിഹാ ആയ ഏകപുത്രനായ ദൈവമേ, പിതാവിന്റെ പുത്രനും വചനവും ലോകത്തിന്റെ പാപത്തെ ചുമന്നൊഴിക്കുന്ന ദൈവകുഞ്ഞാടുമായ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമേ. ലോകത്തിന്റെ പാപത്തെ നീക്കിക്കളയുന്നവനേ, നിന്റെ ചെവി ചായിച്ച് ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളണമേ. തന്റെ പിതാവിന്റെ വലത്തുഭാഗത്തു മഹത്വത്തോടിരിക്കുന്നവനേ, ദയതോന്നി ഞങ്ങളെ അനുഗ്രഹിക്കണമേ. എന്തെന്നാൽ നീ മാത്രം പരിശുദ്ധനാകുന്നു. പിതാവായ ദൈവത്തിന്റെ മഹത്വത്തിനു, വിശുദ്ധ റൂഹായോടുകൂടെ യേശു മ്ശിഹാ ആയ നീ മാത്രം കർത്താവുമാകുന്നു.

ജ. ആമേൻ.

*(അല്ലെങ്കിൽ ) ഗീതം*

**കുക്കായ**

1 പാപികളും ബലഹീനരുമാ-മടിയാ-രി-താ
മേല്പെട്ടവരാം ദൂതരെപ്പോൽ-സ്തുതിചെയ്തീടു-ന്നു
എല്ലായ്പ്പോഴും-ഉന്നതനാം ദേവാ-
എല്ലാനാളും-സ്തുതിനിനക്കുണ്ടാക-
ഭൂവിൽ സമാധാനമിണക്കം-മർത്യ-ർക്കെ-ല്ലാം-
പ്രത്യാശയുമുണ്ടായ് വരട്ടെ-എന്നേക്കും ദൈവ-മേ-
ഹാലേലുയ്യാ-ഉ-ഹാലേലുയ്യാ

2 സർവ്വേശ്വരനാമുടയോനേ-മഹത്വദൈ-വമേ-
പാപികളാമടിയാർ നിന്നെ-സ്തുതിചെയ്തീടുന്നു

വാഴ്ത്തീടുന്നു-വന്ദനം ചെയ്യുന്നു-
സ്തുതിയുടെ ശബ്ദം-പാടി ഏറ്റുന്നു-
സ്വർല്ലോകത്തിന്നധിപതിയേ-അപ്പാസ്രഷ്ടാ-വേ
നിന്തിരുനാമത്തിനു സ്തോത്രം-എന്നേക്കും ദൈ-വമേ-
ഹാലേലുയ്യാ-ഉ-ഹാലേലുയ്യാ

3 വിശുദ്ധാത്മാവോടുംകൂടെ-ക്രിസ്തേശുവേ
ബാവായുടെ ഏകസുതനാം-ദൈവാധിദൈ-വമേ-
ദൈവസുതനേ-വചനസ്വരൂപാ-
ലോകരിൻ പാപം-വഹിച്ചൊരു കുഞ്ഞാടേ-
കൻമഷമെല്ലാം ഒഴിച്ചോനേ-തിരുച്ചെവിചാ-യ്ച്ച്
അടിയാരുടെ പ്രാർത്ഥനയെ-കേട്ടനുഗ്രഹിക്ക ദൈ-വമേ
ഹാലേലുയ്യാ-ഉ-ഹാലേലുയ്യാ

4 തിരുജനകനുടെ വലഭാഗ-ത്തമരും മഹിമാസനാ
ദയവോടുദർശിച്ചടിയാരെ-അനുഗ്രഹിച്ചീടേ-ണമേ-
എന്നന്നേക്കും-നീ മാത്രം വിശുദ്ധൻ-
എന്നന്നേക്കും-നീ മാത്രം നാഥൻ-
വിശുദ്ധാത്മാവോടും കൂടെ-പിതൃനാമത്തിനു
മഹിമയുണ്ടാകട്ടെ ദേവാ-എന്നേക്കും ആ-മേ-ൻ
ഹാലേലുയ്യാ-ഉ-ഹാലേലുയ്യാ

പ. ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ സർവ്വശക്തിയുള്ള കർത്താവേ, എല്ലാക്കാലവും എല്ലാസമയവും ഞങ്ങളുടെ ആയുസ്സിൻ നാളൊക്കെയും നിന്നെ ഞങ്ങൾ വാഴ്ത്തുകയും, എന്നെന്നേക്കും വാഴ്ത്തപ്പെട്ടതും നിത്യത്വമുള്ളതുമായ പരിശുദ്ധനാമത്തെ ഞങ്ങൾ സ്തുതിക്കയും ചെയ്യും. ദൈവമായ കർത്താവേ, നീ വാഴ്ത്തപ്പെട്ടവനാകുന്നു. തിരുനാമം സ്തുതിക്കപ്പെട്ടതും എന്നന്നേക്കും സ്തുതികളാൽ പ്രബലപ്പെട്ടതുമാകുന്നു. സകലത്തിന്റെയും ദൈവവും സത്യത്തിന്റെ പിതാവുമായവനെ ഏകപുത്രനോടും ജീവനുള്ള വിശുദ്ധറൂഹായോടും കൂടെ

സ്തുതി നിനക്കു യോഗ്യമാകുന്നു, സ്തുതി നിനക്കു ചേർച്ചയാകുന്നു, സർവ്വകാലവും പുകഴ്ച നിനക്കു ന്യായവുമാകുന്നു.

ജ. ആമേൻ,

പ. ഞങ്ങളുടെ കർത്താവായ യേശുമ്ശിഹായേ നിന്റെ അനുഗ്രഹങ്ങളുടെ വാതിൽ ഞങ്ങളുടെ നേരെ അടച്ചുകളയരുതേ.

ജ. കർത്താവേ ഞങ്ങൾ പാപികളാകുന്നു എന്നു ഞങ്ങൾ ഏറ്റുപറയുന്നു-ഞങ്ങളെ അനുഗ്രഹിക്കണമേ.

പ. കർത്താവേ, നിന്റെ മരണത്താൽ ഞങ്ങളുടെ മരണം മാഞ്ഞുപോകുവാൻ, നിന്റെ സ്നേഹം നിന്നെ നിന്റെ സ്ഥലത്തുനിന്നു ഞങ്ങളുടെ അടുക്കലേക്കു ഇറക്കിക്കൊണ്ടുവന്നു.

ജ. കർത്താവേ-ഞങ്ങളുടെമേൽ അനുഗ്രഹം ചൊരിയേണമേ- ആമേൻ.

**രണ്ടാംപാഠം** : റോമ. 11: 16-36

**അപേക്ഷ**

പ. നീതിമാന്മാരുടെ പ്രതീക്ഷയും,പ്രവാചകൻമാരുടെ പ്രവചനത്തിന്റെ നിവൃത്തിയും ആയിരിക്കുന്ന ഞങ്ങളുടെ മ്ശിഹാതമ്പുരാനേ, കഴുതക്കുട്ടിമേലുള്ള നിന്റെ ആരോഹണത്താൽ വെടിപ്പില്ലാത്ത ജാതികളുടെ വിളിയെ നീ അറിയിക്കയും, സൈത്തുകളുടെയും ദക്കിലാകളുടെയും കൊമ്പുകളിൻമേൽകൂടി നടന്നു പാപവികാരങ്ങളിന്മേലുള്ള ജയത്തെ ഞങ്ങൾക്ക് ദൃഷ്ടാന്തപ്പെടുത്തിത്തരികയും ചെയ്തുവല്ലോ. ഇപ്പോഴും കർത്താവേ, പാപത്തിന്മേൽ നിരന്തരമായ വിജയം ഞങ്ങൾക്കു നൽകണമേ. ആത്മീയ പറുദീസായിൽ മരണരഹിതരായി, സ്തുതിയും

സ്തോത്രവുമാകുന്ന കുരുത്തോലകൾ പിടിച്ചുകൊണ്ട്, നിന്റെ സകല വിശുദ്ധൻമാരോടും കൂടെ നിരന്തരം നിനക്കു പെരുന്നാളാഘോഷിപ്പാൻ നിന്റെ കൃപയാൽ ഞങ്ങളെയും യോഗ്യരാക്കണമേ. ഹോശോ...

ജ. ആമേൻ.

## പ്രോമ്യോൻ

പ. നാമെല്ലാവരും പ്രാർത്ഥിച്ച്...

ജ. അനുഗ്രഹിക്കുന്നവനായ കർത്താവേ...

പ. സ്തുതിയും സ്തോത്രവും...

ഉന്നതങ്ങളിൽ സ്രാഫേന്മാർ തന്റെ വിശുദ്ധിയെ ആഘോഷിക്കുകയും താഴെ ഭൂമിയിൽ പൈതങ്ങൾ ഹോശാന പാടി സ്തുതിക്കയും ചെയ്യുന്ന മഹോന്നതനും, ക്രോബകൾ ഭയഭക്തിപൂർവ്വം പുകഴ്ത്തുകയും ശിശുക്കൾ സന്തോഷത്തോടെ മഹത്വപ്പെടുത്തുകയും ചെയ്യുന്ന വാഴ്ത്തപ്പെട്ടവനും, നിന്ദ്യമായ കഴുതക്കുട്ടിമേൽ ആരോഹണം ചെയ്ത വിനീതനും, നിഷ്കളങ്കരായ ശിഷ്യന്മാർ തങ്ങളുടെ വസ്ത്രങ്ങളെ വിരിച്ച് ബഹുമാനിച്ച ശക്തിമാനും ആയ മ്ശിഹാതമ്പുരാന്ന്, യെരുശലേമിലേക്കുള്ള എഴുന്നെള്ളത്തിന്റെ ഓർമ്മയെ കൊണ്ടാടുന്ന ഈ ദിവസത്തിലും നമ്മുടെ ആയുഷ്കാലം മുഴുവനും സ്തുതിയും വന്ദനവും ബഹുമാനവും യോഗ്യമായിരിക്കുന്നു. ഹോശോ...

ജ. ആമേൻ.

## സെദറാ

ശക്തിയിൽ അത്യുന്നതനും, കാരുണ്യവാനും, മനുഷ്യസ്നേഹമുള്ളവനും, നിന്റെ ബഹുമാനത്തിന്റെ വന്ദനവിനായി സൃഷ്ടിയെ തിരിക്കുവാൻ സ്വന്തത്തിലേക്കു

എഴുന്നള്ളി രക്ഷണ്യമായ കഷ്ടാനുഭവത്തിനു മുമ്പ് നിനക്കു കയറുവാൻ കഴുതക്കുട്ടിയെ ചോദിച്ചവനുമായ മ്ശിഹാതമ്പുരാനേ, വിശുദ്ധപ്രവാചകന്മാർ പരിശുദ്ധറൂഹായുടെ രാഗങ്ങളാൽ യെരുശലേമിലേക്കുള്ള നിന്റെ എഴുന്നള്ളത്തിന്റെ ഈ പെരുന്നാളിനെ മുൻകൂട്ടി കീർത്തിച്ചിരുന്നു. രാജ്യത്തിന്റെ അവകാശിയായവൻ വരുവോളം ചെങ്കോൽ യെഹൂദ്യയിൽ നിന്നു നീങ്ങിപ്പോകയില്ല എന്നു ഗോത്രപിതാവായ യാക്കോബ് നിന്നെക്കുറിച്ചു പ്രവചിച്ചിരുന്നു. ശിശുക്കളുടെ വായിൽനിന്നു പുകഴ്ച നീ ഒരുക്കിയിരിക്കുന്നു എന്നു ദൈവിക സംഗീതക്കാരനായ ദാവീദ്, ഹോശാനയുടെ ഈ പെരുനാളിനെക്കുറിച്ച് മുൻകൂട്ടി പാടിയിരുന്നു. യെരുശലേമേ, യെരുശലേമേ, ഉണരുക ഉണരുക, കർത്താവിന്റെ ഭുജമേ, ബലം ധരിച്ചുകൊൾക എന്നു മഹത്വമുള്ള പ്രവാചകനായ യെശയ്യാവു നിന്നെക്കുറിച്ച് ഘോഷിച്ചിരുന്നു. കണ്ടാലും നിന്റെ രാജാവ് കഴുതക്കുട്ടിമേൽ കയറി, വിനീതനായി നിന്റെ അടുക്കലേക്കു വരുന്നു എന്നു സീയോൻപുത്രിയോടു പ്രവാചകനായ സെഖര്യാവ് ഈ പെരുനാളിനെക്കുറിച്ച് പ്രസംഗിച്ചിരുന്നു.

അവരുടെ ഉപമകളുടെ സത്യവും നിശ്ചയവുമുള്ള വചനങ്ങളെ, തിരുമേനിയിൽ തികവായി നീ നിവർത്തിച്ചു. നിന്റെ കരുണാധിക്യത്താൽ ഞങ്ങൾക്കുവേണ്ടി സ്വയം വെറുമയാക്കി താഴ്ത്തി പാപം ഒഴികെ ഞങ്ങളെപ്പോലെ മനുഷ്യനായിതീർന്നു. നിന്റെ താഴ്ചയിൽ ഞങ്ങളുടെ വർഗ്ഗത്തെ വീഴ്ചയിൽനിന്നു എഴുന്നേല്പിച്ചു. നിന്റെ പ്രത്യക്ഷതയാൽ അജ്ഞാനാന്ധകാരത്തെ ദൂരീകരിച്ചു. പൈതങ്ങളുടെ നിർമ്മല സ്തുതിയെ സന്തോഷത്തോടെ നീ സ്വീകരിച്ചു.

അനുഗ്രഹിക്കുന്നവനായ കർത്താവേ, ഈ പെരുനാളിൽ നിന്റെ കൃപയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു. നിന്റെ മഹത്വശുശ്രൂഷയ്ക്കായി ഞങ്ങളെയും ഞങ്ങൾക്കുള്ളവയേയും സമർപ്പിക്കുന്നു. നിനക്കു ഞങ്ങളുടെ മേലുള്ള ഉടമസ്ഥാവകാശത്തെ പൂർണ്ണമായി സമ്മതിച്ചുകൊണ്ട് നിരന്തരം ജീവിപ്പാൻ കൃപ നൽകണമേ. നിന്നെ വഹിക്കുന്ന വാഹനങ്ങളും, നിന്റെ ശുശ്രൂഷയ്ക്കു കൊള്ളാവുന്ന ഉപകരണങ്ങളുമായി ഞങ്ങളെ രൂപപ്പെടുത്തണമേ. മനസ്സുതിരിഞ്ഞു യരുശലേമിലെ പൈതങ്ങളെപ്പോലെ നിനക്കു സ്തുതിപാടുവാൻ ഞങ്ങൾക്കു കൃപ നൽകണമേ. മഹത്വത്തിന്റെ രാജാവായ മ്ശിഹാ കർത്താവേ, നിന്റെ കരുണയാൽ തിരുസഭയെ സന്ദർശിക്കണമേ. നൽവരങ്ങളാൽ അതിനെ നിറയ്ക്കണമേ. ഉപദ്രവങ്ങളിൽ നിന്ന് അതിനെ രക്ഷിക്കണമേ. നിരപ്പും സമാധാനവും അതിൽ നിലനിർത്തണമേ. നിന്റെ വാഗ്ദാനങ്ങൾ അതിനു ഉറപ്പിച്ചുകൊടുക്കണമേ. അതിന്റെ സന്താനങ്ങളെ വിശുദ്ധികൊണ്ട് അലങ്കരിക്കണമേ. കരുണാധനത്താൽ അതിനെ കാത്തുകൊള്ളണമേ. സ്വദേശത്തും വിദേശത്തും ചെയ്യപ്പെടുന്ന എല്ലാ സുവിശേഷ പ്രയത്നങ്ങളെയും അനുഗ്രഹിക്കണമേ. സകല ജാതികളെയും ദർശിച്ചു വിശുദ്ധ ഏവൻഗേലിയോന്റെ പ്രകാശത്താൽ അവരുടെ ഹൃദയങ്ങളെ പ്രകാശിപ്പിക്കണമേ. മഹത്വകരമായ രണ്ടാമത്തെ എഴുന്നെള്ളത്തിൽ വ്രതന്മാരുടെ സർവ്വ സംഘത്തോടും കൂടെ സന്തോഷത്തിന്റെ പെരുനാൾ ആഘോഷിക്കുവാനും നിന്നെയും പിതാവിനെയും പരിശുദ്ധറൂഹായെയും സ്തുതിച്ചു മഹത്വപ്പെടുത്തുവാനും ഞങ്ങളെ യോഗ്യരാക്കേണമേ. ഹോശോ...

ജ. ആമേൻ.

## ഗീതം

തുബാല്യാലൂദേ

പ. മ്ശിഹാ-യെ കാൺമാ-നിടയായ-
ശിശുക്കൾക്കാകെ-ഭാഗ്യമായി-
ദുഷിയിൻ-കഴുതമേലേറിയവൻ
ഊർശാലേ-മിന്നെഴുന്നള്ളി-
സൈത്തിൻ കൊമ്പാൽ-പൈതങ്ങൾ
തിരുമുൻ ആർത്തവർ ചൊല്ലുന്നു-

ജ. ഊശാ-നാ ഉയരത്തിൽ-
ഊശാന ദാ-വീദു സുതന്-
കർത്തൻ നാമത്തിൻ വരുന്നവൻ-
വാഴ്ത്ത-പ്പെട്ട-വൻ

 പ. ദുഷിയി-ൻ കഴുതമേലേറി-
ഊർശാലേമി-ന്നെഴുന്നെള്ളുന്ന-
ദൈവസുതനെ-കാണുമ്പോൾ
വിസ്മ-യിക്കാത്തവനുണ്ടോ?
സൈത്തിൻ കൊമ്പാൽ-പൈതങ്ങൾ
തിരുമുൻ സ്തുതിച്ചവർ-പാടുന്നു

ജ. ഊശാ-നാ ഉയരത്തിൽ-

 പ. ക്രോബേ-സ്രാഫകൾ വണങ്ങും-
ഭയങ്കരനായ-തനിക്കു സ്തുതി-
കരുണയോടിഹത്തിൽ-താനിറങ്ങി-
മനുഷ്യാ വതാരം-താനായി
സെഹിയോൻ തെരുവിൽ-ഉണ്ണികളും
തിരുമുൻ സ്തുതിച്ചവർ-ചൊല്ലുന്നു-

ജ. ഊശാ-നാ ഉയരത്തിൽ-

പ. ഏശാ-യാ നീ പറക-
ആമോസുപുത്രാ-അറിയിക്ക
കന്യക പ്രസവിച്ചോനിവനാർ?
ദൈവം-താനവൻ തന്നെ-
സ്നേഹത്താൽ മനുജൻ താനായ്-
ഇമ്മാനുവേൽ-എന്നു നാമം

ജ. ഊശാ-നാ ഉയരത്തിൽ

പ. ദൈവമായ കർത്താവേ, ക്രോബകളും സ്രാഫകളും ഇമ്പകരമായ ശബ്ദത്താൽ നിന്നെ സ്തുതിക്കുകയും സ്വർഗ്ഗീയരും ഭൗമീയരും സന്തോഷിക്കുകയും ചെയ്യുന്ന ഈ പെരുനാളിൽ ബലഹീനരും പാപികളുമാകുന്ന ഞങ്ങൾ അണയ്ക്കുന്ന പ്രാർത്ഥനകളും അപേക്ഷകളും നീ അംഗീകരിക്കേണമേ. ഞങ്ങളുടെ ആത്മാക്കളെയും ശരീരങ്ങളെയും ശുദ്ധീകരിക്കണമേ. കടങ്ങളുടെ പരിഹാരവും, പാപങ്ങളുടെ മോചനവും ഞങ്ങൾക്കു നീ ദാനം ചെയ്യണമേ. നിന്നെയും പിതാവിനെയും പരിശുദ്ധറൂഹായെയും ഞങ്ങൾ വന്ദിക്കുകയും നിർമ്മലമായ പുകഴ്ചകളോടും ആത്മീയമായ നൃത്തത്തോടും കൂടെ അനന്തമായ വന്ദനം നിനക്കു അർപ്പിക്കുകയും ചെയ്‌വാൻ ഞങ്ങളെ യോഗ്യതയുളളവരാക്കുകയും ചെയ്യണമേ. ഹോശാ...

ജ. ആമേൻ.

## മാർ യാക്കോബിന്റെ അപേക്ഷ

പ. ദൈവമായ കർത്താവേ, നിന്നെ ഞങ്ങൾ നോക്കിവിളിക്കുന്നു. ഞങ്ങളുടെ സഹായത്തിനു നീ വന്ന്, ഞങ്ങളുടെ അപേക്ഷ കേട്ട്-ഞങ്ങളുടെമേൽ അനുഗ്രഹം ചൊരിയണമേ.

ജ. കർത്താവു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്നു പൈതങ്ങൾ ആർത്തുപാടുമ്പോൾ-കഴുതക്കുട്ടിമേൽ കരേറി യെരൂശലേമിലേക്കു പ്രവേശിച്ച കർത്താവ് പരിശുദ്ധനാകുന്നു.

പ. ദൈവപുത്രനു സ്തുതി പാടുക, സ്തുതി പാടുക-സ്തുതി പാടുക, തന്നെ സ്തുതിക്കുന്നതിനായി നിന്നെ നിയമിച്ചിരിക്കുന്നു-നീ എന്തുകൊണ്ടു് അവനെ സ്തുതിക്കാതെ, ഉദാസീനമായിരിക്കുന്നു?

ജ. ഞങ്ങളുടെ വീണ്ടെടുപ്പിനായി തന്റെ പുത്രനെ അയച്ച പിതാവിനു സ്തുതി-സെഹിയോൻ തെരുവീഥിയിൽകൂടെ കഴുതപ്പുറത്തു കരേറിപ്പോയ പുത്രനു വന്ദനം.

പ. ഉച്ചശബ്ദത്തോടെ വന്ദ്യനായ പുത്രനെ സ്തുതിപ്പാൻ പൈതങ്ങളെ ഉത്സാഹിപ്പിച്ച റൂഹായ്ക്കു സ്തോത്രം.

ജ. ദൈവമേ, ഞങ്ങളോടു ഉത്തരമരുളി, ഞങ്ങളെ അനുഗ്ര ഹിക്കേണമേ-ഞങ്ങളുടെ ഹൃദയങ്ങളെ അനുതാപത്തി ലേക്കു തിരിക്കുകയും ചെയ്യണമേ.

*(അല്ലെങ്കിൽ)*

1 നാഥാ-നാഥാ-വിളിക്കുന്നടിയാർ
തുണയ്ക്കാ-യ് വരിക
പ്രാർത്ഥനകേട്ടിട്ടടിയാരുടെ മേൽ ദയ
ചെയ്തീ-ടണമേ

2 കർത്തൻ-വിശുദ്ധൻ-വിശുദ്ധ-ൻമാർ-
പരിശുദ്ധ-നെന്നു
ബാലകർകൂടി ശബ്ദമുയർത്തീ-
ട്ടാഘോഷിക്കു-ന്നു.

3 ഗർദ്ദഭ-വാഹനമേറീട്ടെറു
ശാലേമിലേ-ക്കു
പോയൊരു കർത്തൻ-പരിശുദ്ധൻ
താനെന്നുരച്ചീ-ടുന്നു.

4 ദൈവ-സുതനു-സ്തുതി-പാടിടുക
സ്തുതി-പാടുക നീ
സ്തുതി പാടുന്നതിനല്ലോ നിന്നെ
കല്പിച്ചാക്കി-താൻ

5 രക്ഷ-യ്ക്കായ് തൻ സുതനെ തന്നൊരു
താത-മഹത്വം
സെഹിയോൻ തെരുവെ പോയൊരു
സുതനെ വ-ന്ദനം.

6 പുത്രനെ സ്തുതിപ്പാൻ ശിശുക്കളെ വിളിച്ച
റൂഹായേ-സ്തുതി
താതാ സുതനേ വിശുദ്ധാത്മാവേ
ഉണർത്തടിയാരെ-നീ

7 ഉത്തരമരുൾക-അരുൾക-ദേവാ
അനുഗ്രഹിക്ക-
മർത്ത്യർ ചിത്തം അനുതാപേ നീ
വരുത്തീടേ-ണമേ.

## ക്രോബകളുടെ സ്തുതി

പ. അത്യുന്നതങ്ങളിൽ കർത്താവിന്റെ തിരുനാമം എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു.

ജ. അത്യുന്നതങ്ങളിൽ കർത്താവിന്റെ ബഹുമാനം എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു. അത്യുന്നതങ്ങളിൽ കർത്താവിന്റെ ബഹുമാനം എന്നന്നേക്കും വാഴ്ത്തപ്പെട്ട താകുന്നു.

പ. വിശുദ്ധിയും മഹത്വവും ഉള്ള ത്രിത്വമേ-ഞങ്ങളുടെ മേൽ അനുഗ്രഹമരുളണമേ.

ജ. വിശുദ്ധിയും മഹത്വവും ഉള്ള ത്രിത്വമേ-ഞങ്ങളുടെ മേൽ അനുഗ്രഹമരുളണമേ-വിശുദ്ധിയും മഹത്വവും ഉള്ള ത്രിത്വമേ-ദയതോന്നി ഞങ്ങളുടെ മേൽ അനുഗ്രഹമരുള ണമേ.

 പ. നീ എന്നേക്കും വിശുദ്ധിയും മഹത്വവും ഉള്ളവനാകുന്നു.

ജ. നീ എന്നേക്കും വിശുദ്ധിയും മഹത്വവും ഉള്ളവനാകുന്നു -നീ വിശുദ്ധിയുള്ളവനാകുന്നു-തിരുനാമം എന്നന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു.

 പ. ഞങ്ങളുടെ കർത്താവേ, നിനക്കു സ്തുതി.

ജ. ഞങ്ങളുടെ കർത്താവേ, നിനക്കു സ്തുതി, എന്നേക്കും ഞങ്ങളുടെ ശരണവുമേ, നിനക്കു സ്തുതി-ബാറെക്മാർ.

### അപേക്ഷ

പ. സ്വർഗ്ഗീയ സൈന്യങ്ങളുടെ ദൈവമായ കർത്താവേ, ഇപ്പോൾ നിന്റെ ശക്തിയുള്ള വലങ്കൈ നീട്ടി നിന്റെ സഭയെയും അതിലെ ആടുകളെയും അനുഗ്രഹിക്കണമേ. നിന്റെ കൃപയാൽ ഞങ്ങളുടെ കടങ്ങളെ പരിഹരിക്കണമേ. നിന്റെ കരുണയാൽ ഞങ്ങളുടെ കുറ്റങ്ങളെ ക്ഷമിക്കണമേ. ഞങ്ങൾ നിനക്കുള്ളവരായിരുന്ന് നിന്നെ പ്രസാദിപ്പിപ്പാനും, ഞങ്ങളുടെ ആയുഷ്കാലം മുഴുവനും തിരുസന്നിധിയിൽ നിർമ്മല ജീവിതം ചെയ്ത് കരുണ കണ്ടെത്തുവാനും ഞങ്ങളെ അർഹരാക്കണമേ. ഹോശാനയുടെ ഈ പെരുനാളിൽ യെരൂശലേമിലെ പൈതങ്ങളെപ്പോലെയും നിന്റെ ശിഷ്യന്മാരെപ്പോലെയും, ഈ ലോകത്തിൽ നിന്നെ സ്തുതിച്ചു പുകഴ്ത്തുവാനും, വരുവാനിരിക്കുന്ന ലോകത്തിൽ നിന്റെ വിശുദ്ധന്മാരുടെ നിഷ്കളങ്ക കൂട്ടങ്ങളോടുകൂടെ ആത്മീയമായ ഹോശാനകളാലും; വാടാത്ത കുരുത്തോലകളാലും, നിന്നെയും പിതാവിനെയും പരിശുദ്ധറൂഹായെയും സ്തുതിച്ചു മഹത്വപ്പെടുത്തുവാനും ഞങ്ങൾക്കു കൃപ നൽകുകയും ചെയ്യണമേ. ഹോശോ....

ജ. ആമേൻ.

### ലുത്തിനിയ

പ. സ്വർഗ്ഗത്തിലും സ്വർഗ്ഗാധിസ്വർഗ്ഗത്തിലും ഒതുങ്ങാത്തവനെങ്കിലും, ഇന്നേദിവസം കഴുതക്കുട്ടിമേൽ ഞെരുങ്ങിയിരുന്നവനായ ഞങ്ങളുടെ ദൈവമായ മ്ശിഹായേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

ജ. ഞങ്ങളുടെ പ്രാർത്ഥനകേട്ടു ഞങ്ങളെ അനുഗ്രഹിക്കണമേ-കുറിയേലായിസ്സോൻ.

പ. കൊഞ്ഞ സംസാരിക്കുന്ന നാവുകളെ വാചാലതയോടെ തന്നെ സ്തുതിപ്പാൻ സ്ഫുടമാക്കിയവനും തങ്ങളുടെ പിതാക്കന്മാരുടെ അവിശ്വാസത്തിനെതിരായി അവരെ പഠിപ്പിച്ചവനുമായ ദൈവമായ മ്ശിഹായേ...

ജ. ഞങ്ങളുടെ പ്രാർത്ഥന കേട്ട്...

പ. പരീശന്മാർ വഞ്ചകനെപ്പോലെ പീഡിപ്പിക്കുകയും പൈതങ്ങൾ സൈത്തിന്റെയും ദക്കിലാകളുടെയും കൊമ്പുകൾ പിടിച്ചുകൊണ്ട് ദൈവമായി സ്തുതിക്കുകയും ചെയ്ത മ്ശിഹായേ...

ജ. ഞങ്ങളുടെ പ്രാർത്ഥന കേട്ട്...

പ. സർവ്വലോകത്തിന്റെയും വിശേഷാൽ ഈ ദേശത്തിന്റെയും നിരപ്പിനും സമാധാനത്തിനും വേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു; ദൈവമായ മ്ശിഹായേ...

ജ. ഞങ്ങളുടെ പ്രാർത്ഥന കേട്ട്...

പ. ലോകമെങ്ങുമുള്ള വിശുദ്ധ സഭയിലെ സകല മേല്പട്ടക്കാരുടെയും, ഇന്നു ഞങ്ങളെ ഭരിക്കുന്ന ഞങ്ങളുടെ പിതാവായ മാർത്തോമ്മാ മെത്രാപ്പോലീത്തായുടെയും ഞങ്ങളുടെ പിതാക്കന്മാരായ എപ്പിസ്കോപ്പാമാരുടെയും കശ്ശീശന്മാർ, ശെമ്മാശന്മാർ മുതലായ എല്ലാവരുടെയും ക്ഷേമത്തിനും സ്ഥിരതയ്ക്കും വേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു. ദൈവമായ മ്ശിഹായേ...

ജ. ഞങ്ങളുടെ പ്രാർത്ഥന കേട്ട്...

പ. രോഗികൾക്കും, ഞെരുക്കത്തിലിരിക്കുന്നവർക്കും ദരിദ്രർക്കും, അനാഥർക്കും, വിധവകൾക്കും വേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു; ദൈവമായ മ്ശിഹായേ...

ജ. ഞങ്ങളുടെ പ്രാർത്ഥന കേട്ട് ഞങ്ങളെ അനുഗ്രഹിക്കണമേ.

പ. ലോകമെങ്ങുമുള്ള വിശുദ്ധ കാതോലിക സഭയിൽ നിന്റെ നിരപ്പും സമാധാനവും ആവസിപ്പാനായി ഞങ്ങൾ പ്രാർത്ഥിക്കുന്നു; ദൈവമായ മ്ശിഹായേ...

ജ. ഞങ്ങളുടെ പ്രാർത്ഥന കേട്ട് ഞങ്ങളെ അനുഗ്രഹിക്കണമേ.

## അപേക്ഷ

പ. മീതെയുള്ള സൈന്യങ്ങളുടെ ദൈവവും സകല സൃഷ്ടികളുടെയും സ്രഷ്ടാവുമായ കർത്താവേ, ശക്തിയുള്ള നിന്റെ കയ്യാലും ബലമുള്ള നിന്റെ ഭുജത്താലും, ഞങ്ങളെ പരിപാലിക്കണമേ. അഗ്നി തുല്യമായി ജ്വലിച്ചുകൊണ്ടിരിക്കുന്ന സംഘങ്ങളോടും, അശരീരികളുടെ പാളയങ്ങളോടുംകൂടെ, നിന്നെ സ്തുതിച്ചു പുകഴ്ത്തുവാൻ ഞങ്ങളെ യോഗ്യതയുള്ളവരാക്കണമേ. മഹത്വമുള്ള നിന്റെ പെരുനാളിന്റെ ഈ ദിവസത്തിൽ ഞങ്ങൾ ശബ്ദം ഉയർത്തി ചൊല്ലുന്നു.

*എല്ലാവരുംകൂടി*

അത്യുന്നതങ്ങളിൽ ഹോശാന–ഞങ്ങളുടെ അടുക്കലേക്കുണ്ടായ നിന്റെ വരവ് വാഴ്ത്തപ്പെട്ടതാകുന്നു. ഞങ്ങളുടെ മേൽ വിളിക്കപ്പെട്ടിരിക്കുന്ന തിരുനാമം വാഴ്ത്തപ്പെട്ടതാകുന്നു–ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി ഉണ്ടായ നിന്റെ വ്യാപാരം വാഴ്ത്തപ്പെട്ടതാകുന്നു.

പ. കർത്താവേ, സഭകളെ അലങ്കരിക്കേണമേ. ദയറാകളെ മഹിമപ്പെടുത്തണമേ. ഭവനങ്ങളെ വാഴ്ത്തണമേ.യുദ്ധങ്ങൾ ഇല്ലാതാക്കണമേ. ഭരണാധികാരികൾക്ക് സമാധാനവും, ന്യായാധിപന്മാർക്ക് നീതിനിഷ്ഠയും നൽകണമേ. നിന്റെ കൃപയാൽ ഞങ്ങളുടെ കൃഷികളെയും വ്യാപാര

ങ്ങളെയും അനുഗ്രഹിക്കണമേ. കർത്താവേ, നിന്റെ പെരുന്നാളാഘോഷിപ്പാൻ വന്നിരിക്കുന്ന ഈ നിന്റെ ജനത്തെയും അനുഗ്രഹിക്കണമേ-ഹോശോ........

ജ. ആമേൻ.

## ഏവൻഗേലിയോൻ- മർക്കോ. 11:1-18

പ. മാലാഖമാർ ശുശ്രൂഷ ചെയ്യുന്ന ദൈവമേ,

ജ. നീ പരിശുദ്ധനാകുന്നു.

പ. ക്രോബേന്മാർ വാഴ്ത്തുന്ന ബലവാനേ,

ജ. നീ പരിശുദ്ധനാകുന്നു.

പ. സ്രാഫേന്മാർ തന്റെ വിശുദ്ധതയെ ആഘോഷിക്കുന്ന മരണമില്ലാത്തവനേ,

ജ. നീ പരിശുദ്ധനാകുന്നു.

പ. വിശ്വസ്തസഭയിലെ സന്താനങ്ങളായ ഞങ്ങൾ പ്രാർത്ഥിച്ചു ചൊല്ലുന്നു.

ജ. ഞങ്ങൾക്കുവേണ്ടി ✠ ക്രൂശിക്കപ്പെട്ട മ്ശിഹാതമ്പുരാനേ ഞങ്ങളോടു കരുണചെയ്യണമേ.

പ. മാലാഖമാർ പുകഴ്ത്തുന്ന ദൈവമേ,

ജ. നീ പരിശുദ്ധനാകുന്നു.

പ. ആത്മീയർ ആഘോഷിക്കുന്ന ബലവാനേ,

ജ. നീ പരിശുദ്ധനാകുന്നു.

പ. അഗ്നിമയൻമാർ മഹത്വീകരിക്കുന്ന മരണമില്ലാത്തവനേ,

ജ. നീ പരിശുദ്ധനാകുന്നു.

പ. വിശ്വസ്ത സഭയിലെ...

ജ. ഞങ്ങൾക്കുവേണ്ടി ✠ ക്രൂശിക്കപ്പെട്ട മ്ശി...

പ. മേലുള്ളവർ സ്തുതിക്കുന്ന ദൈവമേ,

ജ. നീ പരിശുദ്ധനാകുന്നു.

പ. മദ്ധ്യേയുള്ളവർ പുകഴ്ത്തുന്ന ബലവാനേ,

ജ. നീ പരിശുദ്ധനാകുന്നു.

പ. താഴെയുള്ളവർ വന്ദിക്കുന്ന മരണമില്ലാത്തവനേ,

ജ. നീ പരിശുദ്ധനാകുന്നു.

പ. വിശ്വസ്ത സഭയിലെ.......

ജ. ഞങ്ങൾക്കുവേണ്ടി ✠ ക്രൂശിക്കപ്പെട്ട മ്ശിഹാ .......

പ. ഞങ്ങളുടെ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമേ.

ജ. ഞങ്ങളുടെ കർത്താവേ, കൃപതോന്നി ഞങ്ങളോടു കരുണ ചെയ്യണമേ.

പ. ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ നമസ്കാരവും ശുശ്രൂഷയും കൈക്കൊണ്ട് ഞങ്ങളോടു കരുണ ചെയ്യണമേ.

ജ. ദൈവമേ, നിനക്കു സ്തുതി.

പ. സ്രഷ്ടാവേ, നിനക്കു സ്തുതി.

ജ. പാപികളായ നിന്റെ അടിയാരോടു കൃപ ചെയ്യുന്ന മ്ശിഹാ രാജാവേ, നിനക്ക് സ്തുതി-ബാറെക്മാർ.

പ. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.....

## നിഖ്യാ വിശ്വാസപ്രമാണം

പ. **പിതാവായ സർവ്വശക്തനായ-**

ജ. **ആകാശത്തിന്റെയും ഭൂമിയുടെയും കാണപ്പെടുന്നവയും കാണപ്പെടാത്തവയും ആയ-സകലത്തിന്റെയും സ്രഷ്ടാവായ-സത്യേക ദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു.**

**ദൈവത്തിന്റെ ഏക പുത്രനും-**

**സർവ്വലോകങ്ങൾക്കും മുൻപെ പിതാവിൽ നിന്നു ജനിച്ചവനും-പ്രകാശത്തിൽ നിന്നുള്ള പ്രകാശവും-സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും-ജനിച്ചവനും സൃഷ്ടിയല്ലാത്തവനും-തത്വത്തിൽ പിതാവിനോടു ഏകത്വമുള്ളവനും-സകല സൃഷ്ടിക്കും മുഖാന്തരമായവനും-മനുഷ്യരായ ഞങ്ങൾക്കും ഞങ്ങളുടെ രക്ഷയ്ക്കും വേണ്ടി-സ്വർഗ്ഗത്തിൽനിന്നു ഇറങ്ങി-വിശുദ്ധറൂഹായാൽ കന്യക മറിയാമ്മിൽ നിന്നു ജഡം ധരിച്ച് മനുഷ്യനായി-പൊന്തിയോസ് പീലാത്തോസിന്റെ നാളുകളിൽ-ഞങ്ങൾക്കു വേണ്ടി ക്രൂശിക്കപ്പെട്ട്-കഷ്ടതയനുഭവിച്ച്, മരിച്ച് അടക്കപ്പെട്ട്-തിരുഹിതപ്രകാരം മൂന്നാംദിവസം ഉയിർത്തെഴുന്നേറ്റു-സ്വർഗ്ഗത്തിലേക്കു കരേറി-തന്റെ പിതാവിന്റെ വലത്തുഭാഗത്തിരുന്നവനും-അവസാനമില്ലാത്ത രാജത്വമുള്ളവനും-ജീവിച്ചിരിക്കുന്നവരെയും മരിച്ചവരെയും വിധിപ്പാൻ -തന്റെ മഹാ പ്രഭാവത്തോടെ, ഇനിയും വരുവാനിരിക്കുന്നവനും ആയ യേശുമ്ശിഹാ ആയ ഏക കർത്താവിലും ഞങ്ങൾ വിശ്വസിക്കുന്നു.**

**സകലത്തെയും ജീവിപ്പിക്കുന്ന കർത്താവും-**

**പിതാവിൽനിന്നു പുറപ്പെട്ട്-പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ട് സ്തുതിക്കപ്പെടുന്നവനും-നിബ്യ**

ന്മാരും ശ്ലീഹന്മാരും മുഖാന്തരം സംസാരിച്ചവനുമായ- ജീവനും വിശുദ്ധിയും ഉള്ള ഏകറൂഹായിലും-കാതോലികവും അപ്പൊസ്തോലികവും ആയ ഏകവിശുദ്ധ സഭയിലും ഞങ്ങൾ വിശ്വസിക്കുന്നു.

**പാപമോചനത്തിനുള്ള മാമോദീസാ-**

ഒന്നുമാത്രമെന്നു ഞങ്ങൾ ഏറ്റുപറഞ്ഞ്-മരിച്ചവരുടെ ഉയിർത്തെഴുന്നേല്പിനും വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനും-ഞങ്ങൾ നോക്കിപ്പാർക്കുകയും ചെയ്യുന്നു- ആമേൻ.

ശു. ബാറെക്മാർ സ്തൌമൻകാലോ-സ്

ജ. കുറിയേലായിസ്സോൻ.

## ഹുത്താമ്മാ

പ. ഞങ്ങളുടെ കർത്താവും ഞങ്ങളുടെ ദൈവവുമേ, എന്നേക്കും നിനക്കു സ്തുതി, നിനക്കു സ്തുതി, നിനക്കു സ്തുതി. ഞങ്ങളുടെ കർത്താവേശുമ്ശിഹായേ നിന്റെ കൃപയാലും ധാരാളമായ കരുണയാലും ഞങ്ങളുടെ പ്രാർത്ഥനകൾ കേട്ട് ഞങ്ങളുടെ ശുശ്രൂഷ കൈക്കൊള്ളണമേ. ഞങ്ങളുടെ കർത്താവും ദൈവവുമേ, ഞങ്ങളുടെ സഹായത്തിന് നീ വന്ന് എന്നേക്കും ഞങ്ങളെ വിശുദ്ധരാക്കണമേ. ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ശുശ്രൂഷ നിനക്കു രമ്യവും ഞങ്ങളുടെ നമസ്കാരം നിനക്കു പ്രസാദകരവും, ഞങ്ങളുടെ അപേക്ഷ നിനക്കു സ്വീകാര്യവും ഞങ്ങളുടെ പ്രാർത്ഥന നിനക്കു ബഹുമാനകരവും ആയിരിക്കണമേ. കർത്താവേ നിന്റെ അനുഗ്രഹങ്ങളും കരുണകളും സഹായങ്ങളും കൃപകളും ദൈവീകമായ നിന്റെ സകല ദാനങ്ങളും ബലഹീനരായ ഞങ്ങളുടെമേലും, ബലഹീനതയുള്ള ഞങ്ങളുടെ വർഗ്ഗത്തിൻമേലും വന്നു് ആവസിച്ച് എന്നേക്കും പാർക്കുമാറാകണമേ.

ജ. ആമേൻ.

(അല്ലെങ്കിൽ)

പ. സത്യവിശ്വാസികൾക്കു ബലമുള്ള കോട്ടയായി പിശാചുക്കൾക്കു ഭയങ്കരവും, മാലാഖമാർക്ക് ബഹുമാന്യവും ആയ ദൈവപുത്രന്റെ വന്ദ്യമായ സ്ലീബാ, രാപ്പകൽ നമ്മെ കാത്തു മറച്ചുകൊള്ളുമാറാകട്ടെ. ദുഷ്ടമനുഷ്യരുടെ കോപത്തിൽ നിന്നും പിശാചുക്കളുടെയും അവിശ്വാസികളുടെയും അസൂയയിൽ നിന്നും, ഉപദ്രവകരമായ അധികാരങ്ങളിൽ നിന്നും കരുണയില്ലാത്ത യജമാനൻമാരുടെ കൈകളിൽനിന്നും രഹസ്യവും പരസ്യവും ആയ സകല ശത്രുക്കളിൽ നിന്നും സാത്താന്റെ കണികളിൽ നിന്നും, ആത്മാവിനെയും ശരീരത്തെയും ക്ലേശിപ്പിക്കുന്ന ദുർവികാരങ്ങളിൽ നിന്നും, പാപത്തിന്റെ എല്ലാ ശക്തിയിൽ നിന്നും കർത്താവു നമ്മെ വീണ്ടെടുത്ത്, നമ്മുടെ ആയുഷ്കാലം മുഴുവനും കാത്തുകൊള്ളുകയും ചെയ്യുമാറാകട്ടെ.

ജ. ആമേൻ.

ആശീർവാദം

പ. ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവിനാൽ നിങ്ങൾ എല്ലാവരും അനുഗൃഹീതരാകുന്നു. ആത്മീയമായ ഈ ശുശ്രൂഷയിൽ ഞങ്ങളോടുകൂടെ ഒരുങ്ങിവന്നു സംബന്ധിച്ച എല്ലാവരെയും ദൈവമായ കർത്താവ് അനുഗ്രഹിച്ച് ശുദ്ധീകരിക്കട്ടെ. പിതാവും പുത്രനും പരിശുദ്ധറൂഹായും ആയ ദൈവം ബലഹീനതയും കുറവുമുള്ള നമ്മുടെ പ്രാർത്ഥനകൾ ഉന്നതമായ തന്റെ സിംഹാസനത്തിൻ മുൻപാകെ കേൾക്കുകയും കൈക്കൊള്ളുകയും ചെയ്യുമാറാകട്ടെ.

ജ. ആമേൻ.

●

# ഹാശാ ആഴ്ചയിൽ ഉപയോഗിക്കേണ്ടുന്ന കൌമാകൾ, മസ്മൂറുകൾ, അപേക്ഷകൾ

## കൌമാ

*ഞായറാഴ്ച സന്ധ്യ മുതൽ ചൊവ്വാഴ്ച സന്ധ്യവരെ*

തന്റെ പീഡാനുഭവത്താലെ-വഴിതെറ്റിൽ നിന്നു ഞങ്ങളെ രക്ഷിച്ച മ്ശിഹാതമ്പുരാനേ-ഞങ്ങളുടെ ശുശ്രൂഷ കൈക്കൊണ്ട് ഞങ്ങളോടു കരുണചെയ്യണമേ.

*ഈ കൌമാ മൂന്നു പ്രാവശ്യം ചൊല്ലി*
*കുമ്പിട്ടശേഷം പട്ടക്കാരന്റെ പിന്നാലെ*
*താഴെയുള്ളത് ഏറ്റുചൊല്ലണം*

ഞങ്ങളുടെ കർത്താവേ, നിനക്കു സ്തുതി-നിന്റെ പിതാവിനു ബഹുമാനവും-പരിശുദ്ധറൂഹായ്ക്കു വന്ദനവും പുകഴ്ചയും-ഉണ്ടായിരിക്കട്ടെ-പാപികളായ ഞങ്ങളുടെ മേൽ അനുഗ്രഹങ്ങളും കരുണകളും-ഉണ്ടായിരിക്കേണമേ-മേലുള്ള യെരുശലേമിന്റെ വാതിലുകൾ തുറന്ന്-മ്ശിഹായേ, നിന്റെ സിംഹാസനത്തിൻ മുൻപാകെ-ഞങ്ങളുടെ പ്രാർത്ഥനകൾ പ്രവേശിക്കുമാറാകണമേ.

ഞങ്ങളുടെ കർത്താവേ, നിനക്കു സ്തുതി-എന്നേക്കും ഞങ്ങളുടെ ശരണവുമേ നിനക്കു സ്തുതി-ബാറെക്മാർ.

പ. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ...

ജ. തിരുനാമം...

*(അല്ലെങ്കിൽ ) ഗീതം*

(ലക്മാർ തെശ്ബുഹത്താ-രീതി)

കർത്താ-സ്തുതിനിനക്കു-താത-നുബഹുമാനം
വിശുദ്ധ-റൂഹായ്ക്കു-പുകഴ്ച-വന്ദനം
പാപികളാകുന്ന-നിന്നുടെ അടിയാരിൽ
അനുഗ്ര-ഹം കൃപയും-ചൊരിഞ്ഞി-ടെണമേ നീ
മേലു-ള്ള യെരുശലേം-വാതിൽ തുറന്നിട്ടു-
മ്ശിഹാ-സിംഹാസനേ-പ്രാർത്ഥന എത്തണമേ
സ്തുതി എൻ-കർത്താവേ സ്തുതി എൻ കർത്താവേ
നിത്യശരണവുമേ-സ്തുതിതേ- ബാറെക്മാർ.

ബാത്തെദ് ഹാശാ, ബാഊസാ ഈ ഗീതങ്ങളുടെ
ആരംഭത്തിൽ ചൊല്ലേണ്ടത്

*ബാത്തെദ് ഹാശാ*

(ബക്മാർ ഹാശരക്)

ഞങ്ങൾക്കാ-യ് ഏറ്റനിൻ കഷ്ടതതാ-ഴ്ച-
കർത്താ-വേ, വാഴ്ത്ത-പ്പെട്ടതാ-ക

(മദ്ബായിനത്തിലെ)

നിന്നെ വിധിച്ചോ-രെ-നീ വി-ധിക്കുമ്പോ-ൾ
നാഥാ, ഞങ്ങളെ-വിധിച്ചീട-രുതേ.

*മാർ യാക്കോബിന്റെ ബാഊസാ*

(മ്ശിഹൗദേസല് ഹാശാ)

ക-ഷ്ടത സ്കീ-പ്പാമരണം സഹിപ്പാൻ-വന്ന-മ്ശിഹാ-
പ്രാർ-ത്ഥ-നകേ-ട്ടിങ്ങരുൾക നിൻകൃപയെ-ഞങ്ങ-
ളുടെമേ-ൽ

*മാർ അപ്രേമിന്റെ ബാഊസാ*

(മാറാൻ എസറാഹം, അലൈൻ)

ഞങ്ങൾക്കായതി കഷ്ടതകൾ-ഏറ്റൊരുനാഥാ ഞങ്ങളെ നീ
അനുഗ്രഹിച്ചവയിൻ പങ്കും നിൻ-രാജ്യോഹരിയും...
നൽകേണമേ

## സങ്കീർത്തനം

1. കർത്താവേ നിന്നെ ഞാൻ നോക്കിവിളിച്ചു, എന്നോടു ഉത്തരമരുളേണമേ.

2. കർത്താവേ, ഞാൻ നിന്റെ അടുക്കൽ നിലവിളിച്ചു. കർത്താവേ, ജീവനുള്ളവരുടെ ദേശത്തു എന്റെ പ്രത്യാശയും എന്റെ ഓഹരിയും നീയാകുന്നു എന്നു ഞാൻ പറഞ്ഞു.

3. നിന്റെ വചനം എന്റെ കാലുകൾക്കു വിളക്കും, എന്റെ വഴികൾക്കു പ്രകാശവും ആകുന്നു, നിന്റെ നീതിയുള്ള വിധികളെ ആചരിക്കുമെന്നു ഞാൻ ആണയിട്ടു നിശ്ചയിച്ചു.

4. കർത്താവേ, ഞാൻ ഏറ്റവും എളിമപ്പെട്ടിരിക്കുന്നു. നിന്റെ വാഗ്ദാനപ്രകാരം എന്നെ ജീവിപ്പിക്കണമേ. കർത്താവേ എന്റെ വായിലെ വചനങ്ങളിൽ നീ ഇഷ്ടപ്പെട്ട്, നിന്റെ ന്യായങ്ങൾ എന്നെ പഠിപ്പിക്കണമേ.

5. സകല ജാതികളുമേ, കർത്താവിനെ സ്തുതിപ്പിൻ. എന്തുകൊണ്ടെന്നാൽ അവന്റെ കൃപ നമ്മുടെ മേൽ ശക്തിപ്പെട്ടിരിക്കുന്നു. അവൻ സത്യമായിട്ട് എന്നേക്കും കർത്താവാകുന്നു. ദൈവമേ സ്തുതി നിനക്കു യോഗ്യമാകുന്നു- ബാറെക്മാർ.

പ. പിതാവിനും പുത്രനും പരിശുദ്ധറൂഹായ്ക്കും സ്തുതി.

ജ. ആദിമുതൽ എന്നെന്നേക്കും തന്നെ. ആമേൻ.

## മാർ അപ്രേമിന്റെ മെമ്മറാ

### ശയന നമസ്കാരം

*ഹാശാ ആഴ്ചയിൽ ഈ ഗീതം "ഞങ്ങൾക്കായതി കഷ്ടതകൾ" എന്ന രീതിയിൽ ചൊല്ലണം*

1 ഞങ്ങൾക്കുള്ള കർത്താവേ
ഞാനിഹനിദ്രയൊഴിഞ്ഞിട്ടു,
ഉണർവോടെ നിൻ തിരുമുമ്പിൽ
നില്പാനെനിക്കു നീ അരുളേണമേ.

2 വീണ്ടും ഞാനുറങ്ങുന്നാകിൽ
ഈയടിയാനുള്ള ഉറക്കം
കർത്താവേ നിൻ തിരുമുമ്പിൽ
ദോഷം കൂടാതാകണമേ.

3 എന്നുണർച്ചയിൽ ഞാൻ ചതിപെടുകിൽ
നിൻ കൃപ മോചനം എനിക്കേകും
നിദ്രയിലും പിഴവന്നാകിൽ
ആർദ്രമതേ! ക്ഷമ നൽകണമേ.

4 നിന്നുടെ കുരിശിൻ ശാന്തിയതാൽ
നല്ലയുറക്കമെനിക്കു നീ താ,
ആകാസ്വപ്നമശുദ്ധിയിൽനി-
ന്നെന്നെ നീ രക്ഷിച്ചുകൊള്ളേണമേ.

5 ശാന്തതയേറിയ നിദ്രയതാൽ
ശാന്തിതരേണം രാമുഴുവൻ
ആകാനിനവും ദുഷ്ടതയും
അധികാരത്തിലമർത്തല്ലേ.

6 നിന്നുടെ അടിയാൻ ഞാനതിനാൽ
എന്റെ ശരീരം കാപ്പാനായ്,
വെളിവിനുടെ മാലാഖായെ
എനിക്കു നീ തരണം കർത്താവേ.

7 ദ്വേഷതപെട്ടോരിച്ഛയിൽനി-
ന്നെന്നെ നീ രക്ഷിച്ചുകൊള്ളണമേ
ഉയിരേകും നിൻദേഹത്തെ
ഞാനനുഭവിച്ചെന്നതിനാലെ.

8 ആശ്വാസത്തിലുറങ്ങുമ്പോൾ
ആശിസ്സഭയം നിൻരക്തം
നിൻസൃഷ്ടിക്കിഹ സ്വാതന്ത്ര്യം
നീ കൃപയോടെ നൽകണമേ.

9 നിൻകൈ മെനഞ്ഞ ശരീരത്തിൽ
നിന്റെ വലങ്കൈ വാഴണമേ,
നിന്റെ കരുണകൾ കോട്ടയതായ്
എന്റെ ചുറ്റിലുമാകണമേ.

10 നിദ്രയിലാണ്ടു കിടക്കുമ്പോൾ
ഭദ്രംകാവലു നിൻശക്തി
എന്റെയുറക്കം തിരുമുൻപിൽ
നൽധൂപം പോലാകേണമേ.

11 എന്നെപ്പോറ്റുന്നുടയവനേ
നിന്നോടുതന്നെ യാചിപ്പൂ
എനിക്കുള്ളശയനത്തിന്മേൽ
തിന്മപെട്ടവനണയരുതേ.

12 ബലവാനായ് ഞാൻ ജീവിപ്പാൻ
ബലിയായ് ജീവനണച്ചവനേ!
എന്നെ വ്യസനത്തിലാക്കായ്വാൻ
സാത്താനെ നീ വിലക്കണമേ.

13 കർത്താവേ നിൻ വാഗ്ദത്തം
എന്നിൽ നിറവേറ്റിടണമേ
നിന്റെ സ്ലീബാമരണത്താൽ
എന്റെ ആയുസ്സു കാക്കണമേ.

14 ഞാനുണരും നേരത്തിങ്കൽ
നിന്നെ ഞാൻ കൊണ്ടാടുവാൻ
എന്റെ നിദ്രാവേളയിലും
നിന്റെ ഉപവി നീ കാട്ടണമേ.

15 നിൻതിരുമനസ്സിനെ ഞാനറിഞ്ഞു
ഞാനതിനെ ചെയ്‌വാനായി
നിന്റെ മനോഗുണമതിനാലെ
എനിക്കു മനോഗുണം അരുളുക നീ.

16 നിരപ്പുനിറഞ്ഞോരന്തിയതും
നീതിവിളങ്ങും രാവും നീ,
ഞങ്ങളുടെ രക്ഷകനാം മ്ശിഹാ
നാഥാ അടിയാർക്കരുളണമേ.

17 വെളിവിൻ വെളിവു നീ ആകുന്നു
വെളിവിൽതന്നെ പാർക്കുന്നു,
വെളിവിനുടെ സുതരായവരും
നിന്നെത്തന്നെ നമിക്കുന്നു.

18 നിനക്കു സ്തുതി നിന്നനുഗ്രഹങ്ങൾ
അടിയാരുടെമേലിരിക്കണമേ,
ഇഹലോകത്തിലുമതുപോലെ
പരലോകത്തിലുമാകണമേ.

19 എൻകർത്താവേ നിനക്കു സ്തുതി
നിനക്കു സ്തുതി, സ്തുതി നിനക്കു സ്തുതി,
ആയിരങ്ങളിന്മേലായിരമായ്
അളവുകൂടാതെ നിനക്കു സ്തുതി.

20 പ്രാർത്ഥനകൾ കേൾക്കുന്നവനേ
യാചനകൾ നൽകുന്നവനേ
ഞങ്ങളിൻ പ്രാർത്ഥനകൾകേട്ട്
യാചനകൾ നൽകീടണമേ.

കുറിയേലായിസ്സോൻ-കുറിയേലായിസ്സോൻ-കുറിയേലായിസ്സോൻ,

## തൊണ്ണൂറ്റിയൊന്നാം സങ്കീർത്തനം

1. അത്യുന്നതന്റെ മറവിൽ വസിക്കയും സർവ്വശക്തന്റെ നിഴലിൻകീഴിൽ പാർക്കയും ചെയ്യുന്നവൻ-
2. യഹോവയെക്കുറിച്ചു: അവൻ എന്റെ സങ്കേതവും കോട്ടയും ഞാൻ ആശ്രയിക്കുന്ന എന്റെ ദൈവവും എന്നു പറയുന്നു.
3. അവൻ നിന്നെ വേട്ടക്കാരന്റെ കണിയിൽ നിന്നും, നാശകരമായ മഹാമാരിയിൽ നിന്നും വിടുവിക്കും.
4. തന്റെ തൂവലുകൾ കൊണ്ട് അവൻ നിന്നെ മറയ്ക്കും അവന്റെ ചിറകിൻകീഴിൽ നീ ശരണം പ്രാപിക്കും: അവന്റെ വിശ്വസ്തത നിനക്ക് പരിചയും പലകയും ആകുന്നു.
5. രാത്രിയിലെ ഭയത്തെയും പകൽ പറക്കുന്ന അസ്ത്രത്തെയും-
6. ഇരുട്ടിൽ സഞ്ചരിക്കുന്ന മഹാമാരിയെയും ഉച്ചയ്ക്കു നശിപ്പിക്കുന്ന സംഹാരത്തേയും നിനക്കു പേടിപ്പാനില്ല.
7. നിന്റെ വശത്ത് ആയിരംപേരും നിന്റെ വലത്തുവശത്തു പതിനായിരം പേരും വീഴും; എങ്കിലും അതു നിന്നോടു അടുത്തു വരികയില്ല.
8. നിന്റെ കണ്ണുകൾകൊണ്ടുതന്നെ നീ നോക്കി ദുഷ്ടന്മാർക്കുവരുന്ന പ്രതിഫലം കാണും.
9. യഹോവേ, നീ എന്റെ സങ്കേതമാകുന്നു. നീ അത്യുന്നതനെ നിന്റെ വാസസ്ഥലമാക്കിയിരിക്കുന്നു.

10. ഒരു അനർത്ഥവും നിനക്കു ഭവിക്കയില്ല; ഒരു ബാധയും നിന്റെ കൂടാരത്തിനു അടുക്കയില്ല.

11. നിന്റെ എല്ലാ വഴികളിലും നിന്നെ കാക്കേണ്ടതിന്നു അവൻ നിന്നെക്കുറിച്ചു തന്റെ ദൂതന്മാരോടു കല്പിക്കും.

12. നിന്റെ കാൽ കല്ലിൽ തട്ടിപ്പോകാതെയിരിക്കേണ്ടതിനു അവർ നിന്നെ കൈകളിൽ വഹിച്ചുകൊള്ളും.

13. സിംഹത്തിന്മേലും അണലിമേലും നീ ചവിട്ടും; ബാലസിംഹത്തെയും പെരുമ്പാമ്പിനെയും നീ മെതിച്ചുകളയും.

14. അവൻ എന്നോടു പറ്റിയിരിക്കയാൽ ഞാൻ അവനെ വിടുവിക്കും; അവൻ എന്റെ നാമത്തെ അറികയാൽ ഞാൻ അവനെ ഉയർത്തും.

15. അവൻ എന്നെ വിളിച്ചപേക്ഷിക്കും; ഞാൻ അവനു ഉത്തരമരുളും, കഷ്ടകാലത്തു ഞാൻ അവനോടു കൂടെ ഇരിക്കും; ഞാൻ അവനെ വിടുവിച്ചു മഹത്വപ്പെടുത്തും.

16. ദീർഘായുസ്സുകൊണ്ടു ഞാൻ അവനു തൃപ്തിവരുത്തും; എന്റെ രക്ഷയെ അവനു കാണിച്ചു കൊടുക്കും.

## നൂറ്റിഇരുപത്തിയൊന്നാം സങ്കീർത്തനം

1. ഞാൻ എന്റെ കണ്ണു് പർവ്വതങ്ങളിലേക്കു ഉയർത്തുന്നു; എനിക്കു സഹായം എവിടെനിന്നുവരും?

2. എന്റെ സഹായം ആകാശത്തെയും ഭൂമിയെയും ഉണ്ടാക്കിയ യഹോവയിങ്കൽ നിന്നു വരുന്നു

3. നിന്റെ കാൽ വഴുതുവാൻ അവൻ സമ്മതിക്കയില്ല: നിന്നെ കാക്കുന്നവൻ മയങ്ങുകയില്ല.

4. യിസ്രയേലിന്റെ പരിപാലകൻ മയങ്ങുകയില്ല, ഉറങ്ങുകയുമില്ല.

5. യഹോവ നിന്റെ പരിപാലകൻ; യഹോവ നിന്റെ വലത്തു ഭാഗത്തു നിനക്കു തണൽ,

6. പകൽ സൂര്യനെങ്കിലും, രാത്രി ചന്ദ്രനെങ്കിലും നിന്നെ ബാധിക്കയില്ല.

7. യഹോവ ഒരു ദോഷവും തട്ടാതവണ്ണം നിന്നെ പരിപാലിക്കും. അവൻ നിന്റെ പ്രാണനെ പരിപാലിക്കും.

8. യഹോവ നിന്റെ ഗമനത്തെയും ആഗമനത്തെയും ഇന്നു മുതൽ എന്നേക്കും പരിപാലിക്കും.

പ. പിതാവിനും പുത്രനും...

ജ. ആദിമുതൽ എന്നന്നേക്കും തന്നെ. ആമേൻ.

*അപേക്ഷ*

അത്യുന്നതന്റെ മറവിൽ ഇരിക്കുന്നവനായ കർത്താവേ, നിന്റെ കാരുണ്യത്തിന്റെ ചിറകുകളുടെ നിഴലിൻകീഴിൽ ഞങ്ങളെ മറച്ച്, ഞങ്ങളുടെമേൽ അനുഗ്രഹം ചൊരിയണമേ.

സകലവും കേൾക്കുന്നവനേ, നിന്റെ കരുണയാൽ നിന്റെ അടിയാരായ ഞങ്ങളുടെ അപേക്ഷ കേൾക്കണമേ.

മഹത്വമുള്ള രാജാവും, ഞങ്ങളുടെ രക്ഷിതാവുമായ മ്ശിഹാ കർത്താവേ, സമാധാനം നിറഞ്ഞിരിക്കുന്ന സന്ധ്യയും, നീതി വിളങ്ങുന്ന രാവും ഞങ്ങൾക്കു തരണമേ.

നിങ്കലേക്കു ഞങ്ങളുടെ കണ്ണുകൾ സൂക്ഷിച്ചു കൊണ്ടിരിക്കുന്നു. ഞങ്ങളുടെ കടങ്ങളും പാപങ്ങളും പരിഹരിച്ച് ഇഹലോകത്തിലും പരലോകത്തിലും ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യണമേ.

കർത്താവേ നിന്റെ കരുണ ഞങ്ങളെ മറച്ചുകൊള്ളണമേ. നിന്റെ കൃപ ഞങ്ങളുടെ മുൻപിൽ നിൽക്കുമാറാകണമേ.

ദുഷ്ടനിൽ നിന്നും അവന്റെ സൈന്യങ്ങളിൽ നിന്നും നിന്റെ സ്ലീബാ ഞങ്ങളെ കാത്തുകൊള്ളുമാറാകണമേ

ഞങ്ങൾ ജീവനോടിരിക്കുന്ന നാളൊക്കെയും നിന്റെ വലങ്കൈ ഞങ്ങളുടെ മേൽ ആവസിപ്പിക്കേണമേ. നിന്റെ സമാധാനം ഞങ്ങളുടെ ഇടയിൽ വാഴുമാറാകണമേ.

ദൈവമേ, നിന്നോടു അപേക്ഷിക്കുന്ന ഞങ്ങൾക്കു ശരണവും രക്ഷയും നൽകി ഞങ്ങളുടെ കടങ്ങളെ പരിഹരിച്ച്, ഞങ്ങളുടെമേൽ അനുഗ്രഹം ചൊരിയണമേ. ആമേൻ.

ഗീതം (അല്ലെങ്കിൽ)

*'ആഹായ്സ്മർ ശൂബഹാ'* എന്ന ലയത്തിൽ

ദേവാ-പരമേശാ-അനുഗ്രഹമതിൻ ചിറകിൻ
നിഴലിൽ അണച്ചെന്നും-വിരവൊടു കാക്കണമേ,
അഖിലവും അറിയുന്ന-നല്ലൊരു ദൈവമേ
അടിയാരിൻ യാചനകൾ-ദയയോടെ കേൾക്കണമേ
സ്തുതിയിൻ രാജാവും-രക്ഷതരുന്നോനും
ഈശോമ്ശിഹായേ-നീയായിടുന്നു
നിരപ്പേറുന്നന്തിയും-നീതിവിളങ്ങിടും

നല്ലൊരു രാത്രിയും-അടിയാർക്കു നൽകണമേ
അടിയാർ ഏവരുമേ-മേലോട്ടു കണ്ണുയർത്തി
കടങ്ങൾ പാപങ്ങൾ-പൊറുക്കാനിരക്കുന്നു
ഇഹപരലോകങ്ങൾ-ഇരുലോകമതിലാകെ
അനുഗ്രഹനിധിയേറെ-ഞങ്ങളിൽ ചൊരിയേണം
സ്ലീബായിൻ നിഴലിൽ-ഈ രാവുമുഴുവനിലും
ദയയോടെ മറച്ചിട്ട്-ഞങ്ങളെ സൂക്ഷിക്ക
ആയുസ്സിൻ നാളെല്ലാം-തിരുവലങ്കൈക്കീഴിൽ
അരുമയോടെപ്പോഴും-തുണ നൽകി പോറ്റേണമെ
ശരണവും രക്ഷയും-അടിയാർക്കു നീയെന്നും
ഉടയോനായിരുന്നു-പാലിക്ക ഞങ്ങളെ

## മസുമൂർ

1. കർത്താവിന്റെ സകല ദാസന്മാരുമേ, കർത്താവിനെ വാഴ്ത്തുവിൻ.
2. ശുദ്ധസ്ഥലത്തേക്കു നിങ്ങളുടെ കൈകളെ ഉയർത്തി കർത്താവിനെ വാഴ്ത്തുവിൻ.
3. കർത്താവേ എന്റെ സ്തുതി നിന്റെ സന്നിധിയിൽ പ്രവേശിക്കുമാറാകണമേ. നിന്റെ വചനത്താൽ എന്നെ ജീവിപ്പിക്കണമേ.
4. കർത്താവേ എന്റെ അപേക്ഷ നിന്റെ സന്നിധിയിൽ പ്രവേശിക്കുമാറാകണമേ. നിന്റെ വചനത്താൽ എന്നെ രക്ഷിക്കണമേ.
5. നിന്റെ കല്പനകൾ എന്നെ നീ പഠിപ്പിക്കുമ്പോൾ എന്റെ അധരങ്ങൾ നിന്റെ സ്തുതികളെ ഉച്ചരിക്കും. നിന്റെ കൈ എനിക്കു സഹായമാകുമാറാകേണമേ. എന്തുകൊണ്ടെന്നാൽ ഞാൻ നിന്റെ കല്പനകളിൽ ഇഷ്ടപെട്ടു.

6. കാണാതെപോയ ആടുപോലെ ഞാൻ തെറ്റിപ്പോയി. നിന്റെ ദാസനെ അന്വേഷിക്കേണമേ. എന്തുകൊണ്ടെന്നാൽ ഞാൻ നിന്റെ കല്പനകളെ മറന്നില്ല. ദൈവമേ, സ്തുതി നിനക്കു യോഗ്യമാകുന്നു-ബാറെക്മാർ.

പ. പിതാവിനും പുത്രനും പരിശുദ്ധ റൂഹായ്ക്കും സ്തുതി.

ജ. ആദിമുതൽ എന്നന്നേക്കും തന്നേ. ആമേൻ.

### അപേക്ഷ

പ. സകലത്തിന്റെയും ഉടയവനായി, ഞങ്ങളുടെ പിതാവായ ദൈവമേ, ഈ സമയത്തോളം ഞങ്ങളെ ക്ഷേമത്തോടെ കൊണ്ടുവന്നിരിക്കുന്നതിനായി നിനക്കു ഞങ്ങൾ സ്തോത്രം ചെയ്യുന്നു. നിന്റെ കരുണയാൽ ഇന്നേദിവസം പാപവും ആപത്തും കൂടാതെ ഞങ്ങളെ കാത്ത് നീതിയിൽ ഞങ്ങളെ പാലിച്ചു കൊള്ളണമേ. ഞങ്ങളുടെ കർത്താവേ ഞങ്ങളുടെ ശരണം നിന്നിൽ മാത്രമാകയാൽ നിന്റെ പ്രീതിവാത്സല്യവും ആർദ്രകരുണയും ഞങ്ങളിൽ ഉണ്ടായിരിക്കണമേ. കൃപയുള്ള കർത്താവു നീയാകയാൽ,നിന്റെ പ്രമാണങ്ങളുടെ വഴി ഞങ്ങളെ പഠിപ്പിച്ച്, അതിൽ ഞങ്ങളെ നടത്തണമേ. പരിശുദ്ധനായ കർത്താവേ, നിന്റെ പ്രകാശത്താൽ ഞങ്ങളെ പ്രകാശിപ്പിക്കണമേ. ഇന്നേദിവസം ഞങ്ങൾക്കു ആവശ്യമുള്ള സകല നന്മകളും ഞങ്ങളിൽ വർഷിപ്പിക്കയും ചെയ്യണമേ. സ്തുതിയും ബഹുമാനവും വന്ദനവും നിനക്കു യോഗ്യമായിരിക്കുന്നു.

ജ. ആമേൻ.

# ഞായറാഴ്ച സന്ധ്യയിലെ നമസ്കാരം

പ. പിതാവിനും പുത്രനും പരിശുദ്ധറൂഹായ്ക്കും സ്തുതി

ജ. ആദിമുതൽ എന്നന്നേക്കും തന്നേ. ആമേൻ.

പ. ആകാശവും ഭൂമിയും...

ജ. കർത്താവിന്റെ തിരുനാമത്തിൽ...

## കൌമാ

തന്റെ പീഡാനുഭവത്താലെ-വഴിതെറ്റിൽനിന്നു ഞങ്ങളെ രക്ഷിച്ച മ്ശിഹാതമ്പുരാനേ-ഞങ്ങളുടെ ശുശ്രൂഷ കൈക്കൊണ്ടു ഞങ്ങളോടു കരുണ ചെയ്യണമേ.

*ഈ കൗമാ മൂന്നു പ്രാവശ്യം ചൊല്ലി കുമ്പിട്ടശേഷം 'ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി' എന്നുള്ളതും ശേഷവും ചൊല്ലണം* *(പുറം 32)*

പ. ദൈവമായ കർത്താവേ, ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ പീഡാനുഭവത്തിൽ നിന്നോടുകൂടെ കഷ്ടത സഹിപ്പാനും, ഞങ്ങളെപ്രതിയുള്ള നിന്റെ താഴ്മയിൽ സദൃശപ്പെടുവാനും, ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ കുരിശിൽ പ്രശംസിപ്പാനും, ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടിയുള്ള നിന്റെ മുറിവുകളാൽ സൗഖ്യം പ്രാപിപ്പാനും, ഞങ്ങളുടെ മരണാവസ്ഥയിൽ നിന്നു ഞങ്ങളെ ജീവിപ്പിക്കുന്ന നിന്റെ മരണത്താൽ ജീവിപ്പാനും, ഞങ്ങളെ അർഹരാക്കണമേ. ഞങ്ങളുടെ കർത്താവും ദൈവവുമേ, ഞങ്ങളുടെ

ദു:ഖത്തെ സന്തോഷമായി മാറ്റുന്ന നിന്റെ പുനരുത്ഥാന ത്തിൽ ഞങ്ങൾ നിന്നോടുകൂടെ എന്നേക്കും ആനന്ദിച്ച് ഉല്ലസിക്കുമാറാകണമേ. ഹോശോ...

ജ. ആമേൻ.

## അൻപത്തിയൊന്നാം സങ്കീർത്തനം (പുറം 6)

## എനിയാന

പ. തിരുവിഷ്ടത്താൽ പീഡാനുഭവത്തിനായി വരികയും തന്റെ സ്ലീബായാൽ ലോകത്തിനു രക്ഷ ഉണ്ടാക്കുകയും ചെയ്തവനായ ദൈവമേ-

ജ. ഞങ്ങളോടു കരുണ ചെയ്യണമേ.

പ. രഹസ്യങ്ങളും ദൃഷ്ടാന്തങ്ങളും ഉപമകളും തന്നിൽതന്നെ നിറവേറ്റിയവനായ ദൈവമേ-

ജ. ഞങ്ങളോടു...

പ. യെരുശലേമിൽവച്ചു തന്റെ കഷ്ടപ്പാടിനെ അവർ കാണു മെന്നു മുൻകൂട്ടി ശിഷ്യന്മാരോടു അറിയിച്ചവനായ ദൈവമേ-

ജ. ഞങ്ങളോടു...

പ. സകലത്തിന്റെയും ദൈവമായിരിക്കെ, സ്വമനസാ മനുഷ്യ നായിത്തീർന്ന ദൈവമേ-

ജ. ഞങ്ങളോടു...

പ. നീതീകരിക്കുന്ന യാഗമായിത്തീരുകയും ലോകത്തെ തന്റെ പിതാവിനോടു യോജിപ്പിക്കയും ചെയ്ത ദൈവമേ-

ജ. ഞങ്ങളോടു...

## മസുമൂർ

കർത്താവേ, നിന്നെ ഞാൻ നോക്കിവിളിച്ചു... (പുറം 34)

## പ്രോമ്യോൻ

പ. നാമെല്ലാവരും പ്രാർത്ഥിച്ച് കർത്താവിനോടു് അനുഗ്രഹങ്ങളും കരുണയും യാചിക്കണം.

ജ. അനുഗ്രഹിക്കുന്നവനായ കർത്താവേ, ഞങ്ങളെ അനുഗ്രഹിച്ച് ഞങ്ങളെ സഹായിക്കണമേ.

പ. സ്തുതിയും സ്തോത്രവും തേജസ്സും പുകഴ്ചയും മാഞ്ഞുപോകാത്ത നല്ല മഹിമയും നിരന്തരം കരേറ്റുവാൻ ഞങ്ങൾ യോഗ്യതയുള്ളവരായിത്തീരണമേ.

നമ്മെ കഷ്ടതയില്ലാത്തവരും മരണമില്ലാത്തവരും ആക്കിത്തീർക്കുവാൻ തന്റെ മനുഷ്യാവതാരത്താൽ മനസ്സോടെ എഴുന്നെള്ളിവന്നു തന്റെ പീഡാനുഭവത്താൽ നമ്മുടെ കുറ്റപത്രങ്ങൾ കീറിക്കളകയും, കഷ്ടതയുള്ള നമ്മുടെ വർഗ്ഗത്തിനു കഷ്ടതയില്ലായ്മയെ സമ്പാദിക്കയും സ്വർഗ്ഗവാസികളെയും ഭൂവാസികളെയും തമ്മിൽ യോജിപ്പിക്കുകയും ചെയ്തവനും, തന്റെ ഉൺമയിൽ കഷ്ടതയില്ലാത്തവനുമായ മ്ശിഹാതമ്പുരാനു് സന്ധ്യാപ്രാർത്ഥനയുടെ ഈ നേരത്തും നമ്മുടെ ആയുഷ്കാലമൊക്കെയും സ്തുതിയും ബഹുമാനവും വന്ദനവും യോഗ്യമായിരിക്കുന്നു.

ഹോശോ...

ജ. ആമേൻ.

### സെദറാ

അറുതിയില്ലാത്ത മനുഷ്യസ്നേഹത്താൽ ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി സ്വമനസാ കഷ്ടതയനുഭവിച്ച കാരുണ്യവാനും ദയാലുവുമായ മ്ശിഹാതമ്പുരാനേ, നിന്റെ

പീഡാനുഭവത്താൽ രക്ഷിക്കപ്പെട്ട ഞങ്ങൾ ആഹ്ലാദത്തോടെ ആർത്തു പറയുന്നു. പാപത്തിന്റെ അശുദ്ധവിചാരങ്ങളിൽനിന്ന് ഞങ്ങളെ വീണ്ടെടുത്ത രക്ഷാകരവും വിശുദ്ധവുമായ പീഡാനുഭവമേ, സമാധാനത്തോടെ വരിക! അക്ഷയമായ പുതിയജീവൻ ഞങ്ങൾക്കു പ്രദാനം ചെയ്ത രക്ഷാകരമായ പീഡാനുഭവമേ, സമാധാനത്തോടെ വരിക! ആത്മീയ ഭാഗ്യങ്ങളുടെ ഭണ്ഡാരത്തെ ഞങ്ങൾക്കു തുറന്നുതന്ന രക്ഷാകരമായ പീഡാനുഭവമേ, സമാധാനത്തോടെ വരിക! മലിനതയിൽ നിന്നു ഞങ്ങളെ വിശുദ്ധീകരിച്ച് സത്യപാതയിലാക്കിയ വിശുദ്ധവും രക്ഷാകരവുമായ പീഡാനുഭവമേ, സമാധാനത്തോടെ വരിക! ഞങ്ങൾക്കു രക്ഷയുടെ ആയുധവും സൽഗുണങ്ങളുടെ സങ്കേതവുമായിത്തീർന്ന വിശുദ്ധവും രക്ഷാകരവുമായ പീഡാനുഭവമേ, സമാധാനത്തോടെ വരിക! സാത്താന്റെ വഞ്ചന നശിപ്പിച്ച് ഞങ്ങളുടെ കടങ്ങൾ പരിഹരിച്ച വിശുദ്ധവും രക്ഷാകരവുമായ പീഡാനുഭവമേ, സമാധാനത്തോടെ വരിക! ലോകമൊക്കെയും സകല ജാതികളാലും രാജാവായി കൊണ്ടാടപ്പെടുന്ന വിശുദ്ധവും രക്ഷാകരവുമായ പീഡാനുഭവമേ, സമാധാനത്തോടെ വരിക! ഞങ്ങളുടെ വേദനകളും രോഗങ്ങളും മാറ്റിത്തരികയും, പാപത്തിന്റെ ഓളങ്ങളിലും തിരമാലകളിലും നിന്നു വിടുവിച്ച് സമാധാനത്തിന്റെ തുറമുഖത്തു ഞങ്ങളെ എത്തിക്കുകയും ചെയ്ത വിശുദ്ധവും രക്ഷാകരവുമായ പീഡാനുഭവമേ, സമാധാനത്തോടെ വരിക! സകല സൃഷ്ടിക്കും ജീവനും പ്രകാശവും ഉദിപ്പിച്ചു ഞങ്ങളെ പിതാവിനോടു നിരപ്പിച്ച വിശുദ്ധവും രക്ഷാകരവുമായ പീഡാനുഭവമേ, സമാധാനത്തോടെ വരിക! സ്വർഗ്ഗീയമായ ഔന്നത്യം നൽകി ഞങ്ങളെ സ്വർഗ്ഗീയ

രോടു രമ്യപ്പെടുത്തിയ വിശുദ്ധവും രക്ഷാകരവുമായ പീഡാനുഭവമേ, സമാധാനത്തോടെ വരിക!

ഞങ്ങൾക്കുവേണ്ടി മനസ്സോടെ ശരീരത്തിൽ പീഡയനുഭവിച്ച ഞങ്ങളുടെ മ്ശിഹാതമ്പുരാനേ, നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു. നിന്റെ പീഡാനുഭവത്തിൽ പങ്കുകൊണ്ട് അപമാനം വഹിപ്പാനും, നിന്റെ താഴ്ചയിൽ സാത്മ്യപ്പെട്ട് ക്രൂശാരോഹണത്തിൽ വിജയം ഘോഷിക്കുവാനും, നിന്റെ കല്യാണവിരുന്നിൽ നിന്നോടു കൂടെ മണിയറയിൽ പ്രവേശിപ്പാനും ഞങ്ങളെ യോഗ്യരാക്കണമേ. ഞങ്ങൾ നിനക്കും പിതാവിനും പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും അർപ്പിക്കുന്നു. ഹോശോ...

ജ. ആമേൻ.

## കുക്കായ

ആരിടത്തിൽ പോകേണ്ടു ഞാൻ-ഈശോ നാഥാ-
പാരിൽ നീ ഒഴിഞ്ഞെനിക്കാരും-തുണയില്ലേതുമേ-
ചേരുന്നടിയാൻ-തിരുകൃപാസനത്തിങ്കൽ
കാരുണ്യത്താൽ-കരളലിഞ്ഞീടണമേ-
പാരം ഞാനുഴലുന്നയ്യോ-പാപകൂപത്തിൽ
ഭാരത്താൽ ഞരങ്ങി വന്നിടുന്നേൻ-നിങ്കലേക്കീപാതകൻ-
ഹാലേലുയ്യാ-തുണചെയ്തീടണമേ.

## ശുബഹാ

നാഥാ! നീയല്ലാതാരു-ള്ളെനിക്കങ്ങുയരെ-
ഭൂവിൽ ഞാനാഗ്രഹിച്ചീടുവാൻ-വേറൊരുവനുമില്ലേ
അതിസുന്ദരൻ നീ-മനുഷ്യവർഗ്ഗത്തിൽ
പതിനായിരത്തെ-ക്കാളതിശ്രേഷ്ഠൻ നീയേ

മഹത്വത്തിൽ താതസമൻ നീ-എന്നതിനാൽ ഞങ്ങളും
ദൂതന്മാരും സ്തുതിചെയ്യു-ന്നെന്നേക്കും നിന്നെ-

ഹാലേലുയ്യാ-സ്തുതി എന്നും നിനക്കേ
നാഥാ അനുഗ്രഹിച്ചെങ്ങളെ തുണയ്ക്കണമേ.

എത്രാ

പ. കർത്താവേ, നിന്റെ വിശുദ്ധസഭയുടെ പ്രാർത്ഥന കനിവോടെ കൈക്കൊള്ളണമേ. നിന്റെ പീഡാനുഭവങ്ങളെ വന്ദിക്കയും സ്തുതിക്കയും, തിരുമുറിവുകളെ സ്നേഹത്തോടെ ചുംബിക്കയും നിന്റെ കുരിശിൽ സന്തോഷത്തോടെ പ്രശംസിക്കയും ചെയ്യുന്ന നിന്റെ വിവേകമുള്ള ആട്ടിൻകൂട്ടത്തിന്റെ അപേക്ഷകളിൽ പ്രസാദം തോന്നണമേ. പിതാവിനോടും പരിശുദ്ധറൂഹായോടും കൂടെ വന്ദിക്കപ്പെടുകയും സ്തുതിക്കപ്പെടുകയും ചെയ്യുന്ന വന്ദ്യപുത്രനും, സാക്ഷാൽ അവകാശിയും ആകുന്ന നിനക്കു, സ്തോത്രമാകുന്ന മധുരഫലം ഇടവിടാതെ സമർപ്പിപ്പാൻ, അതിന്റെ കൊമ്പിനെ എല്ലാ ഭാഗങ്ങളിലും ഉയർത്തുകയും ചെയ്യണമേ.

ജ. ആമേൻ.

## *ബാത്തെദ് ഹാശാ*

ബ്രിത്മാർ ഹാശാക്ദഹവഹലാപ്പായിൻ
ബ്രിക്മൂകാകാക്..മെത്തുലാസാൻ

1 ഞങ്ങൾക്കാ-യ് ഏറ്റനിൻ-കഷ്ടത താ-ഴ്ച
കർത്താ-വേ, വാഴ്ത്ത-പ്പെട്ടതാ-ക

പ്രതിവാക്യം: ഞങ്ങളുടെ ദൈവമായ കർത്താവേ, ഞങ്ങളോടു
കരുണചെയ്യണമേ-കുറിയേലാ-യിസ്സോൻ

2 ഹാശാ-യിൽ മെമ്രാ-ചൊല്ലാനാ-ത്മ
വിരലാ-ലെൻ കിന്നരം-ഒരുക്കീടേണമേ
കൃപയാ-ൽ ലഭിച്ച-നൽവര-മെന്നിൽ

നശിച്ചീ-ടാതെ-മരണ ക്കറ്റയെ-
മുരാ-ൻ നിൻഹാശാ-വയലി-ൽ വന്നേൻ- പ്രതി

3 ദൈവ-സുതനേ-സ്നേഹി-പ്പോർക്കുതൻ
കഷ്ട-ത ജീവ-തുറമുഖമല്ലോ
തൻ മൃത്യു വാർത്ത-ചൊല്ലീ-ടുമ്പോൾ
ദുഷ്ടൻ കയ്യാ-ൽ-വന്നോ-രടിമ-
തൻകഷ്ടപ്പാടാ-ൽ-വിടുതലാ-കുന്നു പ്രതി

4 ദൈവ-ത്വത്തിൽ-താൻ-വന്നെങ്കിൽ
സന്നിധൌനില്പാൻ-ആരാൽ കഴിയും-
തിരുമനസ്സാൽ താൻ-ജഡത്തിൽനമുക്കായ്
ജീവൻ നൽകാൻ-കഷ്ടത സഹിച്ചു-
സ്നേഹത്താൽ താൻ-മരണമേറ്റു- പ്രതി

5 നീച-രെ ജീവിപ്പി-ച്ചിടുവാൻ നീ-
യേശുവേ മരണം രുചിച്ചതിനാലെ
നാശകൻ കൈയ്യിൽ-വീഴാതെ ഞങ്ങളെ
ക്രൂശതിൽ നീ താൻ-നേടിയ രക്ഷയിൻ-
ആശിഷമെല്ലാം-അരുളീട-ണമേ- പ്രതി

*മാർ യാക്കോബിന്റെ ബാ ഊസാ*

മ്ശിഹാദേ സല-ഹാശൌമൌത്ത-വസ്തീപൂസാ-
ശ്മബാഊസാൻ-വാബെദറഹമ്മെഅൽനപ്ശസാൺ

1 കഷ്ടതസ്കീപ്പാ-മരണം സഹിപ്പാൻ-വന്ന-മ്ശി-ഹാ
പ്രാ-ർത്ഥനകേ-ട്ടിങ്ങരുൾക നിൻ കൃപയെ ഞങ്ങ-
ളുടെ-മേ-ൽ

2 ആ-ചാര്യൻ നീ-അണച്ചീടുമൊരു കാഴ്ചയും നീ
മേലദ്ധ്യക്ഷനും-കുറ്റമില്ലാത്തൊരു-റിശ്ശീസ്സായും നീ
നിവേദിതനും സ്വീകാരിയും നീ-യാഗാധിനാഥനും
യാഗത്തിന്നാടും നീ--യാഗമണയ്ക്കും-ആചാര്യനും
നീ-പ്രതി

3 ശാ-ലേംതെരുവിൽ-കഴുതമേലേറി-വന്നവനേ നീ
യൂദജനത്തിൻ-നാശം കണ്ടു നീ കരഞ്ഞോ-നാഥാ!

നിന്നുടെ കണ്ണീർ-അനുതാപത്താൽ-തുടയ്ക്കുന്നടിയാർ
നിന്നുടെ കോപം-ജ്വലിച്ചീടായ്‌വാൻതുണചെയ്യ
ണമേ-പ്രതി

4 പാപികളെ തൻ-ബലിയാൽവീണ്ടോ-രേശുനാഥനെ
നീഞങ്ങളുടെ-ശിക്ഷാവിധിയെ-അഴിച്ചുനിൻക്രൂശിൽ
ഗാഗുൽത്തായിൽ-ചവളംചങ്കിനെ-പിളർന്ന നാഥനെ
ഊറ്റിയരക്തം-പാനം ചെയ്തടിയാർ ജീവിക്കേണമേ-പ്രതി

5 വിടുതൽ നൽകാൻ-തനയനെ തന്ന-പിതാവേ വാഴ്ക
എബ്രായ മകളിൽ-ചതിവറിയിച്ച-സുതനേവാഴ്ക നീ
സ്തുതിപ്പാൻ സഭയെ നിർമ്മിച്ചൊരു-റൂഹായെ സ്തോത്രം
വിശുദ്ധ ത്രിത്വമേ-പാപികളെച്ചെവിക്കൊള്ളണമേനീ

6 ഉത്തരമരുൾക-അരുൾകദേവ-അനുഗ്രഹിക്ക
മർത്ത്യർ ചിത്തം മാനസാന്തരേ-വരുത്തീടണമേ- പ്രതി

## പാഠം വായന

യെശയ്യാ. 5; എബ്രാ. 5: 12-6: 20

### സൂത്താറാ അപേക്ഷ

പ. ഞങ്ങളുടെ രക്ഷയ്ക്കായി കഷ്ടതകളും മരണവും സഹിച്ചവനായ മ്ശിഹാതമ്പുരാനേ, നിന്റെ പീഡാനുഭവത്തിൽ കഷ്ടതയനുഭവിപ്പാനും, നിന്റെ അപമാനത്തെ വഹിപ്പാനും, നിന്റെ താഴ്ചയിൽ ഉയരുവാനും നിന്റെ കുരിശിൽ വിജയം ഘോഷിപ്പാനും, നിന്റെ സ്ലീബായാൽ ആത്മാക്കളെ ശുദ്ധീകരിപ്പാനും, നിന്റെ മണിയറയിൽ വിരുന്നുകാരും വിരുന്നിൻ തോഴ്മക്കാരും ആകുവാനും ഞങ്ങളെ എല്ലാവരെയും നീ അർഹരാക്കേണമേ. നിനക്കും പിതാവിനും പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും ഞങ്ങൾ അർപ്പിച്ചുകൊള്ളുന്നു. ഹോശോ...

ജ. ആമേൻ.

## മദ്റശാ (ഹാക്കത്തിലു)

*മനസ്സോടെ മരണം-രീതി*

1 തൻദിവ്യബലിയാൽ-മർമ്മങ്ങളല്ലൊം
തികച്ചവനാം നാഥാ-സ്തുതിനിനക്കെന്നും
മൂശെ നിബിയൻമാർ-കുറിച്ചോരുമർമ്മം
തിരുമേനിയിൽ-ബലിയാൽ-നിറവേറ്റി നീ

2 കഴുതമേലേറി-ദർശിപ്പാൻ വന്ന
അവകാശി താനെ-ന്നറിഞ്ഞില്ലേതും;
ഊശാന ചൊല്ലി-സ്തുതിച്ചോരു ജനത്തെ
ദ്വേഷിച്ചവർ വിലക്കി-അമർത്തീടുന്നു.

3 ഊശാന പാടി-സ്തുതിക്കും, ബാലരെ,
അമർത്തീടുവാൻ തന്നോടു-യാചിക്കുന്നു,
അടങ്ങീടിൽ ശിലകൾ അട്ടഹസിച്ചീടുമെ-
ന്നരുളീടും തിരുവാക്കവർക്കരുളുന്നു-

4 സ്വജനത്തെ തേടി-വന്നൊരു നാഥാ,
സ്വജനത്താൽ ത്യജിക്ക-പ്പെട്ടല്ലോ നീ
താതന്റെ തോപ്പിൽ-ഫലം വാങ്ങാൻ വന്ന,
സുതനെ യൂദർ തള്ളി-സ്കീപ്പായിലേറ്റി

5 താതന്റെ ഗേഹം-തസ്കരഗുഹയായ്
കണ്ടതിനാൽ തനയൻ-ജ്വലിച്ചീടുന്നു,
വ്യാപാരം ചെയ്തോരു-ജനത്തെ ശാസി-
ച്ചിറക്കിയ ശക്തി-അവരറിഞ്ഞില്ല.

6 താതമുദ്രയിൻ-രശ്മി നിൻമുഖത്തിൽ,
വിലസുന്നതു കാൺമാൻ-കണ്ണവർക്കില്ല.
വേദത്തിൻ മർമ്മം-തെളിയാതിരിപ്പാൻ
ബോധത്തിൻ കൺകൾ-ഇരുളാക്കി സാത്താൻ

7 സ്വസ്ഥത ലഭിപ്പാൻ-ഒട്ടേറെ ജനങ്ങൾ,
ചുറ്റും കൂടിത്തങ്കൽ-നിലവിളിക്കുന്നു
രോഗം പാപം-എല്ലാം ചുമപ്പാൻ വന്ന
പിണയാളി ഇവർക്കു-സുഖം നൽകുന്നു.

8 കണ്ണാൽ കണ്ടിട്ടും-കാണാത്തവരും,
ചെവിയാൽ കേട്ടിട്ടും-ഗ്രഹിക്കാത്തവരും,
ഉള്ളേ തിരിച്ചറിയാൻ-മനസില്ലാത്ത
വല്ലാത്തജനമെ-ന്നരുളീടുന്നു.

9 ഇവരിൽനിന്നുതൻ-തോട്ടമെടുത്തു
തക്കഫലത്തെ കൊടുത്തീടുന്ന
ജാതികളെ ഇനിയും-ഏല്പിച്ചീടുമെ
ന്നരുളുന്നു നാഥൻ-അവർ കേൾക്കവേ

10 ഈ പെരുനാളിലവനെ-കൊല ചെയ്‌വാനായ്
ശാപമേറ്റ കൂട്ടം ആലോചിക്കുന്നു.
തക്കം നോക്കീടുവാൻ-ഓരോരുവനേയും,
യൂദായേയും തേടി-ഓടീടുന്നു.

11 നായ്ക്കൾ ചുറ്റി-ചെന്നായ്ക്കൾ വളഞ്ഞു.
ചീറിപ്പാഞ്ഞീടുന്നെ-ന്നുരച്ചോരുവാക്യം
തന്മേൽ നിറവേറ്റു-ന്നതറിഞ്ഞു നാഥൻ,
സഹിക്കുന്നു ദീർഘ-ക്ഷമയാലിവരെ

12 പാപക്കറ നീക്കാൻ-വന്നോരു നാഥാ
ഞങ്ങളെ കോപാഗ്നിക്കിരയാക്കരുതേ
നിന്നാലയമാക്കി-ശുദ്ധിചെയ്തെങ്ങളെ
ബലിനിനക്കർപ്പിപ്പാൻ-ഒരുക്കീടണമേ

### *ബാത്തെദ് ഹാശാ*

1 ഞങ്ങൾക്കായി ഏറ്റനിൻ-കഷ്ടത താ-ഴ്ച
കർത്താവേ വാഴ്ത്തപ്പെട്ടതാക- പ്രതി

2 ഊശാന ചൊല്ലി-ജനങ്ങൾ നിനക്കു-
ദേവാലയേ നീ കരേറിയനേരം-
വ്യാപാരികളെ-കണ്ടതിൽ നിന്നുടൻ
ആട്ടിയിറക്കി-ശുദ്ധംചെയ്തപോൽ-
നിൻ വിശുദ്ധാലയമാക്കുക ഞങ്ങളെ- പ്രതി

3 നിന്മരണത്താൽ-നിൻസൃഷ്ടികളെ
ഉയർപ്പിച്ചോനെ-അമർത്യനാഥാ-
മനസ്സോടെ കഷ്ടത-മരണമേറ്റു നീ-
നിൻമുറിവതിനാൽ-ആദാമിന്റെ...
കടച്ചീട്ടിനെ-കീറിയവൻ നീ- പ്രതി

4 സത്യപിതാവേ-വചനം മഹത്വം
വത്സലസുതനേ-കീർത്തിയും വാഴ്വും-
വിശുദ്ധാത്മാവേ-സ്തോത്രം പുകഴ്ച
നിത്യമുണ്ടാക-തവകഷ്ടതയാൽ
ദിവ്യബലത്താൽ കാക്കണം ഞങ്ങളെ- പ്രതി

## മാർ അപ്രേമിന്റെ ബാഊസാ

(മാറാൻ എസറാഹം അലൈൻ-
ബ്ഹാശാക്റാബാഹേലാഫ്യിൻ
ബ്ഹാശാക്നെഹവെ ഹാശുഗെ-
വബ്മൽക്കൽസാക്യാറോസെ)

1 ഞങ്ങൾക്കായതി കഷ്ടതകൾ-
ഏറ്റൊരു നാഥാ, ഞങ്ങളെ നീ,
അനുഗ്രഹിച്ചവയിൻ പങ്കും നിൻ
രാജ്യോഹരിയും നൽകേണമേ- പ്രതി

2 ദൈവത്തിൻ കുഞ്ഞാടായോൻ-
ശിഷ്യരുമായി പെരുമാറി
പാപികളെപ്രതി ബലിയായ്-
താതനുതന്നെയങ്ങർപ്പിച്ചു
തൻതാതനെ തിരുരക്തത്താൽ-
സംയോജിപ്പിപ്പാനും തൻ-
തിരുമേനിയെ താൻ മനസ്സോടെ
പരിഹാരാർത്ഥം കൊടു ത്ത-ല്ലോ- പ്രതി

3 കഴുതമേലേറി നീ രാജനേപ്പോൽ
യെരുശലേം തെരുവിൽ ചെന്നപ്പോൾ
കുരുത്തോലകൾ ജനമെടുത്തു നിന്നെ-
എതിരേറ്റവർ ഹോശാനപാടി പ്രതി

4 നിന്നുടെ രണ്ടാം വരവിലെങ്ങൾ-
കൈകളിൽ കുരുത്തോലകളേന്തി
ഉല്ലാസത്തോടെതിരേൽപ്പാൻ-
ഞങ്ങളെ യോഗ്യരാ-ക്കേ-ണമേ- പ്രതി

5 പീഡയെങ്ങൾക്കായ് സഹിച്ചോനും
നിരപ്പിൻ ബലിയായ് തീർന്നോനും
ഞങ്ങളിൻ രക്ഷയ്ക്കായ് തന്നെ-
അയച്ചൊരു താതനും സ്തോത്രം പ്രതി

6 പരിശുദ്ധാത്മനും സ്തുതി എന്നും-
പാടാനനുഗ്രഹമരുളണമേ
ആയിരമായിരം സ്തുതി നിനക്കേ
ആയുസിൻ നാളെല്ലാം-ആ-മേ-ൻ. പ്രതി

സങ്കീർത്തനം. 91. 121, (പുറം 38)

ശയനനമസ്ക്കാരം (പുറം 35)

അപേക്ഷ: കർത്താവേ, നിന്റെ അനുഗ്രഹത്തിന്റെ-
കൌമാ തന്റെ പീഡാനുഭവത്താലെ... (പുറം 32)
ഏവൻഗേലിയോൻ മത്താ. 21: 17-22
വിശ്വാസപ്രമാണം (പുറം 29) പ്രസംഗം
ഹൂത്താമ്മാ. (പുറം 30)
ആശീർവാദം. (പുറം 31)

# തിങ്കളാഴ്ച സന്ധ്യയിലെ നമസ്കാരം

## പ്രാരംഭസ്തുതി

### കൌമാ

തന്റെ പീഡാനുഭവത്താലെ... (പുറം 32)

പ. ദുഷ്ടന്മാർ തന്നെ കൊലയ്ക്കായി കൊണ്ടു പോകുമ്പോൾ തന്റെ താഴ്മയാൽ ശാന്തമായി മിണ്ടാതിരിക്കയും തന്റെ യാഗത്താൽ ലോകത്തിന്റെ പാപം പരിഹരിക്കയും ചെയ്ത കളങ്കമറ്റ കുഞ്ഞാടായ മ്ശിഹായേ, നിന്റെ ജീവപ്രദമായ പീഡാനുഭവത്തിന്റെയും, മരണത്തിന്റെയും സാദൃശ്യം ധരിപ്പാനും, ഞങ്ങളുടെ കർത്താവും ദൈവവുമേ, സ്തോത്രസ്വരങ്ങളാൽ നിനക്കു യാഗം അർപ്പിപ്പാനും, നിന്റെ ഉയിർത്തെഴുന്നേല്പിന്റെ ദിവസത്തിൽ സന്തോഷിപ്പാനും, എന്നേക്കും ഞങ്ങളെ യോഗ്യതയുള്ളവരാക്കണമേ. ഹോശോ...

ജ. ആമേൻ.

### സങ്കീർത്തനം 51 (പുറം 6)

### എനിയാനാ

പ. തന്റെ പീഡാനുഭവത്താൽ പാപവികാരങ്ങളുടെ ആധിക്യം ഞങ്ങളിൽ നിന്നു മായിച്ചുകളഞ്ഞവനായ ദൈവമേ-

ജ. ഞങ്ങളോടു കരുണ ചെയ്യണമേ.

പ. ഞങ്ങളുടെ രക്ഷയ്ക്കായി വരികയും വഴിതെറ്റിൽ നിന്നു ഞങ്ങളെ രക്ഷിക്കയും ചെയ്തവനായ ദൈവമേ-

ജ. ഞങ്ങളോട്...

പ. ഞങ്ങളെ വഞ്ചിക്കുന്ന ദുഷ്ടനെ താഴ്ത്തുകയും കുനിഞ്ഞിരുന്ന ഞങ്ങളുടെ തലകൾ ഉയർത്തുകയും ചെയ്തവനായ ദൈവമേ-

ജ. ഞങ്ങളോട്...

പ. 'ഉണർന്നു പ്രാർത്ഥിപ്പിൻ' എന്നു തന്റെ ശിഷ്യന്മാരോടു അരുളിച്ചെയ്തവനായ ഞങ്ങളുടെ രക്ഷിതാവേ-

ജ. ഞങ്ങളോട്...

പ. തന്റെ പീഡാനുഭവത്താൽ തിരുസഭയെ വീണ്ടെടുത്ത ഞങ്ങളുടെ രക്ഷിതാവായ മ്ശിഹായേ-

ജ. ഞങ്ങളോട്...

പ. പിതാവും പുത്രനും പരിശുദ്ധറൂഹായുമായ സത്യേക ദൈവമേ-

ജ. ഞങ്ങളോട്...

### സങ്കീർത്തനം

കർത്താവേ, നിന്നെ ഞാൻ നോക്കിവിളിച്ചു... (പുറം 34)

പ. വിശ്വസ്ത സഭയേ, സ്വമനസ്സാ താണുവരികയും വഞ്ചനയിൽനിന്ന് നിന്നെ രക്ഷിക്കുകയും ചെയ്ത നിന്റെ നാഥനായ മ്ശിഹായ്ക്കു സ്തോത്രം ചെയ്ക.

ജ. തന്റെ കഷ്ടതകൊണ്ടും മരണം കൊണ്ടും ഞങ്ങളെ രക്ഷിച്ച ഞങ്ങളുടെ രക്ഷിതാവായ മ്ശിഹാതമ്പുരാനേ

നിന്റെ താഴ്മയ്ക്കായി നിനക്കു സ്തോത്രം. നിന്നെ അയച്ച പിതാവ് വാഴ്ത്തപ്പെട്ടവനാകുന്നു.

പ. ജാതികളുടെ പുത്രിയായ സഭയേ, തന്റെ ക്രൂശിനാലും കഷ്ടതയാലും നിന്നെ വിവാഹത്തിന് പറഞ്ഞ് നിശ്ചയിക്കയും, തന്റെ മരണം കൊണ്ട് നിന്നെ ജീവിപ്പിക്കയും ചെയ്ത അത്യുന്നതന്റെ ആദ്യജാതനു സ്തുതിപാടുക.

ജ. സൃഷ്ടികളെ വഹിച്ചിരിക്കുന്നവനും ഞങ്ങളുടെ രക്ഷയ്ക്കായി കുരിശുമരം വഹിച്ചവനും ആയ ആ മഹാശക്തനു സ്തുതി.

പ. ജാതികളുടെ പുത്രി, തന്റെ കഷ്ടപ്പാടുകൊണ്ടും മരണം കൊണ്ടും ക്രൂശുകൊണ്ടും സൃഷ്ടികളെ സ്വതന്ത്രരാക്കിയ നിന്റെ നാഥനായ മ്ശിഹായ്ക്കു സ്തുതി കരേറ്റുക.

ജ. ദൈവമേ നിനക്കു സ്തുതി.

## പ്രോമ്യോൻ

പ. നാമെല്ലാവരും പ്രാർത്ഥിച്ചു .....

ജ. അനുഗ്രഹിക്കുന്നവനായ കർത്താവേ .....

പ. സ്തുതിയും സ്തോത്രവും ......

ഫലം കായ്ക്കാത്ത അത്തിവൃക്ഷത്തെ തന്റെ നീതിയാൽ ശപിക്കയും, തന്നെ സ്തുതിക്കാത്ത സംഘത്തെ ന്യായമായി വേരോടെ പറിച്ചുകളയുകയും, തനിക്കു വിവാഹം നിശ്ചയിക്കപ്പെട്ട മണവാട്ടി സഭയെ തന്റെ കൃപമൂലം സ്ഥാപിക്കുകയും, സകല കഷ്ടതകളിൽ നിന്നും അവളെ വിമുക്തയാക്കി മഹത്വത്തിന്റെ വലത്തുഭാഗത്തു നിർത്തുകയും ചെയ്ത മ്ശിഹാതമ്പുരാന്, പ്രാർത്ഥനാശുശ്രൂഷയുടെ ഈ നേരത്തും നമ്മുടെ ആയുഷ്ക്കാലമൊക്കെയും സ്തുതിയും സ്തോത്രവും ബഹുമാനവും വന്ദനവും യോഗ്യമായിരിക്കുന്നു. ഹോശോ...

ജ. ആമേൻ

സെദറാ

ആലോചനകളിൽ അറുതിയില്ലാത്തവനും, കൃപയിലും, ജ്ഞാനത്തിലും മഹോന്നതനും ഉൺമയുടെ തേജസ്സാൽ സൃഷ്ടികളെ അലങ്കരിച്ച് ഭൂലോകത്തെ മഹത്വീകരിച്ച വനും നിത്യജ്ഞാനിയുമായ സ്രഷ്ടാവു നീയാകുന്നു. അബ്രഹാമിന്റെ പുത്രിയും നിരസിക്കപ്പെട്ടവളുമായ സഭയെ, ന്യായപ്രമാണമാകുന്ന മോതിരത്താൽ നീ അല ങ്കരിച്ചു; പാതിവ്രത്യമാകുന്ന മൂടുപടം കൊണ്ട് അവളെ മൂടി, മഹത്വമുള്ള മുന്തിരിവള്ളി എന്ന് അവൾക്ക് പേരി ടുകയും, വിശുദ്ധകല്പനകളാകുന്ന വേലി ചുറ്റും കെട്ടു കയും, പ്രവാചകന്മാരാകുന്ന ശീതമേഘങ്ങളിൽ കൂടി അതിനെ നനയ്ക്കുകയും സന്തോഷവർഷം കൊണ്ട് അതിനെ തഴപ്പിക്കയുംചെയ്തു. ഇവയൊക്കെയും നീ ചെയ്തിട്ടും, അവൾ നിന്റെ ന്യായപ്രമാണങ്ങളുടെ വ്യവ സ്ഥയെ നിരസിച്ചു. പ്രവാചകന്മാരെയും സ്ഥാനാപതിക ളെയും കൊല്ലുകയും വ്യർത്ഥാരാധനകളെ സ്നേഹിക്കു കയുമത്രെ ചെയ്തത്. എന്നാൽ അവളുടെ അനുസരണ ക്കേടുകണ്ട് മനം കനിഞ്ഞ് അവളുടെ അടുക്കലേക്ക് ഇറ ങ്ങിച്ചെന്ന വിശുദ്ധമണവാളനേ! പൂർവ്വന്മാർ ഉപമകളാൽ വരച്ചുകാണിച്ചിട്ടുള്ള ദൃഷ്ടാന്തങ്ങൾ നിന്നിൽനിറവേറി. രക്ഷാകരമായ ക്രൂശുമരണത്തിനു മുമ്പ്, യെരുശലേമി ലേക്ക് നീ പ്രവേശിച്ചപ്പോൾ ഫലം തേടി അത്തിവൃക്ഷ ത്തിന്റെ അടുക്കലേക്കു ചെന്നു, ഫലശൂന്യമായി കണ്ട് അതിനെ ഉണക്കിക്കളകയും, പിതാവിന്റെ ഭവനത്തിൽ നിന്നും തള്ളപ്പെടുന്ന സഭയെ ദൃഷ്ടാന്തീകരിക്കുകയും ചെയ്തു.

അത്ഭുതകരമായ മനുഷ്യസ്നേഹത്തോടു ഞങ്ങൾ അപേക്ഷിച്ചു പ്രാർത്ഥിക്കുന്നു. ഉന്നതമായ നിന്റെ

ദൈവത്വത്തിനു യോഗ്യമായ ഫലങ്ങൾ നിനക്കു സമർപ്പിക്കുന്നതിനു വിശുദ്ധ സഭയെ പരിപക്വത യുള്ളതാക്കിത്തീർക്കുകയും, അതിന്റെ കൊമ്പിനെ ലോക ത്തിന്റെ എല്ലാ ഭാഗത്തും ഉയർത്തുകയും ചെയ്യണമേ. നിനക്കും പിതാവിനും പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും ഞങ്ങൾ അർപ്പിച്ചുകൊള്ളുന്നു. ഹോശോ...

ജ. ആമേൻ

*കുക്കായ*

ഈശോ നാഥാ ദൈവത്തിൻ-കുഞ്ഞാടേ ഞങ്ങൾ
സ്നേഹം നിന്മേൽ വച്ചീടുവാൻ-കൃപയരുളേണമേ നീ
നീചരെ സ്നേഹി-ച്ചീലോകം തന്നിൽ,
നീചരിൻ വേഷം-എടുത്തവതരിച്ചോൻ നീ
നാശത്തിൽ നിന്നീകുലത്തെ-ഉദ്ധരിച്ചീടുവാൻ,
ക്രൂശിൽ നിൻജീവനെ വെടിഞ്ഞൊരു-സ്നേഹം ഗ്രഹിച്ചടിയാർ
ഹാലേലുയ്യാ-ഉ-ഹാലേലുയ്യാ

*ശുബഹാ*

പാപത്തിന്നുടെ നാശത്തിൽ-വീണവരാം ഞങ്ങളെ
താപത്തോടു ദർശിച്ചുടനെ-വീണ്ടിടുവാനായി
ഏകജാതനാം നിൻ-ഓമനയാം സുതനെ
ഏകിയോനെ നിൻ-സ്നേഹം എമ്മാത്രം
അടിയാർ നിന്നുടെ അടിമകളായ്-സേവചെയ്തെന്നും
ഹൃദിമോദത്തോടെ തിരുമുമ്പിൽ-ജീവിച്ചീടുവാൻ
ഹാലേലുയ്യാ-അരുൾക നിൻകൃപയെ
നാഥാ അനുഗ്രഹിച്ചെങ്ങളെ തുണക്കണമേ.

പ. കർത്താവേ നിന്റെ ക്രൂശിനാൽ രക്ഷിക്കപ്പെട്ട സഭയുടെ പ്രാർത്ഥന കൈക്കൊള്ളണമേ. നിന്റെ രക്തം കൊടുത്തു വാങ്ങിയ ഇടവകയുടെ അപേക്ഷയിൽ പ്രസാദിക്കണമേ. നിന്റെ മരണത്താൽ അഭിമാനം പൂണ്ടവരായ ആടുകളുടെ യാചനകൾ ശ്രദ്ധിക്കണമേ. നിന്റെ മുറിവുകൾ ചുംബിക്കുന്ന മണവാട്ടിയുടെ പ്രാർത്ഥന കേൾക്കുകയും നിന്നിൽ നിന്നകറ്റുന്ന എല്ലാ വികാരങ്ങളിൽ നിന്നും അവളെ രക്ഷിക്കയും ചെയ്യണമേ. തിരുസഭ നിന്റെ കഷ്ടതയിൽ കഷ്ടതയനുഭവിക്കുകയും, നിന്റെ മഹിമയിൽ മഹിമപ്പെടുകയും നിന്റെ പുനരുത്ഥാനത്തിൽ സന്തോഷിക്കയും നിനക്കും പിതാവിനും പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും അർപ്പിക്കയും ചെയ്യുവാൻ കൃപയരുളുമാറാകണമേ. ഹോശോ...

ജ. ആമേൻ.

*ബാത്തദ് ഹാശാ*

1 ഞങ്ങൾക്കായ് ഏറ്റനിൻ-കഷ്ടതതാ-ഴ്ച
കർത്താവേ വാഴ്ത്ത-പ്പെട്ടതാക- പ്രതി

2 ആദാമ്യരെനിൻ-ഛായ യിലാ-ക്കാൻ-
നിൻകൃപനിന്നെ-നിർബന്ധിച്ചു-
ഏദനിലവരെ-വരുത്താനവരിൽ
ജഡത്തെ ധരിച്ചും-കഷ്ടതയേറ്റും
പരവശനായ-നാഥാ സ്തോത്രം പ്രതി

3 നിൻ കല്പനയേ-ലംഘിച്ചവരെ
രക്ഷിപ്പാൻ നിൻ മഹത്വം വിട്ടു നീ
ദാസനെപ്പോലവേ-താഴ്ത്തി നിന്നെ-
നിൻ കഷ്ടതയാൽ-സ്വതന്ത്രരാവാൻ
സ്നേഹത്താൽ നീ-ജീവൻ വെടിഞ്ഞു- പ്രതി

4 വിശപ്പോടെ നീയും-അത്തി മരത്തിൻ
ഫലംതേടി എത്തി-കണ്ടില്ലേ-തും
ശാപത്താൽ നീ-ഉണക്കിയതിനെ
പാഠമാക്കി-യുദർക്കിന്നു-
നാഥാ ഞങ്ങളെ ശപിച്ചീടരുതേ- പ്രതി

5 ഇലമാത്രമെന്യെ-ഫലമില്ലാത്ത-
മരംപോൽ ഞങ്ങളും-നിൻതോട്ട-ത്തിൽ
നിന്നീടുന്നയ്യോ-വെട്ടുവാൻ ന്യായം
ചുറ്റും കിളച്ചും വളമിട്ടും നീ-
ഫലം കായ്ച്ചീടുവാൻ-തുണചെയ്യേണമേ. പ്രതി

6 നല്ലോരുനാഥാ-സർവ്വേശ്വരനേ-
ജീവൻ ഞങ്ങൾക്കുണ്ടാവാൻ നീ
കഷ്ടതസ്ലീബാ-സഹിച്ചതിനാലെ-
നിനക്കും താതനും-വിശുദ്ധാത്മന്നും-
എന്നേക്കും സ്തോത്രം-ഉണ്ടാക ആമേൻ- പ്രതി

*മാർ യാക്കോബിന്റെ ബാഊസാ*

1 കഷ്ടതസ്ക്കീ-പ്പാ-മരണം സഹിപ്പാൻ വന്ന-മ്ശി-ഹാ
പ്രാ-ർത്ഥന-കേ-ട്ടിങ്ങരുൾകനിൻകൃപയെ-ഞങ്ങ-
ളുടെമേ-ൽ പ്രതി

2 സ്വന്തജനത്താൽ ത്യജിക്കപ്പെട്ട-നല്ലവനേ നീ
അവരെ കാൺമാൻ-താഴ്ത്തപ്പെട്ടതാൽ-നിന്ദ്യനായോ?
നീതിമാൻ നീ-അക്രമികളിൽ നി-ന്നപമാനമേറ്റു-
ശക്തിനടത്താൻ-കഴിവുള്ളോൻ നീ ക്ഷമിച്ചവരോടു
ദൂഷണം നിന്മേൽ ചുമത്തീട്ടും നീ-വെറുത്തില്ലേതും-
ഭൂഷണമാക്കി നീ-സ്നേഹം വിനയം-തിരുമേനിതന്നിൽ
നല്ലഫലങ്ങൾ-ലഭിക്കുമെന്നോർത്തു നീ-വിശപ്പോടെത്തി
കയ്പേറും കായ്കൾ തന്നവർ നിന്നെ-മരത്തിൽ
തൂക്കി- പ്രതി

3 ഊമന്മാരുടെ-നാവുകളെ നീ അഴിച്ചുവല്ലോ
ആ നാവുകൊണ്ടവർ-നിന്നുടെ മുഖത്തിൽ-തുപ്പീടുന്നു
ഭൂതങ്ങളെ നീ-ഓടിച്ചിട്ടും-ഭൂത ത്തലവൻ
എന്നവർ നിന്നെ പരിഹാസത്താൽ-വിളിച്ചീടുന്നു
എന്തോരത്ഭുത സ്നേഹം നിന്നിൽ-വിളങ്ങീടുന്നു

വെന്തുരുകുന്നുനിൻ-നെഞ്ചകമെല്ലാം-ഞങ്ങളെ ഓർത്ത്
ആരാലുരപ്പാൻ-കഴിയും നാഥാ-തവ സ്നേഹത്തെ
ആരാഞ്ഞറിവാൻ-നിന്നാത്മാവേ അരുളീടണമേ- പ്രതി

4 ഉത്തരമരുൾക-അരുൾകാ ദേവാ-അനുഗ്രഹിക്ക
മർത്ത്യർ ചിത്തംമാനസാന്തരേ-വരുത്തീടണമേ- പ്രതി

*ഞങ്ങളുടെ കർത്താവായ യേശുമ്ശിഹായേ... (പുറം. 16)*

*കൌമാ : തന്റെ പീഡാനുഭവത്താലെ.... (പുറം. 32)*

*പാഠംവായന : യെശ. 63, എബ്രാ. 2.*

സുത്താറാ അപേക്ഷ

പ. ഞങ്ങൾക്കുവേണ്ടി മനുഷ്യനായിത്തീർന്നവനും ദൈവത്തിന്റെ ജീവനുള്ള കുഞ്ഞാടും ഞങ്ങളുടെ സ്തോത്രത്തിനുള്ള പ്രധാന പുരോഹിതനുമായ മ്ശിഹാതമ്പുരാനേ, തിരുമുമ്പാകെ സമർപ്പിക്കുന്ന ഈ പ്രാർത്ഥനയാൽ ഞങ്ങൾ നിന്റെ പീഡാനുഭവത്തിൽ കഷ്ടതയനുഭവിപ്പാനും, നിന്റെ താഴ്മയിൽ സാമ്യപ്പെടുവാനും നിന്റെ വിശുദ്ധന്മാരോടുകൂടെ സ്വർഗ്ഗലോകത്തു സന്തോഷിപ്പാനും ഞങ്ങളെ സഹായിക്കണമേ. ഞങ്ങൾ നിനക്കും പിതാവിനും, പരിശുദ്ധറൂഹായ്ക്കും സ്തുതിയും കീർത്തനവും പാടുമാറാകണമെ.

ഹോശോ...

ജ. ആമേൻ.

*സുഗീസാ*

(ശുബഹാലക്മാർ-രീതി)

1 വാനം ഭൂമി-സർവ്വം-നാഥാ-
സ്തുതി നിനക്കെന്നും-പാടീടട്ടെ
പാപികളെ നിൻ-വരവിൽ ഓർത്തി
ട്ടാദരവോടെ-തുണചെയ്യണമേ

2 ഭക്തൻ ഹാബേ-ലിൻചരിതം-
ഭക്തന്മാർക്കതി-മോദം തന്നെ,
ദുഷ്ടൻ കായേൻ-ഭൂമിയിൽ നിന്നും
ശൂന്യമായി-വിസ്മയം താൻ

3 ഹാബേൽ മരിച്ചി-ട്ടവന്നുടെ വാർത്ത-
തിരുസഭയെന്നും-കൊണ്ടാടുന്നു
കുറ്റമറ്റൊരു-രക്തം കായേൻ-
ഭൂമിയിൽ ചിന്താൻ-കാരണമായി

4 ഹാബേൽ ദൈവകുഞ്ഞാടുതുല്ല്യൻ-
എന്നൊരുനാമം ലഭിച്ചുടനെ
ഇന്നും തിരുസഭ-ഇവനെ സാക്ഷി-
ക്കാരുടെ ശ്രേഷ്ഠനായെണ്ണുന്നു

5 ദൈവസുതനാം കുഞ്ഞാടല്ലോ-
ലോകപാപങ്ങൾ ചുമന്നൊഴിപ്പാൻ
താതനയച്ചൊരു പിണിയാളിതാനായി
ഭൂതലേവന്നുദി-ച്ചെന്താശ്ചര്യം.

6 കായേൻ മക്കൾ ദ്വേഷത്താലെ
അവനുടെ രക്തം-ചിന്തി ക്രൂശിൽ
ഹാബേൽകുലമോ-കൈക്കൊണ്ടവനാൽ-
വിടുതൽ പ്രാപി-ച്ചുയർന്നീടുന്നു.

7 സുതനിൻബലിയെ-താതൻ ഇഷ്ട-
സൗരഭ്യമായ്-ഏറ്റതിനാൽ,
പാപകുലത്തിൻ-അപരാധങ്ങൾ
മായിച്ചവരോടു-നിരന്നു ദൈവം

8 ദൈവസുതാ നീ-ഹാബേൽ ബലിപോൽ
ഞങ്ങളിൻ ബലിയെ-ഏറ്റീടണമേ.
നിന്നുടെ ബലിയാൽ-വന്നൊരു രക്ഷ-
യ്ക്കവകാശം നീ-നൽകീടണമേ.

9 നിനക്കും താതനും-വിശുദ്ധാത്മനും,
സ്തുതിയുണ്ടാക-എന്നേക്കുമാമേൻ.
നിന്നുടെ രാജ്യാ-വകാശം തന്നി-
ട്ടെന്നും സ്തോത്രം-പാടാനരുൾക

*ബാത്തെദ് ഹാശാ*

1 ഞങ്ങൾക്കായ് ഏറ്റ നിൻ-കഷ്ടത താ-ഴ്ച
കർത്താവേ, വാഴ്ത്ത-പ്പെട്ടതാക- പ്രതി

2 സ്രാഷ്ടാവെ ക്രൂശിൻ-മരത്തിൽ തൂക്കാൻ
ആരാൽ കഴിയു-ന്നീ ഭൂത-ലത്തിൽ!
ആദാമിനാൽവ-ന്നടിമയിൽ നിന്നു
വിടുതൽ ലഭിപ്പാൻ-വലിയ സ്നേഹം-
അപമാനത്തി-ന്നിറക്കിയവനേ- പ്രതി

3 ഇന്നാളിലേശു വിശപ്പാൽ അത്തി-
മരംകണ്ടരികേ-എത്തിട്ടേതും
ഫലം കാണായ്കയാ-ലിനിമേലാരും
നിങ്കൽനിന്ന-നുഭവിച്ചീടായ്കെ-
ന്നരുളിശാപം യൂദരെചൊല്ലി- പ്രതി

4 രോഗങ്ങളെല്ലാം-ശമിപ്പിച്ചവനെ
സ്കീപ്പായിൽ കൊല്ലാൻ-ഒരുമ്പെട്ട-വർ
രോഗം പാപം-ക്രോധം ശാപം
തന്മേൽവഹിച്ചു-പശാന്തിചെയ്ത
കൃപയെ ഞങ്ങൾ-കൊണ്ടാടുന്നു- പ്രതി

*മാർ അപ്രേമിന്റെ ബൗഊസാ*

1 ഞങ്ങൾക്കായതി കഷ്ടതകൾ
ഏറ്റൊരുനാഥാ ഞങ്ങളെ നീ
അനുഗ്രഹിച്ചവയിൻ പങ്കും നിൻ
രാജ്യോഹരിയും നൽകേണമേ- പ്രതി

2 അത്യുന്നതനേ, പാപികൾക്കായി
ക്രൂശിൽനിന്നെ തറപ്പാനായി
ഏല്പിച്ചൊരു നിൻ കരുണയുടെ
മധുരത ഏറ്റം വലുതത്രേ
തവകൃപയ്ക്കടിയാർ-എന്തു നൽകും
നന്ദിയായ് തിരുമുൻകു-മ്പീ-ടുന്നു- പ്രതി

3 നിവർത്തിച്ചല്ലോ ദർശികളിൻ
വചനം തിരുമേ-നിയിൽ നിന്റെ
കഷ്ടത വിനയം നിന്ദയുടെ
സ്ലീബായും നീ സഹിച്ചതിനാൽ
തവബലികൊണ്ടഖിലാണ്ഡത്തെ
താതൻപക്കൽ നി-ര-പ്പാക്കി- പ്രതി

4 മരണത്തെ നീ വരിച്ചതിനാൽ
മരണമില്ലായ്മയെ-ലഭിച്ചടിയാർ
ജീവനും സ്വർഗ്ഗ-ദാനങ്ങളും
വൈരിയെവെല്ലാ-നായുധമായ്
സ്കീപ്പായിൽ നീ നേടിയവൻ
നിവൃത്തിയായെന്നുര ചെ-യ്ത-ല്ലോ- പ്രതി

സങ്കീർത്തനം : (പുറം 42)

അപേക്ഷ : (പുറം 43)

കൌമാ. തന്റെ പീഡനാനുഭവത്താലെ (പുറം 32)

ശയനനമസ്കാരം : (പുറം 35)

ഏവൻഗേലിയോൻ : മത്താ. 22: 15-33

വിശ്വാസപ്രമാണം : (പുറം 29)

പ്രസംഗം

ഹൂത്താമ്മാ : (പുറം 30)

ആശീർവാദം

●

# ചൊവ്വാഴ്ച
# സന്ധ്യയിലെ നമസ്കാരം

## പ്രാരംഭസ്തുതി

### കൌമാ

തന്റെ പീഡാനുഭവത്താലെ...... (പുറം 32)

ച. മനുഷ്യരെ സ്നേഹിക്കുന്ന ദൈവമായ കർത്താവേ, നിന്റെ കഷ്ടപ്പാടിന്റെ സമയത്തു ആദിഭൂതങ്ങളും പ്രകൃതിയും ഇളകുകയും വിറയ്ക്കുകയും ചെയ്തതുപോലെ നിന്റെ ന്യായവിധിയെ ഓർത്തു ഞങ്ങൾ ഭയപ്പെടുകയും വിറയ്ക്കുകയും ചെയ്യുമാറാകണമേ. അന്ത്യദിവസത്തെക്കുറിച്ചുള്ള ഭയം ഞങ്ങളിൽ നിലനിർത്തണമേ. നിന്നെ ക്രൂശിച്ചവരോടുകൂടെ ഞങ്ങളെ ഗണിക്കാതെ നിന്നിലും രക്ഷാകരമായ നിന്റെ പീഡാനുഭവങ്ങളിലും ആശ്രയിച്ച ഞങ്ങളെ നീ സ്വീകരിക്കണമേ. ദുഷ്ടന്മാർക്കായി നിശ്ചയിക്കപ്പെട്ടിരിക്കുന്ന അതിവേദനകളിൽ നിന്നും ഞങ്ങളെ രക്ഷിക്കണമേ. പിതാവും പുത്രനും പരിശുദ്ധറൂഹായുമായ ദൈവമേ; സ്തുതിയും സ്തോത്രവും അർപ്പിക്കുവാൻ ഞങ്ങൾ യോഗ്യരായിതീരുമാറാകണമേ. ഹോശോ...

ജ. ആമേൻ.

### സങ്കീർത്തനം 51 (പുറം 6)

### *എനിയാന*

ച. സർവ്വലോകങ്ങളുടെയും നാഥനായിരിക്കെ ദാസനിൽ നിന്നു ചെകിട്ടിൽ അടികൊണ്ടവനായ ദൈവമേ...

ജ. ഞങ്ങളോടു കരുണ ചെയ്യണമേ.

പ. ദാസ്യത്തിൽനിന്നു ഞങ്ങളെ സ്വതന്ത്രരാക്കുവാൻ ദാസ നായിത്തീർന്നവനായ ദൈവമേ...

ജ. ഞങ്ങളോടു...

പ. സ്വാഭാവികമായി നാഥനായിരിക്കെ, ഞങ്ങൾക്കെല്ലാ വർക്കും വേണ്ടി കഷ്ടതകൾ അനുഭവിച്ചവനായ ദൈവമേ...

ജ. ഞങ്ങളോടു...

പ. ഞങ്ങളുടെ വർഗ്ഗത്തിനുവേണ്ടി കഷ്ടതകൾ അനുഭവി ക്കയും ഞങ്ങളുടെ കഷ്ടതകളെ മായിക്കയുംചെയ്തവ നായ ദൈവമേ...

ജ. ഞങ്ങളോടു...

പ. സാക്ഷാൽ നാഥനും, തന്റെ രക്തത്താൽ വഴി തെറ്റിൽനിന്നു ഞങ്ങളെ രക്ഷിച്ചവനുമായ ദൈവമേ...

ജ. ഞങ്ങളോടു...

സങ്കീർത്തനം

കർത്താവേ, നിന്നെ ഞാൻ നോക്കി വിളിച്ചു............ (പു.34)

പ. സകലത്തിന്റെയും ഉടയവൻ ദുഷ്ടരാൽ അപമാനിക്കപ്പെ ടുന്നതു കാണുമ്പോൾ, സങ്കടപ്പെടാത്തവനും വിലപിക്കാ ത്തവനും അരുള്ളു?

ജ. ദൈവം ന്യായവിസ്താരസ്ഥലത്തുനിന്നു മനസ്സോടെ കഷ്ടത സഹിച്ചു. തന്റെ മുഖത്തു അവർ തുപ്പിയപ്പോൾ താൻ കോപിക്കാതെ സന്തോഷമുള്ളവനായിരുന്നു.

പ. മൂശെയേ, നിന്റെ സ്ഥാനത്തേക്കു ഉയർന്നിരിക്കുന്ന കയ്യാ ഫായെ നോക്കുക, അഹരോനേ നിന്റെ ഉടയവനെ വിസ്തരിച്ചുകൊണ്ടിരിക്കുന്ന ഹന്നായെക്കുറിച്ചു കരയുക.

ജ. രക്തത്തിനായി ദാഹിച്ചിരിക്കുന്ന ബുദ്ധിശൂന്യരേ, തന്റെ സകല നന്മകൾക്കും പകരം അവനെ അപമാനിക്കയും ആക്ഷേപിക്കയും ചെയ്യത്തക്കവണ്ണം അടികൊള്ളുന്ന ഇവൻ എന്തു കുറ്റം ചെയ്തു?

പ. അത്യുന്നതങ്ങളിൽ ക്രോബേന്മാരും സ്രാഫേന്മാരും ആരു നിമിത്തം വിറയ്ക്കുന്നുവോ ആയവൻ താഴെ ഭൂമിയിൽ കഷ്ടത സഹിച്ചതു ഏറ്റവും അതിശയനീയവും അത്ഭുതകരവുമാകുന്നു.

ജ. വിശ്വസ്തയായ വിശുദ്ധസഭയേ! തിരുവിഷ്ടത്താൽ കഷ്ടപ്പാടിനു വരികയും സ്വന്തം കഷ്ടപ്പാടിനാൽ നിന്റെ സന്താനങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്ത ദൈവപുത്രനു സ്തുതിപാടുക.

## പ്രോമ്യോൻ

പ. നാം എല്ലാവരും പ്രാർത്ഥിച്ച്...

ജ. അനുഗ്രഹിക്കുന്നവനായ കർത്താവേ...

പ. സ്തുതിയും സ്തോത്രവും...

കഷ്ടതകളിൽനിന്നു ഉയർന്നിരിക്കുന്നവനും, വേദനകളിൽ നിന്നു് അകന്നിരിക്കുന്നവനുമായിരിക്കെ നമ്മുടെ കഷ്ടതകൾ വഹിപ്പാനും, വേദനകൾ സഹിപ്പാനുമായി തന്റെ സ്ഥലത്തുനിന്നു ഇറങ്ങിവന്നവനും തന്നെ കുരിശിൽ തറച്ചവരെ തന്റെ നീതിയാൽ ചിതറിച്ചു കൃപയാൽ തന്റെ ആരാധനക്കാരെ കൂട്ടിച്ചേർത്തവനുമായ മ്ശിഹാ തമ്പുരാനു് പ്രാർത്ഥനാശുശ്രൂഷയുടെ ഈ നേരത്തും നമ്മുടെ ആയുഷ്കാലമൊക്കെയും ſസ്തുതിയും ബഹുമാനവും വന്ദനവും യോഗ്യമായിരിക്കുന്നു. ഹോശോ...

ജ. ആമേൻ

### സെദറാ

സകല ജ്ഞാനത്തിനും അതീതനും ജീവനുള്ള വചനവുമായ ദൈവമായ കർത്താവേ! സാത്താന്റെ കണികളിൽ കുടുങ്ങിയ നിന്റെ സ്വരൂപത്തോട് അനുകമ്പ തോന്നി നീ പൂർണ്ണ മനുഷ്യനായിത്തീർന്നു. വിസ്മയനീയമാംവണ്ണം ദൈവത്വവും മനുഷ്യത്വവും ഏകീഭവിച്ചവനായി നീ ലോകത്തിൽ വസിച്ചു എങ്കിലും യഹൂദപ്രമാണികൾ നിന്നെ തിരിച്ചറിയുകയോ നിന്റെ വചനം ശ്രദ്ധിക്കുകയോ ചെയ്തില്ല. ഞങ്ങളുടെ പൂർവ്വസൗന്ദര്യം തിരികെത്തരുവാൻ വന്ന സൗന്ദര്യവാനേ മനുഷ്യരിൽ വിരൂപൻ എന്നു നീ വിളിക്കപ്പെട്ടു. ഞങ്ങൾ പാപസംബന്ധമായി മരിച്ചു നീതിക്കു ജീവിക്കേണ്ടതിന് നിന്റെ ശരീരത്തിൽ ഞങ്ങളുടെ പാപങ്ങൾ ചുമന്ന് ഞങ്ങൾക്കു സൗഖ്യം നൽകി. ബന്ധനത്തിൽനിന്നും ന്യായാസനത്തിൽ നിന്നും ഒളിച്ചോടിപ്പോകാതെ പ്രവചന നിവൃത്തിയായി നിന്റെ ദേഹം ദണ്ഡനത്തിനും, കവിൾത്തടം അടികൾക്കും, മുഖം തുപ്പലിനും ഏല്പിച്ചുകൊടുത്തു. നിന്റെ കൈകാലുകൾ ആണിതറപ്പാനും, വിലാവ് കുത്തിത്തുളപ്പാനും കയ്പുകാടി രുചിപ്പാനും വസ്ത്രം ചീട്ടിട്ടെടുപ്പാനും ഏല്പിച്ചുകൊടുത്തു. നിന്ദയുടെ ക്രൂശിൽ നീ തൂക്കപ്പെട്ടു; അധർമ്മികളോടുകൂടെ നീ എണ്ണപ്പെട്ടു. അങ്ങനെ പിതാവിന്റെ ഇഷ്ടം നിന്നിൽ നിവൃത്തിയായി.

ഇതു നിമിത്തം നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു. കർത്താവേ, അസഹനീയമായ കഷ്ടതകളും ദുഃഖങ്ങളും ഞങ്ങളിൽ നിന്ന് അകറ്റേണമേ! അകൃത്യങ്ങളെക്കുറിച്ചുള്ള പൂർണ്ണമായ അനുതാപവും, പാപമോചനവും നൽകണമേ! നിനക്കും പിതാവിനും പരിശുദ്ധറൂഹായ്ക്കും

സ്തുതിയും സ്തോത്രവും ഞങ്ങൾ അർപ്പിച്ചുകൊള്ളുന്നു. ഹോശോ...

ജ. ആമേൻ.

*കുക്കായ*

ഉപമകളാൽ ഇന്നേ ദിവസം-ദൈവാലയത്തിൽ
ഉപാദ്ധ്യായർക്കും പ്രീശർക്കും കർത്താവരുളി പലപാഠം
നീതികെട്ടവരെ അയ്യംവിളിച്ചുണർത്തി,
യൂദർക്കുവരുന്നോരു വേദനവെളിവാക്കി,
ന്യായവിധിനാളിൽ നിന്നുടെ-വലഭാഗേ ഞങ്ങളും
സാനന്ദം നിന്നീടുവാൻ കൃപയരുളേണം നാഥാ
ഹാലേലുയ്യാ-പാടും ഞങ്ങൾ മോക്ഷേ

*ശുബഹാ*

കുഞ്ഞാട്ടിൻ കല്യാണത്തി-ന്നോഹരിയുള്ളോർ
ധന്യരെന്നെഴുതുക എന്ന-ങ്ങരുളിയ രക്ഷകനേ
എന്നെയും നിൻക-ല്യാണശാലയിൽ
നിർമ്മല വസ്ത്രം ധരിച്ചുൾപുകിക്ക,
സ്വയനീതിയിൻവസ്ത്രം-അഴുക്കും കീറിയതും
ആയതുധരിച്ചു നിൻശാലയിൽ-ഇരിപ്പാൻ ഭയമയ്യോ!
ഹാലേലുയ്യാ-ആശ്രയം നീ-എനിക്കേ

എത്രാ

പ. ഞങ്ങൾക്കുവേണ്ടി ഇറങ്ങിവന്നു, ഞങ്ങളെപ്പോലെ മനുഷ്യനായിതീർന്നു ഞങ്ങളെ രക്ഷിപ്പാൻ വേണ്ടി പീഡയേറ്റ പരമോന്നതനായ നാഥാ, ഞങ്ങളുടെ പ്രാർത്ഥനകളും അപേക്ഷകളും കൈക്കൊള്ളണമേ. നിസ്സാരന്മാരായ ഞങ്ങളുടെ യാചന സ്വീകരിക്കണമേ. നിന്റെ മാഹാത്മ്യ പ്രകാശംകൊണ്ട്, ഞങ്ങളുടെ ബുദ്ധിയെ പ്രകാശിപ്പിക്കണമേ. ജീവൻനൽകുന്ന നിന്റെ കല്പനകൾ ആചരിക്കു

ന്നതിനു ഞങ്ങളെ ശക്തിപ്പെടുത്തണമേ. ഞങ്ങളുടെ കൈകൾ സൽപ്രവൃത്തികൾക്കുള്ള ഉപകരണമാക്കി തീർക്കണമേ. ഞങ്ങളുടെ നടപടികൾ നിന്റെ കല്പന യ്ക്കു ഒത്തതുപോലെ ശരിപ്പെടുത്തണമേ. നിന്നെക്കുറി ച്ചുള്ള ഓർമ്മയാൽ ഞങ്ങളുടെ വിചാരങ്ങളെയും നിന്നെ ക്കുറിച്ചുള്ള സ്തുതികളാൽ ഞങ്ങളുടെ അധരങ്ങളെയും നാവുകളെയും കാത്തുരക്ഷിച്ചുകൊള്ളണമേ. കർത്താവേ നിന്റെ സത്യത്താൽ ഞങ്ങളെ എല്ലാവരെയും എന്നേക്കും ശുദ്ധീകരിക്കയും ചെയ്യുമാറാകണമേ. ഹോശോ...

ജ. ആമേൻ

*ബാത്തെദ് ഹാശാ*

1 ഞങ്ങൾക്കായ് ഏറ്റനിൻ-കഷ്ടതതാ-ഴ്ച
കർത്താവേ, വാഴ്ത്തപ്പെട്ടതാക- പ്രതി

2 ദൈവപ്രഭയിൽ-താൻ വന്നെങ്കിൽ-
തിരുമുൻനില്പാൻ-ആരാൽകഴിയും? പ്രതി
കൃപയാൽ നമ്മെ-രക്ഷിപ്പാൻ താൻ
മനസ്സോടെ ജഡത്തിൽ-കഷ്ടതമരണം
രുചിപ്പാൻ മനുഷ്യ-ജാതനായാൻ പ്രതി

3 കർത്താവീനാളിൽ-ആലയം വിട്ടുതാൻ-
പീഡാനുഭവത്തി-നൊരുങ്ങീടുന്നു
പാപികളെത്തൻ-തോളതിലേന്തി
മരണംസഹിപ്പാൻ-ശക്തിലഭിപ്പാൻ
താതനിൽതാൻ-ആശ്രയിച്ചിടുന്നു. പ്രതി

4 ദുഷ്ടരിൻനിന്നു-കഷ്ടതതുപ്പൽ-
മനസ്സോടേല്പാൻ-നീ വന്നതിനാൽ
യോഗ്യമാം മഹത്വം-ഞങ്ങളിൻ വായ്കൾ
ചൊല്ലീടുന്നു-വാഴ്വേറ്റോൻ നീ-
തവസ്നേഹത്തിന്നെന്നും സ്തോത്രം പ്രതി

5 തന്നിടുന്നെൻ-നാഥാ നിനക്കായ്-
എന്നുടെ ദേഹംദേഹികളെ ഞാൻ
നന്ദനനേ നീ-എന്നെസ്നേഹി-
ച്ചെനിക്കായ് നിന്നെയാഗമായി-
തന്നതിനാൽ ഞാൻ-വന്ദിച്ചീടുന്നേൻ പ്രതി

*മാർ യാക്കോബിന്റെ ബാഊസാ*

1 കഷ്ടത സ്ക്കീപ്പാ, മരണം സഹിപ്പാൻ-വന്ന മ്ശിഹാ
പ്രാർത്ഥനകേട്ടി-ങ്ങരുൾകനിൻകൃപയെ-ഞങ്ങളുടെ മേൽ

2 പണ്ടുമെസ്രേമിൽ നിത്യമായ് അടിമയിൽ കിടന്ന ജനത്തെ
കണ്ടുദൈവം കരളലിഞ്ഞവരെ വീണ്ടങ്ങുടനെ
കൊണ്ടുപോകും, വഴിയിൽ സമുദ്രം-വഴിയൊരുക്കി
ഉണ്ടുനിറവാൻ, വനത്തിൽമന്നാ-യെന്നൊരു ഭോജ്യം
വിണ്ടുപിളർന്ന,പ്പാറയിൻജലവും-പാനം ചെയ്വാൻ
സന്ധിച്ചിങ്ങനെ വാത്സല്യത്താൽ-താതനെപ്പോൽ
മറ്റുമനവധി നന്മകളവർക്കവൻ-കൊടുത്തു പിന്നെ
മുറ്റുമവനെ, തള്ളിവെളിക്കവർ സ്കീപ്പായിലേറ്റി- പ്രതി

3 പുത്രൻനിണത്താൽ, യോജ്യതവരുത്തിയ-താതന്നു സ്തുതി
പാപികളെപ്രതി, ബലിയായ് തീർന്ന-പുത്രനു വന്ദനം
നാനാദിശയിൽ, സ്വസ്തിയുരച്ച-റൂഹായ്ക്കു സ്തോത്രം
ജാതികൾക്കീ, വാർത്തകൾ തന്നവൻ വാഴ്ത്തപ്പെട്ടോൻ
പുത്രാനിന്നുടെ, സ്നേഹമുരപ്പാൻ-ആരാൽ കഴിയും?
നിൻ സുവിശേഷം, കേൾപ്പാനെത്രയും-യോഗ്യം തന്നെ-
ദൈവതനയനെ, സ്നേഹിക്കാത്തോൻ ശാപഗ്രസ്തൻ
മടികൂടാതെ, കേൾക്കുന്നവനോ-ഭാഗ്യവാൻ താൻ- പ്രതി

4. ഉത്തരമരുൾക, അരുൾക ദേവ അനുഗ്രഹിക്ക
മർത്യർചിത്തം, മാനസാന്തരേ-വരുത്തീടേണമേ- പ്രതി

ഞങ്ങളുടെ കർത്താവായ യേശുമ്ശിഹായേ-
(പുറം 16)

കൌമാ. തന്റെ പീഡാനുഭവത്താലെ... (പുറം 32)

പാഠംവായന: സംഖ്യ. 21: 1-16 എഫെ. 2

## സുത്താറാ പ്രാർത്ഥന

പ. നീതിമാനും പരിശുദ്ധനുമായ ദൈവമായകർത്താവേ, ഞങ്ങളെ രക്ഷിപ്പാൻ നീതികെട്ടവരിൽനിന്നു നീ അപമാനവും പരിഹാസവും തുപ്പലും സഹിച്ചു. ഞങ്ങളുടെ നാഥനായ ദൈവമേ, നിന്റെ അനവധി അനുഗ്രഹങ്ങൾക്കായി ഞങ്ങൾ യാചിച്ചുകൊള്ളുന്നു. ഞങ്ങൾ നിന്റെ രാജ്യത്തിൽ ഉത്സാഹമുള്ള വേലക്കാരും നിന്റെ തോട്ടത്തിൽ മികച്ച വിത്തും പ്രശസ്തമായ മുന്തിരിവള്ളികളും പ്രിയപ്പെട്ട നടുതലകളും, തടിച്ചുകൊഴുത്ത ആട്ടിൻകുട്ടികളും തെരഞ്ഞെടുക്കപ്പെട്ട രത്നങ്ങളുമായി തീരണമേ. കർത്താവേ, നിന്നോടൊപ്പം മഹത്വം നേടുവാനും പ്രപഞ്ച വികാരങ്ങൾക്കു കുരിശിക്കപ്പെട്ടവരാകുവാനും സത്യജീവനായ നിന്നാൽ ജീവിപ്പാനും തക്കവണ്ണം വെടിപ്പോടും വിശുദ്ധിയോടും തകർന്ന ഹൃദയത്തോടും വിനയമുള്ള ആത്മാവോടും കൂടെ നിന്റെ പീഡാനുഭവങ്ങളിൽ പങ്കുകൊള്ളുവാൻ ഞങ്ങളെ അർഹരാക്കണമേ. നിനക്കും നിന്നെ അയച്ച പിതാവിനും നിനക്കു സമനായിരിക്കുന്ന പരിശുദ്ധറൂഹായ്ക്കും ഞങ്ങൾ കീർത്തനങ്ങൾ പാടുകയും ചെയ്യുമാറാകണമേ.

ഹോശോ...

ജ. ആമേൻ

*ബാത്തെദ് ഹാശാ*

1 നിന്നെ വിധിച്ചോരെ- നീ വിധിക്കുമ്പോൾ
നാഥാ ഞങ്ങളെ-വിധിച്ചീട-രുതേ പ്രതി

2 മാനുഷകുലത്തെ രക്ഷിപ്പാൻ നീ-
നിന്നെ താഴ്ത്തിയ-സ്നേഹമെമ്മാത്രം
താതൻ മാർവ്വിൽ-നീ വസിച്ചീടവെ
ദാസനെപ്പോലെ-നിന്നെ താഴ്ത്തി നീ
ക്രൂശേറി മരിച്ചു-സ്നേഹിച്ചെങ്ങളെ- പ്രതി

3 ഇന്നാളിൽ നിന്റെ-ഉപമകളാലെ
വരും-വിനാശം-നീ ചൊന്നതാലെ
ദ്വേഷിച്ചയ്യോ!-യൂദജനങ്ങൾ
നിന്നെ കൊല്ലാൻ-ആലോചിച്ച-
ങ്ങുല്ലാസമോടെ-ചാഞ്ചാടുന്നു- പ്രതി

4 അയ്യോ! കഷ്ടം! സീയോനെ നിന്റെ
കാന്തൻ താനെ-ന്നറിഞ്ഞില്ലേ നീ?
സാത്താൻ നിൻക-ൺകളന്ധമാക്കി
അവിശ്വാസത്താൽ ഉഴലിക്കുന്നു-
നിൻ കാന്തന്നരികെ-വരികവേഗം- പ്രതി

5 ഈവണ്ണമേശു-ഈദിനം ദൈവ-
മന്ദിരം തന്നിൽ നിന്നുരച്ചാറെ,
ആചാര്യന്മാരും-വേദശാസ്ത്രികളും
ഭയമേതുമില്ലാ-തവനെ ക്രൂശിൽ
ഉയർത്താൻ ജനത്തെ ഇളക്കീടുന്നു- പ്രതി

6 കഷ്ടതസ്കീപ്പാ-മരണത്താൽ തൻ
ജനത്തെ രക്ഷിപ്പാൻ വന്നോനെ,
ഇവരിൻതിന്മ-സഹിച്ചോനേ നീ
സ്തുതിക്കുയോഗ്യൻ-മരണബലത്തെ-
മായിച്ചെങ്ങളെ-ജീവിപ്പിക്ക. പ്രതി

## *മാർ അപ്രേമിന്റെ ബൌഊസാ*

1 ഞങ്ങൾക്കായതി കഷ്ടതകൾ
ഏറ്റൊരു നാഥാ ഞങ്ങളെ നീ
അനുഗ്രഹിച്ചവയിൻ പങ്കും നിൻ
രാജ്യോഹരിയും നൽ-കേണമെ- പ്രതി

2 യേശു ദൈവകുഞ്ഞാടേ
ആദിയിൽ സ്നേഹിച്ചെന്നെ നീ
സ്നേഹമാം നിൻ തോളിൽ എന്റെ
പാപഭാരം നീ ചുമന്നയ്യോ!
വേദനയോടെ നീ വൻകുരിശെ
ചുമന്നതിലേറി വീണ്ടെന്നെ
സ്നേഹിക്കും ഞാൻ നിന്നെ എന്നും
മോചനം നീ എനിക്കരുളീ-യതാൽ- പ്രതി

3 വെടിയുന്നേൻ പാപോല്ലാസം
വെടിഞ്ഞല്ലോ ജീവൻ എനിക്കായ്
പ്രതിപകരം തരുവാനേതും
ഇല്ലേ സ്നേഹിക്കുകയെന്യേ
മരണത്തിലും ജീവനാലും
എന്നിൽ നീ മഹിമപ്പെടുക
ഞാനെനിക്കിനിയും ജീവിക്കാ-
തെന്നിൽ നീ ജീവി-ക്കേണമേ- പ്രതി

4 എൻകാലാന്ത്യം വരെ നിന്നെ
സ്നേഹിച്ചാലും മതിയാകാ
അന്ത്യത്തോളം സ്നേഹിപ്പേൻ
അന്തമില്ലാ ലോകത്തിലും ഞാൻ
മിന്നും മുടിവെച്ചിരിക്കുന്നാൾ
പാടിക്കൊണ്ടാടി കുമ്പീടുവേൻ
സ്നേഹിച്ചില്ല ഞാനിതുവരെയും
സ്നേഹിപ്പാൻ നീ താൻ യോ-ഗ്യൻ- പ്രതി

5 രക്ഷയും നിബ്യരിൻ മർമ്മമെല്ലാം-
നിവർത്തിച്ചെനിക്കായ് ക്രൂശിൽ നീ
സ്വസ്ഥത എനിക്കായ് നേടിയതാൽ
സ്നേഹിക്കും ഞാൻ നിന്നെ എന്നും
വൈരികളെന്നോടെതിർക്കായ്‌വാൻ
ധരിക്കും നിന്നുടെ സ്നേഹം ഞാൻ
അരികിൽ നിന്നു നീ എനിക്കെന്നും
ധൈര്യം തരണമേ കർത്താവേ
നിനക്കും താതനും റൂഹായ്ക്കും
സ്തുതിയുണ്ടാക-ട്ടെ-ന്നേ-ക്കും പ്രതി

സങ്കീർത്തനങ്ങൾ (പുറം 38)

ശയനനമസ്കാരം (പുറം 35)

അപേക്ഷ (പുറം 40)

കൌമാ- തന്റെ പീഡാനുഭവത്താലെ... (പുറം 32)

ഏവൻഗേലിയോൻ, മത്താ 24:1-28

വിശ്വാസപ്രമാണം (പുറം 29) പ്രസംഗം

ഹുത്താമ്മാ (പുറം 30)

ആശീർവാദം (പുറം 31)

●

# ബുധനാഴ്ച സന്ധ്യയിലെ നമസ്കാരം

## പ്രാരംഭസ്തുതി

കൌമാ

പ. തന്റെ പെസഹായാലെ-പെസഹായുടെ കുഞ്ഞാടിനെ അഴിച്ച മ്ശിഹാതമ്പുരാനേ-നിന്റെ പെസഹായാൽ ഞങ്ങളെ സന്തോഷിപ്പിച്ച്-ഞങ്ങളോടു കരുണചെയ്യണമേ... (പുറം 32)

പ. ദൈവമായ കർത്താവേ, ഞങ്ങളുടെ ആത്മാക്കളുടെ അരകൾ കെട്ടിയും, നിന്നെക്കുറിച്ചുള്ള അറിവുകൊണ്ട് ഞങ്ങളുടെ വിളക്കുകൾ പ്രകാശിച്ചും നിന്നിലുള്ള ശരണമാകുന്ന വടിയാൽ ഞങ്ങളുടെ ആത്മാക്കൾ ബലപ്പെട്ടും, നിന്റെ കല്പനകളുടെ ഇടുങ്ങിയ പാതയിൽ കൂടി മടി

കൂടാതെ ഓടുവാനും നിന്റെ വിശുദ്ധ ശരീരത്തിലും പുണ്യമാക്കുന്ന തിരുരക്തത്തിലും പങ്കുകൊള്ളുവാനും, നിന്റെ മുദ്രയിൻകീഴ് നാശവും ആപത്തും കൂടാതെ കാക്കപ്പെടുവാനും ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമേ. നിനക്കും പിതാവിനും പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും ഞങ്ങൾ അർപ്പിച്ചുകൊള്ളുന്നു. ഹോശോ...

ജ. ആമേൻ

## എനിയാന

പ. സ്വജനത്തിൽനിന്നു തുപ്പലേല്ക്കുകയും വഴിതെറ്റിൽനിന്നു ജാതികളെ സ്വതന്ത്രരാക്കുകയും ചെയ്തവനായ ദൈവമേ-

ജ. ഞങ്ങളോടു കരുണചെയ്യണമേ.

പ. പരിശുദ്ധറൂഹായാകുന്ന മൂറോൻ കൊണ്ട് വിശുദ്ധസഭയെ സുഗന്ധപൂർണ്ണമാക്കിയവനായ ദൈവമേ-

ജ. ഞങ്ങളോടു...

പ. പാപിനിയായ സ്ത്രീയുടെ കണ്ണുനീർ കൈക്കൊണ്ട് നിന്റെ കുറ്റങ്ങളും പാപങ്ങളും നിന്നോടു ക്ഷമിച്ചിരിക്കുന്നു എന്നു അവളോട് അരുളിച്ചെയ്തവനായ ദൈവമേ-

ജ. ഞങ്ങളോടു...

പ. കർത്താവേ, നിന്റെ ജനത്തോടു കരുണ ചെയ്യണമേ. നിന്റെ അവകാശത്തെ ഉദാസീനമായി വിചാരിക്കരുതേ; ദൈവമേ-

ജ. ഞങ്ങളോടു..

പ. നിനക്കിഷ്ടമുണ്ടായി നീ സൃഷ്ടിച്ച എല്ലാവരിൽ നിന്നും നിന്റെ ശ്രേഷ്ഠതയ്ക്കു സ്തുതി കരേറ്റുമാറാകട്ടെ, ദൈവമേ-

ജ. ഞങ്ങളോടു...

## സങ്കീർത്തനം

പ. കർത്താവേ, നിന്നെ ഞാൻ... (പുറം 34)

പ. നമ്മുടെ വീണ്ടെടുപ്പിനായി സ്വമനസാ യാഗമായിത്തീർന്ന രഹസ്യങ്ങളുടെ കർത്താവിനു പെസഹാ കുഞ്ഞാടിനെ ഒരുക്കുവാൻ, ശിഷ്യന്മാരായ ശിമയോനെയും യോഹന്നാനെയും ഇന്നു കർത്താവയച്ചു.

ജ. അവരിൽ ഒരുവൻ തന്നെ ഏല്പിച്ചുകൊടുത്തു തന്റെ വില വാങ്ങുകയും, അവർ കഷ്ടതയും അതിവേദനയും കെട്ടുപോകാത്ത അഗ്നിയും അവകാശമാക്കുകയും ചെയ്യുമെന്നുള്ള രഹസ്യവും കർത്താവ് തന്റെ ശിഷ്യന്മാർക്കു വെളിപ്പെടുത്തി.

പ. ഇന്നു ശിമയോനും യോഹന്നാനും വിശുദ്ധ പട്ടണത്തിലേക്കു പോയി, പെസഹായുടെയും യാഗങ്ങളുടെയും ഉടയവനു കുഞ്ഞാടിനെ പാകം ചെയ്തു. മാളികയിൽവച്ചു രഹസ്യം അടങ്ങിയ അത്താഴം അവർ ആചരിക്കുകയും ചെയ്തു.

ജ. തന്റെ സഭയ്ക്കുവേണ്ടി കഷ്ടപ്പെടുകയും വഴി തെറ്റിൽ നിന്നു അതിനെ രക്ഷിക്കയും ചെയ്ത സകലത്തിന്റെയും ഉടയവനായ ദൈവമേ, നിന്റെ സഭയിൽ നിന്നു ഭിന്നതകളും തർക്കങ്ങളും മായിച്ച് നാനാഭാഗങ്ങളിലും നിന്റെ നിരപ്പും സമാധാനവും വസിക്കുമാറാക്കണമേ.

## പ്രോമ്യോൻ

പ. നാമെല്ലാവരും പ്രാർത്ഥിച്ചു...

ജ. അനുഗ്രഹിക്കുന്നവനായ കർത്താവേ...

പ. സ്തുതിയും സ്തോത്രവും...

ഞാൻ കഷ്ടതയനുഭവിക്കുന്നതിനു മുൻപെ ഈ പെസഹാ നിങ്ങളോടുകൂടെ ഭക്ഷിപ്പാനും, പഴയ കാര്യങ്ങൾ നിവർത്തിച്ചു നിഴലായവ പൂർത്തീകരിപ്പാനും

എന്റെ ശരീരം ക്ഷയിച്ചുപോകാത്ത പുതിയ ജീവന്റെ അച്ചാരമായി നൽകുവാനും, എന്റെ രക്തത്തിൽ പുതിയ നിയമം നിങ്ങൾക്ക് ഭരമേല്പിപ്പാനും അതിയായി വാഞ്ച്ഛരിക്കുന്നു എന്ന് തന്റെ ശിഷ്യന്മാരോട് അരുളിച്ചെയ്തവനായ മ്ശിഹാ തമ്പുരാന് പ്രാർത്ഥനാശുശ്രൂഷയുടെ ഈ നേരത്തും നമ്മുടെ ആയുഷ്കാലമൊക്കെയും സ്തുതിയും ബഹുമാനവും വന്ദനവും യോഗ്യമായിരിക്കുന്നു. ഹോശോ...

ജ. ആമേൻ.

## സെദറാ

പ. മഹത്വത്തിന്റെ രാജാവും, സകലത്തിന്റെയും ദൈവവും, കരുണയാൽ പാപികൾക്കുവേണ്ടി ക്രൂശിലെ മരണത്തിനു തന്നെത്തന്നെ ഏല്പിച്ചുകൊടുത്ത ദൈവകുഞ്ഞാടുമായ മ്ശിഹാതമ്പുരാനേ, നിന്റെ മനുഷ്യസ്നേഹത്താൽ ന്യായപ്രമാണ വിധിപ്രകാരമുള്ള പെസഹാ ഒരുക്കുവാൻ ശിഷ്യന്മാരോടു നീ കല്പിച്ചപ്പോൾ ശിമയോനും യോഹന്നാനും വിരിച്ചൊരുക്കിയ വൻമാളികയിൽ പെസഹാ ഒരുക്കി. അത്താഴ സമയത്ത് നിന്റെ അരയിൽ തൂവാല കെട്ടി, ശിഷ്യന്മാരുടെ കാലുകൾ കഴുകിത്തുടച്ച്, താഴ്മയുടെയും സ്നേഹത്തിന്റെയും ദൃഷ്ടാന്തം അവർക്കു നല്കി. അത്താഴം കഴിഞ്ഞശേഷം തൃക്കൈകളിൽ അപ്പമെടുത്ത് സ്തോത്രം ചെയ്തു വാഴ്ത്തി, നുറുക്കി "ഇതു നിങ്ങൾക്കുവേണ്ടി നല്കുന്ന എന്റെ ശരീരം" എന്നു് അരുളിച്ചെയ്ത് അവർക്കു കൊടുത്തു. അപ്രകാരം തന്നെ കാസായും എടുത്തു വാഴ്ത്തി അവർക്കു കൊടുത്തു. "നിങ്ങൾ എല്ലാവരും, ഇതിൽ നിന്നു് കുടിപ്പിൻ, ഇത് അനേകർക്കു വേണ്ടി പാപമോചനത്തിനായി ചൊരിയപ്പെടുന്ന പുതിയനിയമത്തിനുള്ള എന്റെ രക്തം" എന്നു് അരുളിച്ചെയ്തു. പഴയവയ്ക്കു സമാപ്തിവരുത്തി നിത്യജീവനും മരണമില്ലായ്മയും നൽകുന്ന പുതിയനിയമം നീ

ഏർപ്പെടുത്തി. ഇപ്രകാരം പഴമയിൽ നിന്നു പുതുമയിലേക്കും, ദാസ്യത്തിൽ നിന്നു സ്വാതന്ത്ര്യത്തിലേക്കും, അവിശ്വാസത്തിൽനിന്നു വിശ്വാസത്തിലേക്കും, വഴിതെറ്റിൽനിന്നു നേർവഴിയിലേക്കും നീ ഞങ്ങളെ നടത്തി.

ഇതുഹേതുവായി നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു. വിനയമാകുന്ന അരക്കച്ച കെട്ടിയും, സമാധാനമാകുന്ന ചെരിപ്പിട്ടും, ജയമുള്ള സ്ലീബായാകുന്ന വടി അവലംബിച്ചും. ജീവപ്രദമായ നിന്റെ തിരുശരീര രക്തങ്ങൾ അനുഭവിക്കുന്നതിന് ഞങ്ങളെ അർഹരാക്കേണമേ. ഞങ്ങൾ നിനക്കും പിതാവിനും പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും അർപ്പിച്ചുകൊള്ളുന്നു. ഹോശോ...

ജ. ആമേൻ

*കുക്കായ*

ദൈവകുഞ്ഞാടെ ഞങ്ങളിൻ മഹത്വ-പെസഹാ നീ
ലോകാരംഭത്തിനു മുമ്പായ്-അറുക്കപ്പെട്ടോനേ
    നിൻ സന്നിധിയിൽ-ചേരുവാൻ ഞങ്ങളെ നീ
    നാശകൻ കയ്യിൽ-നിന്നുദ്ധരിച്ചതിനാൽ
നിന്തിരുമേനിയും തിരുരക്തവും-അനുഭവിച്ചടിയാർ
നിൻമരണത്തെ ഓർത്തതിനെ-കൊണ്ടാടുന്നീനാൾ
    ഹാലേലുയ്യാ-സ്തോത്രം പാടുന്നു.

*ശുബഹാ*

ഈശോ നാഥാ ദൈവത്തിൻ-വത്സലസുതനെ
നിഷ്ക്കളങ്കനേ നീയെൻ-പാപം ചുമന്നതിനാൽ
    ഈശൻ കോപാഗ്നിയിൽ വെന്തുരുകാനും
    നാശകന്റെ തീയമ്പുകളേ-ൾപ്പാനും
ക്രൂശിൽ ബലിയായേല്പിച്ച-സ്നേഹം എമ്മാത്രം?
സ്നേഹിച്ചെൻപേർക്കായ് മരണം-ആസ്വദിച്ചോനേ
ഹലേലുയ്യാ സ്നേഹിക്കും നിന്നെ ഞാൻ

പ. ഞങ്ങൾക്കുവേണ്ടി പിതാവായ ദൈവത്തിനു തന്നത്താൻ ധൂപമായിത്തീർന്നവനും; തന്റെ കുരിശിനാൽ മരണത്തിൽനിന്നു ജീവനിലേക്ക് ഞങ്ങളെ വിളിച്ച മനോഹരമായ പരിമളവും സുഗന്ധധൂപവും സത്യനാഥനുമായ മ്ശിഹാതമ്പുരാനേ, ഞങ്ങളുടെ ബലഹീനമായ അപേക്ഷയിൽ ശ്രദ്ധിക്കണമേ. പാപികളായ ഞങ്ങൾ നിനക്കായി സമർപ്പിച്ചിരിക്കുന്ന ഈ പ്രാർത്ഥന കൈക്കൊള്ളണമേ. ഞങ്ങൾക്കു കടങ്ങളുടെ പരിഹാരവും പാപമോചനവും നല്കണമേ. കർത്താവേ, നിന്റെ താഴ്മയും കുരിശിന്റെ ശക്തിയും മരണത്തിന്റെ മഹിമയും ഞങ്ങളിൽ വിളങ്ങണമേ. നിനക്കും പിതാവിനും പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും ഞങ്ങൾ അർപ്പിക്കുമാറാകണമേ. ഹോശോ...

ജ. ആമേൻ.

*ബാത്തെദ് ഹാശാ*

1 ഞങ്ങൾക്കായ് ഏറ്റ നിൻ-കഷ്ടതതാ-ഴ്ച-
കർത്താവേ വാഴ്ത്ത-പ്പെട്ടതാ-ക- പ്രതി

2 ശിഷ്യരിൻ കൂട്ടം-കർത്താവിന്നായ്-
പെസഹാ ഒരുക്കാൻ-സ്ഥലം തേടുന്നു
എല്ലാ മർമ്മവും-കാണുന്നേശു
വല്ലായ്മ ഏതും-തന്നിലില്ലാതെ
എല്ലാമുള്ളിൽ-വഹിച്ചീടുന്നു- പ്രതി

3 ദുഷ്ടനാം യൂദാ-യൂദരിനരികെ
എത്തീട്ടവരോ-ടൊത്തീടുന്നു.
മുപ്പതുവെള്ളി-ക്കാശു തന്നാകിൽ
എൻഗുരുവിനെ-ഇഷ്ടംപോൽ ചെയ്‌വാൻ
ഒറ്റിത്തരാമെ-ന്നുറപ്പാക്കീടുന്നു പ്രതി

4 യൂദരവനോ-ടൊത്തൂരചെയ്തു
കൊല്ലാനായുധ-മൊരുക്കീടുന്നു.
ഓരോരുവൻ-താൻ ഓരോരായുധം

ഏറ്റീട്ടുടനെ-സന്തോഷത്താൽ
പട്ടണമാകെ-പാഞ്ഞോടുന്നു- പ്രതി

5 ഓമനയേറും-ദൈവസുതനെ-
നിന്നെ കാൺമാൻ-വാഞ്ഛിക്കുന്നു ഞാൻ
ലോകാരംഭത്തിൻ-മുൻപായ് നിന്നുടെ
കണ്ഠമെനിക്കായ്-അറുക്കപ്പെട്ടൊരു
കുഞ്ഞാടായ് നിന്നെ-ഞാൻകാണുന്നു- പ്രതി

6 തളിപ്പിൻ രക്തം-വീടുകൾതോറും
ലഭിക്കും രക്ഷാ-ഭാഗ്യം നൂനം
പുളിച്ചമാവിനെ-അകറ്റിൻ വേഗം
ഇരിപ്പിൻ പന്തിയിൽ-പെസഹായെ നാം
ഭുജിക്കാം ഗമിക്കാം-കനാൻനാട്ടിൽ- പ്രതി

## *മാർ യാക്കോബിന്റെ ബാഊസാ*

1 കഷ്ടതസ്ക്കീപ്പാ മരണം സഹിപ്പാൻ- വന്ന മ്ശിഹാ
പ്രാർത്ഥനകേട്ടിങ്ങരുൾക നിൻകൃപയെഞ്ഞങ്ങളുടെ മേൽ-
പ്രതി

2 പെസഹാനാളിൽ മ്ശിഹാ കയറി-യെരുശലേമിൽ,
മരത്തിന്മേൽ ജയം കൊണ്ടാടുവാൻ-ബലം പ്രാപിച്ചു
യിസ്ഹാക്കോ തൻബലിയറിയാതെ-മലമേലേറി
പുത്രൻ ക്രൂശിൽബലിക്കായ് തന്നെ-അർപ്പിച്ചല്ലോ
യിസ്ഹാക്കുതന്മേൽ ബലിയിൻവിറകു-വഹിച്ചുകരേറി
പുത്രൻതോളിൽ വൻകുരിശോടെ-കാൽവറിയേറി- പ്രതി

3 കണ്ടേൻ നിന്നുടെസ്നേഹം മലമേൽ-ഈശോനാഥാ
പണ്ടേബലിയായ് അർപ്പിച്ചെനിക്കായ് താതനുനിന്നെ
ലോകപാപം ശാപം നിന്മേൽ-ഏറ്റിട്ടെന്നെ
മോചനം ചെയ്തൊരത്ഭുതസ്നേഹം-നിനച്ചീടുന്നേൻ.
ദയയും നീതിയും തമ്മിൽ ചുംബനം-ചെയ്യിച്ച നീ
നീതി വിശുദ്ധി പരമാനുഗ്രഹം-നൽകി എനിക്കായ്- പ്രതി

4 ഉത്തരമരുൾക അരുൾകദേവ-അനുഗ്രഹിക്ക
മർത്ത്യർചിത്തം മാനസാന്തരേ-വരുത്തീടെണമേ- പ്രതി

പ. ഞങ്ങളുടെ കർത്താവായ യേശുമ്ശിഹായേ...
(പുറം 16)

പ. കൌമ്മാ. തന്റെ പെസഹായാലെ... (പുറം 77)

പാഠംവായന. ലേവ്യ 16:1-28; 1 പത്രൊ. 4.

## സൂത്താറാ അപേക്ഷ

പ. സകലത്തെയും തന്റെ വചനത്താൽ സൃഷ്ടിച്ചവനും, പ്രകാശത്തിന്റെയും ജീവന്റെയും ഉറവയും മനുഷ്യ വർഗ്ഗത്തെ രക്ഷിപ്പാൻവേണ്ടി ശുശ്രൂഷകനായിത്തീർന്ന ദാസനും, അജ്ഞരായ ശിഷ്യന്മാരെ ജ്ഞാനികളാക്കിയ ഗുരുവും ഞങ്ങളുടെ രക്ഷിതാവുമായ മ്ശിഹാതമ്പുരാനേ, നീ അരയിൽ തൂവാല ചുറ്റിയും പാത്രത്തിൽ വെള്ളമൊഴിച്ചും നിന്റെ ശിഷ്യന്മാരുടെ കാലുകൾ കഴുകി. താഴ്മയുടെയും സ്നേഹത്തിന്റെയും യഥാർത്ഥമായ മാതൃക അവരെ കാണിച്ച് പഠിപ്പിച്ചു. കർത്താവേ, നിന്റെ അടിയാരായ ഞങ്ങളും ആ മാതൃക പിന്തുടർന്ന്, താഴ്മയുള്ളവരും തമ്മിൽതമ്മിൽ സ്നേഹമുള്ളവരും ആകുവാൻ കൃപ നൽകുമാറാകണമേ. കർത്താവേ, ഞങ്ങളുടെ പാപങ്ങൾ ഓർക്കാതിരിക്കുകയും, ഞങ്ങളുടെ ദേഹാത്മാക്കളുടെ മാലിന്യം തീർത്തു വിശുദ്ധമാക്കുകയും ചെയ്യേണമേ. ഞങ്ങളുടെ ഏഷണിയും, അസൂയയും, പിണക്കവും, ദുർവികാരങ്ങളും, ദുഷ്കൃത്യങ്ങളുമായ സകലത്തെയും ഞങ്ങളിൽനിന്നു അകറ്റണമേ. ഞങ്ങളുടെ ആത്മാക്കളെ പുതുക്കി. പരിശുദ്ധറൂഹായാൽ ശുദ്ധീകരിക്കണമേ. ഞങ്ങൾ പരസ്പരം സഹിച്ചും ക്ഷമിച്ചും ബഹുമാനിച്ചും ഒരു ശരീരത്തിന്റെ അവയവങ്ങൾപോലെ ചേർന്നിണങ്ങുമാറാകണമേ. ഞങ്ങൾ എല്ലാവരും നിനക്കും പിതാവിനും പരിശുദ്ധറൂഹായ്ക്കും സ്തുതിയും കീർത്തനവും പാടുമാറാകേണമേ. ഹോശോ...

ജ. ആമേൻ.

*മദറാശ*

(ഹാക്കത്തീലു-രാഗം)

1 ഇന്നാളിൽ യൂദർ-പെസഹാ-ആടെ
ആചാര്യന്മാർമുൻ-അണച്ചീ-ടുന്നു.
കുറ്റമില്ലാതെ-പരിശോ-ധിച്ചവർ
കാഴ്ചവച്ചിടുവാൻ-ഒരുക്കീ-ടുന്നു

2 ഇന്നാളിൽ കർത്തൻ-നഗരംവിട്ടു
താതനുടെപക്കൽ-എഴുന്നെള്ളുന്നു.
കുഞ്ഞാടാംതന്നെ-നിർദ്ദോഷിയായ്
തിരുമുമ്പിൽകാഴ്ച-വച്ചിടുന്നു.

3 ഇന്നാളിൽ യൂദർ-പെസഹാ ഭുജിപ്പാൻ
ഭവനങ്ങൾ നന്നായ്-ഒരുക്കീടുന്നു
മിസ്രയീമിൽനിന്നു-ഗമിച്ചോരു വാർത്ത
ഭവനങ്ങൾതോറും-പാടീടുന്നു.

4 ഇന്നാളിൽ കർത്തൻ-പെസഹാ ഒരുക്കാൻ
ശിഷ്യരിരുപേരെ-അയച്ചീടുന്നു
ചന്തമേറിടും-മാളികയെടുപ്പാൻ
പ്രവചനം ചൊല്ലി-അയച്ചീടുന്നു.

5 ഇന്നാളിൽ മൂശ-അഹരോനെന്നിരുപേർ
ഇസ്രയേലിൻ പെസഹാ-നടത്തീടുന്നു.
പുളിച്ചതിനെ ത്യജിച്ചും-സൂക്ഷിച്ചും ഭുജിപ്പാൻ
ദൈവംതൻ ആജ്ഞ-അറിയിക്കുന്നു.

6 ഇന്നാളിൽ കർത്തൻ-യിസ്രായേലിൻപെസഹാ
ദൃഷ്ടാന്തമാണെ-ന്നുരച്ചീടുന്നു.
തന്നിൽ നിറവേറു-ന്നതിന്റെ രഹസ്യം
ശിഷ്യർക്കു വെളിവായ്-ചൊല്ലീടുന്നു.

7 പാപികൾക്കായ്-പരിഹാരബലിയായ്
തന്നത്താനണച്ചോരു-സുതനെ സ്തോത്രം.
ഈ ബലി ഏറ്റൊരു-താതനു സ്തുതിയും
വിശുദ്ധറൂഹായ്ക്കു-തേജസ്സുമാമേൻ.

സങ്കീർത്തനം (പുറം 42)

*ബാത്തെദ് ഹാശാ*

1 ഞങ്ങൾക്കായ്-ഏറ്റ നിൻ-കഷ്ടതതാ-ഴ്ച
കർത്താവേ, വാഴ്ത്ത-പ്പെട്ടതാക- പ്രതി

2 പാപക്കുഴിയിൽ-ഉഴലും പാപിയെ
താപത്തോടു നീ-ദർശിച്ചപ്പോൾ
പാപഭാരം-ചുമന്നു നിന്മേൽ
പാപികൾക്കെല്ലാം-ആശ്വാസം നീ
നൽകിയതിനാൽ-സ്തോത്രം നിനക്കു- പ്രതി

3 പൊൻതിരുമേനി-ക്രൂശതിലയ്യോ
എൻ പാപത്തിനായ്-നീ നുറുക്കി
ചിന്തി നിൻ രക്തം-വൻ നദിപോലെ
ചങ്കിൽനിന്നെൻ വിശുദ്ധിയിൻ ഉറവ
ഒഴുക്കിയതിനാൽ-വന്ദിക്കുന്നേൻ. പ്രതി

4 മാറ്റിടുകെന്റെ-ദുരിതങ്ങളാകെ
ബലിയാലെന്നെ-വിശുദ്ധനാക്ക
പാദാരവിന്ദേ-വീഴുന്നേ ഞാൻ
അർപ്പിക്കുന്നേയടിയാൻ നാഥാ
കുമ്പിടുന്നേൻ-കനിയണമെന്മേൽ. പ്രതി

5 ജഡത്തിൻമോഹം-ലോകത്തിനിമ്പം
പാപവുമെന്നിൽ-മരിച്ചതിനാൽ ഞാൻ
അന്ത്യം വരെയും-നിന്തിരുജീവനാൽ
വളർന്നു, ദുഷ്ടനെ-ജയിപ്പാൻകൃപയെ
തരിക നാഥാ!-വണങ്ങുന്നേ ഞാൻ പ്രതി

*മാർ യാക്കോബിന്റെ ബാഊസാ*

1 ഞങ്ങൾക്കായതി കഷ്ടതകൾ
ഏറ്റൊരുനാഥാ ഞങ്ങളെ നീ
അനുഗ്രഹിച്ചവയിൻപങ്കും നിൻ
രാജ്യോഹരിയും നൽകണമേ. പ്രതി

2 പെരുനാളുകളിൽ അന്ത്യത്തിൽ
പെസഹാബലിക്കായ് ദൈവത്തിൻ
കുഞ്ഞാടായവൻ തന്നെത്താൻ
ഒരുക്കീടുന്നു മനസ്സോടെ
തിരുവേദത്തിൻ-രഹസ്യങ്ങൾ
നിവർത്തിക്കുന്നു ഗു-രുനാ-ഥൻ പ്രതി

3 മനുഷ്യസ്നേഹമിയന്നോനേ
വാനോർ ഭൂതലവാസികളും-
സ്തുതിപാടുന്നോരു കർത്താവേ
വാഴുക ഞങ്ങളിലെന്നും നീ
ദൂതന്മാരിൽ സാത്താനും
ശ്ലീഹന്മാരിൽ യൂദായും
എതിരായതിനാൽ നിൻക്രൂശിൽ
യോഗ്യതലഭിച്ചോരു നിൻസഭയും
നന്ദികലർന്നു പുക-ഴ്ത്തു-ന്നു- പ്രതി

4 വഴിപിണക്കത്തിൽ വലഞ്ഞവരെ,
നീ വീണ്ടതിനാൽ ജാതികളും
സ്തോത്രം പാടുന്നനവരതം
നിൻ ക്രൂശിൻ വിടുതൽമൂലം
ഭൂതലം നിന്നെനമിക്കുന്നു
നിനക്കും താതനും റൂഹായ്ക്കും
സ്തുതിയുണ്ടാകട്ടെ-ന്നേ-ക്കും- പ്രതി

ശയനനമസ്കാരം (പുറം 35)
അപേക്ഷ (പുറം 40)
കൌമ തന്റെ പെസഹായാലെ.. (പുറം 77)
ഏവൻഗേലിയോൻ. മത്താ. 25: 14-46
വിശ്വാസപ്രമാണം (പുറം. 29), പ്രസംഗം.
ഹൂത്താമ്മാ (പുറം 30)
ആശീർവാദം (പുറം 31)

# വ്യാഴാഴ്ച കാലത്തെ നമസ്കാരം

## പ്രാരംഭസ്തുതി

### കൌമാ

മ്ശിഹാദബ്പെസഹെശറയിലെമ്മറു പെസഹാ ബ്പെസ ഹാഅപ്പ് സഹലാൻ എന്ത്രാഹംഅലയിൻ

*അർത്ഥം*

പ. തന്റെ പെസഹായാലെ-പെസഹായുടെ കുഞ്ഞാടിനെ അഴിച്ച മ്ശിഹാതമ്പുരാനേ-നിന്റെ പെസഹായാൽ ഞങ്ങളെ സന്തോഷിപ്പിച്ച്-ഞങ്ങളോടു കരുണചെയ്യ ണമേ..................... (പുറം 32)

പ. ഉറക്കമില്ലാത്ത..................... (പുറം 4)

മസുമൂർ. കർത്താവിന്റെ സകല ദാസന്മാരുമേ... (പുറം 42)

*എനയാന*

പ. തന്റെ പീഡാനുഭവങ്ങളാൽ ഞങ്ങളുടെ കഷ്ടതകളെ മായിച്ചവനായ കർത്താവേ, നിനക്കു സ്തുതി.

ജ. സകല സൃഷ്ടികളുടെയും നിർമ്മാതാവായ ദൈവമേ നിനക്കു സ്തുതി.

പ. മേലുള്ളവരുടെ ഇടയനായിരിക്കെ ഞങ്ങളെ സ്വതന്ത്രരാക്കുവാൻ തന്റെ സ്നേഹത്താൽ ന്യായവിസ്താരസ്ഥലത്തേക്കു പ്രവേശിച്ച കർത്താവേ നിനക്കു സ്തുതി.

ജ. സകല സൃഷ്ടികളുടെയും...

പ. ന്യായപ്രമാണപ്രകാരമുള്ള പെസഹാവിരുന്നു തനിക്ക് ഒരുക്കുവാനായി ഇന്നെന്നപോലെ ഒരു ദിവസം ശിമയോൻ കെഫായെയും, യോഹന്നാനെയും നിയോഗിച്ചവനായ കർത്താവേ, നിനക്കു സ്തുതി.

ജ. സകല സൃഷ്ടികളുടെയും...

പ. തന്റെ സമയം അടുത്തിരിക്കുന്നുവെന്നറിഞ്ഞ് ഇന്നെന്ന പോലെ ഒരു ദിവസം സെഹ്യോൻ മാളികയിൽ ശിഷ്യൻമാരോടുകൂടെ വിരുന്നിനിരിക്കയും തന്റെ പുതിയ ഉടമ്പടിയുടെ ദൈവീകമർമ്മങ്ങളെ അവർക്കു ഉപദേശിച്ചുകൊടുക്കുകയും ചെയ്ത കർത്താവേ, നിനക്കു സ്തുതി.

ജ. സകല സൃഷ്ടികളുടെയും...

പ. സർവ്വലോകത്തിന്റെയും പാപങ്ങൾക്കു പരിഹാരയാഗമായ തന്റെ മരണത്തിന്റെ ഓർമ്മ കൊണ്ടാടുന്നതിനുള്ള വിശുദ്ധവിരുന്ന് ഇന്നെന്നപോലെ ഒരു ദിവസം ഏർപ്പെടുത്തിയ രക്ഷിതാവേ, നിനക്കു സ്തുതി.

ജ. സകല സൃഷ്ടികളുടെയും...

പ. വാഴ്ത്തപ്പെട്ടതും മുറിക്കപ്പെട്ടതുമായ അപ്പത്താലും, കലർത്തപ്പെട്ടതും സ്തോത്രം ചെയ്യപ്പെട്ടതുമായ കാസായാലും, തിരുശരീരരക്തങ്ങളോടുള്ള കൂട്ടായ്മയുടെ ദിവ്യമർമ്മം ഇന്നെന്നപോലെ ഒരു ദിവസം തിരുസഭയ്ക്കായ് നിയമിച്ച് വിശുദ്ധശ്ളീഹന്മാരെ അതു ഭരമേല്പിച്ച കർത്താവേ, നിനക്കു സ്തുതി.

ജ. സകല സൃഷ്ടികളുടെയും...

പ. പിതാവായ ദൈവത്തിന്റെ തിരുമാർവ്വിൽവസിക്കുന്നവനായിരിക്കെ, യുവാവായ യോഹന്നാൻ തിരുമാർവ്വിൽ ചാരുന്നതിനും അനാദിയായ വചനമാം ദൈവം ലോകത്തിന്റെ രക്ഷയ്ക്കുവേണ്ടി മനുഷ്യനായിത്തീർന്ന ദിവ്യമർമ്മം ഗ്രഹിക്കുന്നതിനും അനുവദിച്ച പുത്രനാം ദൈവമേ, നിനക്കു സ്തുതി.

ജ. സകല സൃഷ്ടികളുടെയും...

### *അപേക്ഷ*

പ. ദൈവമായ മ്ശിഹായേ, വിശുദ്ധ റൂഹായുടെ ആവാസം മൂലം നിന്റെ ദൈവിക കല്പനകൾ നിറവേറ്റാൻ ഞങ്ങളെ ശക്തിപ്പെടുത്തണമേ. കർത്താവേ, നിന്നോടും തമ്മിൽ തമ്മിലും ഉള്ള നിഷ്കളങ്കമായ സ്നേഹം കൊണ്ട്, ഞങ്ങളെ സമ്പൂർണ്ണരാക്കണമേ. നിന്റെ വിശുദ്ധ പെസഹായുടെ ആനന്ദം കൊണ്ട് ഞങ്ങളെ സന്തുഷ്ടരാക്കണമേ. നിനക്ക് പ്രസാദമുള്ള വിശുദ്ധമായ പുളിപ്പില്ലായ്മയാൽ നിന്റെ രക്ഷയുടെ പെരുനാൾ ഘോഷിക്കുന്നതിന് ഞങ്ങളെ യോഗ്യതയുള്ളവരാക്കണമേ. കർത്താവേ, മഹത്വമുള്ള നിന്റെ രണ്ടാമത്തെ എഴുന്നള്ളത്തിങ്കൽ ഉണ്ടാകാനിരിക്കുന്ന അക്ഷയമായ അന്ത്യപെരുനാളിൽ പ്രകാശവും നിത്യസന്തോഷവും നിറഞ്ഞിരിക്കുന്ന മണവറയിൽ നിന്റെ ഇഷ്ടം പൂർണ്ണമാക്കിയവരോടു കൂടെ ഞങ്ങളും പ്രവേശിക്കുമാറാകണമേ ഹോശോ...

ജ. ആമേൻ

### *സൂഗീസാ*

(ശുബഹാലാക്മാർ)

(ഇരു ലോകങ്ങളിലും ഞങ്ങൾ...എന്ന രീതി)

1 സ്വർഭൂലോകങ്ങളാസകലം...വന്ദിപ്പവനേ സ്തുതിനിനക്ക്
തൻവരവാലെ പാപികളെ-തിരിപ്പിച്ചവനേ സ്തുതി നിനക്കു

2 പാപവിനാശകൻ ഭൂമിയിൽ-ദാവീദുസുതയിൽ ഉത്ഭവിച്ചു
സർവ്വേശ്വരൻ തൻസ്നേഹവും കൃപയും കൊണ്ട്
നരസുതനായി.

3 ജഡരോഗങ്ങൾ സുഖപ്പെടുത്തി-ആത്മവ്രണങ്ങൾ ശമിപ്പിച്ചു
സർവ്വസ്രഷ്ടാവാം ദൈവത്തെപ്പോൽ-വിസ്മയ
ക്രിയകൾ നാഥൻ ചെയ്തു.

4 അത്തിയിൽ നിന്നു സഖായിയേയും-പടകിൽ നിന്നു സെബ
ദിയരേം
കിണറ്റിങ്കൽ നിന്നു ശമര്യാളെയും-പിടിച്ചെടുത്തോനെ
സ്തുതിനിനക്കു

5 ജഡമെടുത്തവനാം ദൈവസുതാ-പാപികളെ വീശിടും നിൻ
ജീവസുവിശേഷവലയിൽ-പ്പെട്ടതാൽ ഞങ്ങൾ സ്തുതി
ച്ചീടുന്നു.

6 നിൻസദൃശ്യനാംയിസ്ഹാക്കുബലിയായ് അർപ്പിക്കപ്പെ
ടുവാൻ
കഴുതമേലേറി മോറിയ-പർവ്വതമതിന്മേൽപ്പോയതു പോൽ

7 ലോകപാപഹരണാർത്ഥം-നിന്നെ ബലിയായ് അർപ്പിപ്പാൻ
കഴുതമേലേറിയെറുശലേം-നഗരിക്കു നീയും പോയല്ലോ

8 ഞങ്ങളും കഷ്ടനഷ്ടങ്ങളാൽ-നിൻതിരുവിഷ്ടം നിവർത്തി
പ്പാൻ
ഇഷ്ടപൂർവ്വമായ് ഞങ്ങളെയും-ബലിനല്കിടുവാൻ അരു
ളേണമേ

9 തവതിരുശിഷ്യരുമായി നിൻ-മുൻനിഴലാകും പെസഹായെ
ഘോഷിച്ചങ്ങിമ്പപ്പെടുവാൻ-തവതിരുവുള്ളം നിനച്ചപ്പോൾ

10 വിരുന്നു നിനക്കങ്ങൊരുക്കീടുവാൻ-ശിമയോൻ യോഹന്നാ
നെന്നവരെ
വിട്ടതുപോലിയടിയാരെയും-നിൻസേവയ്ക്കായ് വിട്ടീടുക

11 നാകഭുനരകലോകങ്ങൾ-ക്കേകാധിപൻ താനായിരിക്കെ
തൻശിഷ്യരോടൊരുമിച്ചു-വിരുന്നുകഴിഞ്ഞാനന്ദിപ്പാൻ

12 സ്ഥലം തനിക്കില്ലാത്തവനെപ്പോൽ-മാളികവീടിന്നിരന്ന
വനാം
നാഥാ ഞങ്ങൾക്കായി നീ-സഹിച്ച ദാരിദ്ര്യം അതിശയമേ

13 എൻഹൃദയം നിൻമന്ദിരം-ആയിടുവാൻ പ്രതിഷ്ഠിച്ചേൻ
ആയതിൽ നീ എഴുന്നരുളി-പാർത്തിമ്പപ്പെട്ടിടേണമെ.

14 തവപിതൃരാജ്യമായതിൽ-മുന്തിരിരസം പുനരായി നീ
പാനം ചെയ്യുമാവിരുന്നിൽ-ഞങ്ങളെ ഇമ്പപ്പെടുത്തണമേ

15 വിരുന്നും വിരുന്നിൻ അധിപനും-മണവാളനും മണിയറയും
സകലവും താനാകും നാഥാ-സ്തുതി നിനക്കെന്നന്നേക്കും
ആമേൻ.

*എനിയാന*

പ. ഈ ദിവസം രഹസ്യം വെളിപ്പെടുത്തി ശ്ലീഹന്മാർക്കു അവയെ ഭരമേല്പിച്ച ദൈവമേ-

ജ. ഞങ്ങളോടു കരുണ ചെയ്യണമേ.

പ. തിരുസ്നേഹത്താൽ ശിഷ്യൻമാർക്കു സ്വന്ത മരണത്തിന്റെ ഓർമ്മയ്ക്കായി തിരുശരീരരക്തങ്ങൾ നൽകിയവനായ ദൈവമേ-

ജ. ഞങ്ങളോടു...

പ. സ്രാഫേന്മാർ ഭയത്തോടെ തന്റെ പരിശുദ്ധതയെ കീർത്തിക്കുന്നവനായിരിക്കെ, പാപിയായ സ്ത്രീ തൃക്കാലുകളിൽ തൈലാഭിഷേകം ചെയ്‌വാൻ അനുവദിച്ച ദൈവമേ-

ജ. ഞങ്ങളോടു...

പ. തന്റെ കരുണയാൽ സ്വർഗ്ഗത്തിൽ നിന്നിറങ്ങി മനുഷ്യനായിത്തീരുകയും ഞങ്ങളുടെ കടങ്ങളുടെ പരിഹാരത്തിനായി തിരുശരീര രക്തങ്ങൾ അർപ്പിച്ച് ഞങ്ങൾക്കു കഷ്ടതയില്ലായ്മ ദാനം ചെയ്യുകയും ചെയ്ത ദൈവമേ-

ജ. ഞങ്ങളോടു...

പ. കർത്താവും മനുഷ്യപുത്രനുമായിരിക്കെ, പ്രധാന ആചാര്യനും യാഗവുമായി ഭവിച്ച ഞങ്ങളുടെ രക്ഷിതാവായ ദൈവമേ-

ജ. ഞങ്ങളോടു...

പ. ഞങ്ങൾക്കു വേണ്ടിയുള്ള പീഡാനുഭവത്താൽ തിരുസഭയുടെ കൊമ്പിനെ മഹിമപ്പെടുത്തിയ ദൈവമേ-

ജ. ഞങ്ങളോടു...

## ഒന്നാം പ്രോമ്യോൻ

പ. നാം എല്ലാവരും പ്രാർത്ഥിച്ച്...

ജ. അനുഗ്രഹിക്കുന്നവനായ...

പ. സ്തുതിയും സ്തോത്രവും...

സകല പെസഹാകളും തന്നെ ദൃഷ്ടാന്തീകരിക്കുകയും, സകല രഹസ്യങ്ങളും തന്നെ സാക്ഷീകരിക്കുകയും, സകല മഹോത്സവങ്ങളും തന്നെ സ്തുതിക്കുകയും ചെയ്യുന്ന ജീവനുള്ളവനും ജീവിപ്പിക്കുന്നവനുമായ മ്ശിഹാ തമ്പുരാന്, പ്രാർത്ഥനാശുശ്രൂഷയുടെ ഈ നേരത്തും, നമ്മുടെ ആയുഷ്കാലമൊക്കെയും സ്തുതിയും ബഹുമാനവും വന്ദനവും യോഗ്യമായിരിക്കുന്നു. ഹോശോ...

ജ. ആമേൻ

## സെദറാ

ഞങ്ങളുടെ രക്ഷിതാവും നാഥനുമായ മ്ശിഹാതമ്പുരാനേ പ്രവാചകന്മാരാൽ സൂചിപ്പിക്കപ്പെടുകയും, അവർക്കു ദൃഷ്ടാന്തമായി കാണപ്പെടുകയും ചെയ്ത നിന്നെ ഞങ്ങൾ പുകഴ്ത്തുന്നു. ലോകത്തിന്റെ പാപത്തെ ചുമന്ന ദൈവത്തിന്റെ കുഞ്ഞാടായ നീ ശിഷ്യന്മാരോടുകൂടി ന്യായപ്രമാണത്തിലെ ആട്ടിൻകുട്ടിയെ ഭക്ഷിച്ചു. അതിന്റെശേഷം തൃക്കൈകളിൽ അപ്പമെടുത്തു വാഴ്ത്തി; മുറിച്ച്, നിന്റെ ശ്ലീഹന്മാർക്കു കൊടുത്തു. 'ലോകത്തിന്റെ പാപങ്ങൾക്കുവേണ്ടി മുറിക്കപ്പെടുന്ന എന്റെ ശരീരം ഇതാകുന്നു' എന്നു നീ അരുളിചെയ്തു. വീഞ്ഞും വെള്ളവും കലർത്തിയ പാനപാത്രവും എടുത്ത് 'ഇത് പുതിയ നിയമത്തിനുള്ള എന്റെ രക്തം' എന്നുപറഞ്ഞ് അവർക്കു കൊടുത്ത്, 'എന്റെ ഓർമ്മയ്ക്കായി നിങ്ങൾ ഇപ്രകാരം ചെയ്വിൻ, എന്നും അരുളിചെയ്തു. ഈ സമയം മുതൽ പഴയതെല്ലാം അവസാനിച്ചു സകലവും പുതുതായി തീർന്നിരിക്കുന്നു. ഇതാ, തന്നെത്തന്നെ യാഗ

മായി അർപ്പിക്കുകയും, ആട്ടിൻകുട്ടിയെപ്പോലെ വിധിക്കപ്പെടുമെന്ന് അറിയിക്കുകയും ചെയ്ത യാഗം എത്രയോ വിസ്മയനീയമാകുന്നു! വിവേകികൾക്ക് ഈ മർമ്മം വലിയതും, വിദ്വാന്മാർക്ക് ഈ ചരിത്രം വിസ്മയകരവുമാകുന്നു. സഭ ഈ ദാനത്തെ അംഗീകരിക്കുകയും വിശ്വാസത്തോടെ കൂദാശ മുഖാന്തരമായി ഈ രഹസ്യം കൈക്കൊള്ളുകയും ചെയ്യുന്നു. കർത്താവേ നിർമ്മലോപദേശത്താൽ നിന്റെ വാഗ്ദാനങ്ങൾ അറിവാൻ തിരുസഭയെ തല്പരയാക്കേണമേ! സകല മലിനതകളിൽ നിന്നും കറകളിൽ നിന്നും അവളെ കഴുകി വിനയവും ഐക്യവും സ്നേഹവും അണിയിക്കുമാറാകണമേ! നിനക്കും പിതാവിനും പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും ഞങ്ങൾ അർപ്പിച്ചുകൊള്ളുന്നു. ഹോശോ...

ജ. ആമേൻ.

*കുക്കായ*

യേശു തൻ ശിഷ്യരുമായി-ശിമയോൻഭവനേ
മേശയ്ക്കിരിക്കുന്നതായി പാപിയാം ആ സ്ത്രീ കേട്ട്
വിശ്വാസത്തോ-ടായവൾ നിനച്ചു
രഹസ്യങ്ങൾ അറീവോ-ന്നരികിൽഞാൻചെന്നീടും
പക്ഷേ എൻ പാപങ്ങളെന്നോ-ടവൻ പൊറുത്തീടും
അല്ലായ്കിലും അവനെ കാണ്മ-തെനിക്കുമഹാഭാഗ്യം
അവളുടെ പിഴകൾ-ക്ഷമിച്ചവനു സ്തോത്രം

*ശുബഹാ*

പാപികളാം ഞങ്ങൾക്കായി തൻതിരുരക്തം
ചൊരിഞ്ഞവനാം മ്ശിഹാനാഥാ തിരുപ്പാദങ്ങളെ
ഞങ്ങളുടെ-വിശിഷ്ട ഗുണങ്ങളാം,
പരിമളത്താലെ-പൂജിച്ചീടുവാൻ
നിന്നാത്മാവിൻ വ്യാപാര-ത്താൽ സത്യമായ
നന്ദി ഭക്തി സന്തോഷങ്ങ-ളെങ്ങളിൽ നിറയ്ക്ക
ഹാലേലുയ്യ-ഉ-ഹാലേലുയ്യാ

## എത്രാ

പ. ദൈവമായ കർത്താവേ, ഈ പെരുനാളിൽ ഞങ്ങൾ തിരുമുമ്പിൽ സമർപ്പിക്കുന്ന പ്രാർത്ഥനകൾ ഹാബേലിന്റെ കാഴ്ചപോലെയും നോഹയുടെ പാനീയനിവേദ്യം പോലെയും അബ്രഹാമിന്റെ യാഗം പോലെയും മെൽക്കിസദേക്കിന്റെ ആചാര്യശുശ്രൂഷപോലെയും മോശെയുടെ പ്രാർത്ഥനപോലെയും അഹരോന്റെ ധൂപംപോലെയും, ദാവീദിന്റെ അപേക്ഷപോലെയും മനശ്ശെയുടെ കണ്ണുനീരുപോലെയും നീ കൈക്കൊള്ളണമേ. കർത്താവേ, ഞങ്ങളുടെ കടങ്ങൾ പരിഹരിക്കണമേ. വേദനകൾ മാറ്റണമേ. ആത്മാക്കളെ കാത്തുകൊള്ളണമേ. ഞങ്ങളെ എന്നേക്കും ആനന്ദിപ്പിക്കയും ചെയ്യണമേ. ഹോശോ...

ജ. ആമേൻ.

### *ബാത്തെദ് ഹാശാ*

1 ഞങ്ങൾക്കായ് ഏറ്റ നിൻ-കഷ്ടതതാ-ഴ്ച
കർത്താവേ, വാഴ്ത്ത-പ്പെട്ടതാ-ക- പ്രതി

2 സർവ്വലോക ന്യായാ-ധിപനാ-യിരിക്കെ
ഞങ്ങളുടെ വിധിയിൻ-കാഠിന്യത്തെ
അഴിപ്പാനായി-അക്രമികളാൽ
വിധിക്കപ്പെട്ട-നാഥാസ്തോത്രം-
നിനക്കെന്നേക്കും-ഉണ്ടാകട്ടെ- പ്രതി

3 ഈ രാത്രിയിൽ-ഇരുളിൻസുതരാം
യൂദർജനം-ലോകവെളിച്ചം
ആകും തന്റെ-എതിരെവന്നു
അവരോടപ്പോൾ-താൻ ചോദിച്ചു
ആരെ നിങ്ങൾ-തേടീടുന്നു- പ്രതി

4 നസറായനാകും-യേശുവിനെ
എന്നവർതന്നോ-ടതിനുത്തരം
ചൊല്ലിയനേരം-ഞാനവൻതന്നെ
എന്നവരോടു-താനുത്തരം
ചൊല്ലവേ അവർ-ഭ്രമിച്ചു വീ-ണു- പ്രതി

5 ഉന്നതത്തിൽ-ദൂതവൃന്ദം
മുറ്റും ഭ്രമിച്ചു-നടുങ്ങാൻപോരും
തൻതിരുസാന്നിദ്ധ്യ-മവരെ എല്ലാം
നിലംപരിചാക്കി വീഴ്ത്തിയതാൽ
തൻദിവ്യശക്തി-തെളിയിച്ചു താ-ൻ- പ്രതി

6 ലോകങ്ങളെല്ലാം-ദഹിപ്പിക്കാൻപോരും
ഭയങ്കര അഗ്നി-ജ്വാലയാകും
നാഥാനിന്നെ-നരസുതരായ-
കൃമികളുടെ-വിധിയേല്പാനായ്
ഏല്പിച്ച നിൻ-സൗമ്യത അ-ത്ഭു-തം പ്രതി

7 നിൻതിരു സൗമ്യത-ശാന്തവിനീത
ദിവ്യഗുണങ്ങ-ളെല്ലാമെങ്ങളിൽ
വിളങ്ങീടുവാൻ-കൃപയരുൾക
നിൻപരമാത്മ-വ്യാപാരത്താൽ
സ്തുതിനിനക്കെന്നെ-ന്നേക്കും ആമേൻ- പ്രതി

## അപേക്ഷ

ദൈവികരഹസ്യങ്ങൾ തന്റെ ഇടവകയെ ഏല്പിക്കയും, തിരുരക്തത്താൽ പുത്തൻ ഉടമ്പടി എഴുതി മണവാട്ടിയായ സഭയെ ഭരമേല്പിക്കയും, ജീവകരമായ തിരുശരീരം തന്റെ ആടുകൾക്ക് ആഹാരമായും, പാപപരിഹാരം ചെയ്യുന്ന തിരുരക്തം പാനീയമായും നിയമിക്കയും, വാത്സല്യമുള്ള ശിഷ്യന്മാർക്കു താഴ്മയുടെ ദൃഷ്ടാന്തം മനസ്സോടെ കാണിച്ചുകൊടുക്കയും പഴയ നിയമ സംബന്ധമായ കർമ്മങ്ങൾ തികയ്ക്കുകയും സ്വർഗ്ഗീയമായ തന്റെ രഹസ്യത്തിൽ ഞങ്ങൾ ഇമ്പപ്പെടുവാനും ആനന്ദ

കരമായ തന്റെ പെസഹായിൽ ഞങ്ങൾ സന്തോഷിപ്പാനുമായി തിരുശരീരം നുറുക്കിയതിനാൽ പുതിയ കർമ്മം ആരംഭിക്കുകയും ചെയ്ത പെസഹായുടെ കുഞ്ഞാടുമായ മ്ശിഹാതമ്പുരാനേ. നിനക്കും പിതാവിനും പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും ഞങ്ങൾ അർപ്പിച്ചുകൊള്ളുന്നു. ഹോശോ...

ജ. ആമേൻ.

*മാർ അപ്രേമിന്റെ ബാഊസാ*

1 ഞങ്ങൾക്കായതി കഷ്ടതകൾ
ഏറ്റൊരു നാഥാ ഞങ്ങളെ നീ
അനുഗ്രഹിച്ചവയിൽ പങ്കും നിൻ
രാജ്യോഹരിയും നൽ-കേണമേ. പ്രതി

2 സർവ്വഗുണഗണനിധിയാകും-ഉത്തമഗുരുവാം നിന്നെക്കാൾ
മുപ്പതുവെള്ളിയെ മോഹിച്ചദ്രോഹിയാം യൂദാസ്കറിയോത്തിൻ
നീചമാം മോഹം ഞങ്ങളിൽ ഒരിക്കലും ഉത്ഭവിച്ചീ-ടല്ലേ പ്രതി

3 ജീവനും സർവ്വസമ്പത്തും-മാനവും മോദവുമൊന്നോടെ,
നിനക്കായ് ഞങ്ങൾവെടിഞ്ഞിട്ടുനിന്നെത്തന്നെനേടീടുവാൻ
തവമാഹാത്മ്യം ഞങ്ങൾക്കു-നിന്നാത്മാവാൽ കാ-ണി-ക്ക- പ്രതി

4 സൃഷ്ടികൾക്കൊക്കെജ്യോതിസ്സ്-നൽകും നീതിയിൻ സൂര്യൻ നീ
ഹീനനാം ദുഷ്ടഭൃത്യനവൻ-നിന്തിരുമുഖമതിൽ തുപ്പിയതും
നിന്നുടെ ചെകിട്ടിലടിച്ചതും-സഹിച്ചൊരു നിൻക്ഷമ ശ്ലാ-ഘ്യ-മേ- പ്രതി

5 അത്യുന്നതങ്ങളിലീറേന്മാർ-ഘോഷത്തോടു വാഴ്ത്തും നിന്നെ
ഭൂമിയിൽ ദുഷ്ടഭൃത്യരവർ-പരിഹാസത്താൽ കുമ്പിട്ട്,
നിന്ദാസ്തുതികൾ ചൊല്ലിയതും-ദയവോടങ്ങുക്ഷമി-ച്ച-ല്ലോ- പ്രതി

6 സർവ്വജീവവിശ്വാസികളിൻ തലയാം നിന്തിരുശിരസ്സിന്മേൽ
മുള്ളിൻമുടിയവർവച്ചതിനെ-ഞങ്ങൾനിമിത്തം ക്ഷമ
യോടെ
ഏറ്റൊരു ദൈവസുതനെ നീ-എന്നെന്നേക്കും വന്ദ്യൻ താൻ
തിരുകാരുണ്യമതെന്നേക്കും-വാഴ്ത്തപ്പെടുമാറാ-ക-ട്ടെ
പ്രതി

7 നമസ്കാരം കേൾക്കുന്നോനേ-യാചനകൾനൽകുന്നോനെ
ഞങ്ങളിൻ പ്രാർത്ഥനകൾ കേട്ട് യാചനകൾ നല്കീ-ടേ-
ണമേ- പ്രതി

കൌമാ. തന്റെ പെസഹായാലെ... (പുറം 77)

## **ഒന്നാം പാഠം**: പുറ. 12:1-51

മാലാഖമാരുടെ സ്തുതി (പുറം 13)
ഞങ്ങളുടെ കർത്താവായ യേശുമശിഹാ (പുറം 16)
കൌമാ. തന്റെ പെസഹായാലെ... (പുറം 77)

## **രണ്ടാംപാഠം**: എബ്രാ. 9:1-28

### അപേക്ഷ

പ. ദയയുടെ സമുദ്രവും, കരുണകളുടെ അറുതിയില്ലാത്തതും അഗാധവുമായ ഞങ്ങളുടെ മ്ശിഹാതമ്പുരാനേ, ബലഹീനരും പാപികളുമായ ഞങ്ങളുടെ ദേഹദേഹികളുടെ വൈദ്യൻ നീ ആകകൊണ്ട്, ഞങ്ങളുടെ ആത്മാക്കളുടെയും ശരീരങ്ങളുടെയും സകലവിധ രോഗങ്ങളും പൂർണ്ണമായി സുഖപ്പെടുത്തുന്നതിനു ഞങ്ങൾ നിങ്കലേക്കു നോക്കിക്കൊണ്ടിരിക്കുന്നു. പലതരമായ രോഗങ്ങളും കഷ്ടതകളും ബാധിച്ചിരിക്കുന്നവർക്കായി പിതാവിന്റെ അടുക്കൽനിന്നു തന്റെ ശ്രേഷ്ഠതയുടെ ഉന്നതി വിട്ട് ലോകത്തിലേക്കു താണിറങ്ങി വന്ന മ്ശിഹാതമ്പുരാനേ, നിന്റെ സഹായങ്ങളാൽ ഞെരുക്കത്തിലിരിക്കുന്നവരെ ദർശിക്കണമേ. നിന്റെ ഔഷധങ്ങളാൽ രോഗി

കളെ സൗഖ്യമാക്കണമേ. നിന്റെ രശ്മികളാൽ അന്ധകാരത്തിലിരിക്കുന്നവരെ പ്രകാശിപ്പിക്കണമേ. നിന്റെ മഹാശക്തിയാൽ വീണുപോയവരെ എഴുന്നേല്പിക്കണമേ. നിന്റെ വിശുദ്ധിയാൽ മ്ളേച്ഛരെ വെടിപ്പാക്കണമേ. നിന്റെ മനോഗുണത്താൽ ദൂരസ്ഥരെ പിതാവിന്റെ അടുക്കലേക്കു ആകർഷിക്കണമേ. നിന്റെ ബലത്താൽ ദുഷ്ടന്റെ കഠിനമായ നുകത്തിൻ കീഴിൽ പൂട്ടപ്പെട്ടിരിക്കുന്നവരെ വിടുവിക്കണമേ, വ്യർത്ഥവികാരങ്ങളാൽ വലഞ്ഞിരിക്കുന്നവരെ രക്ഷിച്ചുകൊള്ളണമേ. നിനക്കും പിതാവിനും പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും ഞങ്ങൾ അർപ്പിച്ചുകൊള്ളുന്നു. ഹോശോ...

ജ. ആമേൻ.

*കുക്കായ*

മാളികയിലേശുവും ശിഷ്യരും-കൂടിയനേരം
ഗുരുവാം താൻ ശിഷ്യർപാദം-കഴുകാനെഴുന്നേറ്റു
തൃകൈയ്യാൽ താൻ-അവരെ ശുദ്ധരാക്കി,
പ്രാർത്ഥിച്ചുടനെ-തിരുജഡം കൊടുത്തവർക്ക്
രക്ഷയിൻകാസായാം രക്തം-കലർത്തിയങ്ങവർക്കായി,
കൂടിപ്പിച്ചാനെല്ലാരെയും-ഇമ്പമാംമേശയതായ്
ഹാലേലുയ്യാ-തവകൃപയ്ക്കായ് സ്തോത്രം

*ശുബഹാ*

സത്യത്തിൻ ഗുരുവെവിട്ടു-യുദാ-പോയങ്ങുടനെ
വാനംഭൂമി സകലവും-ഖേദത്തോടെ ചൊല്ലി
യൂദായേ നീ-ഭ്രമിച്ചീടുന്നതെന്തേ
വെളിച്ചം വിട്ടു നീ-ഇരുളെ സ്നേഹിപ്പാൻ
കാരണമെന്തയ്യോ ജീവൻ-ഹനിച്ചീടുവാൻ നീ
ഗുരുവിനെ ഒറ്റിയ നിന്നേ-ലോകം ശപിച്ചീടുമേ
ഹാലേലുയ്യാ-ഉ-ഹാലേലുയ്യാ

*ബാത്തെദ് ഹാശാ*

1 ഞങ്ങൾക്കായ് ഏറ്റനിൻ-കഷ്ടത താ-ഴ്ച
കർത്താവേ വാഴ്ത്ത-പ്പെട്ട താക പ്രതി

2 ദൈവത്തിൻ ജീവ-കുഞ്ഞാടാകും
മ്ശിഹാ ഇന്നു-മൂശെനിബിയാ,
നിയമിച്ചൊരു-പെസഹാഭുജിച്ചു
രഹസ്യങ്ങളുടെ-നിഴലായീടും
ആചാരത്തെ-താൻ തിക-ച്ചു- പ്രതി

3 മെസറേനിൽ കുഞ്ഞാ-ട്ടിൻരക്തം
എബ്രായരെ വീണ്ടതുപോലെ,
നിൻതിരുരക്തം-നിന്നുടെ സഭയെ
വിപത്തിൽനിന്നു-കോട്ടയായി
കാത്തുമറച്ചി-ടേണമെ-ന്നും- പ്രതി

4 തൻരൂപത്തിൽ നമ്മെ നിർമ്മിച്ചു
തൻവേദനയാൽ-വീണ്ടെടുത്തോനും
തന്നെ നിയോഗിച്ച-തവതാതനും
റൂഹായ്ക്കും എന്നും-നിത്യസ്തുതികൾ
കീർത്തിക്കുവാൻ-യോഗ്യരാ-ക്ക പ്രതി

കർത്താവിനു സ്തോത്രം ചെയ്യുന്നതും...(പുറം 9)

*മാർ അപ്രേമിന്റെ ബാഊസാ*

1 കഷ്ടതസ്കീപ്പാ-മരണം സഹിപ്പാൻ-വന്ന്മ്ശിഹാ
പ്രാർത്ഥനകേട്ടി-ങ്ങരുൾകനിൻകൃപയേ ഞങ്ങളു-ടെ
മേൽ- പ്രതി

2 മാംസമയമാം തന്നുടെ ദേഹം-സജീവമായ്,
അവനോടൊത്തു മേശയ്ക്കവന-ങ്ങിരിക്കുന്നേരം
തന്നുടെ ആത്മശരീരം താ-തനവർക്കായ് ഏകി
തന്നുടെ ദിവ്യജീവരക്ത-മായവർക്കു
പാനത്തിനായി-വാഴ്ത്തി അതിനെ നൽകിയ നാഥാ
നിന്നുടെ ദിവ്യരഹസ്യമധിക-വിസ്മയമത്രെ- പ്രതി

3 വാഴ്ത്തി മുറിക്കപ്പെട്ട വിശുദ്ധ അപ്പത്താലും
സ്തോത്രം ചെയ്യപ്പെട്ട ദിവ്യ-കാസായാലും
തൻദിവ്യസംയോജിപ്പിൻ മുദ്ര-ഞങ്ങൾക്കായി
ഏകിയ ദൈവസുതനെ സ്തുതിനിന-ക്കെന്നെന്നേക്കും-
പ്രതി

4 ഉത്തരമരുൾക-അരുൾകദേവ അനുഗ്രഹിക്ക
മർത്ത്യർ ചിത്തംമാനസാന്തരേ-വരുത്തീടേണമേ- പ്രതി

കൌമാ: തന്റെ...പെസഹായാലെ.......(പുറം 77)

*കുർബ്ബാന ഉണ്ടെങ്കിൽ പട്ടക്കാരൻ "സകല ബുദ്ധിയേയും കവിയുന്ന" എന്നുള്ള ആശീർവ്വാദം പറഞ്ഞ് അവസാനിപ്പിക്കണം.*

(കുർബ്ബാന ഇല്ലെങ്കിൽ)

ഏവൻഗേലിയോൻ. മത്താ. 26: 1-16

വിശ്വാസപ്രമാണം (പുറം 29). പ്രസംഗം

ഹൂത്താമ്മാ (പുറം 30)

ആശീർവാദം

●

# വ്യാഴാഴ്ച സന്ധ്യയിലെ നമസ്കാരം

## പ്രാരംഭസ്തുതി

### കൌമാ

തന്റെ പീഡാനുഭവത്താലെ.......(പുറം 32)

 പ. ദൈവമായ കർത്താവേ, ഞങ്ങളുടെ ശരീരങ്ങളെ ശുചിത്വംകൊണ്ടും, ആത്മാക്കളെ വിശ്വാസംകൊണ്ടും ബോധങ്ങളെ ദൈവികവചനംകൊണ്ടും അലങ്കരിക്കണമേ. വിശുദ്ധ വിചാരങ്ങളോടും സുകൃതനടപടികളോടും, നിർമ്മലതയോടും, നിന്റെ സ്വർഗ്ഗീയ സിംഹാസനത്തോടു സമീപിപ്പാനും ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി ഉണ്ടായ നിന്റെ പീഡാനുഭവങ്ങളുടെ ഈ പെരുന്നാളിലും, ആയുഷ്കാലം മുഴുവനും ജീവൻ നൽകുന്ന തിരുശരീരരക്തങ്ങളിൽ പങ്കുകൊള്ളുവാനും ഞങ്ങളെ യോഗ്യതയുള്ളവരാക്കണമേ. ഹോശോ...

ജ. ആമേൻ.

### *എനിയാനാ*

പ. തിരുവിഷ്ടത്താൽ മനുഷ്യനായിത്തീരുകയും ഞങ്ങൾക്കായി കഷ്ടതയനുഭവിക്കയും ചെയ്ത ദൈവമേ...

ജ. ഞങ്ങളോടു കരുണ ചെയ്യണമേ.

 പ. രഹസ്യങ്ങളും ദൃഷ്ടാന്തങ്ങളും ഉപമകളും തന്നിൽതന്നെ നിവർത്തിച്ച ദൈവമേ...

ജ. ഞങ്ങളോടു...

പ. ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി കുറ്റക്കാരനെപ്പോലെ ന്യായവിസ്താര സ്ഥലത്തേക്കു കൊണ്ടുപോകപ്പെട്ട ദൈവമേ-

ജ. ഞങ്ങളോടു...

പ. രാജാക്കന്മാരും ന്യായാധിപന്മാരും തന്നെ കൊല്ലു വാൻചെയ്ത ആലോചനയ്ക്കു കീഴ്പ്പെട്ട ദൈവമേ-

ജ. ഞങ്ങളോടു...

പ. സകലത്തിന്റെയും ന്യായാധിപതിയായിരിക്കെ അന്യായ മായി വിധിക്കപ്പെട്ടവനായ ദൈവമേ-

ജ. ഞങ്ങളോടു...

പ. വഞ്ചകനായ ശിഷ്യനാൽ ആചാര്യന്മാർക്കു ഏല്പിക്ക പ്പെടുകയും അവരാൽ ക്രൂശിക്കപ്പെടുകയും ചെയ്ത ദൈവമേ-

ജ. ഞങ്ങളോടു...

## സങ്കീർത്തനം

കർത്താവേ നിന്നെ ഞാൻ നോക്കിവിളിച്ചു... (പു. 34)

പ. ഈ സന്ധ്യയിങ്കൽ സകല ദർശകന്മാരുടെയും രഹസ്യ ങ്ങളും ഉപമകളും നിവർത്തിയാകയും, മറവായിരുന്ന രഹ സ്യങ്ങൾ വെളിവാകുകയും ചെയ്തു.

ജ. എന്നെപ്പോലെ ഒരു പ്രവാചകനെ നിങ്ങളുടെ സഹോദര ന്മാരിൽ നിന്ന് കർത്താവു നിങ്ങൾക്ക് എഴുന്നേല്പിക്കും. അവനെ ചെവിക്കൊള്ളാത്ത ആത്മാവു തന്റെ ജന ത്തിന്റെ ഇടയിൽനിന്നു നശിച്ചുപോകും.

പ. ദൈവവും പ്രവാചകനും പുരോഹിതനും യാഗവും, കാഴ്ചയും കാഴ്ചഅണയ്ക്കുന്നവനും അതു കൈക്കൊള്ളുന്നവനും എല്ലാരഹസ്യങ്ങളുടെയും നിവൃത്തിയും ഇവനാകുന്നു.

ജ. ഈ സന്ധ്യയിങ്കൽ നമ്മുടെ കർത്താവ് മാളികയിൽവച്ച് പെസഹാഭക്ഷിച്ചു. താൻ ഭരമേല്പിച്ച രഹസ്യത്തിൽ ശിഷ്യൻമാർ ഇമ്പപ്പെടുകയും ചെയ്തു.

പ. കർത്താവ് അപ്പം എടുത്ത് അനുഗ്രഹിച്ചു മുറിച്ച്, ഇത് എന്റെ ശരീരം എന്നു അരുളിചെയ്തു. വീണ്ടും സ്തോത്രം ചെയ്തു ശുദ്ധീകരിച്ച്, ഇത് എന്റെ രക്തം എന്നും അരുളിചെയ്തു.

ജ. യജമാനനും ദാസന്മാരും ഭക്ഷിച്ചു സ്തുതിപാടി ഒലിവു മലയിലേക്കു പുറപ്പെടുകയും, അവിടെ വച്ച് അവർ ഉപദേശം കൈക്കൊള്ളുകയും ചെയ്തു.

## പ്രോമ്യോൻ

പ. നാമെല്ലാവരും പ്രാർത്ഥിച്ച്...

ജ. അനുഗ്രഹിക്കുന്നവനായ...

പ. സ്തുതിയും സ്തോത്രവും...

സ്വമനസ്സാ യാഗമായി തീർന്നവനും യാഗങ്ങൾ അർപ്പിക്കുന്ന പുരോഹിതനും, അവ കൈക്കൊള്ളുന്ന നാഥനും, ഇന്നെന്നപോലെ ഒരു സന്ധ്യയിൽ ദൃഷ്ടാന്തങ്ങളും ഉപമകളും നിറവേറ്റിയവനും, മർമ്മങ്ങൾക്കു മുദ്രയിട്ട വിസ്മയനീയനുമായ മ്ശിഹാതമ്പുരാന്, പ്രാർത്ഥനാശുശ്രൂഷയുടെ ഈ നേരത്തും ഞങ്ങളുടെ ആയുസ്സിന്റെ എല്ലാ ദിവസങ്ങളിലും സ്തുതിയും ബഹുമാനവും വന്ദനവും എന്നേക്കും യോഗ്യമായിരിക്കുന്നു. ഹോശോ–

ജ. ആമേൻ.

സെദറാ

പ. ഇഹലോകത്തിലേക്കു വരുന്ന എല്ലാ മനുഷ്യരെയും പ്രകാശിപ്പിക്കുന്ന നീതിസൂര്യനും,തന്റെ ദിവ്യജ്ഞാനത്തിന്റെ പ്രകാശത്താൽ സകലത്തെയും പ്രശോഭിപ്പിക്കുന്നവനും തന്റെ സൃഷ്ടിക്കു പ്രകാശം കൊടുപ്പാൻ കാലസമ്പൂർണ്ണതയിൽ ശരീരം ധരിച്ചവനുമായ മ്ശിഹാതമ്പുരാനേ, ന്യായപ്രമാണത്തിന്റെ അന്ത്യമായ ഈ പെസഹായുടെ സന്ധ്യയിൽ ന്യായപ്രമാണപ്രകാരമുള്ള സകലവും നിന്നിൽ നീ നിവർത്തിച്ചു. ഈ സന്ധ്യയിങ്കൽ എല്ലാറ്റിനെയും ആനന്ദിപ്പിക്കുന്ന പെസഹാ ആകുന്ന നീ, ശിഷ്യന്മാരോടൊന്നിച്ചു പെസഹാ ഭക്ഷിച്ചു. രണ്ടു നിയമങ്ങളുടെയും അതിർത്തിയായ ഈ സന്ധ്യയിൽ പഴയവ നീക്കിക്കളയുകയും, പുതിയവ ആരംഭിക്കുകയും ചെയ്തു. ഈ സന്ധ്യയിൽ ശിഷ്യന്മാരുടെ കാലുകൾ കഴുകിത്തുടച്ച് താഴ്മയുടെ മാതൃക നീ കാണിച്ചു കൊടുത്ത് ജീവൻ നൽകുന്ന ശരീരവും രക്തവും തൃക്കൈകൾ കൊണ്ട് ശിഷ്യൻമാർക്ക് ഭാഗിച്ചുകൊടുക്കയും പുതിയ ഉടമ്പടി സ്ഥിരപ്പെടുത്തുകയും ചെയ്തു. ഈ സന്ധ്യയിൽ വഞ്ചകനായ യൂദയുടെ നീചത്വം പരമാർത്ഥികളായ ശിഷ്യന്മാർക്ക് നീ വെളിപ്പെടുത്തി.

ഞങ്ങളുടെ കർത്താവായ യേശുമ്ശിഹായേ, ഈ സന്ധ്യയിൽ നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു. ഞങ്ങളെ ദുഖത്തിൽ നിന്നും അസൂയയിൽ നിന്നും ക്രോധത്തിൽനിന്നും സ്വതന്ത്രരാക്കണമേ. ഞങ്ങളുടെ വിചാരങ്ങളിൽനിന്നു വിദ്വേഷവും വഞ്ചനയും ദൂരീകരിച്ച് ദിവ്യോപദേശങ്ങളുടെ കതിരുകളാൽ ഞങ്ങളുടെ ബോധങ്ങളെ പ്രകാശിപ്പിക്കണമേ. അന്യോന്യസ്നേഹത്താൽ ഞങ്ങളുടെ ആത്മാക്കൾക്കു ദൈവീകമായ ബന്ധം അനു

ഭവമാക്കണമേ. ജീവൻ നൽകുന്ന നിന്റെ മേശയിൽ വിശുദ്ധിയോടെ സംബന്ധിക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമേ. അതിനാൽ ഞങ്ങൾ നിന്നിലും നീ ഞങ്ങളിലും സദാ വസിക്കുകയും, ദൈവിക കാന്തികൊണ്ട് ഞങ്ങൾ വിളങ്ങുകയും ചെയ്യുമാറാകണമേ! നിനക്കും പിതാവിനും പരിശുദ്ധറൂഹായ്ക്കും സ്തുതിയും ബഹുമാനവും വന്ദനവും ഞങ്ങൾ അർപ്പിച്ചുകൊള്ളുന്നു. ഹോശോ...

ജ. ആമേൻ.

*കുക്കായ*

മുശെയിൻനാളിൽ മെസറേനിൽ-യിസ്രായേല്യർ
പന്തിരുഗോത്രങ്ങൾ പെസഹാ-കുഞ്ഞാടിനെ ഭക്ഷിച്ചു
ഇന്നുസെഹിയോൻ-മാളികമുറിയിൽ
ദൈവകുഞ്ഞാടിൻ-പെസഹാബലിയായ്
പുതുനിയമത്തിൻ വിരുന്നിനെ-യിസ്രായേലിൻ
ഗോത്രങ്ങളിൽ നിന്നുള്ള-പന്തിരുശ്ളീഹന്മാർ
അനുഭവിച്ചവർ-ആനന്ദിച്ചല്ലോ
ഹാലേലുയ്യാ-ഉ-ഹാലേലുയ്യാ.

*ശുബഹാ*

ദൈവസുത കുഞ്ഞാടേ-ക്രിസ്തുനാഥാ!
തിരുസഭയാം മണവാട്ടിക്കു-ചിതമണവാളാ!
തവപിതൃമഹത്വ-രാജ്യമായതിൽ,
ഘോഷിച്ചീടും നിൻ-കല്യാണത്തിന്റെ
വിരുന്നിൻ വിശുദ്ധപന്തി-കളിൽ എല്ലാം ഞങ്ങൾ
ചേർന്നാനന്ദിച്ചീടുവാൻ-ഞങ്ങളെ യോഗ്യരാക്ക
ഹാലേലുയ്യാ-ഉ-ഹാലേലുയ്യാ
നാഥാ അനുഗ്രഹിച്ചെങ്ങളെ തുണയ്ക്കണമേ-

പ. ഞങ്ങളുടെ മ്ശിഹാതമ്പുരാനേ, നിന്റെ കരുണയോടു ഞങ്ങൾ യാചിച്ചുകൊള്ളുന്നു. പഴയനിയമത്തിന്റെ അവസാനവും പുതിയ നിയമത്തിന്റെ ആരംഭവുമായ ഈ പെരുനാൾ വിശുദ്ധിയോടെ കൊണ്ടാടുവാനും ഞങ്ങളുടെ ആത്മാക്കൾ തിരുശരീരരക്തങ്ങളാൽ ശക്തിപ്പെടുവാനും കൃപ ചെയ്യണമേ. ഞങ്ങളുടെ സർവലംഘനങ്ങൾക്കും, പരിഹാരവും, ആത്മാക്കൾക്കു ആശ്വാസവും നൽകണമേ. ഞങ്ങൾ നിനക്കും പിതാവിനും പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും അർപ്പിക്കുന്നു. ഹോശോ...

ജ. ആമേൻ.

*ബാത്തെദ് ഹാശാ*

1 ഞങ്ങൾക്കായ് ഏറ്റനിൻ-കഷ്ടത-താ-ഴ്ച
കർത്താ-വേ, വാഴ്ത്ത-പ്പെട്ടതാ-ക പ്രതി

2 വഞ്ചകദ്രോഹിയാം-യൂദാവിന്റെ
പാദങ്ങൾ നാഥാ-നീ കഴുകി,
സ്നേഹത്തോടെ-തുടച്ചെന്നാലും
അവനുള്ളിലിരുന്ന-ദ്രോഹമാം പാപം
ഒട്ടും കഴുക-പ്പെട്ടില്ലല്ലോ- പ്രതി

3 ആയതു പോലെ-ജലസ്നാനാദി
ബാഹ്യകർമ്മ-ആചാരത്താൽ,
പാപക്കറകൾ-നീങ്ങിച്ചിത്തം
ശുദ്ധമാകുന്നി-ല്ലെന്നടിയാരെ
നീ ഗ്രഹിപ്പിച്ച്-ശുദ്ധീകരിക്ക- പ്രതി

4 ദാസന്മാർ മേശ-യ്ക്കരികെ
രാജാവായോൻ-നിന്നവരെ,
ശുശ്രൂഷിച്ചതാം-ആരാത്രിയിലെ

ഭക്ഷണമെത്ര-മനോഹരം
എന്നു ഞങ്ങൾ-ചിന്തിച്ചീടുന്നു- പ്രതി

5 തളിപ്പീൻ രക്തം-ഹൃദയത്തിൽ
ലഭിക്കും രക്ഷാ-ഭാഗ്യം നൂനം
പുളിമാവിനെ-അകറ്റിൻവേഗം
ഇരിപ്പിൻ പന്തിയിൽ-പെസഹായെ നാം
ഭുജിക്കാം ഗമിക്കാം-കനാൻദേശേ- പ്രതി

6 ദൈവജനമേ-പ്രിയ സോദരരേ!
നമുക്കായ് തന്നെ-ബലിയായ് നൽകി
തന്റെ മാംസ-രക്തങ്ങളാലെ
നമ്മെ യോജി-പ്പിച്ച സുതനും
താതനും റൂഹായ്ക്കും-സ്തോത്രം പാടാം-

### *മാർ അപ്രേമിന്റെ ബാഊസാ*

1 ഞങ്ങൾക്കായതി കഷ്-ടതകൾ
ഏറ്റൊരുനാഥാ ഞങ്ങളെ നീ
അനുഗ്രഹിച്ചവയിൻ പങ്കും നിൻ
രാജ്യോഹരിയും നൽ-കേണമേ- പ്രതി

2 തൻകരതലമതിൽ വൻകടലെ
വഹിച്ചിരിക്കുന്ന ദൈവസുതൻ
ശിഷ്യരിൻ പാദങ്ങൾ കഴുകിടുവാൻ
തൊട്ടിയിൽ വെള്ളമെടുത്തതും
തേജസ്സങ്കിയായ് ഉടുത്തിടുവോൻ
ഉറുമാൽ അരയിൽ ചുറ്റിയതും
ദഹിപ്പിക്കും തീജ്വാലയായോൻ
ശിഷ്യരിൻ മുമ്പിൽ കുനിയുന്നതും
അത്യുന്നതരാം ഈറേന്മാർ
കണ്ടവർ വിസ്മയി-ച്ചീ-ടു-ന്നു- പ്രതി

3 മിന്നലുടുത്ത സ്രാഫേന്മാർ
തന്മുഖശോഭയിലന്തിച്ച്
ചിറകാൽ മുഖങ്ങൾമൂടീടും

ദിവ്യജ്യോതിർമ്മയനാം താൻ
യോനാസുതനാം ശെമഓന്റെ
മുൻപിൽ തലകുനിച്ചീടുവത്
സ്രാഫഗണങ്ങൾ കണ്ടിട്ട്
ആയവരേറ്റം ഭ്ര-മി-ച്ചു. പ്രതി

4 ഞാൻ നിന്നെ കഴുകീടായ്കിൽ
നിനക്കെന്നോടോഹരിയേതും
ഇല്ലെന്നരുളീട്ടായവനെ കഴുകിശുദ്ധിച്ചെയ്തവനാം
സകലവിശുദ്ധിയിൻഉറവേ നീ-എന്നെകഴുകി വെളുപ്പിച്ച്
നിന്നുടെപന്തിയിലടിയാനും-ഓഹരി തന്നരുളീ-ടേ-ണമേ.
പ്രതി

5 നമസ്കാരം കേൾക്കുന്നവനേ-
യാചനകൾ നൽകുന്നവനേ
ഞങ്ങളിൻ പ്രാർത്ഥനകൾ കേട്ട്-
യാചനകൾനൽകീ-ടേ-ണമേ. പ്രതി

ഞങ്ങളുടെ കർത്താവായ യേശുമ്ശിഹായേ...(പുറം 16)
കൌമ്മാ-തന്റെ പീഡാനുഭവത്താലെ...(പുറം 32)

## പാഠംവായന

1-ാം പാഠം ഉല്പ 22: 1-14
2-ാം പാഠം എബ്രാ. 5: 1-11

## സൂത്താറ അപേക്ഷ

പ. സത്യവും പരിപൂർണ്ണമായ സ്നേഹവും താൻ മാത്രമായിരിക്കുന്നവനും മനുഷ്യരോടുള്ള തന്റെ സ്നേഹത്താൽ സ്വർഗ്ഗത്തിൽനിന്നിറങ്ങിവന്നു ഭൂമിയിൽ വ്യാപരിച്ചവനും, തന്റെ ക്നൂമ്മായാൽ വിനയവും പൂർണ്ണതയിലേക്കുള്ള നേർപാതയും കാണിച്ചുതന്നവനും തന്റെ നിത്യശക്തിയാൽ സകലത്തേയും ഉളവാക്കിയവനും തന്റെ വചനത്താൽ അവയെ യഥാസ്ഥാനപ്പെടുത്തിയിരിക്കുന്നവനും,

വിശുദ്ധിയുടെയും ജീവന്റെയും ദാതാവുമായ ഞങ്ങളുടെ ദൈവമായ മ്ശിഹായേ, നിന്റെ ശിഷ്യന്മാരോടുകൂടെ വിരുന്നു കഴിച്ച ആ മാളികയിൽവച്ചു, ദൃഷ്ടാന്തപൂർവം താഴ്മയുടെ ഉപദേശം അവർക്കു കൊടുക്കുന്നതിനായി അത്താഴത്തിൽ നിന്നു എഴുന്നേറ്റു അരയിൽ തൂവാല കെട്ടി പാത്രത്തിൽ വെള്ളം എടുത്ത് അവരുടെ പാദങ്ങൾ കഴുകി. കർത്താവേ, ഇപ്രകാരം ഞങ്ങളും സ്നേഹത്തിന്റെ ഐക്യത്തോടും നിഷ്ക്കപടമായ വിനയത്തോടും കൂടെ അന്യോന്യം ശുശ്രൂഷചെയ്യുവാൻ ഞങ്ങളെ അഭ്യസിപ്പിക്കണമേ. ആത്മാവിന്റെ സകല മലിനതയിൽ നിന്നും ഞങ്ങളെ കഴുകണമേ. സകല കയ്പും ക്രോധവും അസൂയയും ഈർഷ്യയും, ദുർവാശിയും, ഭിന്നതയും വ്യാജസംസാരവും, സകല ദുർവ്യാപാരവും ഞങ്ങളിൽ നിന്നു അകറ്റിക്കളയണമേ. കർത്താവേ, നിന്റെ പെരുനാളിന്റെ സന്തോഷത്തിൽ ഞങ്ങൾ ഇമ്പപ്പെടുകയും നിന്റെ സുവിശഷത്തിന്റെ ഫലങ്ങളാൽ ഞങ്ങൾ തൃപ്തിപ്പെടുകയും ചെയ്തു കൊണ്ട് നിനക്കും പിതാവിനും പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും അർപ്പിച്ചുകൊള്ളുന്നു.

ഹോശോ...

ജ. ആമേൻ

### കുക്കായ

പെസഹാനാൾ സന്ധ്യയിലേശു-സെഹിയോൻ മാ-ളികയിൽ:
ശിഷ്യരോടൊരുമിച്ചന്ത്യ-പെസഹാ ഭുജിച്ചിടുമ്പോൾ

അപ്പമൊന്നെടുത്തു-വാഴ്ത്തീട്ടങ്ങുടനെ
ദ്രാക്ഷാരസവും-സ്തോത്രം ചെയ്തവർക്കായ്

സുക്ഷ്മതയോടനുഭവിച്ചീടുവാൻ-കൊടുത്തതിൻ പിന്നാലെ
എൻമരണം ഇങ്ങനെനിങ്ങൾ-ഞാൻവരും വരെയോർത്തീടുവിൻ

ഹാലേലുയ്യാ എന്നരുളീ നാഥൻ.

### *ശുബഹാ*

ഈശോ! നാഥാ! ലോകത്തിൻ-പാപം ചുമന്നോനെ
ഊനമില്ലാ ദൈവകുഞ്ഞാടേ-സ്തുതിനിനക്കെന്നേക്കും
ഈ രാത്രിയിൽ നീ-ഗതസമനതോപ്പിൽ
അനവധിവ്യഥകൾ-സഹിച്ചും നിണം വിയർത്തും
"അബ്ബാതാതാ എന്നിൽ നി-ന്നകറ്റണമീക്കാസാ"
എൻ പാപങ്ങൾ നീ ചുമന്നി-ട്ടീവണ്ണം കരഞ്ഞയ്യോ
ഹാലേലുയ്യാ-നിന്നുടെ വ്യഥയിങ്കൽ.

### *ബാത്തെദ് ഹാശാ*

1 ഞങ്ങൾക്കായ് ഏറ്റ നിൻ-കഷ്ടതതാ-ഴ്ച
കർത്താവേ, വാഴ്-ത്തപ്പെട്ടതാ-ക- പ്രതി

2 കർത്താധികർത്താവാം-മശിഹായ്ക്കായി
പെസഹാവിരുന്നു-ഒരുക്കി ശിഷ്യർ
വെളിപ്പാടാലും മർമ്മങ്ങളാലും
നിബിയന്മാർ ചൊന്നാ-സാദൃശമെല്ലാം
തന്നിൽതന്നെ-നിറവേറ്റീ-ടുന്നു പ്രതി

3 അത്യുന്നതന്റെ-വാത്സലജാതൻ
മന്നിടത്തിൽ-ദാസനായി:
മൺമയരായോർ-മുൻപിൽ നിന്നു,
ഭക്ഷണനേരം-ശിഷ്യർപാദം-
ദാസനെപ്പോലെ-കഴുകിടി-നാൻ പ്രതി

4 സ്നേഹം വിനയം-ശിഷ്യർക്കെല്ലാം-
മാതൃകയാക്കി-കാണിച്ചൊടുവിൽ,
പുതിയൊരുനിയമം-ഏൽപിച്ചശേഷം
ഇതുപോൽ നിങ്ങൾ-എൻമരണത്തെ
ഓർത്തിടുവിനെ-ന്നരുളിച്ചെയ്താ-ൻ! പ്രതി

5 നിങ്ങളിലൊരുവൻ യൂദർക്കെന്നെ-
ഏല്പിച്ചീടുമെന്ന-രുളിയനേരം
വലഭാഗസുതരാം-ശിഷ്യഗണങ്ങൾ
ഈ സന്ധ്യയിങ്കൽ-ദുഃഖക്കടലിൽ-
മുഴുകീട്ടയ്യോ-വിലപിച്ചീ-ടുന്നു പ്രതി

6 എന്നുടെ ദേഹം-നിങ്ങൾക്കായ് ഞാൻ
അർപ്പിക്കുന്നു-ബലിയായ് ക്രൂശിൽ,
പാപവിമോചന-മതിനെൻ രക്തം
ചിന്തിടുന്നു-സകലർക്കുമായി,
ഭുജിപ്പീൻ കുടിപ്പീൻ-ഞാൻ വരുവോ-ളം- പ്രതി

7 പൈശാചികനെ-ഓടിച്ചെന്നെ
വിടുവിച്ചവനാം-സ്നേഹക്കടലേ
നിയെൻ പെസഹ-ഞാൻ നിന്നടിമ
ജീവിതകാലം-മുഴുവൻ നിന്നെ-
സേവിപ്പാനായ്-കൃപയരുളേണമേ. പ്രതി

## 91-ാം സങ്കീർത്തനം (പുറം 38)

*മാർ അപ്രേമിന്റെ ബാഊസാ*

1 ഞങ്ങൾക്കായതി കഷ്ടതകൾ
ഏറ്റൊരു നാഥാ ഞങ്ങളെ നീ
അനുഗ്രഹീച്ചവയിൻ പങ്കും നിൻ
രാജ്യോഹരിയും നൽ-കേണമേ പ്രതി

2 മന്നാപൊഴിയും പാളയത്തിൽ-
മന്നാമന്നാ എന്നിസ്രായേൽ
ശക്തന്മാരുടെ പോഷണമെ-
ന്നുല്ലാസത്തോടു ചൊല്ലുന്നു.
ഭുജിക്കുന്നവരുടെ വായിലതു-
രുചിക്കുന്നു തേൻകട്ടയെക്കാൾ
പുതുതായുള്ളോരുബലമവർക്ക്-
ലഭിക്കുന്നു വഴിയാത്രയ്ക്ക്
പിറുപിറുപ്പില്ലാതപ്പൊഴവർ
നടക്കുന്നു മരുഭൂമിയതിൽ
പാറപിളർന്നു നദിക്കുസമം
ജലമവരുടെ പിമ്പൊഴുകുകയാൽ
പാനംചെയ്തവരതിൽനിന്ന്-
അടിമയിൻ വിടുതലെന്താ-ശ്ച-ര്യം പ്രതി

3 സാത്താന്റടിമയിൻ-നുകമതിനെ
ത്തകർത്തെങ്ങളെ വീണ്ടെടുത്തോനേ
സ്വർഗ്ഗത്തിൽ നിന്നയച്ച മഹാ-
ജീവാഹാരമാം മന്നായേ!
എന്തൊരുമർമ്മം നിന്നിലെങ്ങൾ
കാണുന്നു നിൻ മേശതന്നിൽ
നല്ലവൻ നീ താനെന്നടിയാർ
രുചിച്ചറിയുന്നേൻ മനുവേലാ!
പുതുബലം നിന്നാൽലഭിക്കുന്നു
പിറുപിറുപ്പെല്ലാം അ-കലു-ന്നു പ്രതി

4 കൃപയിൻ നദിയിൽ നിന്നടിയാർ
കുളിക്കുന്നു വെടിപ്പാർന്നിടാൻ,
പോഷിപ്പാൻ കുടിച്ചീടുന്നു.
വിടുതലിൻഭാഗ്യം ലഭിക്കുന്നു.
രക്ഷയിൻമോദം തന്നെങ്ങളെ
ഇക്ഷിതിയിൽ നടത്തീടണമേ
നിനക്കും താതനും റൂഹായ്ക്കും,
സ്തുതിയുണ്ടാകട്ടെ-ന്നേ-ക്കും പ്രതി

121-ാം സങ്കീർത്തനം (പുറം 38)

ശയനനമസ്കാരം (പുറം 35)

അപേക്ഷ (പുറം 40)

കൌമ്മാ. തന്റെ പീഡാനുഭവത്താലെ... (പുറം 32)

ഏവൻഗേലിയോൻ. മത്താ. 26:14-46

വിശ്വാസപ്രമാണം (പുറം 29) പ്രസംഗം

ഹൂത്താമ്മാ (പുറം 30)

ആശീർവാദം. (പുറം 31)

# വെള്ളിയാഴ്ച കാലത്തെ നമസ്കാരം

## ഒന്നാം ഭാഗം

## പ്രാരംഭസ്തുതി

### കൌമാ

തന്റെ ന്യായവിസ്താരത്താലെ-ഞങ്ങളുടെ ശിക്ഷാവിധി മായിച്ച മ്ശിഹാതമ്പുരാനേ,-നിന്റെ ന്യായവിസ്താരത്തിൽ ഞങ്ങളെ പ്രവേശിപ്പിക്കയും-ഞങ്ങളുടെ കുറ്റങ്ങൾ ഞങ്ങളോടു് ഓർക്കുകയും അരുതേ. (പുറം 32)

109-ാം സങ്കീർത്തനം 1-5, 21-31

(എത്തഈൗർ ആഹായ്.........രീതി)

(കുമ്പിടുന്നില്ല)

1 മനുസുതനായൊരുദൈവസുതൻ-ഈരാത്രിയിൽദുഷ്ടന്മാർ
കയ്യിലേല്പിക്കപ്പെട്ടതിനെ-ധ്യാനിച്ചവനെകുമ്പിടുവിൻ

2 മരണത്തോളം എൻദേഹി-അതിദുഃഖത്തി-ൽ മരുവുന്നു
ഞാൻ പ്രാർത്ഥിച്ചെത്തുവോളം.....നിങ്ങൾ എനിക്കായ്
പാർ-ത്തീ-ടീൻ

3 ഉറക്കമില്ലാത്തൊരുണർവ്വുള്ളോൻ ഇന്നുറക്കൊഴിഞ്ഞു
പ്രാർത്ഥിച്ചു
മരണക്കാസാ തന്നിൽനി-ന്നകറ്റുവാനായിയാ-ചിച്ചു-

4 ഈ രാത്രിയിൽ യൂദന്മാർ-തങ്ങളുടെ നാ-ടതിലെല്ലാം
നന്മചെയ്തു സഞ്ചരിച്ച-യേശുവെപിടിപ്പാൻപു-റപ്പെട്ടു-

5 കൂട്ടം കൂട്ടമായവർ-വാളുകൾ വടികളുമായി
കള്ളന്റെനേരെ എന്നപോൽ-യേശുവിന്നെതിരെ
-ചെ-ന്ന-ല്ലോ.

6 ശാപഗ്രസ്തരാം യൂദൻമാർ-കർത്തൻമുമ്പിൽ-തലകുലുക്കി
യൂദരിൻരാജാ വാണിടുക!-എന്നപഹസിച്ചുഘോഷി-ച്ചാർ.

7 ശിമയോൻസ്കീപ്പാമ്ശിഹായെ അറിയുന്നില്ലെന്നാണ
യോടെ
തള്ളിയതോർത്തവൻ മുറയിട്ടു-മുറയിട്ടിടാത്തൊരാ-രുള്ളു

8 മ്ശിഹാകുറ്റക്കാരനെപ്പോൽ-ന്യായസ്ഥലത്തിൽ-നിന്നല്ലോ
പാപത്തിൻദാസരെ വിടുവിപ്പാൻ-ദാസരിൽ-നിന്നടി
താ-നേ-റ്റു.

9 തന്നുടെ ക്രുശതിലാശ്രയിക്കും-പാപികൾക്കൊ-ക്കെ-
രക്ഷയും
തന്നെ ക്രൂശിൽതറച്ചീടും-ദുഷ്ടർക്കു ശിക്ഷയുമു
-ണ്ടാ-കും

### *എനിയാന*

പ. സർവ്വലോകത്തിന്റെയും ന്യായാധിപതി ആയിരിക്കെ ഞങ്ങളുടെ ശിക്ഷാവിധി അഴിപ്പാൻ അക്രമികളാൽ വിധിക്കപ്പെട്ട മ്ശിഹാതമ്പുരാനേ-

ജ. നീ ന്യായം വിസ്തരിക്കുന്ന ദിവസത്തിൽ ദയതോന്നി ഞങ്ങളോടു കരുണ ചെയ്യണമേ.

പ. പാപബന്ധനത്തിൽനിന്നും വീഴ്ചയിൽനിന്നും വിഗ്രഹാരാധനയിൽ നിന്നും ഞങ്ങളെ വീണ്ടുകൊൾവാൻ കയ്യാഫായുടെ മുൻപാകെ വിസ്തരിക്കപ്പെട്ട മ്ശിഹാതമ്പുരാനേ-

ജ. നീ ന്യായം വിസ്തരിക്കുന്ന...

പ. അധികാരികളുടെ അധികാരിയും ന്യായാധിപതികളുടെ ന്യായാധിപതിയും താൻ ആയിരിക്കെ, കുറ്റക്കാരനെപ്പോലെ പുഴുവായ പീലാത്തോസിനാൽ വിസ്തരിക്കപ്പെട്ട മ്ശിഹാതമ്പുരാനേ-

ജ. നീ ന്യായം വിസ്തരിക്കുന്ന...

പ. രാജാധിരാജാവും കർത്താധികർത്താവും താനായിരിക്കെ, തന്റെ സൃഷ്ടിയും ദാസനുമായ ഹെരോദാവിനാൽ വിസ്തരിക്കപ്പെട്ട മ്ശിഹാതമ്പുരാനേ...

ജ. നീ ന്യായം വിസ്തരിക്കുന്ന...

പ. സെഹിയോൻ മലമേൽ ക്രൂശിക്കപ്പെട്ടവനും, തന്റെ സ്ലീബായാൽ മനുഷ്യവർഗ്ഗത്തിനു രക്ഷനൽകിയവനുമായ മ്ശിഹാതമ്പുരാനേ...

ജ. നീ ന്യായം വിസ്തരിക്കുന്ന...

പ. ഗാഗുൽത്തായിൽവച്ചു കുരിശിന്മേൽ കിടന്ന് ഉച്ചത്തിൽ നിലവിളിച്ചവനും, ജീവനുള്ള തന്റെ ശബ്ദത്താൽ തന്റെ സൃഷ്ടികളെ ഇളക്കിയവനുമായ മ്ശിഹാതമ്പുരാനേ...

ജ. നീ ന്യായം വിസ്തരിക്കുന്ന...

## അപേക്ഷ

പ. ദൈവമായ കർത്താവേ, ജീവനുള്ളതും ജീവനുണ്ടാക്കുന്നതുമായ നിന്റെ പീഡാനുഭവത്തിൽ ഞങ്ങൾ പങ്കാളികളായി ആത്മാവിലും സത്യത്തിലും കഴിക്കുന്ന നിത്യാരാധനയായി അതു് കൊണ്ടാടുവാൻ ഞങ്ങളെ യോഗ്യരാക്കേണമേ. ഞങ്ങളുടെ രക്ഷയ്ക്കായി ഇന്നെന്നപോലെ ഒരു ദിവസം കുറ്റക്കാരനെപ്പോലെ ന്യായവിസ്താരസ്ഥലത്തേക്ക് ആനയിക്കപ്പെടുകയും ദാസനാൽ ചെകിട്ടത്ത് അടി ഏല്ക്കുകയും ഞങ്ങൾക്കുവേണ്ടി കുരിശിൽ മരിച്ച് പാപത്തിനു അടിമപ്പെട്ടവരായ ഞങ്ങളെ വിടുവിക്കയും ചെയ്ത മ്ശിഹാതമ്പുരാനേ, വിശുദ്ധ വിചാരങ്ങളാലും ദൈവികനടപടികളാലും സത്യവിശ്വാസത്തോടുകൂടെ നിന്റെ കുരിശിൻ ചുവട്ടിൽ തൃപ്പാദങ്ങൾ ചുംബിച്ചു വന്ദി

പ്പാനും പാപമോചനം പ്രാപിപ്പാനും, ഞങ്ങളുടെ ആയുഷ്കാലം മുഴുവനും നിന്നിൽ ശരണം പ്രാപിച്ച് സമാധാനത്തോടെ ജീവിപ്പാനും ഞങ്ങൾക്കു കൃപ നൽകണമേ. ഈ പെരുന്നാൾ ഘോഷിക്കുന്ന തിരുസഭയെ വഞ്ചനകളിൽ നിന്നും വീണ്ടുകൊള്ളണമേ. നിനക്കു സ്തുതിയും ബഹുമാനവും ആധിപത്യവും എന്നേക്കും യോഗ്യമായിരിക്കുന്നു. ഹോശോ...

ജ. ആമേൻ

*സുഗിസാ* (ഹക്തിലു-രാഗം)

('മനസ്സോടെ മരണം പ്രാപിച്ചുയർപ്പിൻ'-എന്നരീതി )

1 ലോകരക്ഷയ്ക്കായ്-മരത്തിൽ മരിച്ച
ജീവദേവ! നിത്യം-സ്തുതിനിനക്കാമേൻ

2 നിന്നെ അവർ വിസ്ത-രിച്ചു വിധിച്ചു
കോൽകൊണ്ടടിച്ചു-അപഹസിച്ചു.

3 സകലർക്കും ദീപം-അരുളും സൂര്യനാം
നിന്നെ തടവിൽ-ആയവരടച്ചു.

4 ഊമനെപ്പോലെ-മൗനമായ് നിൽക്കെ
ഒരു വേഴക്കോലാൽ-അടിച്ചവർ നിന്നെ

5 രക്ഷകനസൂയ-യാൽ വിധിയേറ്റു
ദുഷ്ടർ തങ്ങളുടെ-നാഥനെക്കൊന്നു.

6 തുരുമ്പാകും നരൻ-ന്യായാസനമേറി
അഗ്നിജ്വാലയാം-അവനെ വിധിച്ചു.

7 ഇടയനാകും നീ- അടിയേറ്റനേരം
സഖികളാമാടുകൾ-ചിതറിപ്പോയി

8 താളടിയാം നരൻ-ഉഗ്രജ്വാലയാം
നിന്നെ ബന്ധിച്ചു-നിൻക്ഷമയാശ്ചര്യം!

9 ബലവാനാം, നിന്നെ-ഇട്ടവർ തടവിൽ
ബലഹീനരാർത്തു-കുരിശുണ്ടാക്കി

10 ഉന്നതത്തിലീറേ-യരെ വിട്ടിറങ്ങി-
മൃതനായ് തീർന്നവനാം, പുത്രനുസ്തോത്രം

11 വന്ദ്യപിതൃസുതനാം-ഈശോ നിൻകഷ്ട-
പ്പാടാൽ ലോകം നീ-വീണ്ടതാൽ സ്തോത്രം!

## ഒന്നാം പ്രോമ്യോൻ

പ. നാം എല്ലാവരും പ്രാർത്ഥിച്ച്...

ജ. അനുഗ്രഹിക്കുന്നവനായ കർത്താവേ-

 പ. സ്തുതിയും സ്തോത്രവും...

ന്യായവിസ്താരത്തിനായി സ്വമനസാ ആനയിക്കപ്പെടുകയും, രോമം കത്രിക്കുന്നവന്റെ മുമ്പിൽ പെണ്ണാടുപോലെ ന്യായാധിപനായ പീലാത്തോസിന്റെ മുമ്പിൽ മൗനമായി നിൽക്കുകയും, നികൃഷ്ടന്മാരാൽ അന്യായമായി മരണശിക്ഷയ്ക്കു വിധിക്കപ്പെടുകയും, തന്റെ കൃപയാൽ പാപശിക്ഷയിൽ നിന്ന് നമുക്കു വിടുതൽ നൽകുകയും ചെയ്ത മഹോന്നതനായ മ്ശിഹാതമ്പുരാനു, പ്രാർത്ഥനാ ശുശ്രൂഷയുടെ ഈ നേരത്തും നമ്മുടെ ആയുഷ്കാലമൊക്കെയും സ്തുതിയും ബഹുമാനവും വന്ദനവും യോഗ്യമായിരിക്കുന്നു. ഹോശോ...

ജ. ആമേൻ.

## സെദറാ

യുഗങ്ങൾക്കു മുൻപെ പിതാവിൽനിന്നു ജനിച്ചവനും കാലസമ്പൂർണ്ണതയിൽ വിശുദ്ധ കന്യക മറിയാമ്മിൽ നിന്നു ജഡം ധരിച്ചവനുമായ വചനം പ്രവചനങ്ങളും ഉപമകളും തിരുമേനിയിൽ നിവൃത്തിച്ചു. തലമുറകൾക്കു മറഞ്ഞിരുന്ന രഹസ്യം ഭൂലോകമദ്ധ്യത്തിൽ വെളിപ്പെട്ടു. സ്വർഗ്ഗീയ സൈന്യങ്ങളിൽ ഭയഭക്തിപൂർവം സ്തുതിക്ക

പ്പെടുന്നവൻ, നികൃഷ്ട മനുഷ്യരാൽ അപമാനിക്കപ്പെട്ടു. മഹത്വമുള്ളവനെ വർണ്ണിക്കുവാൻ ആകാശവും ലഘു വായിരിക്കെ അവർ അവന്റെ മുഖത്തു തുപ്പി ചമ്മട്ടികൊണ്ടടിച്ചു. ന്യായാധിപതികളുടെ ന്യായാധിപതി ഇന്ന് ന്യായം വിസ്തരിക്കപ്പെട്ടു. വസ്ത്രം പോലെ ആകാശം വിരിക്കുകയും വെള്ളത്തിന് മീതെ ഭൂമിയെ സ്ഥാപിക്കയും ചെയ്തവനെ ന്യായാധിപനായ പീലാത്തോസ് കുറ്റം വിധിച്ചു.

അത്യുന്നതങ്ങളിൽ ഈറേന്മാർ തന്നെ കണ്ടു വിറയ്ക്കുന്നു. താഴെ ഭൂമിയിലുള്ളവർ തന്നെ പരിഹസിക്കുന്നു. മഹോന്നതങ്ങളിൽ ക്രോബേന്മാർ തന്നെ വാഴ്ത്തുന്നു. താഴെ ഭൂമിയിൽ ദുഷ്ടന്മാർ അവനെ അപമാനിക്കുന്നു. മഹോന്നതങ്ങളിൽ സ്രാഫേന്മാർ തന്റെ വിശുദ്ധിയെ വർണ്ണിക്കുന്നു; താഴെ ഭൂമിയിൽ വഞ്ചകന്മാർ തന്നെ പഴിക്കുന്നു. മഹോന്നതങ്ങളിൽ പ്രകാശം ധരിച്ചിരിക്കുന്നവനെ താഴെയുള്ളവർ നിന്ദയുടെ വസ്ത്രം ധരിപ്പിച്ചു. മഹോന്നതങ്ങളിൽ തന്റെ പിതാവിനോടു കൂടെ സ്തുതിക്കപ്പെടുന്നവൻ താഴെ അക്രമികളുടെ കൂട്ടത്തിൽ എണ്ണപ്പെട്ടു. മഹോന്നതങ്ങളിൽ അധികാരികളെ കിരീടം ധരിപ്പിക്കുന്നവനെ താഴെ മുൾക്കിരീടം ധരിപ്പിച്ചു. മഹോന്നതങ്ങളിൽ പിതാവിനോടും റൂഹായോടും കൂടെ മഹിമാസമ്പൂർണ്ണനായിരിക്കുന്നവനെ താഴെ കള്ളന്മാരുടെ മദ്ധ്യേ കുരിശിൽ തറച്ചു. മഹോന്നതങ്ങളിൽ മാറായിലെ കയ്പുവെള്ളത്തെ മധുരമാക്കിയവന്, ഭൂമിയിൽ കയ്പു കാടി നീട്ടിക്കൊടുത്തു. മഹോന്നതങ്ങളിൽ ആദാമിൽ ജീവാത്മാവു ഊതിയവൻ താഴെ ഭൂമിയിൽ ആദാമ്യ വർഗ്ഗത്തിനുവേണ്ടി തന്റെ ജീവനെ അർപ്പിച്ചു.

അതുകൊണ്ട് കർത്താവേ, ഞങ്ങൾ കൃതജ്ഞരായി നിന്നോടു പ്രാർത്ഥിക്കുന്നു. ഞങ്ങൾക്കുവേണ്ടി ശരീരത്തിൽ കഷ്ടതയേറ്റതുകൊണ്ട് നിനക്കു സ്തുതി, നീ മരിച്ചു ഞങ്ങളെ ജീവിപ്പിച്ചതുകൊണ്ട് നിനക്കു സ്തുതി. നീ മഹിമയോടുകൂടെ ജീവിച്ചെഴുന്നേറ്റു ഞങ്ങളെ പിതാവിന്റെ അടുക്കലേക്കു കയറ്റിയതു കൊണ്ട് നിനക്കു സ്തുതി, നിന്റെ മനുഷ്യത്വത്തെ ഞങ്ങൾ ഏറ്റുപറയുകയും നിന്റെ ദൈവത്വത്തെ ഞങ്ങൾ പുകഴ്ത്തുകയും ചെയ്യുന്നു. സ്തുതിയും ബഹുമാനവും വന്ദനവും നിനക്കു യോഗ്യമായിരിക്കുന്നു. ഹോശോ...

ജ. ആമേൻ

*(എനാനാനുഹറാ രീതി)*

ആറാംനാ-ളതിരാവിലെ കർത്തൻ
പ്രീശരാൽ പീലാത്തോസിന്റെ
അരമനയിൽ ഏല്പിക്കപ്പെട്ട്
ഏറിയ പാടുകൾ പെട്ടവിടെ
യൂദരിൻ ദുഷിവാക്കനവധിയും
സേവകരടിയിടിയസംഖ്യമായും
പാതകർ കയ്യിൽ പാതകൻപോൽ
പീഡയും സഹിച്ചു പിൻതൂക്കിടുവാൻ
ദുഷ്ടരിൻ വിധിയെ കയ്യേറ്റു-ബാറെക്മാർ

*ശുബഹാ*

യേശുവെ-നീ എൻ പാപം മൂലം
നീചരിൻ കയ്യിൽ അകപ്പെട്ടു
ഈശനേ നീ-രാത്രിമുഴുവൻ
യൂദരാൽ അനവധി പാടുകൾക്കും
വാശിയോടവരുടെ അടികൾക്കും
ശേഷിയറ്റവൻപോൽ മനസ്സോടെ
നിന്നെ നീ-വിട്ടുകൊടുത്തതിനാൽ
നന്ദിയോടെ സ്തുതി നിനക്കെങ്ങൾ
ചൊല്ലി തിരുമുൻ കുമ്പിടുന്നു

## എത്രാ

പ. മരത്തിന്മേൽ യാഗമായി അർപ്പിക്കപ്പെട്ടവനേ, നിനക്കു സ്തുതി. തിരുസഭയെ പാപത്തിന്റെ കുഴിയിൽനിന്നും അശുദ്ധബലികളിൽനിന്നും ഭക്തിഹീനമായ ദുഷ്കൃത്യങ്ങളിൽനിന്നും രക്ഷിച്ചവൻ നീയാകുന്നു. നിന്റെ രക്തത്താൽ ഞങ്ങൾ നാശത്തിൽനിന്നും മരണത്തിൽനിന്നും രക്ഷിക്കപ്പെട്ടു. കർത്താവേ, നീ തന്നെ ഞങ്ങളുടെ രക്ഷകനാകയാൽ നിന്റെ കുരിശിനെ വന്ദിച്ചു നിന്റെ പീഡാനുഭവങ്ങളിൽ ഞങ്ങൾ ആശ്രയിക്കുന്നു. ബലഹീനരായ ഞങ്ങളുടെ പ്രാർത്ഥനകൾ കൈക്കൊണ്ട് ഉത്തരമരുളണമേ. നിനക്കു സ്തുതിയും ബഹുമാനവും യോഗ്യമായിരിക്കുന്നു. ഹോശോ...

ജ. ആമേൻ

## *ബാത്തെദ് ഹാശാ*

1 ഞങ്ങൾക്കായ് ഏറ്റ നിൻ-കഷ്ട-തവി-നയം
കർത്താവേ, വാഴ്ത്തപ്പെട്ടതാ-ക- പ്രതി

2 അവരിലൊരുവൻ തന്നെ-ദുഷ്ട
യൂദർ കയ്യിൽ-ഏല്പിച്ചീടും
എന്ന രഹസ്യം-താൻ ശിഷ്യർക്ക്
വെളിവാക്കവേ-അവരേറ്റം കലങ്ങി-
അവനാരെന്നവർ ചോദി-ച്ചു. പ്രതി

3 എന്നോടുകൂടെ-കൈ-താലത്തിൽ
മുക്കുന്നവനും-അപ്പഖണ്ഡം,
മുക്കിയശേഷം ഞാൻ നൽകുന്നവനും:
ആയവൻതന്നേ-എന്നു നാഥൻ
ഉത്തരമവരോടരുളി-ച്ചെ-യ്തു. പ്രതി

4 തോട്ടം തന്നിൽ-വിലക്കപ്പെട്ട
വൃക്ഷക്കനി-പറിച്ച ഹവ്വാ
നിമിത്തം താനാ-രാത്രിതന്നിൽ
തോട്ടത്തിൽ വൃ ക്ഷങ്ങൾക്കിടയിൽ
യേശുനാഥൻ വീണുകേ-ണു പ്രതി

5 മരണവിഷഫലം കായ്ച്ചീടുന്ന
അറിവിൻവൃക്ഷത്തിനുപകരം
ജീവനേകും കനി കായ്ക്കുന്ന
ജീവവൃക്ഷ-മായ് നമ്മൾക്ക്
ക്രിസ്തുനാഥൻ-നൽക പ്പെ-ട്ടു. പ്രതി

6 സ്രാഫേന്മാരവർ-ചിറകടിച്ച്
ഭയത്തോടവനെ സ്തുതിച്ചീടുന്നു
മണ്ണിൻമക്കൾ ദുഷിക്കുന്നവനെ
സ്രാഫകൾ വിശുദ്ധൻ-ജനമോ അവനെ
ക്രൂശിക്കെന്ന-ങ്ങലറീടുന്നു. പ്രതി

7 തന്മേലേറ്റൊ-രടികൾ മൂലം
എൻമുറിവുകൾ-സുഖമാക്കുന്നു
തന്നുടെ ക്രൂശും-നിൻസമാധാനവും
വിണ്ണിലും മണ്ണിലും-ലോകമെങ്ങും
എന്നാളും ഇതു ഘോ-ഷിക്കു-ന്നു. പ്രതി

8 തന്റെരക്തം നിന്റെവ്യഥയെ-
ശാന്തമാക്കു-മെന്നരുളീടുന്നു.
നിൻമാലിന്യം-ശുചിയായീടും
നിൻമനസ്സാക്ഷി-വെൺമയേറും
ഹിമത്തോടൊപ്പം-വെടിപ്പാ-യി-ടും. പ്രതി

## *മാർ യാക്കോബിന്റെ ബാഊസാ*

1 കഷ്ടതസ്കീ-പ്പാ മരണം സഹിപ്പാൻ-വന്നമ്ശിഹാ
പ്രാർത്ഥനകേട്ടിങ്ങരുൾകനിൻകൃപയെ-ഞങ്ങളുടെമേൽ
പ്രതി

2 മ്ശിഹാ തോട്ടത്തിനുള്ളിൽ-ലോകപാപ-
ഭാരത്തിൻ കീഴിൽ പ്രാർത്ഥിച്ചീ-ടുന്നേരം
തന്നുടെ ഉറ്റശിഷ്യർപോലും-ആ പ്രാർത്ഥനയിൻ
വ്യാപാരമറിയാഞ്ഞായവരെല്ലാം-നിദ്രയിലാണ്ടു
ഏകനായി പ്രാർത്ഥനയിൽ ദുഷ്ടനോടു
താൻപോരാടി പിതൃബലത്താലെ-വിജയംനേ-ടി- പ്രതി

3 പ്രാർത്ഥനയിൽനിന്നു താന-ങ്ങെഴുന്നേറ്റിട്ട്
ശിഷ്യരരികിൽ വന്നു താനവരോ-ടരുളിചെയ്തു
മനുഷസുതനവനെക്കുറിച്ചെഴുത-പ്പെട്ടതുപോൽ
പോകുന്നെന്നെ ഒറ്റീടുന്നോൻ-അടുത്തിരിക്കുന്നു
എഴുന്നേല്പിൻ നമ്മുക്കുപോകാം-ഇപ്പോൾത-ന്നെ- പ്രതി

4 പ്രാർത്ഥന കേൾക്കുന്നവനും താതനു-സമദൈവവും
താനായിരിക്കെ ഞങ്ങളിലൊരുവ-നെന്നപോലെ
പ്രാർത്ഥിച്ച നിനക്കെന്നും സ്തോത്രം-ഉചിതമല്ലോ
നാഥാനിൻപ്രാർത്ഥനഞങ്ങൾക്കെന്നും-തുണചെയ്യട്ടെ-
പ്രതി

5 ദൈവത്തെപ്പോൽ പ്രാർത്ഥന താൻ കേൾക്കുന്നു
നരസുതനെപ്പോലെ താനും-പ്രാർത്ഥിച്ചീടുന്നു
പൂർണ്ണനരനും ദൈവവും താനെന്നുള്ളസത്യം
സ്പഷ്ടമാക്കി യതനിക്കെന്നും-സ്തുതി ഉണ്ടാകട്ടെ-പ്രതി

6 ഉത്തരമരുൾക അരുൾക ദേവാ അനുഗ്രഹിക്ക
മർത്ത്യർചിത്തം മാനസാന്തരേ-വരുത്തീടേ-ണമേ-പ്രതി

### കൌമാ

ന്യായവിസ്താരത്തിൽ തന്റെ ദാസനാൽ ദണ്ഡിപ്പിക്കപ്പെട്ട
മ്ശിഹാ തമ്പുരാനേ-നിന്റെ ന്യായവിസ്താരദിവസത്തിൽ
ദയതോന്നി-ഞങ്ങളോടു കരുണചെയ്യണമേ... (പുറ. 32)

**ഒന്നാംപാഠം** യെശയ്യ. 53.

### അപേക്ഷ

പ. നീതിമാനും കുറ്റമില്ലാത്തവനും ദുഷ്ടരാൽ വിധിക്കപ്പെടുവാൻ തിരുമനസ്സായവനും, രാജാധിരാജാവും കർത്താധികർത്താവുമായ മ്ശിഹാതമ്പുരാനേ, ഞങ്ങളോടു കരുണചെയ്തു ഞങ്ങളുടെ കടങ്ങളുടെ ചീട്ടുകളെ കീറിക്കളയണമേ. ആകൽക്കറുസായുടെ അടിമയിൽ നിന്ന് ഞങ്ങളെ വിടുവിച്ചു നിത്യജീവനു ഞങ്ങളെ അവകാശികളാക്കുകയും, അന്ത്യനാളിലെ ന്യായവിസ്താരത്തിൽ മുഖപ്രസാദവും വലത്തുഭാഗത്തുള്ള നിലയും ഞങ്ങൾക്കു നൽകുകയും ചെയ്യണമേ. എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരെ വന്നു ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശമാക്കിക്കൊൾവിൻ എന്നരുളിചെയ്യുന്ന ഇമ്പസ്വരം കേട്ടുകൊണ്ട് നിനക്കും പിതാവിനും വിശുദ്ധറൂഹായ്ക്കും സ്തുതിപാടുവാൻ ഞങ്ങളെ യോഗ്യരാക്കണമേ. ഹോശോ...

ജ. ആമേൻ

### *കുക്കായ*

വചനമാം ദൈവം ന്യായവിസ്താര-സ്ഥലത്തിൽ
കുഞ്ഞാടുപോൽ മൗനമായ്-നിന്നു ചെകിട്ടിൽ
    പടയാളികളാൽ-അടികൾ താനേറ്റു
    സ്രാഫേന്മാരോ-ഭയപ്പെട്ടവർ വിറച്ചു
ക്രോബകൾ മറഞ്ഞു രഥ ചക്രങ്ങൾ നിന്നു
മ്ശിഹാതാനവരോടരുളി-നിങ്ങൾ വിഷമിക്കായ്വിൻ
    എൻമനസ്സോടെ-ഞാനിവ സഹിക്കുന്നു.

### *ശുബഹാ*

മ്ശിഹാരാജൻ ന്യായവിസ്താര-സ്ഥലത്തിൽ നില്ക്കവേ
കയ്യാഫാതന്നോടു ചോദി-ച്ചധികാരത്തോടെ
    ദൈവത്താണ-ഞാൻ ചോദിച്ചിടുന്നേൻ
    ദൈവതനയൻ-മ്ശിഹാ നീ താനോ

മ്ശിഹായവനോടരുളിചെയ്താൻ-ഞാനവൻ തന്നെ
ദൂഷണമെന്നവൻ ചൊല്ലി-തൻവസ്ത്രം കീറി
ഹാലേലുയ്യാ-ഉ-ഹാലേലുയ്യാ

മാർ ബാലായുടെ അപേക്ഷ (പുറം 8)

എക്ബാ. സാരാംശത്തിൽ (പുറം 11)

*ബനിശാദ് മാർ അപ്രേം*

(നാഥർമാറാൻ-രീതി)

1 ആറാംനാൾ മശ്ശിലിലേശു-കൊലവിധി ഏറ്റീടുന്നു
യൂദരിൻകൂട്ടമെല്ലാം-മോദത്താൽ ചാഞ്ചാടുന്നു
ബറബാസിനെ വിട്ടി-ട്ടേശുവേ ക്രൂശിപ്പാനായ്
ചുവപ്പങ്കി ഇടുവിച്ചവർ-മുൾമുടി ശിരസിൽചൂടി.

2 സ്കീപ്പാതാൻ തോളിലേറ്റി ഹേമത്താൽ നടന്നീടുന്നു
ക്ഷീണത്താൽ വേച്ചും വീണും-നീതിമാൻ നടന്നീടുന്നു
ഗാഗുൽത്താമലയിൽ തന്നെ-ക്രൂശിപ്പാൻ നടത്തീടുന്നു
വീഥിയിൽ പുരുഷാരമെല്ലാം-കാൺമാനായ് ഓടീടുന്നു

3 നാരിമാരുടെകൂട്ടം-റാബോനിയെ കണ്ടവർ
മാറത്തടിച്ചലറികൊണ്ട്-പിന്നാലെ പോയീടുന്നു
യെരുശലേം പുത്രിമാരെ-എന്നെച്ചൊല്ലി കരയായ്‌വിൻ
വരുന്നോരു കോപദിനം-ഓർത്തു കരഞ്ഞീടുവിൻ

4 ആശ്വാസവാക്കിങ്ങനെ-അരുളീനാഥൻ അവരോട്
സ്കീപ്പായിൻഭാരംകൊണ്ടു-തിരുമേനി വാടീടുന്നു
അയ്യോ റാബോനി നിന്നോ-ടീവണ്ണം ചെയ്തതാരോ
എന്തൊരുകുറ്റം നിന്നിൽ-കണ്ടിസ്രേലിൽ പരിഷ?

5 കണ്ണില്ലാത്തവർക്കെല്ലാം-കാഴ്ചകൊടുത്തതാലൊ
ചെവികേൾക്കാത്തവർക്കെല്ലാം-കേൾവികൊടുത്തതാലൊ
മരണത്തിൽപെട്ടവരെ-ജീവിപ്പിച്ചതിനാലൊ
ഈവണ്ണം ചൊല്ലീട്ടവർ-പിന്നാലെ പോയീടുന്നു.

6 ആറാം നാൾ മൂന്നാംമണിയിൽ-സ്കീപ്പായിൽ തറച്ചവനെ
വാനം ഭൂമിമദ്ധ്യേയവൻ-തൂങ്ങുന്നു സ്കീപ്പാതന്നിൽ
സർവ്വഭൂതലമേ നോക്കി-രക്ഷയെ നേടിക്കൊൾക
എന്തൊരുകുറ്റമിവൻ-ചെയ്തിങ്ങനെ മരിപ്പാൻ.

പ. ത്രിത്വത്തിനു സ്തുതി... (പുറം 13)

മാലാഖമാരുടെ സ്തുതി (പുറം 13)

ഞങ്ങളുടെ കർത്താവായ... (പുറം 16)

കൌമാ

തന്നെ തള്ളിപ്പറഞ്ഞ ശിമോനോട്-അവന്റെ കുറ്റങ്ങൾ ക്ഷമിച്ച മ്ശിഹാതമ്പുരാനേ, നിന്നിൽ അഭയം പ്രാപിച്ചിരിക്കുന്ന ഞങ്ങളോട് കരുണചെയ്യണമേ. (പു. 32)

***രണ്ടാംപാഠം*** 1 പത്രൊ. 1

**രണ്ടാം പ്രോമ്യോൻ**

പ. നാം എല്ലാവരും പ്രാർത്ഥിച്ച്...

ജ. അനുഗ്രഹിക്കുന്നവനായ...

പ. സ്തുതിയും സ്തോത്രവും...

നമ്മെ രക്ഷിപ്പാൻ ഇറങ്ങിവരികയും തന്റെ പീഡാനുഭവങ്ങളാൽ നമ്മുടെ പീഡകൾ ഹനിക്കുകയും തന്റെ മരണത്താൽ നമ്മുടെ മരണത്തെ കൊല്ലുകയും ചെയ്തവനായ മ്ശിഹാതമ്പുരാനു, പ്രാർത്ഥനാശുശ്രൂഷയുടെ ഈ നേരത്തും നമ്മുടെ ആയുഷ്കാലമൊക്കെയും സ്തുതിയും ബഹുമാനവും വന്ദനവും യോഗ്യമായിരിക്കുന്നു, ഹോശോ...

ജ. ആമേൻ.

സെദറാ

പ. ആദ്യന്തരഹിതനായിരിക്കെ, ദൈവത്വവും മനുഷ്യത്വവും ഏകീഭവിച്ച് കാലാധീനനായിതീർന്ന സ്വയംഭൂവേ,

പുതിയനിയമത്തിന്റെ ആരംഭമായി നിന്റെ ശരീരം മുറിക്കയും, തിരുരക്തം ചൊരിയുകയും ചെയ്തതിനാൽ നിനക്കുസ്തുതി. ഇതാ നാഥൻ വേദനപ്പെടുന്നു. ഇതാ രാജാവ് ചമ്മട്ടികളാൽ അടിക്കപ്പെടുന്നു. ഇതാ ലോകാധിപൻ കുറ്റക്കാരനെപ്പോലെ ശിക്ഷയ്ക്കു വിധിക്കപ്പെടുന്നു. യൂദാ ഒറ്റിക്കൊടുക്കുന്നു. ദൈവപുത്രൻ ശരീരത്തിൽ കഷ്ടത സഹിക്കുന്നു. ആദാമിനെ ജയിച്ചവൻ തോൽക്കയില്ല എന്നുപറഞ്ഞു സാത്താൻ നിഗളിക്കുന്നു. യോഹന്നാൻ മഹത്തായ സ്നേഹത്താൽ യേശുവിനോടുകൂടി ആസ്ഥാന മണ്ഡപത്തിലേക്കു പ്രവേശിച്ച് അമ്പരന്നു നിൽക്കുന്നു. ശിമോൻ തള്ളിപ്പറയുന്നു. തോമസ് ഓടിപ്പോകുന്നു. യാക്കോബ് മറഞ്ഞുകളയുന്നു. ഹന്നാസിന്റെ ആളുകൾ ക്രൂശ് ഒരുക്കുന്നു. മുൾക്കിരീടം മെടയപ്പെടുന്നു, ആണികൾ ഒരുക്കപ്പെടുന്നു. രക്ഷിതാവ് ക്ഷണനേരത്തേക്കു പരാജിതനാകുന്നു. നാമോ വിജയികളായിത്തീരുന്നു. മ്ശിഹായെ ധിക്കരിച്ച യരുശലേം പുത്രി വിലാപത്തിൽ ഇരിക്കുന്നു. അവനിൽ ആശ്രയിച്ചവർ രക്ഷിക്കപ്പെടുന്നു. തിരുസഭയെ ഉപദ്രവങ്ങളിൽ നിന്നു രക്ഷിക്കുകയും അതിന്റെ സന്താനങ്ങളെ നിന്റെ ചിറകിൻ കീഴിൽ മറച്ചുകൊള്ളുകയും ചെയ്യണമേ. നിനക്കും പിതാവിനും പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും ഞങ്ങൾ അർപ്പിച്ചുകൊള്ളുന്നു. ഹോശോ...

ജ. ആമേൻ

*മദറാശാ*

(ശെത്ക്ക് സക്കായാ.......രാഗം)

1 നീതിമാൻ മൗനമോടെ-ന്യായസ്ഥലത്തിൽ
ഏതുമുരചെയ്യാ-തടികൾകൊണ്ടീടുന്നു

- ബലിയാടേപ്പോലെയവൻ
എതിർക്കാതെ നിൽക്കും നേരത്തിൽ
യൂദജനം ദ്വേഷത്താൽ-ക്രൂശിപ്പാനലറുന്നു.

2 മാലാഖമാർ ഉയരത്തിൽ-ഇളകുന്നു
സ്രഷ്ടാവിൻപീഡ-കണ്ടവർ-ഉരുകുന്നു
മനസ്സോടയ്യോ-ദൈവസുതൻ
അപമാനങ്ങൾ-ഏറ്റീടുവാൻ
ഭൂതലത്തിൽ-വന്നുദിച്ച-സ്നേഹത്തെ സ്തുതിക്കുന്നു.

3 പീഡകൾ തന്മേലന-വധിയായ് ചുമത്തുന്നു
യൂദർക്രോധമോടെ-ദണ്ഡനങ്ങൾ ചെയ്തി-ടുന്നു
തുപ്പു ന്നവർ-തിരുമുഖത്തിൽ
ഞൊട്ടുന്നു-ശിരസ്സിന്മേൽ
കഷ്ടപ്പാ-ടവനധി-യേറ്റീടുന്നു പരമേശൻ.

4 ഹേ! പാപീ നീ-രക്ഷകനെ-നോക്കീടുക
ദേവേശൻ താ-നെന്തുപിഴ-ചെയ്തിഹത്തിൽ
രോഗികളെ-സുഖമാക്കി
മരിച്ചവരെ-ഉയർപ്പിച്ചു
തീറ്റിയവൻ-വിശന്നവരെ-രക്ഷിച്ചാൻ-പാപികളെ

*ബാത്തെദ് ഹാശാ*

1 ഞങ്ങൾക്കായ് ഏറ്റ നിൻ-കഷ്ടത താ-ഴ്ച
കർത്താവേ വാഴ്ത്ത-പ്പെട്ട-താ-ക- പ്രതി

2 മെസ്രേമിന്റെ-രാജൻ ഫറവോൻ-
ഇസ്രായേലാം-ദൈവജനത്തെ
നിഷ്ഠൂരമായി-പീഡിപ്പിച്ചയ്യോ!
കണ്ടു ദൈവം-തൻജനദാസ്യം
കേട്ടവരുടെ-നിലവിളിയേ-യും പ്രതി

3 സ്വന്തജനത്തെ-വിടുവിപ്പാനായ്
കുഞ്ഞാടിന്റെ-രുധിരം ചിന്തി
ഘാതകൻ കയ്യിൽ-മെസ്രേമ്യരെ,
ഏല്പിച്ചതിനാൻ-അവർക്കു നാശം
ഭവനംതോറും-നിലവിളിഏ-റ്റം പ്രതി

4 പോകാം നമ്മുടെ-ശത്രു തോറ്റു
ബന്ധിച്ചവനെ-കർത്തൻ ക്രൂശിൽ,

ഓടീടുവീൻ വേഗം-നേടുവിൻ രക്ഷ
മോചനം നമുക്കായ്-തിരുരക്തത്താൽ
ലഭിച്ച സ്വർഗ്ഗീയ-ദാനം ക്രൂ-ശിൽ പ്രതി

## *മാർ അപ്രേമിന്റെ ബാഊസാ*

1 ഞങ്ങൾക്കായതികഷ്ടതകൾ ഏറ്റൊരുനാഥാ ഞങ്ങളെ നീ
അനുഗ്രഹിച്ചവയിൻപങ്കും നിൻ രാജ്യോഹരിയും നൽ
കേ-ണ-മേ.

2 മഹത്വത്തിൻ പ്രഭുവായവൻമനസ്സാ-സ്ലീബായിൽതൂങ്ങി
കുറ്റമറ്റവനുതൻമരണത്തിനായ്-ആർത്തുവിളിച്ചഘാത
കന്മാർ
രൂക്ഷതരം ചെന്നായ്ക്കൾപോൽ ഊനമറ്റാടാകും തന്നെ
ചുറ്റിവളഞ്ഞവർ ഒത്തലറി-തന്മനസ്സോടെ വേദനകൾ
താനേറ്റഥ തൻ സ്ലീബായാൽ-സർവ്വരേയും താൻ-ഉ-ദ്ധ
രിച്ചു. പ്രതി

3 വെളിച്ചത്തിൻ സുതരായവരാം-ശിഷ്യന്മാരോടിപ്പോയി
കുരിരുളിൻസുതരായവരോ-വെളിവിൻപ്രഭുവിനെ
ബന്ധിച്ചു
ഇടത്തുവശത്തിൻനായകരാം-ഹന്നാ കയ്യാഫാ യൂദാ
എന്നിവർകൂടി വലഭാഗ-ത്തലവനാം തന്നെ ക്രൂ ശി-ച്ചു
പ്രതി

4 സൃഷ്ടികൾക്കുടയവനായോനേ! നീ ഉളവാക്കിയ നന്മഴയും
മഞ്ഞും വെയിലും എന്നിവയാൽ തഴച്ചുവളർന്നോരുമരമ
തിനെ
നിന്മരണത്തിൻകഴുവായി-ദുഷ്ടജനങ്ങൾതീർത്തതുപോൽ
നിന്നുടെപലവിധ നന്മകളെ നിന്നപമാനത്തിനാക്കിയത്
നിൻബഹു കാരുണ്യത്താലെ-ക്ഷമിക്കണമടിയാരോ-ടെ
-ല്ലാം. പ്രതി

5 രോഗികൾക്കാകെ ശാന്തിയതും-നാനാതരമാം നന്മകളും
ഏവർക്കും സൗജന്യമായി-നല്കി സഞ്ചരിച്ചിരുന്നവനാം
ദൈവസുതാമറിയാം സുതനേ-ദുർജ്ജനം നിന്നെ ദ്വേഷിച്ച്

ഹീനമാം കുരിശുമരത്തിന്മേൽ-ക്രൂരതയോടുതറച്ചതു
പോൽ
നിന്നിൽ നിന്നനവധിയായി-നന്മകൾ ഏറ്റീടുമീയടിയാർ
നിന്നോടെന്നും ചെയ്തവയാം-തിന്മകൾ കൃപയാൽ മോ-
ചി-ക്ക. പ്രതി

6 ഊമർ, ചെകിടർ കുരുടന്മാർ-എന്നിവരെ നീ സുഖമാക്കി
മ്ലേച്ഛകുഷ്ഠരോഗികളെ-മുറ്റും ശുദ്ധിവരുത്തി നീ
നീചപിശാചിൻ ബാധകളെ-മാനുഷരിൽ നിന്നകറ്റി നീ
കടലുകൾകാറ്റുകൾ ആയവയിൻ-കോപത്തെ നീ ശമി-
പ്പി-ച്ചു. പ്രതി

7 ഈനിൻശക്തികൾയാതൊന്നും-തവസുഖക്ഷേമങ്ങൾ
കരുതി
ഉപയോഗിക്കാതിരുന്നോരുനിൻ-ദിവ്യ ആത്മപരിത്യാഗം
ഞങ്ങളിൽനിന്നുടെ ആത്മാവാൽനീപ്രതിബിംബിച്ചീടു-ക
നമസ്കാരം കേൾക്കുന്നവനേ-യാചനകൾ നൽകുന്ന
വനേ
ഞങ്ങളിൻപ്രാർത്ഥനകൾ കേട്ട്-യാചനകൾ നൽകി-ടേ-
ണമേ. പ്രതി

### അതിന്റെ ശേഷം

കൌമാ. തന്നെ തള്ളിപ്പറഞ്ഞ ശിമോനോടു (പുറം 126)

ഏവൻഗേലിയോൻ. മത്താ. 26:47-75

വിശ്വാസപ്രമാണം (പുറം 29)

ഹുത്താമ്മാ (പുറം 30)

### ആശീർവാദം.

# വെള്ളിയാഴ്ച കാലത്തെ നമസ്കാരം

## രണ്ടാംഭാഗം

## പ്രാരംഭസ്തുതി

### കൌമാ

തന്റെ ദാസനാൽ വിസ്തരിക്കപ്പെട്ട മ്ശിഹാ തമ്പുരാനേ-നിന്റെ ന്യായവിസ്താര ദിവസത്തിൽ ദയതോന്നി-ഞങ്ങളോടു കരുണ ചെയ്യണമേ.

(പുറം 32)

പ. അളവില്ലാത്ത തന്റെ സ്നേഹത്താൽ ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനും, തന്റെ പീഡാനുഭവത്തിൽ അഭയം പ്രാപിക്കുന്ന എല്ലാവർക്കും അതിനെ ബലമുള്ള കോട്ടയും വിജയത്തിന്റെ ആയുധവുമാക്കിത്തീർത്തവനുമായ ഞങ്ങളുടെ മ്ശിഹാതമ്പുരാനേ, തിരുസന്നിധിയിൽ ഞങ്ങൾ കഴിക്കുന്ന പ്രാർത്ഥന കൃപയാൽ കൈക്കൊള്ളണമേ. ജീവകരമായ നിന്റെ പീഡാനുഭവത്തെ ഞങ്ങൾ ധ്യാനിക്കുന്നതിനാൽ എല്ലാ കഷ്ടതകളെയും, നിനക്കു ഇഷ്ടമില്ലാത്ത എല്ലാ വികാരങ്ങളെയും ഞങ്ങളിൽ നിന്നു നീക്കിക്കളയണമേ. അറിവോടും ദൈവഭക്തിയോടുംകൂടെ നിന്റെ പീഡാനുഭവത്തിൽ വിശ്വസിച്ച്, അതിനെ കൊണ്ടാടി ആരാധിപ്പാനും നിന്റെ വലത്തുഭാഗത്തു നില്പാനും ഞങ്ങളെ യോഗ്യരാക്കുകയും ചെയ്യണമേ. ഹോശോ.....

ജ. ആമേൻ

(സ്വർലോകത്തിലിരുന്നരുളും-രീതി)

1 അത്ഭുതമടയാളം ശക്തി-ഇവയാൽ മെസ്രേനിൽനിന്നു
പുറപ്പെട്ടോരു മുന്തിരിവള്ളി-ഉടയോനെ അവമാ-നിച്ചു

2 അപമാനം നിന്ദപരിഹാസം-രക്ഷകനവൾപ്രതിഫലം
ചെയ്തു
തവസുതയേ നീ കാൺമാനായ്-അബ്രഹാമേ വരികവേഗം

3 യാക്കോബേ നിന്ദയും ക്രൂശും-തന്നുടയോനാം രക്ഷകന്നു
പ്രതിഫലം കൊടുത്തൊരു തോപ്പിന് മേൽ-മുറിയിടുവാ
നായ് നീ-വരിക

4 ചീത്തക്കനികൾ കൊടുത്തിരുന്ന-തോട്ടത്തെതാൻന
ശിപ്പിച്ചു
പകരം തിരുസഭയെ നട്ട-ഉടയോൻവാഴ്ത്തപ്പെട്ടോൻതാൻ

5 സകലാധിപനാം രാജാവേ-സ്തുതിയിൻഫലങ്ങൾ കാഴ്ച
വെപ്പാൻ
ശക്തിസഹായം അടിയാർക്കു-നൽകണമേ നീ എന്നേ-ക്കും

6 മനസ്സാൽ ബലിക്കായ് വന്നവനേമനുജകുലത്തെ
വീണ്ടവനെ
ബലികൾ കൈക്കൊള്ളുന്നവനേ-എന്നന്നേക്കും സ്തുതി
നിനക്ക്

7 നിന്നാൽ ബലി എല്ലാം മാഞ്ഞു-കർമ്മങ്ങളെല്ലാംനിറവേറി
ശുദ്ധീക-രണവുമേകുന്ന-ബലിയായി നീ തീർന്നതിനാലെ

## എനിയാന

പ. കഷ്ടതയും കുരിശും സഹിക്കുകയും, മുൾക്കിരീടം ധരി
ക്കുകയും ചെയ്ത ദൈവമേ.....

ജ. ഞങ്ങളോടു കരുണചെയ്യണമേ.

പ. ആദാമിനെയും സന്താനങ്ങളെയും രക്ഷിപ്പാൻ തിരുഹിത
ത്താൽ കുരിശാരോഹണം ചെയ്ത ദൈവമേ.....

ജ. ഞങ്ങളോടു.....

പ. സകല വിശ്വാസികളുടെയും ശരണവും, നിഴലായ സകല ത്തിന്റെയും സാക്ഷാൽ പൊരുളുമായ ദൈവമേ.....

ജ. ഞങ്ങളോടു.....

പ. ഇന്നെന്നപോലെ ഒരു നാളിൽ ദുഷ്ടകരങ്ങളാൽ ദണ്ഡിപ്പി ക്കപ്പെട്ടവനും, ക്രൂശിൽ തൂക്കപ്പെട്ടവനുമായ ദൈവമേ.....

ജ. ഞങ്ങളോടു.....

പ. ഞങ്ങളുടെ രക്ഷയ്ക്കായി ക്രൂശിൽവച്ച് മനസ്സോടെ തന്റെ ജീവനെ വിടുകയും ഞങ്ങളുടെ നീതികരണത്തി നായി മഹത്വത്തോടെ ഉയിർത്തെഴുന്നേല്ക്കയും ചെയ്ത ദൈവമേ.....

ജ. ഞങ്ങളോടു.....

പ. പിതാവേ, ഇവർ ചെയ്യുന്നതു ഇന്നതെന്ന് അറിയായ്ക യാൽ ഇവരോടു ക്ഷമിക്കണമേ എന്ന് തന്റെ ശത്രുക്കൾ ക്കുവേണ്ടി പ്രാർത്ഥിച്ച ദൈവമേ.....

ജ. ഞങ്ങളോടു.....

പ. നീ ഇന്ന് എന്നോടുകൂടെ പറുദീസായിൽ ഇരിക്കുമെന്നു തന്റെ വലത്തുഭാഗത്തെ കള്ളനോടു അരുളിച്ചെയ്ത ദൈവമേ.....

ജ. ഞങ്ങളോടു.....

പ. എന്റെ ദൈവമേ! എന്റെ ദൈവമേ! നീ എന്നെ കൈവിട്ട തെന്ത്? എന്നു നിലവിളിച്ചുപറഞ്ഞ ദൈവമേ.....

ജ. ഞങ്ങളോടു.....

പ. പിതാവേ; ഞാൻ നിന്റെ കൈകളിൽ എന്റെ ആത്മാവിനെ ഭരമേല്പിക്കുന്നു എന്നു പറഞ്ഞ് തന്റെ ആത്മാവിനെ പിതാവിങ്കൽ ഭരമേല്പിച്ച ദൈവമേ.....

ജ. ഞങ്ങളോടു.....

## ഒന്നാം പ്രോമ്യോൻ

പ. നാമെല്ലാവരും പ്രാർത്ഥിച്ചു.....

ജ. അനുഗ്രഹിക്കുന്നവനായ.....

പ. സ്തുതിയും സ്തോത്രവും.....

തന്റെ യാഗത്താൽ നമ്മുടെ പാപങ്ങളെ പരിഹരിച്ചവനും, തന്റെ മരണത്താൽ മരണത്തിൽ നിന്നു നമ്മെ വീണ്ടെടുത്തവനും, നഷ്ടപ്പെട്ടുപോയിരുന്ന പൂർവ്വാവകാശത്തിലേക്കു നമ്മെ തിരിച്ചുകൊണ്ടുവന്നവനുമായ മ്ശിഹാതമ്പുരാനു, പ്രാർത്ഥനാ ശുശ്രൂഷയുടെ ഈ നേരത്തും നമ്മുടെ ആയുഷ്കാലമൊക്കെയും സ്തുതിയും ബഹുമാനവും വന്ദനവും യോഗ്യമായിരിക്കുന്നു. ഹോശോ.....

ജ. ആമേൻ.

## സെദറാ

ജ്ഞാനമുള്ള ശില്പിയായ ദൈവമേ, നിന്റെ സ്വരൂപത്തിൽ ആറാം ദിവസമാകുന്ന വെള്ളിയാഴ്ച ആദാമിനെ നീ സൃഷ്ടിച്ചു. സാത്താന്റെ ആലോചനയ്ക്കു അധീനനായി പറുദീസായിൽ നിന്നുതള്ളപ്പെട്ട അവനെ ഉദ്ധരിപ്പാൻ ദയ തോന്നി ജഡം ധരിക്കുകയും കഷ്ടതയ്ക്കും കുരിശുമരണത്തിനുമായി വെള്ളിയാഴ്ച സ്വയം ഏല്പിക്കുകയും ചെയ്തു. 'അവനെ ക്രൂശിക്ക, ക്രൂശിക്ക' എന്നു യൂദസംഘം അട്ടഹസിച്ചു. ഈ വെള്ളിയാഴ്ച നീതികെട്ട ന്യായാധിപന്മാർ നിന്നെ ശിക്ഷയ്ക്കു വിധിച്ചു. നിന്നോടപേക്ഷിച്ച വലത്തുഭാഗത്തെ കള്ളന് പറുദീസായിലേക്കുള്ള പ്രവേശനം നീ നല്കി. വെള്ളിയാഴ്ച നീതിയുടെ മഹാസൂര്യനായ നിന്നെ ക്രൂശിൽ കണ്ടിട്ട് സൂര്യൻ ഇരുണ്ടുപോയി; ഭൂമി കുലുങ്ങി, മലകൾ വിറച്ചു, പാറകൾ പിളർന്നു; ശവക്കല്ലറകൾ തുറന്നു ഈ വെള്ളിയാഴ്ച മരത്തിന്മേൽ കിടന്ന നിന്നെ

സൂക്ഷിച്ച് അഗ്നിമയൻമാരും, ആത്മമയൻമാരും വിസ്മയത്തോടെ നിന്നു. ഈ വെള്ളിയാഴ്ച സാത്താൻ പരാജിതനായി. ഞങ്ങളുടെ വർഗ്ഗത്തിനു പൂർണ്ണ വീണ്ടെടുപ്പുണ്ടായി.

ഈ വെള്ളിയാഴ്ച തിരുസഭ നന്ദിപൂർവ്വം പ്രാർത്ഥിക്കുന്നു. പീഡാനുഭവത്താൽ ഞങ്ങളെ രക്ഷിച്ച മ്ശിഹാതമ്പുരാനേ നിനക്കു സ്തുതി. ഞങ്ങളെ കഷ്ടതയില്ലാത്തവരും ഉപദ്രവമറ്റവരും ആക്കണമേ. ദുർവികാരങ്ങളിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ. തർക്കങ്ങളെയും വേദവിപരീതങ്ങളെയും നീക്കി നിരപ്പും സമാധാനവും കൊണ്ട് സഭയെ നിറയ്ക്കണമേ. അതിന്റെ ഇടയന്മാർക്ക് ആത്മീയജ്ഞാനം നൽകണമേ. കർത്താവേ, സകല ജാതികളേയും ദർശിക്കണമേ. സുവിശേഷം കൊണ്ട് അവരെ പ്രകാശിപ്പിക്കണമേ. വിഗ്രഹാരാധനയിൽനിന്നും പാപത്തിന്റെ അശുദ്ധിയിൽനിന്നും അവരെ വിടുവിച്ച് തന്റെ തൊഴുത്തിൽ അവരെ കൂട്ടിച്ചേർക്കണമേ. കർത്താവേ, യഹൂദജനത്തോടു കരുണ ചെയ്യണമേ. ക്രൂശിന്റെ ദർശനം അവർക്കു നൽകണമേ. നിന്റെ ശുശ്രൂഷക്കാർക്ക് സൗമ്യതയും ക്ഷമയും ധൈര്യവും കൊടുക്കണമേ. കൊയ്ത്തിന് വിളഞ്ഞിരിക്കുന്ന നിന്റെ വയലിലേക്കു കൊയ്ത്തുകാരെ അയയ്ക്കുകയും അവരുടെ വേല സഫലമാക്കുകയും ചെയ്യണമേ. നിനക്കും പിതാവിനും പരിശുദ്ധ റൂഹായ്ക്കും സ്തുതിയും ബഹുമാനവും യോഗ്യമായിരിക്കുന്നു. ഹോശോ.....

ജ. ആമേൻ

*കുക്കായ*

ദൈവത്തിന്നാദ്യ-ജാതനാകും യേശു
ആഴ്ചയിൽ ആറാം ദിവസം-മൂന്നാംമണിനേരം

വൻകുരിശും തൻ-തോളിൽവഹിച്ച്
സൃഷ്ടികൾക്കെല്ലാം-രക്ഷകനായവൻ

പട്ടണത്തിനുവെളിയിൽ-ക്രൂശിക്കപ്പെടുവാൻ
സെഹിയോൻതെരുവീഥിയിലൂടെ-പോകുന്നതുകാൺമീൻ

ഹാലേലുയ്യാ-ഉ-ഹാലേലുയ്യാ.

*ശുബഹാ*

ദൈവസുതനാം ലോക-രക്ഷകനിതാ
ഗാഗുൽഥാമലയിന്മേൽ-ക്രൂശിക്കപ്പെടുന്നു

തൻശിരസ്സതിൽ-മുൾമുടി കാണുന്നു
കാൽകരങ്ങളിൽ ആണി കേറിടുന്നു

തിരുവിലാവിൽ ചക്രവാളത്താൽ-കുത്തേൽക്കുന്നു
മുറിവിലൂടെ ജലരക്തങ്ങൾ-പാപശുദ്ധിക്കായ്

ഒഴുകിടുന്നു-തൻകൃപയ്ക്കു സ്തോത്രം.

*എത്രാ*

പ. തന്റെ സ്നേഹത്താൽ ഞങ്ങൾക്കുവേണ്ടി കഷ്ടത അനുഭവിച്ച കർത്താവേ, കുരിശിന്മേൽ നഗ്നനായിക്കിടന്ന നിന്നെ കാണാതിരിപ്പാൻ ആകാശവീഥിയിൽ സൂര്യൻ ഇരുണ്ടടഞ്ഞു. നിന്റെ ശബ്ദം കേട്ടു പാറകൾ പിളർന്നു ശവക്കല്ലറകൾ തുറന്നു, മരിച്ചവർ ഉയിർത്തെഴുന്നേറ്റു. തന്നെത്തന്നെ ബലിയായി അർപ്പിക്കുന്നതിനു തിരുമനസ്സായ ദൈവത്തിന്റെ കുഞ്ഞാടേ, ഞങ്ങളുടെ ജീവകാലം മുഴുവനും വീഴ്ചകൂടാതെ തിരുസന്നിധിയിൽ ഞങ്ങളെ നിർത്തിക്കൊള്ളണമേ. ഞങ്ങൾ എല്ലായ്പ്പോഴും നിനക്കും പിതാവിനും പരിശുദ്ധറൂഹായ്ക്കും സ്തുതിപാടുകയും ചെയ്യുമാറാകണമെ. ഹോശോ.....

ജ. ആമേൻ.

## ബാത്തെദ് ഹാശാ

1 ഞങ്ങൾക്കായ് ഏറ്റ നിൻ കഷ്ടത താ-ഴ്ച
കർത്താവേ വാഴ്ത്തപ്പെട്ടതാക- പ്രതി

2 താതനാകും ദൈവ-വുമൊത്ത്
അംബരങ്ങൾ-വിരിച്ച നാഥൻ
ആകും ദൈവ-സൂനുവിന്റെ
തൃക്കൈകളിന്നു-ക്രൂശിന്മീതെ
ആണികളാൽ-തറയ്ക്ക-പ്പെ ട്ടു. പ്രതി

3 അഖിലാണ്ഡത്തിൻ-ഭാരം-മുറ്റും
ഭുജത്തിൽ വഹിച്ചീ-ടുന്നോനാകും
തന്നുടെ-ദിവ്യ-മേനിയതിൻ-
ഭാരമാകെ-മൂന്നാണികൾ-
ക്രൂശിൽ ഇന്നു-വഹിച്ചുവല്ലോ. പ്രതി

4 പറുദീസായി-ലാദാം ഹവ്വാ-
എന്നിവരിൻ-നഗ്ന-തയെ
തോലാൽ മറച്ച-ദൈവസുതനെ,
ആദപുത്രർ-വസ്ത്രമഴിച്ച്
നഗ്നനാക്കി-തീർത്തു-വല്ലോ പ്രതി

5 നന്മയ്ക്കുപകരം-തിന്മയേറ്റ
നാഥാ ഞങ്ങളിൻ-തിന്മ മായ്ച്ച്
ധാരാളമായ-നിൻ നന്മകൾ
ഞങ്ങൾക്കെല്ലാം-കൃപയോടെ നീ
സൗജന്യമായ്-നല്കീ ടേ-ണമേ. പ്രതി

6 ശാപമരമാം-ക്രൂശിൻമീതെ
തൂങ്ങും മഹത്വ-രാജനാകും
നാഥാ നിന്നെ-കണ്ടു ദിവ്യ
രക്തത്തിന്റെ-വിലയാം ഞങ്ങൾ
ഭക്തിയോടെ-കുമ്പീ-ടു-ന്നു പ്രതി

7 അടിതൊട്ടു മുടിയോളം-അടിപ്പാടിലൂടെ
തുടുതുടെ ഒഴുകീടുന്ന-രക്തം
പാപവിനാശക-മായി ഞങ്ങൾ-
ക്കേകിയതിനാൽ-നിനക്കു-സ്തോത്രം
എന്നും ഞങ്ങൾ ചൊല്ലീ-ടു-ന്നു. പ്രതി

8 എൻ ദൈവമേ നിൻ-ജീവകരമാം
മരണത്തെ ഞാൻ-ധ്യാനിച്ചിട്ട്,
നിത്യം സ്തുതികൾ-നിൻസന്നിധിയിൽ
അണപ്പാൻ എനിക്കു-കൃപനല്കണമെ-
എനിക്കായ് ക്രൂശിൽ-മരിച്ച-നാ-ഥാ, പ്രതി

9 തനയൻ ക്രൂശ്-കണ്ടവരെല്ലാം-
പുകഴ്ത്തി അതിനെ-കൊണ്ടാടുന്നു
അവനോടുകൂട-ങ്ങവരും ക്രൂശിൽ
പതിച്ചുംകൂടെ-മരിച്ചും തന്റെ
ജീവശക്തി-പ്രാ-പി-ക്കു-ന്നു. പ്രതി

## *മാർ യാക്കോബിന്റെ ബാഊസാ*

1 കഷ്ടത, സ്കീപ്പാ-മരണം സഹിപ്പാൻ-വന്നമ്ശിഹാ
പ്രാർത്ഥനകേട്ടി-ങ്ങരുൾകനിൻകൃപയെ-ഞങ്ങളുടെ
മേൽ- പ്രതി

2 പോകപാപീ-യേശുവിന്നരികിൽ-ഗതസീമാനിൽ
കാൺക നിൻനാഥൻ-പോരാട്ടത്തിൽ-തളർന്നീടുന്നു.
ശത്രു, തന്നുടെ-തീയമ്പുകളെ എയ്തീടുന്നു
താതൻ, തന്നുടെ-സുതനിൽ പാപച്ചുമടേറ്റുന്നു
കോപാഗ്നിയിൽ-വത്സലസുതന-ങ്ങുരുകീടുന്നു
വാളിന്നവനെ-ഇരയാക്കണമെ-ന്നരുളീടുന്നു
ചോരത്തുള്ളി-കളൊഴുകീടുന്നു തിരുമെയ്തന്നിൽ
പ്രാർത്ഥനയിൽതാൻ-ജനകന്നിഷ്ടം-കൈയ്യേ-ല്ക്കുന്നു-
പ്രതി

3 ക്രൂശിതനായോ-രേശുവിന്നരികിൽ-ചേരുക പാപീ
നിന്മേലുള്ളോ-രീശൻസ്നേഹം-കവിഞ്ഞൊഴുകുന്നു
തന്നാർദ്രതയിൻ-ആഴം നിനക്കായ്-ഉണർന്നീടുന്നു
കൂരിരുളേറും-രാത്രിയിലും തൻ-മുഖം ശോഭിക്കുന്നു
നിന്മേലുള്ള-സ്നേഹം മാറു-ന്നില്ലൊരുനാളും
ഈശനിന്നൊളി-മങ്ങീടുന്നില്ലൊരുനാളുമേ
വിശ്വാസത്തോ-ടതിനെ തികവായ്-കണ്ടിടുവാൻ
നല്കണമെനിൻ-ആത്മാവിന്നൊളി എൻമാനസത്തിൽ-പ്രതി

4 ഉത്തരമരുൾക-അരുൾക ദേവാ-അനുഗ്രഹിക്ക
മർത്ത്യർചിത്തം-മാനസാന്തരേ-വരുത്തീടേണമെ- പ്രതി

### കൌമ്മാ

ന്യായവിസ്താരത്തിൽ തന്റെ ദാസനാൽ അടിക്കപ്പെട്ട മ്ശിഹാതമ്പുരാനേ- നിന്റെ ന്യായവിസ്താര ദിവസത്തിൽ ദയതോന്നി- ഞങ്ങളോടു കരുണ ചെയ്യണമേ.

(പുറം 32)

## **ഒന്നാം പാഠം** സെഖര്യാവ് 13

### അപേക്ഷ

പ. എല്ലാവരുടെയും ജീവനും പ്രത്യാശയുമാകുന്ന ഞങ്ങളുടെ മ്ശിഹാതമ്പുരാനേ, പാപത്തിന്റെ അഗാധത്തിൽ നിന്നു ഞങ്ങളെ നീ കോരി എടുക്കേണമേ. പാപത്താൽ അശുദ്ധരായ ഞങ്ങളെ നീ ശുദ്ധീകരിക്കണമേ. കഷ്ടതകൾ സഹിപ്പാനും അപമാനകരമായ മരണം അനുഭവിപ്പാനും, മനസ്സോടെ എഴുന്നള്ളിയവനായ കർത്താവേ, സകല കഷ്ടതകളിൽ നിന്നും നിരാശയിൽ നിന്നും ഞങ്ങളെ രക്ഷിക്കണമേ. നിന്റെ താഴ്മയും സ്നേഹവും കരുണയും ഞങ്ങളെ പഠിപ്പിക്കണമേ. നിന്റെ രണ്ടാമത്തെ എഴുന്നള്ളത്തിൽ വെൺമയുള്ള വസ്ത്രങ്ങൾ ധരിച്ചും ദീപയഷ്ടികൾ പ്രകാശിപ്പിച്ചും കൊണ്ട് നിന്നെ എതിരേല്പാൻ ഞങ്ങളെ യോഗ്യരാക്കുകയും ചെയ്യണമേ. ഹോശോ...

ജ. ആമേൻ.

### *എനിയാന*

പ. തന്റെ ഇഷ്ടത്താൽ നമുക്കുവേണ്ടി ജഡം ധരിക്കയും കഷ്ടതസഹിക്കയും ചെയ്ത ദൈവപുത്രനെ ധ്യാനിച്ചു നാം കുമ്പിടണം.

ജ. ഞങ്ങളുടെ ദൈവമായ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമേ.

പ. നമ്മുടെ രക്ഷയ്ക്കുവേണ്ടി കുറ്റക്കാരനെപ്പോലെ ന്യായ വിസ്താരത്തിലേക്കു കൊണ്ടുപോകപ്പെട്ട ദൈവപുത്രനെ ധ്യാനിച്ചു നാം കുമ്പിടണം.

ജ. ഞങ്ങളുടെ...

പ. തന്നെ കൊല്ലുവാൻ രാജാക്കന്മാരും ന്യായാധിപതിമാരും ഒന്നിച്ചു ചെയ്ത ആലോചന സമ്മതിച്ച രാജാധിരാജനെ ധ്യാനിച്ചു നാം കുമ്പിടണം.

ജ. ഞങ്ങളുടെ...

പ. ഭാരമേറിയ ക്രൂശു ചുമന്നു കൊണ്ടു ഗാഗുൽഥാ മലയി ലേക്കു നടന്ന നമ്മുടെ രക്ഷിതാവായ ദൈവത്തെ ധ്യാനിച്ചു നാം കുമ്പിടണം.

ജ. ഞങ്ങളുടെ...

പ. നമ്മുടെ പാപങ്ങൾക്കുവേണ്ടി ആകാശത്തിനും ഭൂമിക്കും മദ്ധ്യേ ഹീനമായ ക്രൂശിൽ തൂക്കപ്പെട്ടവനെ ധ്യാനിച്ചു നാം കുമ്പിടണം.

ജ. ഞങ്ങളുടെ...

## അപേക്ഷ

പ. ആകാശത്തിന്റെയും ഭൂമിയുടെയും നാഥനും, ഞങ്ങളുടെ ദൈവവും രക്ഷിതാവും ബലഹീനരായ ഞങ്ങളെ സഹാ യിച്ചവനും, ഞങ്ങൾക്കുവേണ്ടി വേദനയോടെ പ്രാർത്ഥി ച്ചവനും, പ്രാർത്ഥനകൈക്കൊള്ളുന്നവനും ഞങ്ങൾക്കു വേണ്ടി ദുഃഖത്തോടെ പിതാവിന്റെ മുൻപിൽ മുട്ടുകുത്തി യവനും, ഞങ്ങളുടെ വേദനകളും സങ്കടങ്ങളും മാറ്റുവാൻ മരണത്തോളം വേദനപ്പെട്ടു ദുഃഖിച്ചവനും, ഞങ്ങളുടെ

സന്തോഷങ്ങളുടെ അധിപതിയുമായ മ്ശിഹാതമ്പുരാനേ, ഉപദ്രവങ്ങളിൽ നിന്നും ഞങ്ങളെ വിടുവിക്കണമേ. ശക്തിക്കപ്പുറമായ പരീക്ഷകളിൽ നിന്നു രക്ഷിച്ചുകൊള്ളേണമേ. നിന്റെ ദൂതന്മാരെ ഞങ്ങൾക്കുചുറ്റും കാവൽ നിർത്തണമേ. നിന്റെ കല്പനകൾ ആചരിപ്പാനും തിരുവിഷ്ടം ചെയ്‌വാനും ഞങ്ങളെ സന്നദ്ധരാക്കുകയും ചെയ്യണമേ.

ജ. ആമേൻ.

## രണ്ടാം പ്രോമ്യോൻ

പ. നാം എല്ലാവരും പ്രാർത്ഥിച്ച് ...

ജ. അനുഗ്രഹിക്കുന്നവനായ...

പ. സ്തുതിയും സ്തോത്രവും...

നമുക്കുവേണ്ടി മരിപ്പാൻ സ്വമനസ്സാ ക്രൂശ് വഹിച്ചവനും, പുണ്യരക്തം ചിന്തി നമ്മുടെ കടച്ചീട്ടു ചീന്തികളഞ്ഞ സ്രഷ്ടാവും, പ്രകാശത്തിന്റെ നാഥനുമായ മ്ശിഹാതമ്പുരാന്, പ്രാർത്ഥനാശുശ്രൂഷയുടെ ഈ നേരത്തും നമ്മുടെ ആയുഷ്ക്കാലമൊക്കെയും സ്തുതിയും ബഹുമാനവും വന്ദനവും യോഗ്യമായിരിക്കുന്നു. ഹോശോ...

ജ. ആമേൻ.

## സെദറാ

പ. തന്റെ വചനംകൊണ്ട് ലോകത്തെയും അതിലുള്ള സകലത്തെയും സൃഷ്ടിച്ച് തന്റെ ജ്ഞാനത്താൽ ക്രമപ്പെടുത്തിയ സ്രഷ്ടാവായ നിനക്കു സ്തുതി. നിന്റെ ഏകപുത്രൻ അറുതിയില്ലാത്തഅനുസരണത്താൽ സൃഷ്ടിയെ പുതുക്കി ആദ്യപിതാവായ ആദാമിന്റെ കല്പനലംഘനം ഇല്ലായ്മചെയ്തു. നീ ഏകജാതനായ വചനമായിരിക്കുന്ന

ദൈവം ആകുന്നു എന്ന് അറിഞ്ഞിട്ടും നിനക്കു വിരോധ മായി പ്രതികൂലിച്ചതിനാൽ അവർക്കു കഷ്ടം. നിർദ്ദോ ഷമായി രക്തം ചിന്തുവാൻ അവർ സന്നദ്ധരാവുകയും രക്ഷിതാവിന്റെമേൽ കൈവച്ച് കുറ്റം ചുമത്തുകയും ചെയ്തു. അവർ തന്നെ കുരിശു ചുമപ്പിക്കയും, ഗാഗുൽ ത്തായിലേക്ക് നേരെ കൊണ്ടുപോവുകയും, കുരിശിന്മേൽ കരേറ്റുകയും ചെയ്തു. മ്ശിഹായുടെ ശിരസ്സിൽ അവർ മുൾക്കിരീടംവച്ചു. തിരുമുഖത്ത് തുപ്പി അധിക്ഷേ പിച്ചു. ചുവപ്പുകുപ്പായം ധരിപ്പിച്ചു. കുടിപ്പാൻ കാടിയും കയ്പ്പും കൊടുത്തു.തൃക്കൈകളിലും തൃക്കാലുകളിലും ആണി തറയ്ക്കുകയുംചെയ്തു. തന്റെ വിലാവിൽ കുന്തംകൊണ്ടു കുത്തുകയും ജീവനും മരണവും സൂചി പ്പിക്കുന്ന രക്തവും ജലവും അതിൽ നിന്നൊഴുകുകയും ചെയ്തു. 'എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ ഉപേക്ഷിച്ചത് എന്തുകൊണ്ട്' എന്നിങ്ങനെ താൻ ഉച്ചശ ബ്ദത്തിൽ പറഞ്ഞു. ഭൂമി കുലുങ്ങി, പാറകൾ പിളർന്നു, സൂര്യൻ ഇരുണ്ടു, തീക്കൽപാറകൾ പൊട്ടിച്ചിതറി, ദൈവാലയത്തിലെ തിരശ്ശീല മുടി മുതൽ അടിവരെ കീറി. അഗ്നിമയന്മാർ പരിഭ്രമിക്കുകയും ക്രോബേന്മാർ വിറ യ്ക്കയും തങ്ങളുടെനാഥൻ മരത്തിന്മേൽ തൂങ്ങികിടക്കു ന്നതു കണ്ടിട്ട് സ്രാഫേന്മാർ ചുളുങ്ങുകയും ചെയ്യുന്നു. തന്റെ സ്രാഷ്ടാവിന്റെ നഗ്നതകാണാതിരിപ്പാൻ സൂര്യൻ അതിന്റെ രശ്മികൾ മറച്ചുകളഞ്ഞു. നിത്യപ്രകാശം മര ത്തിൻമേൽ തൂക്കപ്പെട്ടതു കാണുകയാൽ നട്ടുച്ചയ്ക്ക് അന്ധകാരമുണ്ടായി. ശിഷ്യന്മാർ ഓടിഒളിക്കുന്നു. സ്നേ ഹിതന്മാർചിന്നിചിതറുന്നു. ഇടയൻ അടിയേറ്റു; അവന്റെ ആടുകൾ ചിതറിപ്പോയി എന്നുള്ള നിന്റെ പ്രവചനം ഇതാ നിറവേറിയിരിക്കുന്നു. അഗ്നിമയന്മാർ എവിടെ? അഗ്നിജ്വാല

ധരിച്ചിരിക്കുന്നവരെവിടെ? മിഖായേലേ, നിന്റെ പൌരുഷം എവിടെ? ദൂതന്മാരുടെ തലവനായ ഗബ്രിയേലേ, നിന്റെ ഉഗ്രതയെവിടെ? ശിഷ്യന്മാരേ, ഭയപ്പെടേണ്ടാ;ശക്തിപൂണ്ട് ധൈര്യപ്പെട്ട് ഒന്നിച്ചു കൂടുവിൻ. ഇന്നു നിങ്ങളുടെ ഗുരു അടിയേൽക്കുന്നെങ്കിൽ ദീർഘദർശി അവനെക്കുറിച്ച് ഉൽഘോഷിച്ചിട്ടുള്ളതുപോലെ ഞായറാഴ്ച ജീവിച്ചെഴുന്നേൽക്കും. ശിമയോനേ നീ എവിടെ പോകുന്നു? യോഹന്നാനേ, നീ എവിടേക്കു ഓടുന്നു? ബർത്തുൽമായേ നീ എവിടേക്കു ഓടിഒളിക്കുന്നു? തോമസേ നീ എവിടേക്കു മാറുന്നു? പീലിപ്പോസേ നീ എവിടേക്കു അകലുന്നു? അന്ത്രെയോസെ നീ എന്തിനു ദുഃഖിക്കുന്നു? യാക്കോബേ, നീ എന്തിനു വിലപിക്കുന്നു? ശ്ലീഹന്മാരേ ചിതറിപ്പോകുവാൻ നിങ്ങൾ ധൃതികൂട്ടരുതേ. ഇന്നു നിങ്ങൾഓടിപ്പോയാലും ഞായറാഴ്ച ഒന്നിച്ചുകൂടും. ഇന്നു ഭയത്താൽ ഒളിക്കുന്നതിനുള്ള ഓട്ടമാണ്. ഞായറാഴ്ച ആനന്ദത്തിനുള്ളകൂട്ടമാണ്. ഇന്നു ഭയവും വിറയലുമത്രെ. ഞായറാഴ്ചസന്തോഷകരമായ സുവിശേഷമത്രെ. ഇന്നു നിങ്ങളുടെ കൂട്ടത്തിനു വിലാപം. ഞായറാഴ്ച സന്തോഷവും ആനന്ദവും. നിങ്ങളുടെ ഗുരു ശവക്കല്ലറയിൽ നിന്ന് ജീവിച്ചെഴുന്നേറ്റെന്നു കേൾക്കുമ്പോൾ യൂദന്മാർ ദുഃഖിച്ചു വിലപിക്കും.

ഇതു നിമിത്തം ഞങ്ങളുടെ മ്ശിഹാതമ്പുരാനേ നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. രക്ഷാകരമായ നിന്റെ പീഡാനുഭവങ്ങളാൽ ഞങ്ങളെ കഷ്ടതയില്ലാത്തവരും ഉപദ്രവമനുഭവിക്കാത്തവരുമാക്കിത്തീർക്കേണമേ. പാപദുർവ്വികാരങ്ങളിൽ നിന്നും ഞങ്ങളെ വേർപ്പെടുത്തണമേ. ദിവ്യശക്തിയാലും കൃപയാലും ഞങ്ങൾ ശത്രുവിന്റെ എല്ലാവ്യാപാരങ്ങളെയും ജയിക്കുമാറാകണമേ. ഹോശോ...

ജ. ആമേൻ.

*കുക്കായ*

ആഴ്ചയിലാറാം ദിനത്തിൽ- മൂന്നാംമണിനേരം
ലോകരക്ഷകനെ ദുഷ്ട-യൂദർ ക്രൂശിച്ചു
സൂര്യനിരുണ്ടു- ഭൂമിഭ്രമിച്ചു
പാറകൾപിളർന്നു-കുന്നുകൾവിറച്ചു
കബറിടങ്ങൾ തുറന്നു- മരിച്ചവരുയിർത്തു
ഹാ! കഷ്ടം ദൈവസുതനെ- ക്രൂശിച്ചവർക്കെല്ലാം
തൻമരണത്താൽ നമുക്കൊ മൃതിയൊഴിഞ്ഞു.

*ശുബഹാ*

തിരു സഭയിന്നരുമ-സുതരെ നിങ്ങൾ
ലോകത്തിൻദീപമാകും-നീതിസൂര്യനെ
ക്രൂശുമരത്തിൻ-മുകളിൽ കണ്ടീടുവിൻ
കൈകാലുകളിൽ-തിരുവിലാവതിലും
ആണികൾ കുന്തങ്ങളാൽ-മേനിയിലേറ്റ
മുറിവുകൾ മുത്തംചെയ്തു-വന്ദിച്ചാർത്തീടുവിൻ
ഹാലേലുയ്യാ-ഉ-ഹാലേലുയ്യാ
നാഥാ-അനുഗ്രഹിച്ചെങ്ങളെതുണയ്ക്കേ-ണമേ.

*ബാത്തെദ് ഹാശ*

1 ഞങ്ങൾക്കായ് ഏറ്റ നിൻ-കഷ്ടതതാഴ്ച
കർത്താവേ, വാഴ്ത്ത-പ്പെട്ട-താ-ക പ്രതി

2 മഹത്വത്തിന്റെ-രാജാവാ-കും
മ്ശിഹാ മരിച്ച-അത്ഭുതസ്ലീബാ
ഞാൻ ധ്യാനിച്ചീ-ടുമ്പോളെന്റെ
ഈ ലോകലാഭ-ങ്ങളെല്ലാം നഷ്ടം
എന്നു-ഞാൻ-ഗണിച്ചീടു-ന്നു. പ്രതി

3 എൻദൈവമേ-ക്രിസ്തുനാഥാ
നിന്നുടെകുരിശി-ങ്കലെന്യേ ഞാൻ
ഒന്നിലും ഒട്ടും-പുകഴായ്‌വാൻ
നിൻ ക്രൂശിൻമാ-ഹാത്മ്യം നി-ന്നാ-
ത്മാവാലെനിക്കു-കാണിച്ചീ-ടുക. പ്രതി

4 എന്നെ അത്യന്തം-മോഹിപ്പിച്ചീടും
എല്ലാവിധ-വസ്തുക്കളും
എൻനാഥാ നിൻ-ചോരയതിൻ
ഫലമാം പുണ്യ-ഭാഗ്യ-ങ്ങളെ
നേടീടുവാൻ-വെടിഞ്ഞീടു-ന്നേൻ. പ്രതി

5 പ്രീയസോദരരേ-തിരുശിരസ്സിലും
സർവ്വാംഗങ്ങളിലും ഒഴുകീടും-
രക്തത്തിൽ ചേർന്നു-വിളങ്ങീടുന്ന
സ്നേഹഖേദങ്ങൾ-കണ്ടിടുവാൻ
അൻപേറും നാഥനെ-കുമ്പിട്ടീ-ടുവിൻ. പ്രതി

6 ഇതിനുതുല്യം-സ്നേഹഖേദങ്ങൾ
എങ്ങുയോജി-ച്ചുകാൺമു നാം
മുള്ളുകൾകൊണ്ടു-ഇത്രശ്രേഷ്ഠം-
മായൊരു മുടിയി-തെന്യേ എ-ങ്ങും
കാൺമാനില്ലാ-പാപിനൂനം പ്രതി

7 ഈ പ്രപഞ്ച-മാകെ-യെന്റെ
സമ്പാദ്യമെ-ന്നിരുന്നീടിലും
ഇമ്മഹാകൃപ യ്ക്കൊരു സ്തോത്ര-
കാഴ്ചയ്ക്കിവ-നിസ്സാര-ങ്ങൾ
എന്നെൻമനം-ചൊല്ലീടുന്നു. പ്രതി

8 ആശ്ചര്യപൂർണ്ണ-മാം നിൻദിവ്യ
സ്നേഹത്തിനു-പകര-മായി
എൻജീവദേഹ-ദേഹികളും
സർവ്വ സ്വത്തു-ക്കളും കൂടെ
സ്തോത്രപൂർവ്വ-മർപ്പിക്കുന്നു പ്രതി

9 എൻരക്ഷകാ-എന്നായു-സ്സിൻ
നാളെല്ലാം നിൻ-ദിവ്യസ്ലീബാ
എൻധ്യാനവും-എൻഗാനവും
ആയീടുവാൻ-നിന്നാത്മാവാൽ
കൃപ നീ തന്ന-രുളീടേ-ണമേ. പ്രതി

## *മാർ അപ്രേമിന്റെ ബാഊസാ*

1 ഞങ്ങൾക്കായതി കഷ്ടതകൾ-ഏറ്റൊരുനാഥാ ഞങ്ങളെ നീ
അനുഗ്രഹിച്ചവയിൻ പങ്കും നിൻ-രാജ്യോഹരിയും
നൽകേ-ണമെ. പ്രതി

2 കരുണാകരനെ നിൻജനത്തെ-എത്രയോവളരെ നീ
സ്നേഹിച്ചു
നിൻമഹത്വത്തിൽവരുത്താൻനീ-അവർക്കായ് നിന്നെ
ഏല്പിച്ചു
താഴ്മയിൻരൂപം നീ-എടുത്തു-മരണത്തോളം താഴ്ത്തി
നിന്നെ
ക്രൂശിൻകഷ്ടത നീ സഹിച്ച്-നിത്യജീവൻ അവർക്കായ്
നൽകി. പ്രതി

3 ഗാഗുൽത്തായിൻമുകളിലയ്യോ-ക്രൂശിപ്പാനായ് തീർപ്പെ
ഴുതി
കുരിശെടുപ്പിച്ചു നടത്തിയപിൻ-കുരിശിൽതന്നെ കിട
ത്തുന്നു
കയ്യിലും കാലിലും ആണികളെ തറച്ചീടുന്നവർ ചുറ്റികയാൽ
കുരിശോടു തന്നെ പൊക്കിയവർ-ഹേമത്തോടുറപ്പിക്കുന്നു
തന്നുടെ ഇരുവശങ്ങളിലോരോ-കള്ളനെക്കൂടെ
തൂക്കുന്നു പ്രതി

4 വഴിതെറ്റിൽനിന്നുദ്ധരിപ്പാൻ-പാടേറ്റോനേ മ്ശിഹായേ
ജീവൻഞങ്ങൾക്കുണ്ടാവാൻ-ഞങ്ങളെ പ്രതിമരണത്തിനായി
നിന്നെനൽകിയ ജനകനവൻ-വാഴ്ത്തപ്പെട്ടവനാകട്ടെ
പാറക്ലീത്തായാം വിശുദ്ധാ-ത്മന്നും സ്തോത്രമെ ന്നേ-ക്കും
പ്രതി

5 നമസ്കാരം കേൾക്കുന്നവനേ-യാചനകൾ നൽകുന്നവനേ
ഞങ്ങളിൻപ്രാർത്ഥനകൾകേട്ട്-യാചനകൾ നൽകീ-ടേ-ണമേ
പ്രതി

### കൌമ്മാ

ന്യായവിസ്താരത്തിൽ തന്റെ ദാസനാൽ പരിഹസിക്കപ്പെട്ട മ്ശിഹാതമ്പുരാനേ-നിന്റെ ന്യായ വിസ്താരദിവസത്തിൽ ദയ തോന്നി- ഞങ്ങളോടു കരുണ ചെയ്യണമേ. (പുറം. 32)

**രണ്ടാം പാഠം.** ഗലാ. 3

*മദറാശാ*

(ശേത്ക്കുസക്കായാ......രീതി)

1 നാ-ശലോകത്തെ-കണ്ടവൻ സ്വർഗ്ഗത്തിൽ
താ-തൻമഹത്വത്തെ-വിട്ടവൻ മനസ്സോടെ
ദാസനുടെ വേഷമെടു-
ത്താകൃതിയിൽ-മാനുഷ്യനായ്
കുരിശോളം-താഴ്ത്തിയവൻ-മരണത്തെ-ആസ്വദിച്ചു

2 ദൈ-വകോപത്തിൽ-വീണവരാംമാനവരെ
ശാപപാത്രമായ്-തീർന്നവരാം-പാതകരെ
വീണ്ടെടുപ്പാൻ-രക്തത്തെ
ചിന്തിയവൻ-ബലിയായി
താതനുടെ-കോപത്തെ-ആറ്റിയവൻ നിരപ്പാക്കി.

3 യേ-ശുവേ നിന്റെ-സ്നേഹത്തെ ഞാൻ കാണ്മാൻ
ക്രൂ-ശോടുകൂടെ വരിക നീ എൻമുന്നിൽ
നീമാത്രം-എനിക്കുള്ളോൻ
നീയൊഴികെ-സ്നേഹിപ്പാൻ
എനിക്കാരു-മില്ലിഹത്തിൽ-സ്നേഹിക്കും-ഞാൻ നിന്നെ

4 എൻ-മോചനം-നീ വാങ്ങി-ക്രൂശതിനാൽ
എൻ ഭാഗ്യമതും നീ നേടി-രുധിരത്താൽ
വീണ്ടെടുപ്പിൻ ദാനങ്ങളാം
നൽവരങ്ങൾ ചിന്തി നീ
മരണത്തിൻ-മുള്ളൊടിച്ചോൻ. പാതാളം-ജയിച്ചവൻ നീ

5 ഞാൻ-പാടീടും-ആനന്ദ-ത്തോടിനിയും
മ-ണ്ണിലും പിന്നെ-വിണ്ണിലും-നിന്നെ ഞാൻ
വാഴ്ത്തിടും-മോദമോടെ
ചേർക്കും നീ-മഹത്വത്തിൽ
പൊൻമുടിയും-എൻശിരസ്സിൽ-വച്ചീടും നീ അന്ത്യത്തിൽ

ഏവൻഗേലിയോൻ. മത്താ.27:1-44.

ഞങ്ങളുടെ കർത്താവും ഞങ്ങളുടെ ദൈവവുമേ.. (പുറം 30)

ആശീർവാദം

# വെള്ളിയാഴ്ച കാലത്തെ നമസ്കാരം

## മൂന്നാം ഭാഗം

### പ്രാരംഭസ്തുതി

കൌമാ

ന്യായവിസ്താരത്തിൽ തന്റെ ദാസനാൽ പരിഹസിക്കപ്പെട്ട മ്ശിഹാതമ്പുരാനേ-നിന്റെ ന്യായവിസ്താരദിവസത്തിൽ ദയതോന്നി- ഞങ്ങളോടു കരുണ ചെയ്യണമേ.

(പുറം 32)

 പ. ഞങ്ങളുടെ വർഗ്ഗത്തിന്റെ രക്ഷയ്ക്കായി ക്രൂശിൽ തൂക്കപ്പെട്ട ഞങ്ങളുടെ കർത്താവും ദൈവവുമായ മ്ശിഹായേ, നിന്റെ പീഡാനുഭവം ഞങ്ങൾക്കു സമാധാനത്തിന്റെ ആധാരവും ജയത്തിന്റെകൊടിയും രക്ഷയുടെ പ്രത്യാശയുമായി ഭവിക്കുമാറാകണമേ.സർവ്വശക്തിയുള്ള നിന്റെ വലങ്കൈയാൽ ഞങ്ങളെ അനുഗ്രഹിക്കയും ഞങ്ങളുടെ കൂട്ടം മുഴുവനെയും നിന്റെ സ്ലീബായുടെ ചിറകിൻകീഴ് മറച്ചുകൊള്ളുകയും ചെയ്യണമേ. പിതാവും പുത്രനും പരിശുദ്ധറൂഹായുമായ ദൈവമേ, ഞങ്ങളുടെ ആയുഷ്കാലം മുഴുവനും ഞങ്ങൾ നിന്നെ പ്രസാദിപ്പിക്കയും നിനക്കു സ്തുതിയും സ്തോത്രവും പാടുകയും ചെയ്വാൻ ഞങ്ങളെ യോഗ്യരാക്കണമേ. ഹോശോ...

ജ. ആമേൻ.

22-ാം സങ്കീർത്തനം

*എനിയാനാ*

 പ. പാപികളായ ഞങ്ങൾക്കുവേണ്ടി തന്റെ വത്സലപുത്രനെ ഇഹലോകത്തിലേക്ക് അയപ്പാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചവനായ ദൈവമേ-

ജ. നീ വാഴ്ത്തപ്പെട്ടവനും സ്തുതിക്കപ്പെട്ടവനുമാകുന്നു.

പ. ഞങ്ങൾക്കുവേണ്ടിയുള്ള പീഡാനുഭവത്താലും ക്രൂശാരോഹണത്താലും സകല വഞ്ചനകളിൽ നിന്നും ഞങ്ങളെ രക്ഷിച്ചവനായ മ്ശിഹായേ...

ജ. നീ വാഴ്ത്തപ്പെട്ടവനും സ്തുതിക്കപ്പെട്ടവനുമാകുന്നു.

പ. രഹസ്യമായ തന്റെ ശക്തിയാൽ പാപക്കറയിൽനിന്നു ഞങ്ങളെ വീണ്ടെടുക്കുന്ന പരിശുദ്ധാത്മാവാം ദൈവമേ-

ജ. നീ വാഴ്ത്തപ്പെട്ടവനും...

പ. ത്രിത്വമായ ഏകശക്തിയായ പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ ദൈവമേ-

ജ. നീ വാഴ്ത്തപ്പെട്ടവനും...

## പ്രോമ്യോൻ

പ. നാം എല്ലാവരും പ്രാർത്ഥിച്ച്...

ജ. അനുഗ്രഹിക്കുന്നവനായ കർത്താവേ...

പ. സ്തുതിയും സ്തോത്രവും...

മരത്തിന്മേൽ തൂക്കപ്പെടുകയും, തന്റെ കൈകൾ വിരിച്ചതിനാൽ സകല ജാതികളെയും കൂട്ടിച്ചേർക്കയും ആടുകളോടുള്ള ആർദ്രകരുണയാൽ ഉത്തമ ഇടയനെപോലെ സഭയ്ക്കുവേണ്ടി ജീവൻ വയ്ക്കയും തന്റെ യാഗത്താൽ സകലരുടെയും പാപങ്ങൾ മോചിക്കയും ചെയ്ത മ്ശിഹാതമ്പുരാന്, പ്രാർത്ഥനാ ശുശ്രൂഷയുടെ ഈനേരത്തും നമ്മുടെ ആയുഷ്കാലമൊക്കെയും സ്തുതിയും ബഹുമാനവും ആധിപത്യവും യോഗ്യമായിരിക്കുന്നു. ഹോശോ...

ജ. ആമേൻ.

സെദറാ

തന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും ഞങ്ങളെ സൃഷ്ടിച്ച അത്യുന്നതനായ ദൈവമേ നിന്നെ ഞങ്ങൾ സ്തുതിക്കുന്നു. നിന്റെ ക്രൂശിനാൽ ഞങ്ങളെ ജീവിപ്പിക്കയും നിന്റെ മരണത്താൽ ഞങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്ത മനുഷ്യരെ സ്നേഹിക്കുന്ന കർത്താവേ, നിന്റെ രക്ഷയെ ഞങ്ങൾ മഹത്വപ്പെടുത്തുന്നു. എന്തെന്നാൽ സൃഷ്ടിയിൽ നിന്റെ ആഗ്രഹം നീ നിവർത്തിച്ചു. നിന്റെ സാദൃശ്യത്താൽ മനുഷ്യനെ നീ സൃഷ്ടിച്ച് മൂക്കിൽ ജീവശ്വാസം ഊതി; അവൻ ജീവാത്മാവായിത്തീർന്നു. ഭംഗിയിൽ പൂർണ്ണനും മഹത്വത്തിന്റെ ഉപകരണവുമായിരുന്ന അവൻ കല്പന ലംഘനത്താൽ അവമാനിതനും, മരണാധീനനുമായിത്തീർന്നു. അവന്റെ വീണ്ടെടുപ്പിനും രക്ഷയ്ക്കുംവേണ്ടി, സ്നേഹത്താൽ ക്രൂശുമരണത്തിന് നിന്നെത്തന്നെ ഏല്പിച്ചുകൊടുത്തു. അതിനാൽ അവൻ പുതിയ ജീവൻ നേടുകയും പുതുമ കൈക്കൊള്ളുകയും ചെയ്തു.

കർത്താവേ, രക്ഷാകരമായ പീഡാനുഭവത്തിന്റെയും ജീവപ്രദമായ മരണത്തിന്റെയും ഓർമ്മ കൊണ്ടാടുന്ന ഈ ദിവസത്തിൽ നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. ജഡത്തെ അതിന്റെ രാഗമോഹങ്ങളോടെ ക്രൂശിപ്പാൻ ഞങ്ങൾക്കു കൃപനൽകണമേ. പഴയമനുഷ്യന്റെ പാപോല്ലാസത്തെ ഞങ്ങളിൽ മരിപ്പിപ്പാനും നിന്നിൽ ജീവിപ്പാനും തക്കവണ്ണം വിശുദ്ധിയോടും തകർന്ന ഹൃദയത്തോടും വിനയമുള്ള ആത്മാവോടും കൂടെ നിന്റെ പീഡാനുഭവത്തിൽ പങ്കാളിയാകുവാൻ ഞങ്ങളെ യോഗ്യതയുള്ളവരാക്കണമേ. മനസ്സോടും, മനസ്സുകൂടാതെയും അറിഞ്ഞും അറിയാതെയും ഞങ്ങൾ ചെയ്തുപോയ പാപങ്ങൾക്ക് മോചനവും, കടങ്ങൾക്കു പരിഹാരവും നൽകണമേ. നിരപരാധവും നിർമ്മലവുമായ ജീവിതത്തിൽ ഞങ്ങളെ

കാത്തുകൊള്ളണമേ. ഞങ്ങളുടെ ആത്മാക്കളെ തൃക്കൈകളിൽ ഞങ്ങൾ സമർപ്പിക്കുന്നു. രണ്ടാമത്തെ നിന്റെ എഴുന്നള്ളത്തിന്റെ ദിവസത്തിൽ നിന്നെ എതിരേൽപ്പാൻ ഞങ്ങളെ യോഗ്യതയുള്ളവരാക്കി തീർക്കണമേ. ഞങ്ങൾ നിനക്കും പിതാവിനും പരിശുദ്ധ റൂഹായ്ക്കും സ്തുതിയും ബഹുമാനവും അർപ്പിച്ചുകൊള്ളുന്നു. ഹോശോ....

ജ. ആമേൻ.

(എനാനുഹറാ-രീതി)

നിലവിളി ഞാൻ-കേൾക്കുന്നേ ക്രൂശിൽ
അലറുന്നതിലെൻ-രക്ഷകൻതാൻ
മുറവിളിയും കേൾക്കുന്നേനവിടെ
സകലവും നിവർത്തിച്ചതിലെനിക്കായ്

ബലിയാൽമോചന-മെനിക്കരുളി
ബലയാറിൻതല-ചതച്ചവിടെ
ബലവാനെ ജയി-ച്ചവൻകൈയ്യാൽ

വിലങ്ങരായവരെ വിടുവിച്ചു
വലുതായൊരുജയം നേടിയപിൻ

*ശൂബഹാ*

വരുന്നിതാ ഞാ-നേശുവേ നിന്നരികിൽ
കുരിശതിൽ നിന്നെ ഞാൻകാണുന്നു
ചൊരിയുന്നേൻ-ബാഷ്പം നിൻപാദെ
പറവാനരുതെനിക്കുടയോനെ,

പാരിടമതിലീ-വിധമാരും
പാപിയെ സ്നേഹിച്ചില്ലയ്യോ
മരണത്തോളം-നീയെന്നെ

സ്നേഹിച്ചെൻരിപുക്കളെയൊടുക്കി
ശരണമെനിക്കായ് നീ നേടി.

### *എനിയാനാ*

പ. എല്ലാവരുടെയും ന്യായാധിപതിയായിരിക്കെ അന്യായക്കാരാൽ മരണശിക്ഷയ്ക്കു വിധിക്കപ്പെടുവാൻ തിരുമനസ്സായ പരിശുദ്ധനും നീതിമാനുമായ ദൈവമേ-

ജ. നിന്റെ കുരിശിലേക്കു അടുത്തുവരുന്ന ഞങ്ങളെ അനുഗ്രഹിക്കണമേ.

പ. തന്റെ സ്ലീബായാൽ ഞങ്ങളുടെ വർഗ്ഗത്തെ ഉയർത്തുകയും, സ്വന്ത മരണത്താൽ ഞങ്ങളെ മരണത്തിൽ നിന്നു ജീവിപ്പിക്കുയും ചെയ്തവനായ ദൈവമേ-

ജ. നിന്റെ കുരിശിലേക്കു...

പ. സ്വാഭാവികമായി ദൈവമായിരിക്കെ, മനുഷ്യനായി വന്നു വിധിക്കപ്പെടുകയും, ഞങ്ങളുടെ ശിക്ഷാവിധിയുടെ ശക്തിയെ അഴിക്കുകയും ചെയ്തവനായ ദൈവമേ-

ജ. നിന്റെ കുരിശിലേക്കു....

### *കൂക്കായ*

ദൈവസുതൻ സ്കീപ്പായിൽ-തലചായിച്ചു
തൻദേഹിയെ പിതാവിൻ-കൈകളിലേല്പിച്ചു

മൃതിരഹിതൻതാൻ-മരിച്ചവരിടയിൽ
ആശ്വസിച്ചതിനാൽ-കബറതിൽനിന്നു

പറുദീസായിന്നുള്ളിലേക്കു-പോകുംവഴി
തന്നുയിർപ്പിൽനമ്പും ആദ-സുതർക്കായ് തെളിച്ചു

ഹാലേലുയ്യ-ഉ-ഹാലേലുയ്യ

*ശുബഹാ*

ദൈവം സ്ലീബായിലേറി-മരണംരുചിച്ചു
മർത്ത്യർക്കുയിർപ്പുണ്ടാക്കി-പാതാളത്തിറങ്ങി,
അതിൻമതിലുകൾ-വാതിലുകളും
ഇരുമ്പോടാമ്പലുകളും-തകർത്താൻ
തൻസ്വരൂപമാം ആദാ-മിനെ നാശത്തിൽ
നിന്നുദ്ധരിച്ചവന്നു സ്തുതി എന്നന്നേക്കും
ഹാലേലുയ്യാ-ഉ-ഹാലേലുയ്യാ

*ബാത്തെദ് ഹാശാ*

1 ഞങ്ങൾക്കായ് ഏറ്റ നിൻ-കഷ്ടതതാഴ്ച
കർത്താവെ വാഴ്ത്ത-പ്പെട്ട-താക പ്രതി

2 ബലത്താൽ പണ്ട്-മെസ്രേനിൽനി-
ന്നെടുത്തോരു മുന്തിരി-കൊടിയാം യൂദർ
മാറായിൻ വെള്ളം-മധുരമാക്കി
തീർത്തവന്നു-ദാഹിച്ചനേരം
കയ്പുകാടി-നീട്ടീടു-ന്നു പ്രതി

3 അൻപേറും നാഥൻ-ഒൻപതാം മണിയിൽ
വൻപൻപിശാചെ-കൊള്ള ചെയ്യുന്നു
കമ്പമകറ്റി-തുമ്പംനീക്കി
തമ്പുരാൻമുമ്പിൽ-സമ്മതരാക്കി
നിവൃത്തിയായെ-ന്നുരചെ-യ്യു-ന്നു. പ്രതി

4 പാറകൾപൊട്ടി-കീറുന്നയ്യോ!
തുറന്നീടുന്നു-കബറിടങ്ങൾ
കീറിടുന്നു-ദേവാലയത്തിൻ
തിരശ്ശീല രണ്ടായ്-സൂര്യനും തന്റെ
പ്രഭയെമൂടി-മങ്ങീടു-ന്നു. പ്രതി

5 കുരിശിന്നരികിൽ നിന്നൊരധിപൻ
പറയുന്നിവൻതാൻ-ദൈവകുമാരൻ
ഘാതകനൊരുവൻ-വിലാവിൽകുത്തി
ചങ്കുതുറന്നു രക്തവും ജലവും
ചൊരിഞ്ഞു ലോക-വിശുദ്ധിക്കാ-യി. പ്രതി

# മാർ അപ്രേമിന്റെ ബൗഊസാ

1 ഞങ്ങൾക്കായതി കഷ്ടതകൾ ഏറ്റൊരുനാഥാ ഞങ്ങളെ നീ
അനുഗ്രഹിച്ചവയിൻപങ്കും നിൻ-രാജ്യോഹരിയും നൽ-
കേണമേ. പ്രതി

2 കള്ളന്മാരോടുകൂടെയവൻ-എണ്ണപ്പെട്ടെന്നുള്ളതായി
എഴുതിയവാക്യം നിവൃത്തിപ്പാൻ-വല്ലഭനിങ്ങനെ മനസ്സായി
ഭാരം കൊണ്ടുടൽതാഴുമ്പോൾ-കീറിടുന്നു കാൽകരവും
ചോരത്തുള്ളികൾ ശിരസ്സുമുതൽ-പാദത്തോളം ഒഴു-കുന്നു

3 വെയിലും ചൂടും കൊണ്ടതിനാൽ-വിങ്ങീടുന്നു തിരുമേനി
അതിലും വേദന പ്രിയതാതൻ-തിരുമുഖം തനിക്കു മറച്ച
തിനാൽ

4 എൻദൈവമേ! എൻദൈവമേ! യെന്നീവണ്ണം നിലവിളിച്ചു
കണ്ണീർവാർത്തു കരഞ്ഞവൻ-താതനെ നോക്കി നമി-ക്കു-ന്നു
സാത്താൻ തന്നുടെ തീയമ്പേ-എയ്തീടുന്നു മഴപോലെ
ശത്രുക്കൾ ക്രൂശിനെചുറ്റി-പരിഹാസങ്ങൾ ചൊല്ലുന്നു
ബലവാനിൽനിന്നപഹൃതങ്ങൾ-ബലമൊടു പിടിച്ചെടുക്കുന്നു
കളവാം അവനുടെകൊള്ളകളെ-ബലവാൻകയ്യിൽ-വാങ്ങു-ന്നു

5 സ്വർലോകത്തിൻ വാഴ് വുകളെ-എല്ലാം താതൻ നൽകുന്നു
ഭൂലോകത്തിന്നതിരുകളെ-സ്വാധീനത്തിൽ വാങ്ങുന്നു
ലോകം ജഡം പിശാചിവർമേൽ-ഏകനായി താൻജയം നേടി
താതനോടു മാനുഷരെ-യോജിപ്പിച്ചാൻര-ക്ത-ത്താ-ൽ

6 താതാ നിവൃത്തിയായെന്നുടനെ-താതനോടുരച്ചപിൻ ശിര
സ്സതിനെ
ക്രൂശിൽ ചായിച്ചയ്യയ്യോ-ആത്മം താതനെയേല്പിച്ചു.
കുരിശിലെനിന്നുടെജയമതിനെ-പറവാനാർക്കും വശമില്ലേ
തിരുസഭ അതിനെഅനുഭവിപ്പാൻ-അരുളീടണമേ കർത്താ-വേ

7 നമസ്കാരം കേൾക്കുന്നവനേ-യാചനകൾ നൽകുന്നവനേ
ഞങ്ങളിൻപ്രാർത്ഥനകൾകേട്ട്-യാചനകൾ നല്കീടേ-ണമേ

## കൌമ്മാ

തന്റെ മരണത്താലെ ഞങ്ങളുടെ മരണത്തെ ജീവിപ്പിച്ച മശിഹാതമ്പുരാനേ- ഞങ്ങളുടെ ജീവനെ ശക്തിപ്പെടുത്തി, ഞങ്ങളോടു കരുണ ചെയ്യണമേ.(പുറം 32)

**പാഠം വായന.** സംഖ്യാ. 21.1-9., എബ്രാ. 3.1-19

***മദറാശാ***

(ശേത്ക്കുസക്കായ.....രീതി)

1 ഹേ പാപി നി-നക്കുണ്ടായ പാപവിഷം
തീരുവാൻ താത-നയച്ചോരു പരിഹാരി
ഇവനല്ലോ-ലോകത്തിൻ-പാപത്തെ-ചുമന്നവൻ
രക്തത്താൽ-മോചനം-നൽകാൻ ബ-ലിയായിത്തീർന്നു

2 ക്രൂശിങ്കൽ നീ-വന്നീടാൻ വിളിക്കുന്നു
തിരുമേനികണ്ട് തൃക്കാൽകൾ-ചുംബിക്ക,
കള്ളന്മാരി-ലൊരുവനും-ശതാധിപനും തന്റെ
ഉള്ളേ-തിങ്ങും ദൈവ-തേജസ്സെ-കണ്ടതോർക്ക

3 പാപികൾ ക്രൂശിന്ന-രികിൽ വന്നീടുന്നു
വൈരികൾ തോറ്റ്-ഓടിഒളിച്ചീടുന്നു
ക്രൂശിൻജയം-കണ്ടേങ്ങൾ-ശുദ്ധിക്കായ് നിൻരക്തം
വൻനദിപോൽ-ഒഴിക്കീടാൻ യാചിക്കു-ന്നു ഞങ്ങൾ

4 രക്ഷയെ നിവർത്തി-ച്ചെന്നു താനുരയ്ക്കുന്നു
താതൻ തന്റെ-തനയൻ ബലികണ്ടുടനെ
ശാപങ്ങൾ നീക്കിടുന്നു ദാനങ്ങൾ ചിന്തിടുന്നു
കൂരിരുൾ ഓടീടുന്നു-ക്രൂശിങ്കൽ വേ-ഗമെത്താം

5 പാപി! അനുതപിക്കു-പാപങ്ങൾ വിട്ടീടുക;
പാപിക്കാശ്രയം-മറ്റാരുമില്ലിഹത്തിൽ,
താതസു-താത്മാക്കൾക്കു-ണ്ടാകട്ടെ മാമഹത്വം
ആദിമുതൽ-ഇപ്പോഴും-എന്നേക്കും ഉണ്ടാക.

കൌമാ. തന്റെ മരണത്താലെ.... (പുറം 154)
ഏവൻഗേലിയോൻ മത്താ. 27. 45-56
വിശ്വാസപ്രമാണം (പുറം 29),പ്രസംഗം
ഹൂത്താമ്മാ (പുറം 30)

ആശീർവാദം

# വെള്ളിയാഴ്ച സന്ധ്യയിലെ നമസ്കാരം

## പ്രാരംഭസ്തുതി

### കൌമാ

തന്റെ മരണത്താൽ ഞങ്ങളുടെ മരണത്തെ ജീവിപ്പിച്ച മ്ശിഹാതമ്പുരാനേ- ഞങ്ങളുടെ ജീവനെ ശക്തിപ്പെടുത്തി-ഞങ്ങളോടു കരുണ ചെയ്യണമേ.

(പുറം 32.)

പ. മനുഷ്യരെ സ്നേഹിക്കുന്ന ദൈവമായ കർത്താവേ, യൌസേഫും നിക്കോദീമോസും കൂടി സുഗന്ധ വർഗ്ഗങ്ങൾ ഇട്ടു നിന്നെ സംസ്കരിച്ചതുപോലെ; ഉത്തമനടപടികൾകൊണ്ട് ജീവൻ നൽകുന്ന നിന്റെ കബറടക്കത്തെ കൊണ്ടാടുവാനും; പുതിയ ശവക്കല്ലറയിൽ എന്നപോലെ ഞങ്ങളുടെ ഉള്ളിൽ നീ പ്രവേശിച്ച് വിശ്രമിപ്പാനും;കുരിശിനാൽ നീ രക്ഷിച്ചിട്ടുള്ളവരോടുകൂടെ, നിനക്കും പിതാവിനും പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും അർപ്പിക്കുവാനും ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമേ.

ജ. ആമേൻ.

പ. ഇന്ന് ജീവനുള്ളവൻ തന്റെ കൃപയാൽ മരിച്ചവരുടെ ഇടയിൽ പ്രവേശിക്കുകയും മരണത്തെ ശാസിക്കുകയും ചെയ്തു.

മരിച്ചവരുടെ ഇടയിൽ പാതാളത്തിൽ അവൻ പാർത്തു എന്ന് യിശായിയുടെ പുത്രൻ പ്രവചിച്ച വചനം ഇന്നു നിവൃത്തിയായി. മരിച്ചുപോയവർക്കും ഉയിർത്തെഴുന്നേല്പിന്റെ അടയാളത്താൽ അവൻ പ്രത്യാശയുണ്ടാക്കി.

റമതായിൽനിന്നുള്ള നീതിമാനായ യൌസേഫേ, നീ ഭാഗ്യവാനാകുന്നു, എന്തെന്നാൽ ദൈവപുത്രന്റെ തിരുശരീരം നിക്ഷേപംപോലെ നീ മൂടി, ഇതാ നിനക്കായി രാജ്യവും സന്തോഷമണവറയും സംഗ്രഹിച്ചിരിക്കുന്നു.

മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കുവേണ്ടി മനസ്സോടെ കഷ്ടതയനുഭവിച്ചു, മരിച്ച് അടക്കപ്പെട്ടവനായ നീ വാഴ്ത്തപ്പെട്ടവനാകുന്നു.

ജ. ആമേൻ.

## പ്രോമ്യോൻ

പ. നാമെല്ലാവരും പ്രാർത്ഥിച്ച്...

ജ. അനുഗ്രഹിക്കുന്നവനായ കർത്താവേ...

പ. സ്തുതിയും സ്തോത്രവും...

പുനരുത്ഥാനവും ജീവനും താനായിരിക്കുന്നവനും പാപത്തിൽ മരിച്ച നമ്മെ ജീവിപ്പിക്കുവാൻ, മരിച്ചവരുടെ ഇടയിൽ വസിച്ചവനും, തന്റെ ആത്മാവിനാൽ നമ്മുടെ ആത്മാക്കൾക്ക് ചൈതന്യം നൽകിയവനുമായ മശിഹാ തമ്പുരാന്, പ്രാർത്ഥനാശുശ്രൂഷയുടെ ഈ നേരത്തും നമ്മുടെ ആയുഷ്കാലമൊക്കെയും സ്തുതിയും ബഹുമാനവും വന്ദനവും യോഗ്യമായിരിക്കുന്നു. ഹോശോ.....

ജ. ആമേൻ.

## സെദറാ

പുനരുത്ഥാനവും ജീവനുമാകുന്ന മ്ശിഹാതമ്പുരാനേ, നീ സർവ്വശക്തനും സർവ്വവല്ലഭനുമാകുന്നു. ഞങ്ങളുടെ കർത്താവേ, നിന്റെ സ്നേഹാധിക്യത്താൽ ഞങ്ങൾക്കു വേണ്ടി കഷ്ടതയനുഭവിപ്പാൻ വിശുദ്ധ കന്യകമറിയാമിൽനിന്നു നീ ശരീരം ധരിച്ചു. സംഭ്രമജനകമായ ക്രൂശുമരണത്തിൽ അവർണ്ണനീയമായ അത്ഭുതങ്ങൾ സംഭവിച്ചു. നട്ടുച്ചയ്ക്കു സൂര്യൻ ഇരുണ്ടുപോയി. പകൽ രാത്രിപോലെ കാണപ്പെട്ടു. കരിമ്പാറകൾ പിളർന്നു. അടച്ചിരുന്ന ശവക്കല്ലറകൾ തുറന്നു. മൃതന്മാർ ജീവിച്ചെഴുന്നേറ്റു. ദൈവാലയത്തിലെ തിരശീല മേൽതൊട്ടു അടിവരെ കീറി. "ഇവൻ സാക്ഷാൽ ദൈവപുത്രനാകുന്നു" എന്നു ശതാധിപൻ നിന്നെ പുകഴ്ത്തി. നിന്റെ കൃപയാൽ നിന്റെ വിജയം ഞങ്ങളുടേതാക്കിത്തീർത്തു. ജീവപ്രദമായ മരണത്താൽ, ഞങ്ങളുടെ മരണം മനസ്സോടെ നീ കയ്യേറ്റ് ഞങ്ങൾക്ക് മരണമില്ലായ്മ നൽകി. നീതിമാനായ അരിമത്യ ജോസഫും നിന്റെ സ്നേഹിതനായ നിക്കോദീമോസും വെൺമയുള്ള വസ്ത്രങ്ങൾ പൊതിഞ്ഞ്, സുഗന്ധം പൂശി നിന്നെ സംസ്കരിച്ചു. മനുഷ്യരായ ഞങ്ങളെ ദൈവത്വമുള്ളവരാക്കിത്തീർത്ത ദൈവമേ നീ പരിശുദ്ധനാകുന്നു. ഞങ്ങൾക്കുവേണ്ടി താഴ്മയും ബലഹീനതയും ധരിച്ചു ഞങ്ങൾക്കു ശക്തിതന്ന ബലവാനേ നീ പരിശുദ്ധനാകുന്നു. ഞങ്ങൾക്കുവേണ്ടി കുരിശിന്മേൽ മരിക്കുകയും മരണത്തിൽനിന്നു ഞങ്ങളെ രക്ഷിക്കുകയും ചെയ്ത മരണമില്ലാത്തവനേ, നീ പരിശുദ്ധനാകുന്നു. മ്ശിഹാതമ്പുരാനേ, നിന്റെ ശ്രേഷ്ഠാനുഗ്രഹങ്ങൾക്കു ഞങ്ങളെ അർഹരാക്കണമേ. നിന്റെ വാഗ്ദാനങ്ങൾ നിറവേറ്റി ഞങ്ങളെ ആശ്വസിപ്പിക്കണമേ. ഉയിർത്തെഴുന്നേല്പിനാൽ ഞങ്ങളെ സന്തോഷിപ്പിക്കണമേ. പാപികളായ ഞങ്ങളുടെ പ്രാർത്ഥനകളും അപേക്ഷകളും കൈക്കൊണ്ട് നിന്റെ കൃപ ഞങ്ങളുടെമേൽ ചൊരിയണമേ. രോഗികൾക്കും ഞെരുക്കത്തിലിരിക്കുന്നവർക്കും സ്വസ്ഥതയും, വിലപിക്കുന്നവർക്കും ദു:ഖിക്കുന്നവർക്കും ആശ്വാസവും, പട്ടിണിക്കാർക്കും ദരിദ്രന്മാർക്കും പോഷണവും,

വഴിതെറ്റിപ്പോയവർക്കും കാണാതെ പോയവർക്കും തിരിച്ചുവരവും, സമീപസ്ഥർക്കും ദൂരസ്ഥർക്കും രക്ഷയും, കോപിച്ചിരിക്കുന്നവർക്കും ഭിന്നിച്ചിരിക്കുന്നവർക്കും നിരപ്പും, നിരസ്സിക്കപ്പെട്ടവർക്കും അപഹൃതന്മാർക്കും ആശ്വാസവും, പാപികൾക്കും കുറ്റക്കാർക്കും പൂർണ്ണമോചനവും, തിരുസഭയുടെ സന്താനങ്ങൾക്ക് പരിപൂർണ്ണ ഐക്യവും നീ നൽകണമേ. വിശുദ്ധ ഹൃദയത്തോടും നിർമ്മലമായ ചിന്തയോടും തികഞ്ഞ സ്നേഹത്തോടും കൂടി പരസ്പരം ആലിംഗനം ചെയ്‌വാൻ ഞങ്ങളെ അർഹരാക്കണമേ. ഞങ്ങളേയും ഞങ്ങളുടെ മാതാപിതാക്കളെയും സഹോദര സഹോദരികളെയും ഗുരുക്കന്മാരെയും അദ്ധ്യക്ഷന്മാരെയും തിരുമുമ്പാകെയുള്ള മുഖപ്രസാദത്തിനും നിന്റെ വലത്തുഭാഗത്തുള്ള നിലയ്ക്കും യോഗ്യതയുള്ളവരാക്കണമേ. ഞങ്ങൾ നിനക്കും പിതാവിനും പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും അർപ്പിക്കുകയും ചെയ്യുമാറാകണമേ. ഹോശോ....

ജ. ആമേൻ.

*കുക്കായാ*

ക്രൂശിൻ ചിറകിൽനിന്നും- ദൈവസുതന്റെ
തിരുമേനി ആദരപൂർവ്വം-ഇറക്കിസുഗന്ധ-
വർഗ്ഗങ്ങൾ പൂശി-ശീലകൾ പൊതിഞ്ഞു
പുതുതായൊരു-കല്ലറയിന്നുള്ളിൽ
മാന്യമായടക്കം ചെയ്ത-മാന്യമന്ത്രി-
ശ്രേഷ്ഠരാം യൗസേഫ് നിക്കോ-ദീമോസ് എന്ന ധന്യർ
യോഗ്യമായി-പ്രതിഫലം ഏറ്റിടും

*ശുബഹാ*

ദൈവം മരണവാഹന-നായിട്ടിന്നു,
പാതാളത്തിൽപൂകി-അതിൻശക്തി തകർത്തു
മരണം ഭ്രമിച്ചു-പാതാളം ഇളകി,
നരകസൈന്യങ്ങൾ-പരിഭ്രമിച്ചോടി,
മരണമുള്ളൊടിഞ്ഞു നരകഭയം നീങ്ങി
നിത്യതയിലേക്കുള്ള-ഉയിർപ്പും സ്ഥാപിച്ചു
ഹാലേലുയ്യാ-വന്ദനം തനിക്കെന്നും

എത്രാ

പ. തന്റെ ദാസന്മാരായ നിക്കോദീമോസും യോസേഫും സുഗന്ധദ്രവ്യങ്ങൾ കൊണ്ടും വെള്ള വസ്ത്രങ്ങൾ കൊണ്ടും ചെയ്ത സംസ്ക്കാരം സൗരഭ്യവും പരിമളവുമായി മനസ്സോടെ സ്വീകരിച്ച ഞങ്ങളുടെ ദൈവമായ മ്ശിഹാ കർത്താവേ, നിന്റെ മനുഷ്യസ്നേഹത്താൽ കുരിശാരോഹണംചെയ്തതിനെ ഓർക്കുന്ന ഈ പെരുന്നാളിൽ നാഥനായ നിനക്കു ഞങ്ങൾ സമർപ്പിക്കുന്ന ഈ പ്രാർത്ഥനകൾ അംഗീകരിക്കണമേ. ഇഹത്തിലും പരത്തിലും ഞങ്ങൾക്ക് കടങ്ങളുടെ പൊറുതിയും പാപപരിഹാരവും കനിവോടെ നൽകുമാറാകണമേ. നിനക്കുംപിതാവിനും പരിശുദ്ധറൂഹായ്ക്കും ഞങ്ങൾ സ്തുതി അർപ്പിക്കുകയും ചെയ്യുമാറാകണമേ.

ജ. ആമേൻ.

*ബാത്തെദ് ഹാശാ*

1 ഞങ്ങൾക്കായ് ഏറ്റനിൻ-കഷ്ടതതാ-ഴ്ച
കർത്താവേ, വാഴ്ത്ത-പ്പെട്ട-താ-ക പ്രതി

2 ഇദ്ദിനമന്ത്യ-സമയം യൗസേഫ്
ചെന്നാൻ പീലാ-ത്തോസിന്നരികിൽ,
യേശുവിൻമേനിയെ-ക്രൂശതിൽനിന്നു
ഇറക്കീടുവാൻ-യാചനയോടെ
ചൊന്നാനുടനെ-അവനനുവ-ദിച്ചു പ്രതി

3 ധനവാന്റെകൂടെ നിക്കോദീമോസും
അൻപേറും നാരി-മാരുംകൂടി
ഭക്തിയോടെ-യേശുവിൻ മേനി
ക്രൂശിൽനിന്നു-ഇറക്കി-തന്റെ
അടിപാടെല്ലാം-ഉടനെ ക-ഴു-കി പ്രതി

4 കെത്തനേ എന്ന-വിലയേറിടും
നേർത്തൊരു തുണിയിൽ-പൊതിഞ്ഞിട്ടവനെ
യൗസേഫിന്റെ പുതിയൊരു കബറിൽ
വച്ചിട്ടതിന്റെ-വാതിൽ വലിയ-
കല്ലാൽ മറച്ചവർ-ബഹുമതിയോ-ടെ പ്രതി

5 അൻപേറുംമീശോ-തമ്പുരാനെ-
ഇൻപമേറും-തിരുമേനിയെ
തുമ്പപ്പെട്ടോർ-കമ്പമകന്നു
അൻപൊടുകൂടി അടക്കീടുവാൻ
ഇൻപപ്പെട്ട-തെന്താശ്ച-ര്യം! പ്രതി

6 നിന്നോടുകൂടെ-ഞാനും-കബറിൽ
വന്നേൻ നാഥാ-മരിച്ചവനെപ്പോൽ,
മൂന്നാം നാളിൽ-ഉയിർത്തപോലെ,
നിന്നോടുകൂടെ-ഞാനു മുയിർത്ത-
ങ്ങുന്നതേ വാസം-ചെയ്‌വ-താക. പ്രതി

### *മാർ യാക്കോബിന്റെ ബൗഊസാ*

1 കഷ്ടതസ്കീപ്പാ മരണം സഹിപ്പാൻ-വന്ന മ്ശിഹാ
പ്രാർത്ഥനകേട്ടിങ്ങരുൾകനിൻ കൃപയെഅടിയാരു-ടെമേ-ൽ
പ്രതി

2 ക്രൂശിനെ കാൺമാൻ തിരുസഭയെ നീ-വരിക ശീഘ്രം
ആരും കണ്ടാലലറിക്കരയും-തിരുമേനിയെ.
ആരിവനാരോ ക്രൂശിൽതൂങ്ങി-കിടക്കുന്നയ്യോ!
എന്തീവണ്ണം ഹാ നിനക്കു-ഭവിച്ചെൻനാഥാ!
നിന്നുടെ മുതുകിൽ ഉഴച്ചാലുകളെ-ദീർഘമാക്കി
നിന്നുടെ ചെന്നിരോമം പറിക്കു-ന്നവർക്കേല്പിച്ചു
നിന്തിരുമുഖമോ അടിക്കുന്നവർക്കായി-കൊടുത്തീടുന്നു.
നിൻതിരുമാർവിനെ കുന്തക്കാരൻ-ലാക്കാക്കുന്നു.
ചങ്കുതുറന്നു രക്തം ജലവും ഒഴുകീ-ടു-ന്നു. പ്രതി

3 ഈശനെ നിന്നിൽ എന്തൊരുവിസ്മയം-ഞാൻ കാണുന്നു
നിൻതിരുപാടുകൾ വിവരിച്ചീടുവാൻ-കഴിവില്ലയ്യോ!
എൻപാപമാകെ വന്മലപോലെ നിന്മേലേറ്റു
ഇമ്പവാരിധിതന്നിൽ-നീയങ്ങ-ലഞ്ഞീ-ടു-ന്നു. പ്രതി

4 എന്നുടെമാലിന്യം മുഴുവൻ-കഴുകിക്കളവാൻ
നിന്നുടെ രക്തം വിശുദ്ധിയിന്നുറവായ്-ഒഴുക്കിയോനെ
ഞാനും നിന്നോടുകൂടെ ക്രൂശിൽ-ചേരുന്നയ്യോ!
കാണുന്നു ഞാൻ നിൻപ്രേമത്തിൻ-ആഴം നാ-ഥാ പ്രതി

5 സ്നേഹകടലെ നിന്നുടെ സ്നേഹം-പോരുന്നെന്നിൽ
ദാഹിക്കുന്നെൻഹൃദയം നിന്നെ-പാനം ചെയ്‌വാൻ
നിന്നെ സ്നേഹിക്കാത്തോൻ ശാപം ഏറ്റിടുന്നു,
നിന്നെസ്നേഹിക്കുന്നോനനുഗ്രഹം-കൈക്കൊ-ള്ളു-ന്നു
പ്രതി

6 ഉത്തരമരുൾക അരുൾകദേവാ-അനുഗ്രഹിക്ക
മർത്ത്യർചിത്തം മാനസാന്തരെ-വരുത്തീ-ടണമേ പ്രതി

ഞങ്ങളുടെ കർത്താവായ യേശുമ്ശിഹായേ....(പുറം 16)

കൌമാ. തന്റെ മരണത്താലെ..... (പുറം 154)

## പാഠം വായന

ദാനി. 2:26-45; 1തെസ്സ.2:1-12

### സുത്താറാ അപേക്ഷ

പ. ഞങ്ങളുടെ വർഗ്ഗത്തിന്റെ രക്ഷയ്ക്കുവേണ്ടി കുരിശിൽ മരിപ്പാനും,മരണത്തിൽനിന്നു ഞങ്ങളെ രക്ഷിപ്പാനും ആദാമീനേയും സന്താനങ്ങളെയും വീണ്ടെടുപ്പാനുമായി സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്ന മ്ശിഹാതമ്പുരാനേ, നിന്റെ ശ്രേഷ്ഠാനുഗ്രഹങ്ങൾക്ക് ഞങ്ങളെ അർഹരാക്കണമേ. നിന്റെ വാഗ്ദാനങ്ങൾ നിറവേറ്റി ഞങ്ങളെ ആശ്വസിപ്പിക്കണമേ. നിന്റെ പുനരുത്ഥാനത്തിൽ ഞങ്ങളെ സന്തോഷിപ്പിക്കണമേ. നിന്റെ താഴ്മയുടെ മാതൃക എപ്പോഴും ഞങ്ങളിൽ വിളയാടണമേ. നിനക്കു ഞങ്ങളിലുള്ള എല്ലാ കൃപകൾക്കുമായി നിനക്കും പിതാവിനും പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും ഞങ്ങൾ അർപ്പിച്ചു കൊളളുന്നു.

ജ. ആമേൻ.

*കുക്കായ*

കണ്ടാലും സൃഷ്ടികളെ-വഹിച്ചിടുന്നോൻ ക്രൂശിൽ
മിണ്ടാതങ്ങുറങ്ങീടുന്നു-ജയവീരൻപോലവെ
വൈരികളെതാൻ-തോല്പിച്ചീനാളീൽ
അടിമകളെതാൻ-വിടുവിച്ചെതിരിയുടെ
ആയുധമെല്ലാം കവർന്നവനെ-ബന്ധിച്ചിരുളിൽ
കൂപത്തിൽതളളീട്ടവന്മേൽ-ജയഘോഷംകൊണ്ടു
ഹാലേലുയ്യാ-സ്തുതിനിനക്കെന്നേക്കും

*ശുബഹാ*

യോദ്ധാവെ, മല്ലൻനീയെ-ന്നടിമകൾ ചൊല്ലീടുന്നു
അടിമപ്പെട്ടവരാം ഞങ്ങളെ വീണ്ടൊരുബലവാൻ നീ
ഇനിമേൽ ഞങ്ങൾ നിൻ അടിമകളായെന്നും.

സേവിപ്പതിന്നായ് കൃപയരുളീടണമേ
ശത്രുഭയം വിട്ടടിയാർ-നിൻതൃപ്പാദെ
ആയുസ്സോളമഭയം തേടി-പോർചെയ്തങ്ങവരെ
ഹാലേലുയ്യാ-തോല്പിപ്പാനരുൾക

## *ബാത്തെദ് ഹാശാ*

1 ഞങ്ങൾക്കായ് ഏറ്റ നിൻ-കഷ്ടത താഴ്ച
കർത്താവേ വാഴ്ത്തപ്പെട്ടതാക- പ്രതി

2 ഏദനിൽ ആദാം ഉറങ്ങിയനേരം
അവനുടെ അസ്ഥിയിൽ-നിന്നൊരുസ്ത്രീയെ
ചമച്ചവൻ മുൻപിൽ നിറുത്തി ദൈവം
ഉടനാദാമുണർന്നു-ഇവളെൻമാംസം
അസ്ഥിയുമെല്ലാം-എന്നവൻ-ചൊ-ല്ലി പ്രതി

3 ഗാഗുൽഥാമേൽ-ക്രൂശുമരത്തിൽ
രണ്ടാമാദാം ഉറങ്ങിടുന്നു
തൻമരണത്താൽ-വീണ്ടൊരു സഭയെ
നിർമ്മലമായി പരിപാലിപ്പാൻ
നാഥാ കൃപയോടെ-തുണച്ചീടേണമെ പ്രതി

4 താതൻ സുതന്റെ പാടുകൾ നോക്കി
കനിവോടിങ്ങനെ-കല്പിച്ചുടനെ
ചോദിച്ചാലും-തന്നീടും ഞാൻ
ജാതികളെനിൻ-അവകാശമായി
ലോകമെല്ലാം-കൈവശമാക്കാം. പ്രതി

5 നിൻ മരണത്തിൽ-പങ്കുകൊണ്ടടിയാർ
നിന്നോടുകൂട-ങ്ങടങ്ങീടുന്നു
നിന്നുയിർപ്പിൽ-സദൃശരാക്കി
പുതുജീവനെ-തന്നന്ത്യത്തിൽ
തേജസ്സിന്നം ശി-കളാ-ക്കീ-ടുക പ്രതി

6 നാഥാ ഞങ്ങളെ-നിൻ മരണത്താൽ
നേടിയതിനായ്-സ്തുതിനിനക്കെന്നും
തവതാതനും-വിശുദ്ധാത്മനും
സ്തോത്രം ചെയ്‌വാൻ-യോഗ്യരാക്കി
നിന്നോടുകൂട-ങ്ങിരുത്തീടേണമേ. പ്രതി

# *മാർ അപ്രേമിന്റെ ബാഊസാ*

1 ഞങ്ങൾക്കായതി കഷ്ടതകൾ-ഏറ്റൊരുനാഥാഞങ്ങളെ നീ
അനുഗ്രഹിച്ചവയിൻ പങ്കും നിൻ
രാജ്യോഹരിയും നൽ-കേ-ണമേ. പ്രതി

2 വരിക പാപി രക്ഷകന്റെ-ക്രൂശിന്നരികെ-അണഞ്ഞീടുക
വരിക നാമേറ്റം കരയാം-സ്നേഹമാം യേശുവിനെചൊല്ലി
വരിക ന്യായസ്ഥലമതിൽ നാം യേശുവേ അനുഗമിച്ചണഞ്ഞീടാം
ജീവനിൻപ്രഭുവെ-അവിടയ്യോ!
ചാവിന്നു വിധികൊടുത്ത-തു കാ-ൺക.
യൂദരിൻസഭയിൽ പാതകനായ്
അടികൾ അനവധി ഏറ്റല്ലൊ
വേദന കഷ്ടം മുറിവുകളും-
ദേഹം തന്നിൽ താനേറ്റു
വാറുകൾ കൊരടാവെന്നിവയാൽ-
ചീറിത്തന്മേൽ അവർ അടിച്ചു
അറപ്പിന്നാടിനെപ്പോലെയവൻ
അറയ്ക്കാതിവയെ സ-ഹിച്ചു-താൻ പ്രതി

3 കുരിശിലെ മരണത്തോളം തൻ
അരികിൽ മുൻപിൽ താഴ്ത്തിയവൻ
വേദനകഷ്ടം ലജ്ജയെയും,-
ആദരവോടെ സഹിച്ചിടുവാൻ
കുരിശെടുത്തവനെ നാമനുഗമിപ്പാൻ-
അരികിലണഞ്ഞു പഠിച്ചീടാം
പരമഗുരുവാം രക്ഷകനെ-
സ്തുതിനിനക്കെന്നും കുരിശതിനാൽ
തിരുമകനെ ഈ പാതകർക്കായ്
അയച്ചൊരു താതാ നിനക്ക് സ്തുതി
പരിശുദ്ധാത്മനെ നിനക്കെന്നും
തിരുസഭ സ്തോത്രം ചെ-യ്യു-ന്നു പ്രതി

91-ാം സങ്കീർത്തനം (പു 38)
അപേക്ഷ. (പു. 40)
കൌമാ. തന്റെ പീഡാനുഭവത്താലെ... (പു. 32)
ഏവൻഗേലിയോൻ. മത്താ. 27:57-61
വിശ്വാസപ്രമാണം (പുറം 29), പ്രസംഗം
ഹുത്താമ്മാ (പുറം 30)

ആശീർവാദം.

# ശനിയാഴ്ച കാലത്തെ നമസ്കാരം

## പ്രാരംഭസ്തുതി

### കൌമാ

(മ്ശിഹാ-ദെബമൊത്ത ആഹി-മീസുസാൻ-ഹായെൽ-ലഹാ യെദിലാൽ- എസ്രാഹമ്മലൈൻ)

*അർത്ഥം*

തന്റെ മരണത്താൽ ഞങ്ങളുടെ മരണത്തെ ജീവിപ്പിച്ച മ്ശിഹാതമ്പുരാനേ- ഞങ്ങളുടെ ജീവനെ ശക്തിപ്പെടുത്തി,-ഞങ്ങളോടു കരുണ ചെയ്യണമേ.

(പുറം 32)

പ്രാരംഭപ്രാർത്ഥന

ഉറക്കമില്ലാത്ത ഉണർവ്വുള്ളവനായ..... (പുറം 4)

മസുമൂർ, കർത്താവിന്റെ സകല... (പുറം 42)

*എനിയാന*

പ. തന്റെ മനസ്സോടെ മരണം ആസ്വദിക്കയും, തന്റെ മരണത്താൽ മരിച്ചവരെ ജീവിപ്പിക്കുകയും ചെയ്തവനായ ദൈവമേ-

ജ. ഞങ്ങളോടു കരുണ ചെയ്യണമേ.

പ. സ്വാഭാവികമായി ജീവനുള്ളവനായിരിക്കെ, ഞങ്ങൾക്കു വേണ്ടി മരിച്ചവരുടെ ഇടയിൽ അടക്കപ്പെട്ടവനായ ദൈവമേ-

ജ. ഞങ്ങളോടു...

പ. മരണമില്ലാത്ത ജീവനുള്ളവനായിരിക്കെ മരിക്കയും ജീവിക്കയും ഞങ്ങൾക്കു ജീവൻ നല്കുകയും ചെയ്തവനായ ദൈവമേ-

ജ. ഞങ്ങളോടു...

പ. കുറ്റക്കാരനായ ആദാം നിമിത്തം കുറ്റക്കാരനെപ്പോലെ മരിച്ചവരുടെ ഇടയിൽ വയ്ക്കപ്പെട്ടവനായ ദൈവമേ-

ജ. ഞങ്ങളോടു...

പ. ഞങ്ങളുടെ രക്ഷയ്ക്കായി മൂന്നുദിവസം കബറിൽ ആയിരുന്നവനായ ദൈവമേ-

ജ. ഞങ്ങളോടു...

പ. പാതാളത്തിലേക്കുള്ള തന്റെ ഇറക്കത്താൽ മരണത്തെ ജയിക്കയും, ഞങ്ങളുടെമേൽ ഉണ്ടായിരുന്ന വിധി അഴിച്ചുമായിക്കയും ചെയ്തവനായ ദൈവമേ-

ജ. ഞങ്ങളോടു...

പ. മരിച്ചവനെപ്പോലെ കബറിൽ അടക്കപ്പെടുകയും ദൈവത്തെപ്പോലെ മരിച്ചവർക്ക് ജീവൻ നല്കുകയും ചെയ്തവനായ ദൈവമേ-

ജ. ഞങ്ങളോടു...

പ. കബറിലേക്കുള്ള തന്റെ പ്രവേശനത്താൽ പാതാളത്തിൽ ഉറങ്ങിയിരിക്കുന്നവർക്ക് ബഹുമാനം ഉണ്ടാക്കിയവനായ ദൈവമേ-

ജ. ഞങ്ങളോടു...

## പ്രോമ്യോൻ

പ. നാമെല്ലാവരും പ്രാർത്ഥിച്ച്...

ജ. അനുഗ്രഹിക്കുന്നവനായ കർത്താവേ...

പ. സ്തുതിയും സ്തോത്രവും...

പ്രകൃത്യാ ജീവനുള്ളവനും, ജീവൻ നൽകുന്നവനും മരിച്ചവരുടെ ശരണവും കബറടക്കപ്പെട്ടവരുടെ ഉയിർപ്പും മണ്ണിൽ നിദ്രപ്രാപിച്ചവരുടെ ആനന്ദവും അന്ധകാരത്തെ പ്രകാശിപ്പിക്കുന്നരശ്മിയും, ദു:ഖിച്ചിരിക്കുന്നവരുടെ ആശ്വാസവും, മരണം മായിക്കുന്നവനും പാതാളം നശിപ്പിക്കുന്നവനും തന്റെ സ്വരൂപം പുതുക്കുന്നവനും സൃഷ്ടിയെ പുലർത്തുന്നവനും ആയ മ്ശിഹാതമ്പുരാന്, പ്രാർത്ഥനാശുശ്രൂഷയുടെ ഈ നേരത്തും... ഹോശോ...

ജ. ആമേൻ.

സെദറാ

പ. പാപം ഒഴികെ വാസ്തവത്തിൽ പൂർണ്ണമനുഷ്യനായിത്തീർന്നവനുംഅദൃശ്യനായ പിതാവിന്റെ പുത്രനും വചനവും ആയിരിക്കുന്ന ദൈവമേ, ഞങ്ങൾ നിന്നെ പുകഴ്ത്തുന്നു. പ്രകൃത്യാജീവനുള്ളവനും ജീവിപ്പിക്കുന്നവനുമായിരിക്കെ, പാപമരണത്തിൽനിന്നു സ്നേഹത്താൽ ഞങ്ങളെ രക്ഷിപ്പാനായി ക്രൂശുമരണം സഹിച്ചതിനാൽ ഞങ്ങളോടുള്ള നിന്റെ വാത്സല്യത്തെ ഞങ്ങൾ എപ്പോഴും സ്തുതിക്കുന്നു. രക്ഷിതാവിനു അനുരൂപമായവിധം പാതാളകാരാഗൃഹത്തിൽനിന്നു ഞങ്ങളെ പുറത്തുവിടുവാൻ സ്വേച്ഛയാ കല്ലറയിൽ കിടന്ന നിന്റെ കരുണയെ ഞങ്ങൾ വന്ദിക്കുന്നു. മരണത്താൽ നശിച്ച ഞങ്ങളെ ദൈവിക പ്രകാശം തൃക്കൺപാർത്ത് ജീവിപ്പിപ്പാൻ മരിച്ചവരുടെ ഇടയിൽ നിസ്സാരനായി ഇറങ്ങിയ നിന്റെ സ്നേഹത്തെ ഞങ്ങൾ സ്തുതിക്കുന്നു. അഗാധമായ കുഴിയിൽ താണുപോയ ആദാമിനെയും അവന്റെ സന്താനങ്ങളെയും ഉദ്ധരിപ്പാൻ സ്വയം അവന്റെ അടുക്കലേക്ക് ഇറങ്ങിയ കരുണയെ ഞങ്ങൾ ബഹുമാനിക്കുന്നു. അടി

മപ്പെടുത്തിയവന്റെ കൈകളിൽനിന്നു ഞങ്ങളെ വീണ്ടെടുക്കുവാൻ തിരുമനസ്സായ നിന്റെ ശ്രേഷ്ഠകൃപയെ ഞങ്ങൾ കീർത്തിക്കുന്നു.

കർത്താവേ, ഇന്നു നിന്റെ നിത്യമണവാട്ടിയായ സഭ നിന്റെ മരണത്തിൽ വിജയം ഘോഷിക്കുകയും നിന്റെ പീഡാനുഭവത്തെയും ക്രൂശാരോഹണത്തെയും ആദരിക്കുകയും ചെയ്യുന്നു. ഞങ്ങളുടെ രക്ഷിതാവായ മ്ശിഹാതമ്പുരാനേ, തിരുസഭയോടുള്ള വാഗ്ദാനങ്ങൾ നിറവേറ്റണമേ. അവളുടെ മക്കളെ അനുഗ്രഹിക്കണമേ. അവളുടെ സന്താനവർഗ്ഗത്തിൽ അവളെ പ്രബലയാക്കണമേ. സമൃദ്ധമായ സമാധാനം കൊണ്ട് അവളെ നിറയ്ക്കണമേ. അവളുടെ എല്ലാ യാചനകളെയും സാധിപ്പിക്കണമേ. നിന്റെ വലത്തുകൈ അവളുടെമേൽ ആവസിപ്പിക്കണമേ. നിന്റെ അനുകമ്പ അവളുടെ മക്കളിൽ നിലനിർത്തണമേ. നിന്റെ അനുഗ്രഹങ്ങൾ അവൾക്കു അഭയസ്ഥാനവും നിന്റെ ദയ ഉയർന്ന കോട്ടയും ആയിരിക്കണമേ. ബഹുലമായ നിന്റെ വാഴ്വുകൾ അവളിൽ ചൊരിയണമേ. നിന്റെ പരിശുദ്ധറൂഹാ അവളിൽ നിരന്തരം വാസം ചെയ്യണമേ.

ഏകജാതനായ ദൈവമേ അവൾ അവളുടെ സന്താനങ്ങളോടു കൂടി സുദൃഢമായ ഐക്യത്തോടെ അവൾക്കുവേണ്ടിയുള്ള നിന്റെ കഷ്ടതകളെയും മരണത്തെയും കബറടക്കത്തെയും, പുകഴ്ത്തിക്കൊണ്ട് നിന്നെയും ഞങ്ങളെ രക്ഷിപ്പാൻ നിന്നെ അയച്ച പിതാവിനെയും ജീവനുണ്ടാക്കുന്ന പരിശുദ്ധറൂഹായെയും വന്ദിച്ച് മഹത്വപ്പെടുത്തുന്നു. ഹോശോ...

ജ. ആമേൻ.

### അതിന്റെ ശേഷം

*(മുൻദിവസങ്ങളിൽ ഒന്നിലെ കുക്കായ-മദറാശാ-കമ്പൗലൂസ്- സുഗീസാ എന്നിവകളിൽ ഒന്ന് സമയോചിതമായി ചൊല്ലണം)*

### എത്രാ

പ. രക്ഷണ്യമായ മരണത്താൽ മരിച്ചവനെ ജീവിപ്പിച്ചവനും, മരണത്തിന്റെഅധികാരം എടുത്തുകളഞ്ഞു രക്ഷിക്കപ്പെട്ടവർക്ക് അതിനെ നിദ്രയാക്കിത്തീർത്തവനും ചൈതന്യശാലിയുമായ ഞങ്ങളുടെ കർത്താവേ, പാപത്തിന്റെ എല്ലാ ചലനങ്ങളും മാറ്റി നിർദ്ദോഷമായ പുണ്യചൈതന്യത്തെ ഞങ്ങളുടെ അവയവങ്ങളിൽ വ്യാപിപ്പിക്കണമേ. സൽകൃത്യങ്ങളുടെ പരിമളം ഞങ്ങളുടെ ചിത്തവൃത്തികളിൽ വീശണമേ. ഞങ്ങൾ നിനക്കും പിതാവിനും പരിശുദ്ധറൂഹായ്ക്കുംസ്തുതിയും സ്തോത്രവും അർപ്പിക്കുമാറാകണമേ. ഹോശോ...

ജ. ആമേൻ.

### *ബാത്തെദ് ഹാശാ*

1 ഞങ്ങൾക്കായ്-ഏറ്റനിൻ-കഷ്ടത താഴ്ച
കർത്താവേ വാഴ്ത്ത-പ്പെട്ടതാക പ്രതി

2 പാപികളിൽ-കനിവുള്ളോനേ
ജഡത്തിൻപീഡ-സഹിച്ചനാഥാ,
ഞങ്ങളെ വീണ്ട നിൻ-താഴ്ച വിനയം
എത്രയോ വിസ്മയ-മെന്നു ഞങ്ങൾ
ഓർപ്പാൻ കൃപ-നൽകീട-ണ-മേ പ്രതി

3 ക്രൂശിൽ എന്നുടെ-ശാപം തന്മേൽ
ഏറ്റൊരു നാഥാ! സ്തോത്രം നിനക്കെ
ഈ സ്നേഹത്തി-ന്നീ നീചൻ ഞാൻ
തൃപ്പാദത്തെ-ചുംബിച്ചീടുവാൻ
ആശിസ്സേകി-കാത്തരുളേ-ണമേ പ്രതി

4 കഷ്ടതയാലും-വിനയത്താലും
നാശകുലത്തെ-രക്ഷിച്ചോനേ
നിൻ കരുണകൾക്കായ്-സ്തോത്രമുണ്ടാക
നിനക്കും ജനകനും-വിശുദ്ധാത്മാവിനും
സർവസ്തുതിയും പുകഴ്ചയും ആമേൻ പ്രതി

## *മാർ അപ്രേമിന്റെ ബാഊസാ*

1 ഞങ്ങൾക്കായതി കഷ്ടതകൾ-ഏറ്റൊരു നാഥാ ഞങ്ങളെ നീ
അനുഗ്രഹിച്ചവയിൻ പങ്കും നിൻ-രാജ്യോഹരിയും നൽ-
കേണമേ. പ്രതി

2 സ്രാഫകളുയരെഭയത്തോടെ വിശുദ്ധൻ എന്നവർ സ്തുതി
ക്കുന്നു
കഷ്ടതവിനയം മരണമതും ഏല്പാൻ തിരുമനസ്സായതി
നാൽ
നിൻസ്ഥലത്തിൽ നിൻബഹുമാനം വാഴ്ത്തപ്പെട്ടതെന്നു
രച്ചീ-ടുന്നു. പ്രതി

3 പാപികൾ പക്കൽ നിൻതുണകൾ-അസംഖ്യമെന്നതിനാൽ
സ്തുതി നിനക്ക്
സൃഷ്ടികൾ സർവ്വവും ഭംഗിയോടെ നന്ദിയായ് തിരുമുൻ
സ്തുതിച്ചീടുന്നു
ക്രൂശിലെ സമ്പാദ്യങ്ങളെല്ലാം-പാപിക്കരുളണമേ നാഥാ
നിനക്കും താതനും റൂഹായ്ക്കും സ്തുതിയുണ്ടാകട്ടെ-
ന്നേക്കും- പ്രതി

4 നമസ്കാരം കേൾ-ക്കുന്നവനേ യാചനകൾ നൽകുന്നവനേ
ഞങ്ങളിൻ പ്രാർത്ഥനകൾകേട്ട-യാചനകൾ നല്കീ
ടേണമേ. പ്രതി

അതിന്റെ ശേഷം

കൌമാ. തന്റെ മരണത്താൽ........ (പുറം 165)

**പാഠം വായന.** യെശ. 56:1-6, 2കൊരി. 1:1-7

സങ്കീർത്തനം (പുറം. 34)

*എനിയാനാ*

പ. രക്ഷാകരമായ മരണത്താൽ മരണമുള്ളവർക്ക് ജീവൻ നൽകുകയും പാതാളത്തിൽ ഇരുന്ന ആത്മാക്കൾക്ക് പ്രത്യാശയും രക്ഷയും ഉറപ്പിക്കുകയും ചെയ്ത ദൈവമായ മ്ശിഹായേ!-

ജ. നിന്റെ സന്നിധിയിലേക്ക് അടുത്തുവരുന്ന ഞങ്ങളെ അനുഗ്രഹിക്കണമേ.

പ. പാതാളത്തിൽ ഇറങ്ങി തന്നിൽ വിശ്വസിച്ചിരുന്നവരുടെ ആത്മാക്കളെ തന്നെക്കുറിച്ചുള്ള അറിവിന്റെ പ്രകാശം കൊണ്ട് നിറച്ച ദൈവമായ മ്ശിഹായേ-

ജ. നിന്റെ സന്നിധി.....

പ. മരിച്ചവരുടെ ഇടയിലേക്കു പ്രവേശിക്കുകയും തന്നെ കാണുന്നതിന് കാത്തിരുന്നവരായി, നിദ്രപ്രാപിച്ച നീതിമാന്മാരെ ആശ്വസിപ്പിക്കുകയും ചെയ്ത ദൈവമായ മ്ശിഹായേ-

ജ. നിന്റെ സന്നിധി....

പ. അടിമയിൽനിന്നു ഞങ്ങളെ വീണ്ടെടുപ്പാൻ വേണ്ടി സ്നേഹപൂർവ്വം കബറിലേക്കു ഇറങ്ങിയ ദൈവമായ മ്ശിഹായേ-

ജ. നിന്റെ സന്നിധി.....

പ. തന്റെ മരണത്താൽ പാപികളെ രക്ഷിക്കയും മരണമുള്ള വർഗ്ഗത്തിന് ഉയിർത്തെഴുന്നേല്പിന്റെ പ്രത്യാശ നൽകുകയും ചെയ്ത ദൈവമായ മ്ശിഹായേ-

ജ. നിന്റെ സന്നിധി.....

*അതിന്റെ ശേഷം*

സകലത്തിന്റെയും ഉടയവനായി.... (പുറം 43)

കർത്താവിനു സ്തോത്രം ചെയ്യുന്നതും.... (പുറം 9)

കൌമ്മാ. തന്റെ മരണത്താൽ..... (പുറം 65)

ഏവൻഗേലിയോൻ. മത്താ. 27: 62-66

വിശ്വാസപ്രമാണം (പുറം 29), പ്രസംഗം

ഹൂത്താമ്മാ (പുറം 30)

ആശീർവാദം

*കുർബ്ബാന ഉണ്ടെങ്കിൽ കൌമാ കഴിഞ്ഞശേഷം 'സകല ബുദ്ധിയേയും' എന്നുള്ള ആശീർവാദം ചൊല്ലുകയും കുർബ്ബാന ആരംഭിക്കയും ചെയ്യണം.*

(ഹാശാ ആഴ്ചയിലെ നമസ്കാരം അവസാനിച്ചു)

●

# ഉയിർപ്പിന്റെ ക്രമം

## കൌമാ

പ. ഉറക്കമില്ലാത്ത ഉണർവ്വുള്ള.... (ഹാശാക്രമം പുറം 4)

ജ. ആമേൻ.

## മസുമൂർ

പ. കർത്താവിനു സ്തോത്രം ചെയ്‌വീൻ... (പുറം 4)

## പ്രാർത്ഥന

പ. ദൈവമായ കർത്താവേ, തിരുവിഷ്ടത്താൽ ഞങ്ങൾക്കു വേണ്ടി മരിച്ച് അടക്കപ്പെടുകയും, നിന്റെ മരണത്താൽ ഞങ്ങളെ ജീവിപ്പിക്കയും കബറിൽ നിന്നു ജയത്തോടെ ഉയിർത്തെഴുന്നേൽക്കുകയും, നിന്നോടുകൂടെ ഞങ്ങളെ എഴുന്നേൽപ്പിക്കുകയും, ഉയിർത്തെഴുന്നേല്പിന്റെ പ്രത്യാശ ഞങ്ങൾക്കു തരികയുംചെയ്തുവല്ലോ. ഞങ്ങളുടെ ദൈവമായ മ്ശിഹായേ മഹത്വമുള്ള നിന്റെ ഉയിർത്തെഴുന്നേല്പിന്റെ ഈ പെരുനാളിൽ അത്യന്തശോഭയോടെ ഞങ്ങൾ പ്രകാശിപ്പാനും, സ്വർഗ്ഗീയസൈന്യങ്ങളോടു ഒരുമിച്ചു വിശുദ്ധിയോടെ നിന്നെയും പിതാവിനെയും പരിശുദ്ധറൂഹായെയും പുകഴ്ത്തി സ്തുതിപ്പാനും ഞങ്ങളെയും യോഗ്യരാക്കണമേ. ഹോശോ...

ജ. ആമേൻ.

## 51-ാം സങ്കീർത്തനം (പുറം 6)

പ. തന്റെ ഉയിർത്തെഴുന്നേല്പിനാൽ സ്വർഗ്ഗത്തേയും ഭൂമിയേയും സന്തോഷിപ്പിക്കയും തിരുസഭയെ ആനന്ദിപ്പിക്കയും ചെയ്ത മ്ശിഹാതമ്പുരാനേ,

ജ. ഞങ്ങളെ അനുഗ്രഹിക്കണമേ.

പ. തന്റെ ഉയിർത്തെഴുന്നേല്പിനാൽ യഹൂദന്മാരെ ലജ്ജിപ്പിക്കയും തന്നിൽ വിശ്വസിച്ച ജാതികളെ സന്തോഷിപ്പിക്കയും ചെയ്ത മ്ശിഹാതമ്പുരാനേ,

ജ. ഞങ്ങളെ.....

പ. ദു:ഖിച്ചിരിക്കുന്ന തന്റെ ശിഷ്യന്മാരെ ഉയിർത്തെഴുന്നേല്പിനാൽ സന്തോഷിപ്പിക്കയും, മേലുള്ളവരുടെയും താഴെയുള്ളവരുടെയും ഇടയിൽ സമാധാനം വിതയ്ക്കുകയും ചെയ്ത മ്ശിഹാതമ്പുരാനേ,

ജ. ഞങ്ങളെ.....

പ. തിരുമേനിയിൽ സുഗന്ധം പൂശുവാൻ പുറപ്പെട്ടുവന്ന സ്ത്രീകളുടെ ഹൃദയങ്ങളെ പുനരുത്ഥാനം മൂലം സന്തോഷിപ്പിച്ച മ്ശിഹാതമ്പുരാനേ,

ജ. ഞങ്ങളെ.....

പ. അവരുടെ ഗുരു മരിച്ചവരുടെ ഇടയിൽ നിന്നു ഉയിർത്തെഴുന്നേറ്റു എന്നും, അവൻ അവർക്കു മുൻപേ ഗലീലയിലേക്കു പോകുമെന്നും, ശിഷ്യന്മാരെ അറിയിപ്പാൻ സ്ത്രീകളോട് അരുളിച്ചെയ്ത മ്ശിഹാതമ്പുരാനേ,

ജ. ഞങ്ങളെ....

പ. തന്റെ ഉയിർത്തെഴുന്നേല്പിനാൽ നമ്മെ എഴുന്നേല്പിക്കയും തന്നോടുകൂടെ സ്വർഗ്ഗത്തിലേക്ക് നമ്മെ കരേറ്റുകയും ചെയ്ത വാഴ്ത്തപ്പെട്ട ദൈവമേ,

ജ. ഞങ്ങളെ....

പ. തന്റെ ഉയിർത്തെഴുന്നേല്പിന്റെ മഹത്വമുള്ള ഈ പെരുനാളിൽ നമ്മെസന്തോഷിപ്പിച്ച പിതാവും പുത്രനും പരിശുദ്ധറൂഹായുമായ ദൈവമേ,

ജ. ഞങ്ങളെ......

**മാർ ബാലായുടെ അപേക്ഷ. (പുറം 8)**

പ. ഹാലേലുയ്യാ-ഹാലേലുയ്യാ-ഹാലേലുയ്യാ.

ജ. ദൈവമേ-നിനക്കു സ്തുതി

പ. കർത്താവിനു സ്തോത്രം ചെയ്യുന്നതും.... (പുറം 9)

**ഒന്നാം പാഠം:** യെശ. 60

പ. ദൈവമായ കർത്താവേ, സൽപ്രവൃത്തികളാകുന്ന ഭംഗിയുള്ള വസ്ത്രങ്ങളോടും കുറ്റമറ്റ നടപടികളാകുന്ന മഹത്വമുള്ളഅലങ്കാരങ്ങളോടുംകൂടി, സ്തോത്രപൂർവ്വം തിരുസന്നിധിയിൽഅടുത്തുവരുവാൻ ഞങ്ങൾക്ക് കൃപ നൽകണമേ. ശിഷ്യന്മാരെപ്പോലെ നിന്റെ സമാധാനത്തിൽ ഞങ്ങൾ സന്തോഷിച്ചാനന്ദിക്കയും നിന്നെയും പിതാവിനേയും വിശുദ്ധ റൂഹായെയും സ്തുതിച്ചു വന്ദിക്കയും ചെയ്യുവാൻ ഞങ്ങളെ യോഗ്യരാക്കണമേ. ഹോശോ...

ജ. ആമേൻ.

കന്യകമറിയാമിന്റെ പാട്ട് (പുറം 10)

സാരാംശത്തിൽ ഏകമായിരിക്കുന്ന.... (പുറം 11)

## 2-ാം സങ്കീർത്തനം; 16-ാം സങ്കീർത്തനം 8-11

*(വാക്യം പ്രതിവാക്യമായി )*

1. ജാതികൾ കലഹിക്കുന്നതും വംശങ്ങൾ വ്യർത്ഥമായതു നിരൂപിക്കുന്നതും എന്തു?
2. കർത്താവിനും അവന്റെ അഭിഷിക്തനും വിരോധമായി-ഭൂമിയിലെ രാജാക്കന്മാർ എഴുന്നേൽക്കുകയും-അധിപതികൾ തമ്മിൽ ആലോചിക്കയും ചെയ്യുന്നത്.
3. നാം അവരുടെ കെട്ടുകളെ പൊട്ടിച്ചു-അവരുടെ കയറുകളെ എറിഞ്ഞുകളക.
4. സ്വർഗ്ഗത്തിൽ വസിക്കുന്നവൻ ചിരിക്കുന്നു-കർത്താവ് അവരെ പരിഹസിക്കുന്നു.
5. അന്ന് അവൻ കോപത്തോടെ അവരോട് അരുളിച്ചെയ്യും-ക്രോധത്തോടെ അവരെ ഭ്രമിപ്പിക്കും.
6. എന്റെ വിശുദ്ധപർവ്വതമായ സീയോനിൽ ഞാൻ എന്റെ രാജാവിനെ വാഴിച്ചിരിക്കുന്നു.
7. ഞാൻ ഒരു നിർണ്ണയം പ്രസ്താവിക്കുന്നു-കർത്താവ് എന്നോട് അരുളിച്ചെയ്തതു-നീ എന്റെ പുത്രൻ ഇന്നു ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു.
8. എന്നോടു ചോദിച്ചുകൊൾക-ഞാൻ നിനക്കു ജാതികളെ അവകാശമായും-ഭൂമിയുടെ അറ്റങ്ങളെ കൈവശമായും തരും.
9. ഇരുമ്പുകോൽകൊണ്ട് നീ അവരെ തകർക്കും-കുശവന്റെ പാത്രം പോലെ അവരെ ഉടയ്ക്കും.

10. ആകയാൽ രാജാക്കന്മാരെ, ബുദ്ധി പഠിപ്പിൻ, ഭൂമിയിലെ ന്യായാധിപന്മാരെ, ഉപദേശം കൈക്കൊൾവിൻ.

11. ഭയത്തോടെ കർത്താവിനെ സേവിപ്പിൻ-വിറയലോടെ ഘോഷിച്ചുല്ലസിപ്പിൻ.

12. അവൻ കോപിച്ചിട്ടു നിങ്ങൾ വഴിയിൽവച്ചു നശിക്കാതിരിക്കാൻപുത്രനെ ചുംബിപ്പിൻ-അവന്റെ കോപം ക്ഷണത്തിൽ ജ്വലിക്കും- അവനെ ശരണം പ്രാപിക്കുന്നവരൊക്കെയും ഭാഗ്യവാന്മാർ.

13. ഞാൻ എപ്പോഴും കർത്താവിനെ എന്റെ മുൻപിൽ വെച്ചിരിക്കുന്നു-അവൻ എന്റെ വലത്തുഭാഗത്തുള്ളതുകൊണ്ട് ഞാൻ കുലുങ്ങിപ്പോകയില്ല.

14. അതുകൊണ്ട് എന്റെ ഹൃദയം സന്തോഷിച്ചു എന്റെ മനസ്സ് ആനന്ദിക്കുന്നു-എന്റെ ജഡവും നിർഭയമായി വസിക്കും.

15. നീ എന്റെ പ്രാണനെ പാതാളത്തിൽ വിടുകയില്ല-നിന്റെ പരിശുദ്ധനെ ദ്രവത്വം കാൺമാൻ സമ്മതിക്കയുമില്ല.

16. ജീവന്റെ വഴി നീ എനിക്കു കാണിച്ചു തരും. നിന്റെ സന്നിധിയിൽ സന്തോഷ പരിപൂർണ്ണതയും നിന്റെ വലത്തുഭാഗത്ത് എന്നുംപ്രമോദങ്ങളും ഉണ്ട്. ദൈവമേ, സ്തുതി നിനക്ക് യോഗ്യമാകുന്നു. ബാറെക്മാർ

പ. പിതാവിനും പുത്രനും....

ജ. ആദിമുതൽ...

പ. ത്രിത്വത്തിനു സ്തുതി.... (പുറം 13)

അത്യുന്നതങ്ങളിൽ..... (പുറം 13)

ഞങ്ങളുടെ കർത്താവായ.... (പുറം 16)

## രണ്ടാം പാഠം: 1 കൊരി. 15: 1-17

പ. ഞങ്ങളുടെ മ്ശിഹാതമ്പുരാനേ, നിന്റെ പുനരുത്ഥാനത്തിൽ ഞങ്ങൾ സന്തോഷിച്ചുല്ലസിച്ച് ആനന്ദിക്കുന്നു. നിന്റെ നിരപ്പും സമാധാനവും ഞങ്ങളിൽ വാഴുമാറാകണമേ. നിന്റെ സ്നേഹവും പ്രീതിയും ഞങ്ങളിൽ വസിപ്പിക്കണമേ. നിന്റെ ക്രൂശാരോഹണത്തെ ഞങ്ങൾ വന്ദിപ്പാനും, നിന്റെ പുനരുത്ഥാനത്തെ ഏറ്റുപറവാനും, ഞങ്ങൾക്കുകൃപ നൽകണമേ. ഞങ്ങളുടെ കർത്താവും എന്നേക്കും ഞങ്ങളുടെ ദൈവവുമേ, നിന്റെ കർത്തൃത്വത്തെ സ്തുതിപ്പാൻ ഞങ്ങളെ നിന്റെ രാജ്യത്തിൽ ആനന്ദിപ്പിക്കയും ചെയ്യുമാറാകണമേ. ഹോശോ.....

ജ. ആമേൻ.

### *എനിയാന*

പ. ദൈവമായ മ്ശിഹാ മനസ്സോടെ മരണം ആസ്വദിക്കുകയും തന്റെ മരണത്താൽ വിഗ്രഹാരാധനയിൽനിന്നും നമ്മുടെ വർഗ്ഗത്തെ രക്ഷിക്കയും ചെയ്തു.

ജ. സകല ജാതികളുമേ, വരുവിൻ,നാം മുട്ടുകുത്തി അവനെ വന്ദിക്കണം.

പ. തന്റെ ഉയിർത്തെഴുന്നേൽപിനാൽ ഭൂവാസികളെ സന്തോഷിപ്പിച്ച മഹത്വവാനായപുത്രൻ സത്യപ്രകാശമായി ഉദിച്ചതുകൊണ്ട് ഭൂതലം സന്തോഷിച്ചു.

ജ. സകല ജാതികളുമേ, വരുവിൻ....

പ. ഏകജാതന്റെ കബറിനു ചുറ്റും നിന്നിരുന്ന ഉന്നതത്തിലെ ഈറേന്മാർ കർത്താവ് കബറിൽ നിന്നു ഉയിർത്തെഴുന്നേറ്റു എന്നുള്ള സന്തോഷവാർത്ത സ്ത്രീകളെ അറിയിച്ചു.

ജ. സകല ജാതികളുമേ, വരുവിൻ.....

പ. കബറിൽനിന്നു ഉയിർത്തെഴുന്നേൽക്കയും ലോകത്തെ വീണ്ടെടുക്കയും ചെയ്ത മ്ശിഹായെ ഉറക്കത്തിൽ നിന്നു നാം ഉണർന്നേഴുന്നേറ്റു വന്ദിക്കണം.

ജ. സകല ജാതികളുമേ, വരുവിൻ....

## പ്രോമ്യോൻ

പ. നാമെല്ലാവരും പ്രാർത്ഥിച്ച്.....

ജ. അനുഗ്രഹിക്കുന്നവനായ കർത്താവേ....

പ. സ്തുതിയും സ്തോത്രവും....

ശരീരപ്രകാരം മരിച്ച് മരണമുള്ള നമ്മുടെ വർഗ്ഗത്തെ ജീവിപ്പിച്ച ജീവനുള്ളവനും ജീവദാതാവും, മരിച്ചവരുടെ ഇടയിൽ നിദ്രകൊണ്ടവനും നിദ്രപ്രാപിക്കുന്നവരെ ഉണർത്തി എഴുന്നേല്പിക്കയും കഠിനമായ മരണത്തിന്റെ ഉറപ്പുള്ള ഭണ്ഡാരത്തെ കവർച്ച ചെയ്യുകയും, മനുഷ്യ വർഗ്ഗത്തെ അടിമപ്പെടുത്തിയിരുന്ന മല്ലനായവനെ ബന്ധിച്ച് അവന്റെ അപഹൃതത്തെ വീണ്ടെടുക്കുകയും ചെയ്ത ലോകൈക യോദ്ധാവും മരിച്ചവരിൽ നിന്നുള്ള കടിഞ്ഞൂലായി നാശമില്ലായ്മയിലേക്ക് ഉയിർത്തെഴുന്നേ ല്ക്കയും തന്റെ പുനരുത്ഥാനത്താൽ ആദാമിനെയും അവന്റെ സന്താനങ്ങളെയും നാശത്തിൽ നിന്നു ഉദ്ധരി

ക്കയും ചെയ്ത ഉയിർപ്പും ജീവനുമായ മ്ശിഹാതമ്പുരാനു, ഉയിർത്തെഴുന്നേല്പിന്റെ പെരുനാൾ ആഘോഷിക്കുന്ന ഈ ദിവസത്തിലും.... ഹോശോ....

ജ. ആമേൻ.

സെദറാ

പ. പ്രകൃത്യാ, ജീവനുള്ളവനും ജീവിപ്പിക്കുന്നവനുമായിരിക്കെ പാപത്തിൽനിന്നു ഞങ്ങളെ രക്ഷിപ്പാൻ സ്നേഹം മൂലം കുരിശുമരണം സഹിക്കയും, പാതാളകാരാഗൃഹത്തിൽനിന്നു ഞങ്ങളെ പുറത്തു കൊണ്ടുവരുവാൻ സ്വമനസ്സാ ശവക്കല്ലറയിൽ കിടക്കുകയും, മരണത്താൽ നശിച്ച ഞങ്ങളെ തൃക്കൺപാർത്ത് ജീവിപ്പിപ്പാൻ, മരിച്ചവരുടെ ഇടയിലേക്കു താണു ഇറങ്ങി ചെല്ലുകയും ചെയ്ത ഞങ്ങളുടെ മ്ശിഹാതമ്പുരാനേ, ഞങ്ങളോടുള്ള നിന്റെ എല്ലാ കൃപകൾക്കുമായി നിന്റെ ഉയിർത്തെഴുന്നേല്പിന്റെ ഈ ദിവസത്തിൽ നിന്നെ ഞങ്ങൾ വന്ദിച്ചു സ്തുതിക്കുന്നു. എന്തുകൊണ്ടെന്നാൽ കർത്താവേ, നീ ഞങ്ങൾക്കു വേണ്ടി മരിക്കയും, മൂന്നുദിവസം ഭൂഗർഭത്തിൽ വസിക്കയും ക്രൂരനായ മരണത്തെ കൊല്ലുകയും, പാതാളത്തെ കൊള്ളചെയ്തു അടിമകളെ വീണ്ടെടുത്ത് സ്വതന്ത്രരാക്കുകയും ചെയ്തു. നീ ദ്രവത്വം കാണാതെ മഹിമയോടെ ജീവിച്ചെഴുന്നേൽക്കയും ഞങ്ങളെ നിന്നോടുകൂടെ എഴുന്നേൽപിക്കയും ചെയ്തു. നിന്റെ പിതാവിനും ഞങ്ങളുടെ വർഗ്ഗത്തിനും മദ്ധ്യേ സാത്താൻ ഉണ്ടാക്കിയ ശത്രുത നിന്റെ പുനരുത്ഥാനത്താൽ നീക്കി സമാധാനമുണ്ടാക്കി. സ്വർഗ്ഗീയരെയും ഭൗമികരെയും തമ്മിൽ നീ

യോജിപ്പിച്ചു, നിന്റെ വിലാവിൽനിന്നൊഴുകിയ ജലരക്തങ്ങളാൽ മഹാസർപ്പത്തിന്റെ വിഷം നീ ഹനിച്ചു. ചൈതന്യപ്രദമായ ആ രക്തത്താൽ ആദാമ്യസന്താനങ്ങൾക്കെല്ലാം അക്ഷയമായ ജീവനും അഴിവില്ലാത്ത രാജ്യവും നീ വാഗ്ദാനം ചെയ്തു. നിന്റെ ഉയിർത്തെഴുനേല്പിനാൽ ആദാമിനെ ജീവിപ്പിക്കയും, നിന്റെ സ്വരൂപമായിരുന്ന അവനെ നീപുതുക്കുകയും ചെയ്തു. നിന്റെ ജയത്താൽ മേലുള്ളവരെ സന്തോഷിപ്പിക്കയും താഴെയുള്ളവരെ ആനന്ദിപ്പിക്കയും ചെയ്തു.നിന്റെ ഉയിർത്തെഴുന്നേല്പിൻ നാളിൽ ആത്മീയർ നിന്റെ ബഹുമാനത്തിനായി ഇറങ്ങിവന്നു. മാലാഖമാർ നിന്റെ കബറിങ്കൽ ഒരുമിച്ചുകൂടി. മേലുള്ളവർ താഴെയുള്ളവരോട് ഒരുമിച്ചുചേർന്നു. സ്വർഗ്ഗീയർ ഭൗമികരോടു സമാധാനപ്പെട്ടു. ആത്മീയർ ശരീരികളോടുയോജിച്ചു പാട്ടുപാടി. ഇപ്പോൾ ദൈവിക സംഗീതക്കാരനായ ദാവീദിനോടുകൂടെ ഞങ്ങളും ആർത്തുപറയുന്നതെന്തെന്നാൽ-കണ്ടാലും കർത്താവ് ഉണ്ടാക്കിയ ദിവസം ഇതാകുന്നു. വരുവിൻ ഇതിൽ നമുക്ക് സന്തോഷിച്ചാനന്ദിക്കാം. സന്തോഷത്തിന്റെ മഹാപെരുനാൾ ഇതാകുന്നു. ഇന്ന് മാലാഖമാർ ഭൂവാസികളോടു സന്തോഷം പ്രസംഗിക്കുന്നു, കുരിശിൽ തറച്ചവർക്കു ഇന്നു വിലാപവും, ശിഷ്യന്മാർക്ക് ഇന്ന് ആശ്വാസവും, യെഹൂദന്മാർക്ക് ഇന്നു ദു:ഖവും തിരുസഭയ്ക്ക് ഇന്ന് സന്തോഷവും ആനന്ദവുമുണ്ടാകുന്നു. ഇന്നു ജീവന്റെ പ്രത്യാശയോടു നാം സമീപിച്ചിരിക്കുന്നു. മരിച്ചവരുടെ കൂട്ടത്തിൽ എണ്ണപ്പെട്ടവൻ, മരിച്ചവരെ ഇന്നു സ്വശബ്ദത്താൽ ഉണർത്തുകയും തന്റെ സൃഷ്ടിയെ സന്തോഷിപ്പിക്കയും ചെയ്യുന്നു.

കർത്താവേ, ഇതുനിമിത്തം മരിച്ചവരുടെ ഇടയിൽ നിന്നു നീ ഉയിർത്തെഴുന്നേറ്റ ഈ ദിവസത്തിൽ നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നതു എന്തെന്നാൽ, കുറവുള്ളവരും പാപികളുമായ ഞങ്ങൾ നിനക്കു സമർപ്പിക്കുന്ന പ്രാർത്ഥനകളും അപേക്ഷകളും കൈക്കൊണ്ട് ഞങ്ങളുടെ കുറ്റങ്ങൾക്കു പരിഹാരവും പാപങ്ങൾക്കു മോചനവും നൽകണമേ. നിന്റെ അനുഗ്രഹങ്ങളുടെ ബഹുത്വത്താൽ രോഗികൾക്കു സ്വസ്ഥതയും, വിലപിക്കുന്നവർക്ക് ആശ്വാസവും, പട്ടിണിക്കാർക്ക് പോഷണവും സന്തുഷ്ടിയും, ദൂരസ്ഥർക്കും സമീപസ്ഥർക്കും രക്ഷയും സന്തോഷവും, കോപിച്ചിരിക്കുന്നവർക്കും പിണക്കത്തിലിരിക്കുന്നവർക്കും ശാന്തതയും നിരപ്പും, പീഡിതർക്ക് ആശ്വാസവും, യുവാക്കൾക്ക് പരിപക്വതയും, വൃദ്ധന്മാർക്ക് താങ്ങലും, വിവാഹിതർക്ക് അടക്കമൊതുക്കവും, കന്യാവ്രതക്കാർക്ക് മനസ്സൈഥര്യവും, ധനവാൻമാർക്ക് ഔദാര്യവും, അനാഥർക്കും വിധവമാർക്കും പുലർച്ചയും സഹായവും, രാജാക്കൻമാർക്ക് നീതിയും, ഭടന്മാർക്ക് അനുസരണവും മേൽപട്ടക്കാർക്ക് ജ്ഞാനവും പട്ടക്കാർക്ക് സ്വഭാവശ്രേഷ്ഠതയും ശെമ്മാശൻമാർക്ക് നിർമ്മല ജീവിതവും,പാപികൾക്കും അപരാധികൾക്കും മോചനവും നീതീകരണവും സഭയുടെ സകല സന്താനങ്ങൾക്കും സ്ഥിരമായ നിരപ്പും സമൃദ്ധമായ സമാധാനവും നീ നൽകണമേ. കർത്താവേ, നിന്റെ കബറിങ്കൽ നിന്നെ സ്തുതിച്ചു ബഹുമാനിച്ച മാലാഖമാരോടും, വിശുദ്ധ സ്ത്രീകളോടും ശിഷ്യൻമാരോടും കൂടെ നിന്നെ സ്തുതിപ്പാനും, സൽപ്രവർത്തികളാകുന്ന വെൺമയുള്ള വസ്ത്രങ്ങൾ ധരിച്ചുകൊണ്ട് നിന്റെ രണ്ടാമത്തെ പ്രത്യക്ഷതയുടെ മഹാദിവസത്തിൽ നിന്റെ വിശുദ്ധൻമാരുടെ സർവസംഘങ്ങളോടും കൂടെ ആഹ്ളാദപൂർവ്വം നിന്നെ എതിരേല്പാനും ഞങ്ങളെ യോഗ്യരാക്കണമേ. ഞങ്ങൾ നിനക്കും പിതാവിനും പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റും. ഹോശോ...

ജ. ആമേൻ.

## *കുക്കായ*

എല്ലാദിവസങ്ങളിൽ വലുതു-ഞായർദിനം തന്നെ-
ഇഹപരമാകെ സൃഷ്ടികളും-മോദിക്കുന്നീ-ദിനം-
ദൈവത്രോണോസ്-ഇതിൽ മഹിമപ്പെടുന്നു
രക്ഷയിൻ സുവിശേ-ഷമിതിലറിയിക്കുന്നു-
ജീവികൾ മരിച്ചവർക്കാശ്വാസം പ്രത്യാശയുമുണ്ടായ്
കബറിൽനിന്നിഹ കർത്താവും ഉയിർത്തെഴുന്നേറ്റീദിനം
ഹാലേലുയ്യാ-സഭമോദിക്കുന്നു-ബാറെക്മാർ

പിതൃപുത്ര വിശുദ്ധാത്മ സ്തുതി ഹാലേലുയ്യാ
*ശ്ളാമ ശ്ളാമ അടുത്തവർക്കും ദൂരസ്ഥന്മാർക്കും
മശിഹാ കബറിൽ നിന്നുയിർത്തു-ചിതറിയോരെ
ചേ-ർത്തു

തോമ്മാ ശെമഓൻ-വിശ്വസിച്ചവരുറച്ചു
വ്യാകുലം ദു:ഖം-അവരെ വിട്ടോടി
കയ്യാഫാവോ തലതാഴ്ത്തി-കൂട്ടം മുറയിടുന്നു
സഭയും മറിയാം സ്നേഹിതരും സ്തോത്രം പാടിടുന്നു

ഹാലേലുയ്യാ-ഉയിർപ്പിന്നുടയോന്നു
നാഥാ-അനുഗ്രഹിച്ചെങ്ങളെ തുണയ്ക്കണമേ
(*ശ്ളാമ = സമാധാനം)

## എത്രാ

തന്റെ മരണത്താൽ മരിച്ചവരെ ജീവിപ്പിക്കുകയും കബറടക്കപ്പെട്ടവരെ തന്റെ കബറടക്കത്താൽ ഉയിർപ്പിക്കുകയും, മരണത്തിന്റെ അധികാരത്തെ അഴിച്ചുകളഞ്ഞു രക്ഷിക്കപ്പെട്ടവർക്ക് അതിനെ സ്വസ്ഥതയുടെ നിദ്രയാക്കിത്തീർക്കുകയും, തന്റെ പുനരുത്ഥാനത്താൽ

മരണത്തെയും സാത്താനെയും ജയിക്കുകയും ചെയ്തവനായ ഞങ്ങളുടെ നാഥാ, ഈ സമയം തിരുസന്നിധിയിൽ ഞങ്ങൾ സമർപ്പിക്കുന്ന പ്രാർത്ഥനകളാകുന്ന ഈ ധൂപം കൈക്കൊണ്ട്, സകല പാപവികാരങ്ങളെയും ഞങ്ങളിൽനിന്നു മരിപ്പിക്കണമേ. നിർദ്ദോഷമായ നിന്റെ പുണ്യജീവൻ ഞങ്ങളുടെ അവയവങ്ങളിൽ വ്യാപിപ്പിക്കണമേ. ഞങ്ങളുടെ ചീത്തവൃത്തികളിൽനിന്നു സത്ഗുണങ്ങളാകുന്ന പരിമളം വീശുമാറാകണമേ. ഞങ്ങളുടെ കർത്താവും ദൈവവുമേ, സ്തുതിയും സ്തോത്രവും നിനക്കു ഞങ്ങൾ അർപ്പിക്കുന്നു. ഹോശോ....

ജ. ആമേൻ

## മാർ യാക്കോബിന്റെ അപേക്ഷ

പ. മഹത്വകരമായ ഉയിർത്തെഴുന്നേല്പുകൊണ്ട് തിരുസഭയെ വഴിതെറ്റിൽനിന്നു രക്ഷിച്ചവനായ ദൈവപുത്രാ-നിന്റെ സമാധാനം നൽകി-പ്രകാശത്തിന്റെ സ്ളീബാകൊണ്ട് അതിന്റെ സന്താനങ്ങളെ കാത്തുകൊള്ളണമേ.

ജ. മരണത്തെ കീഴ്പ്പെടുത്തിയ ശക്തിമാനായവൻ കുരിശിൽ ഉറങ്ങിയശേഷം മൂന്നാം ദിവസം ഉറക്കം ഉണർന്ന്, ഉയിർത്തെഴുന്നേറ്റു,താൻ മൂന്നു ദിവസം കബറിൽ വസിച്ചശേഷം തന്റെ ഭാരം നീങ്ങിപ്പോയി, പ്രയാസപ്പെട്ടവൻ ശിക്ഷകളാൽ നാശം കാണാതെ ഉണരുകയും ചെയ്തു.

പ. മഹാശക്തിയോടെ പുത്രനെ ഉയിർത്തെഴുന്നേല്പിച്ച പിതാവിനുമഹത്വം-മനസ്സോടെ കബറിൽനിന്നുയിർത്തെ

ഴുന്നേറ്റ പുത്രനുവന്ദനം- മരിച്ചവരുടെ ഇടയിൽനിന്നു ആഘോഷപൂർവ്വം തന്നെ ബഹുമാനിച്ച റൂഹായ്ക്കു സ്തോത്രം-ത്രിത്വമായിരിക്കുന്ന സർവ്വശക്തനായ ദൈവമേ നിനക്കു സ്തുതി.

ജ. സ്വർലോകരെയും ഭൂലോകരെയും സമാധാനപ്പെടുത്തിയ സമാധാനമായുള്ളോവേ-തിരുസഭയെ സമാധാനപ്പെടുത്തി-പ്രകാശത്തിന്റെ സ്ലീബാകൊണ്ടു അതിന്റെ സന്താനങ്ങളെ കാത്തുകൊള്ളണമേ.

## ഗീതം

1 ദേവജാ-തനെ നിന്നുയിർപ്പാൽ സഭയെ വീണ്ടോനേ
നിൻ യോഗ്യതയരുളി ക്രൂശാലതിനെ കാത്തീടണമേ

2 മൃത്യു-വേറ്റൊരു-വൻക്രൂശിൽ, നിദ്രകൊണ്ടു മൂന്നാംനാൾ
താനുർണന്നു-ബലവാൻ താനുയിർത്തെഴുന്നു-മൂന്നാംദിനം

3 കബറിന്നുൾ വസിച്ചപിൻ, കഷ്ടതകൾ നീങ്ങിപ്പോയ്
പരിശ്രാന്തൻ ശിക്ഷകളാൽ-നാശം കാണാതുയിർത്തു

4 ശക്തിയാൽ തൻസുതനെ-ഉയിർപ്പിച്ച താതന്നും
സ്തുതിനന്മ-നസ്സാലുയിർത്ത, പുത്രന്നും-വന്ദനം

5 മൃതരിൻഗേഹേ തന്നെ-മാനിച്ച-റൂഹായ്ക്കും
സ്തോത്രം ത്രിത്വമതാം ഏകന്നും വന്ദനം

6 വിണ്ണോർ മണ്ണോർ ഇവരെ, യോജിപ്പി-ച്ചോനേ നിൻ
സ്വസ്ഥതതിരു-സഭയ്ക്കരുളി സ്ലീബായാൽ-കാത്തീടണമേ

പ. അത്യുന്നതങ്ങളിൽ കർത്താവിന്റെ (പുറം 23)

## അപേക്ഷ

പ. കർത്താവേ, നിന്റെ ഉയിർത്തെഴുന്നേല്പിന്റെ സത്യപ്രകാശംകൊണ്ട് ഞങ്ങളുടെ ബുദ്ധിയെ പ്രകാശിപ്പിക്കണമേ. നിന്നെക്കുറിച്ചുള്ള അറിവിന്റെ സന്തോഷകരമായ പരിജ്ഞാനംകൊണ്ട് ഞങ്ങളുടെ ആത്മാക്കളെ സന്തോഷിപ്പിക്കണമേ. മഹിമയുള്ള നിന്റെ പുനരുത്ഥാനംമൂലം

സാധിച്ചിട്ടുള്ള വിസ്മയകാര്യങ്ങൾ നോക്കി കാണ്മാൻ ഞങ്ങളുടെ ഹൃദയദൃഷ്ടികൾ പ്രകാശിപ്പിക്കേണമേ.- ഞങ്ങൾ നിന്നെയും നിന്റെ പീഡാനുഭവങ്ങളുടെ കൂട്ടായ്മയെയുംഅനുഭവിച്ചറിയേണ്ടതിന് പരിശുദ്ധറൂഹായാൽ ഞങ്ങളെ പ്രാപ്തരാക്കേണമേ. സ്തുതിയും ബഹുമാനവും ആധിപത്യവും നിനക്കു യോഗ്യമായിരിക്കുന്നു. ഹോശോ....

ജ. ആമേൻ.

*ലുത്തിനിയാ*

പ. മരിച്ചവരിൽനിന്നു ഉയിർത്തെഴുന്നേറ്റവനായ മ്ശിഹാതമ്പുരാനേ, നിന്നെ ഉയിർപ്പിച്ച പരിശുദ്ധറൂഹായുടെ ശക്തിയെ ഞങ്ങളുടെ ബലഹീന ശരീരങ്ങളിൽ വ്യാപരിപ്പിക്കണമേ. അനുഗ്രഹങ്ങൾ വളരെയുള്ളവനായ കർത്താവേ- നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

ജ. ഞങ്ങളുടെ പ്രാർത്ഥനകേട്ട് ഞങ്ങളിൽ അനുഗ്രഹം ചൊരിയണമേ- കുറിയേലായിസ്സോൻ.

പ. ദൈവമായ മ്ശിഹായെ, മൂന്നാംനാളിലെ പുനരുത്ഥാനത്തെ സ്വർഗ്ഗസേനകളോടുകൂടെ പുകഴ്ത്തുവാനും സന്തോഷപൂർവ്വം നിന്റെപെരുന്നാൾ ആഘോഷിപ്പാനും സകലനന്മകളും വാഴ്വുകളും നിന്നിൽ നിന്നു പ്രാപിപ്പാനും ഞങ്ങളെ യോഗ്യരാക്കണമേ-അനുഗ്രഹങ്ങൾ വളരെയുള്ളവനായ കർത്താവേ-

ജ. ഞങ്ങളുടെ പ്രാർത്ഥന കേട്ട്-

പ. കർത്താവേ, നിന്റെ ജനത്തോടു കരുണ ചെയ്യണമേ. നിന്റെ ഇടവകയിലെ ആടുകളെ അനുഗ്രഹിക്കണമേ. നിന്റെ സ്ലീബായാൽ സത്യക്രിസ്ത്യാനികളുടെ കൊമ്പിനെ ഉയർത്തണമേ-അനുഗ്രഹങ്ങൾ വളരെയുള്ളവനായ കർത്താവേ-

ജ. ഞങ്ങളുടെ പ്രാർത്ഥന കേട്ട്....

പ. കബറിൽനിന്നു ഉയിർത്തെഴുന്നേല്ക്കയും ലോകത്തെ വീണ്ടെടുക്കുകയും ചെയ്ത മ്ശിഹാതമ്പുരാനേ, ഉറക്കത്തിൽ നിന്നു ഞങ്ങൾ ഉണർന്നു നിന്നെ വന്ദിച്ചു സ്തുതിക്കുന്നു. അനുഗ്രഹങ്ങൾ വളരെയുള്ളവനായ കർത്താവേ-

ജ. ഞങ്ങളുടെ പ്രാർത്ഥന കേട്ട്-

പ. രോഗികൾക്കും ഞെരുക്കത്തിലിരിക്കുന്നവർക്കും ദരിദ്രർക്കും,വിധവകൾക്കും, അനാഥർക്കും വേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു. അനുഗ്രഹങ്ങൾ വളരെയുള്ളവനായ കർത്താവേ-

ജ. ഞങ്ങളുടെ പ്രാർത്ഥന കേട്ട്.....

പ. ഞങ്ങളുടെ രക്ഷകനായ മ്ശിഹാതമ്പുരാനേ, നിന്റെ നിരപ്പും രമ്യതയും ഞങ്ങളോടുകൂടെയും ഞങ്ങളുടെ ഇടയിലും വസിപ്പിക്കണമേ.ലോകസീമകളോളം നാനാഭാഗങ്ങളിലും നിന്റെ സമാധാനം നീ വാഴുമാറാക്കണമേ-അനുഗ്രഹങ്ങൾ വളരെയുള്ളവനായ കർത്താവേ-

ജ. ഞങ്ങളുടെ പ്രാർത്ഥന കേട്ട്-ഞങ്ങളെ അനുഗ്രഹിക്കണമേ-കുറിയേലായിസ്സോൻ-കുറിയേലായിസ്സോൻ-കുറിയേലാ-യിസ്സോൻ.

ഏവൻഗേലിയോൻ, ലൂക്കൊ. 24: 1-12

അതിന്റെശേഷം *'മാലാഖമാർ ശുശ്രൂഷ ചെയ്യുന്ന ദൈവമേ'*-എന്നുള്ളതു ചൊല്ലണം (പുറം 27)
കർത്താവിന്റെ പ്രാർത്ഥന

വിശ്വാസപ്രമാണം (പുറം 29). ഹൂത്താമ്മാ (പുറം 30).

ആശീർവാദം

●

Printed at : Mar Thoma Press, Tiruvalla
Ph. 0469 - 2741191